കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വസ്തു കൈമാററ ആക്റ്റ്, 1882

(1882-ലെ 4-ാം നമ്പർ ആക്റ്റ്)

(1-1-1976-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വസ്തു കൈമാററ ആക്ററ്, 1882

(1882-ലെ 4-ാം നമ്പർ ആക്ററ്)

(1-1-1976-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# വസ്തു കൈമാററ ആക്ററ്, 1882

## (1882-ലെ 4-ാം നമ്പർ ആക്ററ്)

### വകുപ്പുകളുടെ വിന്യാസം


ആമുഖം

അദ്ധ്യായം I

പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേര്
പ്രാരംഭം
വ്യാപ്തി

2. ആക്ററുകൾ റദ്ദാക്കൽ
ചില അധിനിയമങ്ങൾ, ആനുഷംഗിക സംഗതികൾ, ബാദ്ധ്യതകൾ മുതലായവ ഒഴിവാക്കൽ

3. വ്യാഖ്യാനഖണ്ഡം

4. കാൺട്രാക്ററുകൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ കാൺട്രാക്ററ് ആക്ററിൻെറ ഭാഗമായും ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററിന് അനുപൂരകമായും പരിഗണിക്കപ്പെടണമെന്ന്

അദ്ധ്യായം II

കക്ഷികളുടെ കൃത്യം വഴിയുള്ള വസ്തു കൈമാററങ്ങളെപ്പററി

(ക) വസ്തു കൈമാററം ജംഗമമോ സ്ഥാവരമോ ആയാലും

5. വസ്തുകൈമാററം-നിർവ്വചനം

6. കൈമാററം ചെയ്യാവുന്നത് എന്തെന്ന്

7. കൈമാററം ചെയ്യാൻ ക്ഷമതയുള്ള ആളുകൾ

8. കൈമാററത്തിൻെറ പ്രവർത്തനം

9. വാക്കാൽ കൈമാററം

10. അന്യാധീനപ്പെടുത്തൽ തടസ്സപ്പെടുത്തുന്ന ഉപാധി

11. സൃഷ്ടിക്കപ്പെട്ട അവകാശത്തിന് വിരുദ്ധമായ നിയന്ത്രണം

12. നിർദ്ധനനാകുമ്പോഴോ അന്യാധീനപ്പെടുത്തുവാൻ ശ്രമിക്കുമ്പോഴോ അവകാശബന്ധം അവസാനിക്കുന്നതാകുന്ന ഉപാധി

13. ജനിച്ചിട്ടില്ലാത്ത ആളുടെ ഗുണത്തിനുവേണ്ടിയുള്ള കൈമാററം

14. ശാശ്വതതയ്ക്ക് എതിരായ ചട്ടം

15. 13-ം, 14-ം വകുപ്പുകളിൻകീഴിൽ വരുന്ന ചിലർ ഉൾപ്പെടുന്ന വർഗ്ഗത്തിനുള്ള കൈമാററം

16. മുൻ അവകാശബന്ധം നിഷ്ഫലമാകുമ്പോൾ ഫലത്തിൽ വരേണ്ട കൈമാററം

17. ഈട്ടം കൂട്ടുന്നതിനുള്ള നിരോധം
18. പൊതുജനങ്ങളുടെ ഗുണത്തിനായി ശാശ്വതത്വമുള്ള കൈമാററം
19. നിക്ഷിപ്തമായ അവകാശബന്ധം
20. ജനിച്ചിട്ടില്ലാത്ത ആറം, തന്റെ ഗുണത്തിനുവേണ്ടിയുള്ള കൈമാററത്തിൻമേൽ, നിക്ഷിപ്തമായ അവകാശബന്ധം ആർജ്ജിക്കുന്നത് എപ്പോഴാണ് എന്ന്
21. സമാശ്രിതമായ അവകാശബന്ധം
22. ഒരു വർഗ്ഗത്തിലെ ഒരു പ്രത്യേകപ്രായം തികയുന്ന അംഗങ്ങൾക്കുള്ള കൈമാററം
23. വിനിർദിഷ്ടമായ അനിശ്ചിത സംഭവം നടക്കുന്നതിനെ സമാശ്രയിച്ചിരിക്കുന്ന കൈമാററം
24. ചില ആളുകളിൽ വിനിർദ്ദേശിച്ചിട്ടില്ലാത്ത ഒരു കാലത്ത് അതിജീവിക്കുന്നവർക്കുള്ള കൈമാററം
25. സോപാധികമായ കൈമാററം
26. പൂർവ്വോപാധി നിറവേററൽ
27. ഒരാൾക്കുള്ള സോപാധികമായ കൈമാററവും മുൻവിനിയോഗം നിഷ്ഫലമാകുന്നതിൻമേൽ മറെറാരാൾക്കുള്ള കൈമാററവും ചേർന്നത്
28. വിനിർദിഷ്ടമായ സംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുന്നത് ഉപാധിയാക്കിയ പിന്നീടുള്ള കൈമാററം
29. ഉത്തരോപാധി നിറവേററൽ
30. പിൻവിനിയോഗത്തിന്റെ അസാധുത മുൻ വിനിയോഗത്തെ ബാധിക്കുന്നതല്ല
31. വിനിർദിഷ്ടമായ അനിശ്ചിതസംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ കൈമാററം ഫലത്തിലില്ലാതാകുമെന്ന ഉപാധി
32 അങ്ങനെയുള്ള ഉപാധി അസാധുവായിരിക്കരുത്
33. കൃത്യത്തിന്റെ നിർവ്വഹണം, നിർവ്വഹണത്തിനു സമയം വിനിർദേശിക്കാത്ത ഉപാധി ആക്കുന്ന കൈമാററം
34. കൃത്യത്തിന്റെ നിർവ്വഹണം നിർവ്വഹണത്തിന്റെ സമയം വിനിർദ്ദേശിച്ചുകൊണ്ട്; ഉപാധിയാക്കുന്ന കൈമാററം

വരണം

35. വരണം എപ്പോൾ ആവശ്യകമെന്ന്

വീതികൾ

36. ആനുകാലികമായി കൊടുക്കേണ്ട തുകകൾ, അവകാശപ്പെട്ട ആളുടെ അവകാശം പര്യവസാനിക്കുന്നതിൻമേൽ വീതിക്കുന്നത്.
37. വേർപെടുത്തുന്നതിൻമേൽ കടപ്പാടിൽ നിന്നുള്ള ഗുണം വീതിക്കുന്നത്.

(ഖ) സ്ഥാവരവസ്തുവിന്റെ കൈമാററം

38. ചില പരിതഃസ്ഥിതികളിൽ മാത്രം കൈമാററം ചെയ്യാൻ പ്രാധികാരം നല്കപ്പെട്ട ആരം ചെയ്യുന്ന കൈമാററം

39. മൂന്നാമന് സംരക്ഷണത്തിന് അവകാശം ഉണ്ടായിരിക്കുന്നിടത്തുള്ള കൈമാററം

40. ഭൂമിയുടെ ഉപയോഗത്തിൻമേൽ നിയന്ത്രണം ചുമത്തുന്ന കടപ്പാടിന്റെ ഭാരം അല്ലെങ്കിൽ ഉടമസ്ഥാവകാശത്തോടു അനുബന്ധിച്ചിട്ടുള്ളതും എന്നാൽ അവകാശബന്ധത്തോളമോ സ്വകാര്യാവകാശത്തോളമോ ആകാത്തതുമായ കടപ്പാടിന്റെ ഭാരം

41. കാഴ്ചയിലുള്ള ഉടമസ്ഥൻ ചെയ്യുന്ന കൈമാററം

42. മുൻ കൈമാററം പിൻവലിക്കാൻ പ്രാധികാരമുള്ള ആരം ചെയ്യുന്ന കൈമാററം

43. കൈമാററം ചെയ്യുന്ന വസ്തുവിൽ പിന്നീട് അവകാശം ആർജ്ജിക്കുന്നവനും, പ്രാധികാരം നല്കപ്പെട്ടിട്ടില്ലാത്തവനും ആയ ആരം ചെയ്യുന്ന കൈമാററം

44. കൂട്ടുടമസ്ഥൻമാരിൽ ഒരാരം ചെയ്യുന്ന കൈമാററം

45. പ്രതിഫലത്തിനുള്ള കൂട്ടുകൈമാററം

46. ഭിന്നമായ അവകാശബന്ധങ്ങളുള്ള ആളുകരം പ്രതിഫലത്തിനു ചെയ്യുന്ന കൈമാററം

47. കൂട്ടുടമസ്ഥൻമാർ പൊതുവസ്തുവിലുള്ള ഓഹരി കൈമാററം ചെയ്യുന്നത്

48. കൈമാററം സൃഷ്ടിക്കുന്ന അവകാശങ്ങളുടെ മുൻഗണന

49. കൈമാററം വാങ്ങുന്ന ആരംക്ക് പാളിസിയുടെ കീഴിലുള്ള അവകാശം

50. ന്യൂനതയുള്ള ഉടമാവകാശത്തോടുകൂടിയ ധാരകന് ഉത്തമവിശ്വാസപൂർവ്വം നല്കുന്ന പാട്ടമോ (വാടകയോ)

51. ന്യൂനതയോടു കൂടിയ ഉടമാവകാശങ്ങരംക്ക് കീഴിലുള്ള ധാരകൻമാർ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന ദേഹണ്ഡങ്ങരം

52. വസ്തു, അതു സംബന്ധിച്ച വ്യവഹാരം നിലവിലുള്ളപ്പോരം കൈമാററം ചെയ്യുന്നത്

53. വഞ്ചനാപൂർവ്വകമായ കൈമാററം

53. (ക) ഭാഗികമായ നിർവ്വഹണം

## അദ്ധ്യായം III

## സ്ഥാവരവസ്തുവിന്റെ വില്പനകളെക്കുറിച്ച്

54. "വില്പന"—നിർവ്വചനം
വില്പന എങ്ങനെവേണം എന്ന്
വില്പനയ്ക്കുള്ള കാൺട്രാക്ററ്

55. വാങ്ങുന്ന ആളുടേയും വില്ക്കുന്ന ആളുടേയും അവകാശങ്ങളും ബാദ്ധ്യതകളും

56. പിന്നീട് വാങ്ങുന്ന ആളാലുള്ള ക്രമബന്ധനം
വില്പനയിൻമേൽ കുടികടങ്ങളുടെ ബാദ്ധ്യത തീർക്കൽ

57. കുടിക്കടങ്ങരം സംബന്ധിച്ചും അവയിൽ നിന്ന് വിമുക്തമാക്കിയിട്ടുള്ള വില്പനയ്ക്കും കോടതി വ്യവസ്ഥ ചെയ്യുന്നത്

## അദ്ധ്യായം IV

# സ്ഥാവരവസ്തുക്കളുടെ പണയങ്ങളേയും ചാർജ്ജുകളേയും കുറിച്ച്


58. "പണയം", "പണയദാതാവ്", "പണയഗൃഹീതാവ്", "പണയദ്രവ്യം", "പണയാധാരം"—നിർവ്വചനം
ചുണ്ടിപ്പണയം
സോപാധിക വില്പനവഴിയുള്ള പണയം
അനുഭവപ്പണയം
ഇംഗ്ലീഷ് പണയം
അവകാശപത്രങ്ങളുടെ ഡെപ്പോസിററുവഴിയുള്ള പണയം
വിലക്ഷണ പണയം
59. പണയം എപ്പോൾ കൈമാററപത്രം വഴി ആകണമെന്ന്
59 ക. പണയദാതാക്കളേയും പണയഗൃഹീതാക്കളേയും കുറിച്ചുള്ള പരാമർശങ്ങൾ അവരിൽ നിന്ന് അവകാശം സിദ്ധിക്കുന്ന ആളുകളേയും ഉൾക്കൊള്ളുമെന്ന്


### പണയദാതാവിന്റെ അവകാശങ്ങളും ബാദ്ധ്യതകളും


60. പണയദാതാവിന് പണയം ഒഴിപ്പിക്കുവാനുള്ള അവകാശം
പണയവസ്തുവിന്റെ ഭാഗത്തിന്റെ പണയം ഒഴിപ്പിക്കൽ
60 ക. പണയദാതാവിന് തിരിയെ കൈമാററം ചെയ്യുന്നതിനുപകരം മൂന്നാം കക്ഷിക്ക് കൈമാററം ചെയ്യാനുള്ള കടപ്പാട്
60 ഖ. രേഖകൾ പരിശോധിക്കുന്നതിനും ഹാജരാക്കുന്നതിനുമുള്ള അവകാശം
61. വേറിട്ടോ, ഒരുമിച്ചോ, പണയം ഒഴിപ്പിക്കുന്നതിനുള്ള അവകാശം
62. അനുഭവപ്പണയദാതാവിന് കൈവശം വീണ്ടെടുക്കാനുള്ള അവകാശം
63. പണയ വസ്തുവിലുള്ള ഉപചയം


### കൈമാററം ചെയ്യപ്പെട്ട ഉടമസ്ഥത വഴി ആർജ്ജിച്ച ഉപചയം


63 ക പണയവസ്തുവിലെ ദേഹണ്ഡങ്ങൾ
64. പണയപ്പെടുത്തിയ പാട്ടം (വാടക) ഏർപ്പാടിന്റെ പുതുക്കൽ
65. പണയദാതാവിന്റെ വ്യംഗ്യമായ കാൺട്രാക്ടുകൾ
65 ക. പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാൻ പണയദാതാവിനുള്ള അധികാരം
66. കൈവശമുള്ള പണയദാതാവ് ചെയ്യുന്ന നാശം


### പണയഗൃഹീതാവിന്റെ അവകാശങ്ങളും ബാദ്ധ്യതകളും


67. പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ ഉള്ള അവകാശം
67 ക. പല പണയങ്ങളിൻമേൽ ഒരൊററ വ്യവഹാരം കൊണ്ടുവരാൻ പണയഗൃഹീതാവ് എപ്പോൾ ബാദ്ധ്യസ്ഥനാണെന്ന്
68. പണയദ്രവ്യത്തിന് വ്യവഹാരപ്പെടാനുള്ള അവകാശം
69. വില്പനയ്ക്കുള്ള അധികാരം എപ്പോൾ സാധുവാണെന്ന്
69 ക. റിസീവറെ നിയമിക്കൽ

70. പണയവസ്തുവിനുള്ള ഉപചയം
71. പണയപ്പെടുത്തിയ പാട്ടത്തിനുള്ള (വാടകയ്ക്കുള്ള) ഏർപ്പാടിന്റെ പുതുക്കൽ
72. കൈവശമുള്ള പണയഗൃഹീതാവിന്റെ അവകാശങ്ങൾ
73. റവന്യൂ വില്പനയിൽ വിററുകിട്ടുന്ന തുകയ്ക്കോ ആർജ്ജിക്കപ്പെടുമ്പോൾ പ്രതികരണത്തിനൊ ഉള്ള അവകാശബന്ധം
74. [റദ്ദാക്കപ്പെട്ടു]
75. [റദ്ദാക്കപ്പെട്ടു]
76. കൈവശമുള്ള പണയഗൃഹീതാവിന്റെ ബാദ്ധ്യതകൾ അയാളുടെ വീഴ്ചയാലുണ്ടാകുന്ന നഷ്ടം
77. പലിശയ്ക്ക് പകരമുള്ള വരവുകൾ

## മുൻഗണന

78. മുൻപണയക്കാരൻ പിന്നിലാക്കപ്പെടുന്നത്
79. പരമാവധി പ്രകടമായിട്ടുള്ളപ്പോൾ അനിശ്ചിത സംഖ്യയുടെ ഈടിനുള്ള പണയം
80. [റദ്ദാക്കപ്പെട്ടു]

## ക്രമബന്ധനവും അംശദാനവും

81. ഈടുകളുടെ ക്രമബന്ധനം
82. പണയത്തിലേയ്ക്ക് അംശദാനം

## കോടതിയിൽ ഡെപ്പോസിററ് ചെയ്യൽ

83. പണയത്തിൻമേൽ കൊടുക്കാനുള്ള പണം കോടതിയിൽ ഡെപ്പോസിററ് ചെയ്യാനുള്ള അധികാരം
പണയദാതാവ് ഡെപ്പോസിററ് ചെയ്യുന്ന പണയത്തിനുള്ള അവകാശം
84. പലിശ അവസാനിക്കൽ
പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ പണയം ഒഴിപ്പിക്കലിനോ ഉള്ള വ്യവഹാരങ്ങൾ
85. [റദ്ദാക്കപ്പെട്ടു]

## പണയം ഒഴിപ്പിക്കൽ നിരോധനവും വില്പനയും

86-90. [റദ്ദാക്കപ്പെട്ടു]

## പണയമൊഴിപ്പിക്കൽ

91. പണയം ഒഴിപ്പിക്കലിന് വ്യവഹാരം കൊടുക്കാവുന്നവർ
92. പ്രതിനിവേശനം
93. അനുബന്ധത്തിന്റെ നിരോധനം
94. ഇടപ്പണയഗൃഹീതാവിന്റെ അവകാശങ്ങൾ
95. പണയം ഒഴിപ്പിക്കുന്ന കൂട്ടുപണയദാതാവിന് ചെലവുകൾക്കുള്ള അവകാശം
96. അവകാശപത്രങ്ങളുടെ നിക്ഷേപം വഴിയുള്ള പണയം
97. [റദ്ദാക്കപ്പെട്ടു]

## വിലക്ഷണപ്പണയങ്ങൾ

98. വിലക്ഷണ പണയങ്ങളിലെ കക്ഷികളുടെ അവകാശങ്ങളും ബാദ്ധ്യതകളും
99. [റദ്ദാക്കപ്പെട്ടു]

ചാർജ്ജുകൾ

100. ചാർജ്ജുകൾ
101. പിൻ കുടിക്കടത്തിന്റെ സംഗതിയിൽ ലയനം ഇല്ല

നോട്ടീസും ടെൻഡറും

102. ഏജന്റിന് നടത്തൽ അല്ലെങ്കിൽ ടെൻഡർ
103. കോൺട്രാക്റ്റ് ചെയ്യാൻ ക്ഷമതയില്ലാത്ത ആൾക്കോ ആളാലോ ഉള്ള നോട്ടീസ് മുതലായവ
104. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം

അദ്ധ്യായം V

## സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടുകളെക്കുറിച്ച്

105. പാട്ടത്തിന് (വാടകയ്ക്കുള്ള) ഏർപ്പാട്—നിർവ്വചനം
പാട്ട (വാടക) ക്കർത്താവ്
പാട്ട (വാടക) ക്കാരൻ
പ്രീമിയം, പാട്ടം (വാടക)—നിർവ്വചനം
106. രേഖാമൂലമുള്ള കാൺട്രാക്റ്റിന്റെയോ നാട്ടുവഴക്കത്തിന്റെയോ അഭാവത്തിൽ പാട്ടത്തിന് (വാടകയ്ക്കുള്ള) ചില ഏർപ്പാടുകളുടെ കാലം
107. പാട്ടത്തിന് (വാടകയ്ക്കുള്ള) ഏർപ്പാട് ചെയ്യുന്നത് എങ്ങനെയെന്ന്
108. പാട്ട (വാടക) കർത്താവിന്റേയും പാട്ട (വാടക) ക്കാരന്റേയും അവകാശങ്ങളും ബാദ്ധ്യതകളും
109. പാട്ട (വാടക) കർത്താവിൽ നിന്ന് കൈമാററം വാങ്ങുന്ന ആളുടെ അവകാശങ്ങൾ
110. കാലം ആരംഭിക്കുന്ന ദിവസം ഒഴിവാക്കുന്നത്
ഒരു വർഷത്തേയ്ക്കുള്ള പാട്ടത്തിന് (വാടകയ്ക്കുള്ള) ഏർപ്പാടിന്റെ കാലദൈർഘ്യം
പാട്ടത്തിന് (വാടകയ്ക്കുള്ള) ഏർപ്പാട് അവസാനിപ്പിയ്ക്കാനുള്ള ഐച്ഛികാവകാശം
111. പാട്ടത്തിന് (വാടകയ്ക്കുള്ള) ഏർപ്പാട് അവസാനിക്കുന്നത്
112. നഷ്ടപ്പെടൽ വേണ്ടെന്നു വയ്ക്കുക
113. ഒഴിയാനുള്ള നോട്ടീസ് വേണ്ടെന്നു വയ്ക്കുന്നത്
114. പാട്ടം (വാടക) കൊടുക്കാത്തതിനാലുള്ള നഷ്ടപ്പെടലിനുള്ള നിവൃത്തി
114 ക. മററു ചില സംഗതികളിൽ നഷ്ടപ്പെടലിന് എതിരെയുള്ള നിവൃത്തി
115. കീഴ്പ്പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള ഏർപ്പാടുകളിൻമേൽ ഒഴിഞ്ഞുകൊടുക്കലിനും നഷ്ടപ്പെടലിനുമുള്ള പ്രഭാവം
116. കാലം കഴിഞ്ഞുള്ള ധാരണത്തിന്റെ പ്രഭാവം
117. കാർഷികാവശ്യങ്ങൾക്കുള്ള പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഒഴിവാക്കൽ ഏർപ്പാടുകൾ

## അദ്ധ്യായം VI

## വിനിമയങ്ങളെക്കുറിച്ച്

118. "വിനിമയം"-നിർവ്വചനം
119. വിനിമയമായി കിട്ടിയ സാധനം തനിക്ക് ഇല്ലാതാക്കപ്പെടുന്ന കക്ഷിയുടെ അവകാശം
120. കക്ഷികളുടെ അവകാശങ്ങളും ബാദ്ധ്യതകളും
121. പണത്തിന്റെ വിനിമയം

## അദ്ധ്യായം VII

## ദാനങ്ങളെക്കുറിച്ച്

122. "ദാനം"-നിർവ്വചനം

പ്രതിഗ്രഹണം എപ്പോഴാം ചെയ്യണമെന്ന്

123. കൈമാററം എങ്ങനെ ഉണ്ടാക്കണമെന്ന്
124. നിലവിലുള്ള വസ്തുവിന്റേയും ഭാവി വസ്തുവിന്റേയും ദാനം
125. പലർക്കായി അവരിൽ ഒരാം പ്രതിഗ്രഹിക്കാതിരിക്കെയുള്ള ദാനം
126. ദാനം എപ്പോഴാം നിറുത്തിവയ്ക്കുകയോ പിൻവലിയ്ക്കുകയോ ചെയ്യാമെന്ന്
127. ഭാരസഹിതദാനം

അയോഗ്യനായ ആരംക്കുള്ള ഭാരസഹിതദാനം

128. സർവ്വസ്വദാനഗൃഹിതാവ്
129. മരണപ്രതീക്ഷയോടെ ചെയ്യുന്ന ദാനങ്ങളും മുഹമ്മദീയ നിയമവും ഒഴിവാക്കൽ

## അദ്ധ്യായം VIII

## വ്യവഹാരപ്പെടാവുന്ന തേർച്ചയുടെ കൈമാററങ്ങളെക്കുറിച്ച്

130. വ്യവഹാരപ്പെടാവുന്ന തേർച്ചയുടെ കൈമാററം
130 ക. [റദ്ദാക്കപ്പെട്ടു]
131. നോട്ടീസ് രേഖാമൂലമുള്ളതും ഒപ്പിട്ടതും ആയിരിക്കണമെന്ന്
132. വ്യവഹാരപ്പെടാവുന്ന തേർച്ച കൈമാററം വാങ്ങുന്ന ആളുടെ ബാദ്ധ്യത
133. അധമർണ്ണന്റെ കടം വീട്ടാനുള്ള കഴിവിനെക്കുറിച്ചുള്ള വാറന്റി
134. പണയപ്പെടുത്തിയ കടം
135. അഗ്നി ബാധയ്ക്കെതിരായ ഇൻഷ്വറൻസ് പാളിസിയുടെ കീഴിലുള്ള അവകാശങ്ങളുടെ തീറ്
135 ക. [റദ്ദാക്കപ്പെട്ടു]
136. നീതിന്യായ കോടതികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കുള്ള അസമർത്ഥത
137. കൈമാറാവുന്ന പ്രമാണങ്ങളും മുതലായവ ഒഴിവാക്കൽ

പട്ടിക

# വസ്തു കൈമാററ ആക്ററ്, 1882

## (1882-ലെ 4-ാം നമ്പർ ആക്ററ്)

## കക്ഷികളുടെ കൃത്യം വഴിയുള്ള വസ്തു കൈമാററം സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ആക്ററ്

(1882 ഫെബ്രുവരി, 17)

ആമുഖം.— കക്ഷികളുടെ കൃത്യം വഴിയുള്ള വസ്തു കൈമാററം സംബന്ധിച്ച നിയമത്തിന്റെ ചില ഭാഗങ്ങൾ നിർവ്വചിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ, ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :

### അദ്ധ്യായം I

### പ്രാരംഭികം

1, ചുരുക്കപ്പേര്.— ഈ ആക്ററിന് വസ്തു കൈമാററ ആക്ററ്, 1882 എന്നു പേർ പറയാവുന്നതാണ്.

പ്രാരംഭം.— ഇത് 1882-ജൂലൈ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

വ്യാപ്തി.—ഇത് ആദ്യമായി, 1956 നവംബർ 1-ാം തീയതിക്ക് തൊട്ടു മുൻപ് ഖ ഭാഗം സ്റേററുകളിലോ അല്ലെങ്കിൽ ബോംബെ, പഞ്ചാബ് ഡൽഹി എന്നീ സ്റേററുകളിലോ അടങ്ങിയിട്ടുള്ള രാജ്യക്ഷേത്രങ്ങൾ ഒഴികെയുള്ള ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്:

എന്നാൽ ഈ ആക്ററോ അതിന്റെ ഏതെങ്കിലും ഭാഗമോ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി മേല്പറഞ്ഞ രാജ്യക്ഷേത്രങ്ങൾക്ക് മുഴുവനുമോ ഏതെങ്കിലും ഭാഗത്തേയ്ക്കോ ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറിന് വ്യാപിപ്പിക്കാവുന്നതാണ്.

കൂടാതെ, ഏതെങ്കിലും സ്റേററ് ഗവൺമെൻറിന്, അപ്പോഴപ്പോൾ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അങ്ങനെയുള്ള സ്റേററ് ഗവൺമെൻറ് ഭരണം നടത്തുന്ന രാജ്യക്ഷേത്രങ്ങളുടെ ഏതെങ്കിലും ഭാഗത്തെ താഴെപ്പറയുന്ന എല്ലാ വ്യവസ്ഥകളിൽ നിന്നുമോ അവയിൽ ഏതിലെങ്കിലും നിന്നോ മുൻകാല പ്രാബല്യത്തോടു കൂടിയോ പിൻകാല പ്രാബല്യത്തോടു കൂടിയോ ഒഴിവാക്കാവുന്നതുമാണ് അതായത്:—

54-ാം വകുപ്പ് 2-ം 3-ം ഖണ്ഡികകളും 59, 107, 123 എന്നീ വകുപ്പുകളും.

ഈ വകുപ്പിന്റെ മുൻപറഞ്ഞ ഭാഗത്ത് എന്തു തന്നെയിരുന്നാലും, 54-ാം വകുപ്പിലെ 2-ം 3-ം ഖണ്ഡികകളും 59, 107, 123 എന്നീ വകുപ്പുകളും ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററ്, 1908(1908-ലെ 16)-ന്റെ പ്രവർത്തനത്തിൽ

നിന്ന് ആ് ആക്ററിന്റെ ഒന്നാം വകുപ്പിനാലോ മററുവിധത്തിലോനല്കപ്പെട്ട അധികാരത്തിൻകീഴിൽ തൽസമയംഒഴിവാക്കപ്പെട്ടിട്ടുളള ഏതെങ്കിലുംജില്ലയ്ക്കോ ഭൂഭാഗത്തിനോ വ്യാപിക്കുന്നതോ വ്യാപിപ്പിക്കാവുന്നതോ അല്ല.

2. ആക്ററുകൾ റദ്ദാക്കൽ.—തൽസമയം ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ, ഇതിനോട് അനുബന്ധിച്ചിട്ടുളള പട്ടികയിൽ വിനിർദ്ദിഷ്ടമാക്കിയ അധിനിയമങ്ങൾ അതിൽ പറഞ്ഞിടത്തോളം റദ്ദാക്കപ്പെടുന്നതാണ്. ചില അധിനിയമങ്ങൾ, ആനുഷംഗികസംഗതികൾ, അവകാശങ്ങൾ, ബാദ്ധ്യതകൾ മുതലായവ ഒഴിവാക്കൽ.—എന്നാൽ ഇതിൽ അടങ്ങിയിട്ടുളള യാതൊന്നും—

(ക) ഇതിനാൽ പ്രകടമായി റദ്ദാക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും അധിനിയമത്തിലെ വ്യവസ്ഥകളേയോ ;

(ഖ) ഏതെങ്കിലും കാൺട്രാക്ററിൻേറയോ വസ്തുവിന്റെ ഘടനയുടെയോ, ഈ ആക്ററിന്റെ വ്യവസ്ഥകൾക്ക് സംഗതമായതും തൽസമയം പ്രാബല്യത്തിലുളള നിയമം അനുവദിക്കുന്നതുമായ ഏതെങ്കിലും നിബന്ധനകളേയോ ആനുഷംഗികമായ സംഗതികളേയോ ;

(ഗ) ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനു മുൻപു രൂപവൽകൃതമായ ഒരു നിയമബന്ധത്തിൽ നിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും അവകാശത്തേയോ ബാദ്ധ്യതയേയോ അല്ലെങ്കിൽ അങ്ങനെയുളള ഏതെങ്കിലും അവകാശമോ ബാദ്ധ്യതയോ സംബന്ധിച്ച ഏതെങ്കിലും നിവൃത്തിയേയോ: അല്ലെങ്കിൽ,

(ഘ) ഈ ആക്ററിലെ 57-ാം വകുപ്പും 4-ാം അദ്ധ്യായവും വ്യവസ്ഥ ചെയ്തിട്ടുളള വിധം ഒഴികെ, നിയമത്തിന്റെ പ്രവർത്തനം വഴിയായുളളതോ അല്ലെങ്കിൽ ക്ഷമതയോടു കൂടിയ അധികാരിതയുളള ഒരു കോടതിയുടെ വിധിയാലോ ഉത്തരവിനാലോ, ആ വിധിയുടേയോ ഉത്തരവിൻേറയോ നടത്തലിലോ ഉണ്ടാകുന്നതോ ആയ ഏതെങ്കിലും കൈമാററത്തേയോ ;

ബാധിക്കുന്നതായി, കരുതപ്പെടുന്നതല്ല.

ഈ ആക്ററിലെ രണ്ടാം അദ്ധ്യായത്തിലെ യാതൊന്നും മുഹമ്മദീയ നിയമത്തിലെ ഏതെങ്കിലും ചട്ടത്തെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു.

3. വ്യാഖ്യാനഖണ്ഡം.— ഈ ആക്ററിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി ഏതെങ്കിലും ഇല്ലാത്ത പക്ഷം—

"സ്ഥാവരവസ്തു" വിൽ, നില്ക്കുന്ന തടി വൃക്ഷമോ, വളരുന്ന വിളകളോ, പുല്ലോ ഉൾപ്പെടുന്നതല്ല ;

"പ്രമാണം" എന്നാൽ മരണശാസനമല്ലാത്ത പ്രമാണം എന്നർത്ഥമാകുന്നു;

"സാക്ഷ്യപ്പെടുത്തിയ" എന്നാൽ, ഒരു പ്രമാണം സംബന്ധിച്ച്, പ്രമാണം ഒപ്പിട്ട് പൂർത്തീകരിക്കുന്ന ആൾ പ്രമാണത്തിൽ ഒപ്പിടുകയോ അതിൽ തന്റെ അടയാളം വയ്ക്കുകയോ ചെയ്യുന്നത് തങ്ങളിൽ ഓരോരുത്തനും കാണുകയോ, അല്ലെങ്കിൽ പ്രമാണം ഒപ്പിട്ട് പൂർത്തീകരിക്കുന്ന ആളുടെ സാന്നിദ്ധ്യത്തിലും നിർദ്ദേശപ്രകാരവും മറെറതെങ്കിലും ആൾ പ്രമാണത്തിൽ ഒപ്പിടുന്നത് തങ്ങളിൽ ഓരോരുത്തനും കാണുകയോ, അല്ലെങ്കിൽ പ്രമാണം

ഒപ്പിട്ട് പൂർത്തീകരിക്കുന്ന ആളിൽ നിന്ന്, അത് തന്റെ ഒപ്പോ അടയാളമോ ആണെന്നോ, ആ മറേറ ആളുടെ ഒപ്പാണെന്നോ ഉള്ള വ്യക്തിപരമായ സമ്മതം തങ്ങളിൽ ഓരോരുത്തനും ലഭിക്കുകയോ ചെയ്യുകയും, ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളുടെ സാന്നിദ്ധ്യത്തിൽ തങ്ങളിൽ ഓരോരുത്തനും പ്രമാണത്തിൽ ഒപ്പിടുകയും, ചെയ്തിട്ടുള്ളവരായ രണ്ടോ അതിലധികമോ സാക്ഷികൾ സാക്ഷ്യപ്പെടുത്തിയ, എന്നർത്ഥമാകുന്നതും, എപ്പോഴും അങ്ങനെ അർത്ഥമുണ്ടായിരുന്നതായി കരുതപ്പെടുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള സാക്ഷികളിൽ ഒന്നിലധികം പേർ ഒരേ സമയത്ത് സന്നിഹിതരായിരിക്കേണ്ട ആവശ്യമില്ലാത്തതും, സാക്ഷ്യപ്പെടുത്തുന്നതിന് പ്രത്യേക ഫാറം ആവശ്യമില്ലാത്തതും ആകുന്നു ;

"രജിസ്ററർ ചെയ്ത" എന്നാൽ ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളുടെ ഏതെങ്കിലും ഭാഗത്ത്, രേഖകളുടെ രജിസ്ട്രേഷൻ ഭേദപ്പെടുത്തുന്ന, തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിൻ കീഴിൽ രജിസ്ററർ ചെയ്ത എന്നർത്ഥമാകുന്നു.

"ഭൂബദ്ധമായി" എന്നാൽ —

(ക) വൃക്ഷങ്ങളുടേയും കുററിച്ചെടികളുടേയും സംഗതിയിൽ എന്നപോലെ, ഭൂമിയിൽ വേരൂന്നിയ, എന്നോ ;

(ഖ) ഭിത്തികളുടേയോ കെട്ടിടങ്ങളുടേയോ, സംഗതിയിലെന്നപോലെ ഭൂമിയിൽ നിവിഷ്ടമായ എന്നോ ;

(ഗ) അങ്ങനെ നിവിഷ്ടമായതിനോട്, അതിന്റെ സ്ഥിരവും ഗുണകരവുമായ അനുഭവത്തിനു വേണ്ടി, ബദ്ധമായ, എന്നോ

അർത്ഥമാകുന്നു.

"വ്യവഹാരപ്പെടാവുന്ന തേർച്ച" എന്നാൽ സ്ഥാവര വസ്തുവിന്റെ പണയത്തിന്റേയോ അല്ലെങ്കിൽ ജംഗമവസ്തുവിന്റെ ചൂണ്ടിപണയത്തിന്റേയോ പണയത്തിന്റേയോ ഈടിൻമേലുള്ള കടം അല്ലാത്ത ഏതെങ്കിലും കടത്തിനോ, അല്ലെങ്കിൽ അവകാശവാദിയുടെ യഥാർത്ഥ കൈവശത്തിലോ, അർത്ഥ കല്പനകൊണ്ടുള്ള കൈവശത്തിലോ അല്ലാത്ത ജംഗമവസ്തുവിലുള്ള ഏതെങ്കിലും ഗുണാനുഭവത്തിലുള്ള അവകാശബന്ധത്തിനോ ഉള്ളതും സിവിൽകോടതികൾ, അങ്ങനെയുള്ള കടമോ അവകാശബന്ധമോ, നിലവിലുള്ളതോ വന്നു ചേരുന്നതോ സോപാധികമോ സമാശ്രിതമോ ആയിരുന്നാലും, നിവൃത്തിക്ക് കാരണങ്ങൾ നല്കുന്നതായി അംഗീകരിക്കുന്നതുമായ അവകാശവാദം എന്നർത്ഥമാകുന്നു.

"ഒരു വസ്തുതയെപ്പററി ഒരാൾക്ക് നോട്ടീസ് ഉണ്ടെന്ന് പറയുന്നത്" അയാൾ ആ വസ്തുത യഥാർത്ഥത്തിൽ അറിയുമ്പോഴോ അല്ലെങ്കിൽ അയാൾ ചെയ്യേണ്ടിയിരുന്ന അന്വേഷണത്തിന്റേയോ പരിശോധനയുടേയോ മന:പൂർവ്വമായ ചെയ്യാതിരിക്കലോ കടുത്ത ഉപേക്ഷയോ ഇല്ലായിരുന്നുവെങ്കിൽ അയാൾ അത് അറിഞ്ഞിട്ടുണ്ടാകും എന്നുള്ളപ്പോഴോ ആകുന്നു.

വിശദീകരണം I.— സ്ഥാവര വസ്തു സംബന്ധിച്ച് ഏതെങ്കിലും ഇടപാട്, നിയമപ്രകാരം രജിസ്ററർ പ്രമാണം വഴി ചെയ്യേണ്ടതാവുകയും രജിസ്ററർ പ്രമാണം വഴി ചെയ്തതാവുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വസ്തുവോ അങ്ങനെയുള്ള വസ്തുവിന്റെ ഏതെങ്കിലും ഭാഗമോ ഓഹരിയോ

ആ വസ്തുവിലെ ഏതെങ്കിലും അവകാശബന്ധമോ ആർജ്ജിക്കുന്ന ഏതൊരാൾക്കും, രജിസ്ട്രേഷന്റെ തീയതി മുതല്ക്കോ അല്ലെങ്കിൽ, വസ്തു മുഴുവൻ ഒരു സബ്ഡിസ്ട്രിക്റ്റിൽ സ്ഥിതി ചെയ്യാത്തിടത്തോ രജിസ്റ്റർ പ്രമാണം ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1908-ലെ 30-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളിടത്തോ, അങ്ങനെയുള്ളരജിസ്റ്റർ പ്രമാണത്തിന്റെ ഏതെങ്കിലും മെമ്മോറാണ്ടം ഏതു സബ്‌രജിസ്ട്രാറുടെ സബ്ഡിസ്ട്രിക്റ്റിലാണോ ആർജ്ജിക്കപ്പെടുന്നത്, ആ വസ്തുവിന്റേയോ, അല്ലെങ്കിൽ ഏതു വസ്തുവിലെ ഓഹരിയോ അവകാശമോ ആണോ ആർജ്ജിക്കപ്പെടുന്നത്, ആ വസ്തുവിന്റേയോ ഏതെങ്കിലും ഭാഗം സ്ഥിതിചെയ്യുന്നത്, ആ സബ്‌രജിസ്ട്രാർ ഫയൽ ചെയ്തിട്ടുള്ളതിന്റെ ഏററവും മുമ്പിലത്തെ തീയതി മുതല്ക്കോ അങ്ങനെയുള്ള പ്രമാണത്തെപ്പററി നോട്ടീസ് ഉള്ളതായി കരുതപ്പെടുന്നു.

എന്നാൽ അതിന്,—

(1) പ്രമാണം രജിസ്റ്റർ ചെയ്തിട്ടുള്ളതായിരിക്കുകയും അതിന്റെ രജിസ്ട്രേഷൻ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1908 (1908-ലെ 16)-നാലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാലും നിർണ്ണയിക്കപ്പെട്ടിട്ടുള്ള തീയതിയിൽ പൂർത്തിയാക്കിയിരിക്കുകയും,

(2) പ്രമാണമോ മെമ്മോറാണ്ടമോ ആആക്റ്റിലെ 51-ാംവകുപ്പിൻകീഴിൽ വച്ചുപോരുന്ന ബുക്കുകളിൽ മുറപ്രകാരം, അതതു സംഗതിപോലെ, ചേർക്കുകയോ ഫയൽ ചെയ്യുകയോ ചെയ്തിട്ടുണ്ടായിരിക്കുകയും,

(3) പ്രമാണം, ഏതു ഇടപാടിനെപ്പററിയുള്ളതാണോ, ആ ഇടപാടിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ആ ആക്റ്റിലെ 55-ാം വകുപ്പിൻകീഴിൽ വച്ചു പോരുന്ന സൂചികകളിൽ ശരിയായി ചേർത്തിട്ടുണ്ടായിരിക്കുകയും ചെയ്തിരിക്കണം.

വിശദീകരണം II.—ഏതെങ്കിലും സ്ഥാവരവസ്തുവോ അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിലെ ഏതെങ്കിലും ഓഹരിയോ അവകാശബന്ധമോ ആർജ്ജിക്കുന്ന ഏതൊരാൾക്കും, ആ വസ്തു തൽസമയം യഥാർത്ഥ കൈവശമുള്ള ഏതെങ്കിലും ആളുടെ, അവകാശത്തെപ്പററി, അങ്ങനെവല്ലതുമുണ്ടെങ്കിൽ, നോട്ടീസ് ഉള്ളതായികരുതപ്പെടുന്നതാകുന്നു.

വിശദീകരണം III.—ഒരാൾക്ക് ഏതെങ്കിലും വസ്തുത സംബന്ധിച്ച് ഏതു ബിസിനസ്സാണോ ആ വസ്തുത സാരമായിട്ടുള്ളത്, അങ്ങനെയുള്ള ബിസിനസ്സിന്റെ സംഗതിയിൽ അയാൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ, അയാളുടെ ഏജൻറ് നോട്ടീസ്ആരജ്ജിക്കുന്നുവെങ്കിൽ നോട്ടീസ് ഉണ്ടായിരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ ആ ഏജൻറ്, വഞ്ചനാപൂർവ്വം ആ വസ്തുത മറച്ചുവയ്ക്കുന്നുവെങ്കിൽ, ആ വഞ്ചനയ്ക്ക് കക്ഷിയായിരുന്നതോ മററുവിധത്തിൽഅതിനെപ്പററി അറിവുണ്ടായിരുന്നതോ ആയ ഏതെങ്കിലും ആൾക്കെതിരായി പ്രിൻസിപ്പലിന് അതിനെപ്പററി നോട്ടീസ് ഉണ്ടായിരുന്നതായി കണക്കാക്കുവാൻ പാടുള്ളതല്ല.

4. കാൺട്രാക്ററുകൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ കാൺട്രാക്ററ് ആക്ററിന്റെ ഭാഗമായും ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററിന് അനുപൂരകമായും പരിഗണിക്കപ്പെടണമെന്ന്.—ഈ ആക്ററിലെ കാൺട്രാക്ററുകൾ സംബന്ധിച്ച അദ്ധ്യായങ്ങളും വകുപ്പുകളും ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ 9)-ന്റെ ഭാഗമായി പരിഗണിക്കപ്പെടുന്നതാകുന്നു.

54-ാം വകുപ്പ് 2-ഉം 3-ഉം ഖണ്ഡികകളും 59, 107, 123 എന്നീ വകുപ്പുകളും ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററ്, 1908 (1908-ലെ 16)-ന് അനുപൂരകമായി വായിക്കേണ്ടതും ആകുന്നു.

## അദ്ധ്യായം II

## കക്ഷികളുടെ കൃത്യം വഴിയുള്ള വസ്തു കൈമാററങ്ങളെപ്പററി

### (ക) വസ്തുകൈമാററം, ജംഗമമോ സ്ഥാവരമോ ആയാലും

5. "വസ്തു കൈമാററം" —നിർവ്വചനം.—താഴെപ്പറയുന്ന വകുപ്പുകളിൽ "വസ്തു കൈമാററം" എന്നാൽ, ജീവിച്ചിരിപ്പുള്ള ഒരാൾ, ജീവിച്ചിരിപ്പുള്ള മററു ഒന്നോ അതിലധികമോ ആളുകൾക്കോ, അല്ലെങ്കിൽ തനിക്ക് തന്നെയോ, അല്ലെങ്കിൽ തനിക്കും ജീവിച്ചിരിപ്പുള്ള മററു ഒന്നോ അതിലധികമോ ആളുകൾക്കുമോ, അപ്പോൾത്തന്നെയോ ഭാവിയിലോ വസ്തു കൈമാററം ചെയ്തു കൊടുക്കുന്ന കൃത്യം എന്ന് അർത്ഥമാകുന്നതും, "വസ്തു കൈമാററം ചെയ്യുക" അങ്ങനെയുള്ള കൃത്യം നിർവ്വഹിക്കുക എന്നതും ആകുന്നു.

ഈ വകുപ്പിൽ "ജീവിച്ചിരിപ്പുള്ള ആൾ" എന്നാൽ, ഒരു കമ്പനിയോ ഏകാംഗീകൃതമോ അല്ലാത്തതോ ആയ സംഘടനയോ, വ്യക്തികളുടെ നികായമോ ഉൾപ്പെടുന്നതാകുന്നു, എന്നാൽ ഇതിൽ അടങ്ങിയ യാതൊന്നും കമ്പനികൾക്കോ സംഘടനകൾക്കോ വ്യക്തികളുടെ നികായങ്ങൾക്കോ ഉള്ളതോ അവയാലുള്ളതോ ആയ വസ്തു കൈമാററം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തെ ബാധിക്കുന്നതല്ല.

6. കൈമാററം ചെയ്യാവുന്നത് എന്തെന്ന്.—ഈ ആക്ററിനാലോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്താലോ മററു വിധത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം ഒഴികെ, ഏത് തരത്തിലുള്ള വസ്തുവും കൈമാററം ചെയ്യാവുന്നതാണ്.

(ക) ഒരു എസ്റേററിന് പിന്തുടർച്ചയ്ക്കുള്ള ഒരു പ്രത്യക്ഷ അനന്തരാവകാശിയുടെ അവസരമോ, ഒരു ചാർച്ചക്കാരൻ മരിക്കുമ്പോൾ ഒസ്യത്തവകാശം കിട്ടാനുള്ള ഒരു സംബന്ധിയുടെ അവസരമോ, അല്ലെങ്കിൽ അതേ സ്വഭാവത്തിലുള്ള മറേറതെങ്കിലും വെറും സാദ്ധ്യതയോ കൈമാററം ചെയ്യാവുന്നതല്ല.

(ഖ) ഒരു ഉത്തരോപാധിയുടെ ലംഘനത്തിൻമേൽ പുനഃപ്രവേശനത്തിനു മാത്രമുള്ള ഒരു അവകാശം അത് ബാധകമാകുന്ന വസ്തുവിന്റെ ഉടമസ്ഥനല്ലാതെ ആർക്കും കൈമാററം ചെയ്യാവുന്നതല്ല.

(ഗ) അധിഷ്ഠിത വസ്തുവിൽനിന്ന് വേറിട്ട് സൗകര്യാവകാശം കൈമാററം ചെയ്യാവുന്നതല്ല.

(ഘ) വസ്തുവിന്റെ ഉടമസ്ഥന് സ്വന്തം നിലയിൽ അനുഭവിക്കാനായി പരിമിതപ്പെടുത്തിയിട്ടുള്ള അവകാശബന്ധം അയാൾക്ക് കൈമാററം ചെയ്യാവുന്നതല്ല.

(ഘഘ) ഭാവി സംരക്ഷണത്തിനുള്ള അവകാശം, ഏത് രീതിയിൽ ഉദ്ഭവിക്കുന്നതോ ഈടട് നല്കപ്പെട്ടിട്ടുള്ളതോ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതോ ആയാൽതന്നെയും, കൈമാററം ചെയ്യാവുന്നതല്ല.

(ങ) വ്യവഹാരം കൊടുക്കാൻ മാത്രമുള്ള ഒരു അവകാശം കൈമാററം ചെയ്യാവുന്നതല്ല.

(ച) ഒരു പബ്ലിക് ഉദ്യോഗം കൈമാററം ചെയ്യാവുന്നതല്ല. ഒരു പബ്ലിക് ആഫീസറുടെ ശമ്പളവും, അത് നല്കേണ്ടതായി വരുന്നതിന് മുമ്പോ പിമ്പോ ആയാലും, കൈമാററം ചെയ്യാവുന്നതല്ല.

(ഛ) ഗവൺമെൻറിന്റെ സൈനികരോ നാവികരോ വൈമാനികരോ ആയ പെൻഷൻകാർക്കും സിവിൽപെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള സ്റൈറപെൻഡും രാഷ്ട്രീയ പെൻഷനും കൈമാററം ചെയ്യാവുന്നതല്ല.

(ജ) യാതൊരു കൈമാററവും, (1) അത് ബാധകമാകുന്ന അവകാശബന്ധത്തിന്റെ സ്വഭാവത്തിന് എതിരായിടത്തോളമോ, അല്ലെങ്കിൽ (2) ഇൻഡ്യൻ കാൺട്രാക്ററ്, ആക്ററ് 1872 (1872-ലെ 9)-ലെ 23-ാം വകുപ്പിന്റെ അർത്ഥത്തിൽ നിയമവിരുദ്ധമായ ഒരു ഉദ്ദേശ്യത്തിനോ പ്രതിഫലത്തിനോ വേണ്ടിയോ, അല്ലെങ്കിൽ (3) കൈമാററം വാങ്ങുന്ന ആളായിരിക്കാൻ നിയമപ്രകാരം അയോഗ്യനായ ഒരാൾക്കായോ, ചെയ്യാവുന്നതല്ല.

(ന്ധ) ഈ വകുപ്പിലുള്ള യാതൊന്നും കൈമാററം ചെയ്യാവുന്നതല്ലാത്ത കൈവശാവകാശമുള്ള ഒരു കുടിയാനോ, റവന്യൂ കൊടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഒരു എസ്റേററിന്റെ ഫാർമർക്കോ, അല്ലെങ്കിൽ കോർട്ട് ആഫ് വാർഡ്സിന്റെ ഭരണത്തിൻ കീഴിലുള്ള ഒരു എസ്റേററിൽ നിന്നുള്ള പാട്ട (വാടക)ക്കാരനോ അങ്ങനെയുള്ള കുടിയാനെന്നോ ഫാർമറെന്നോ പാട്ട (വാടക)ക്കാരനെന്നോ ഉള്ള നിലയിൽ തനിക്കുള്ള അവകാശം കൈമാററം ചെയ്യാൻ പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല.

7. <u>കൈമാററം ചെയ്യാൻ ക്ഷമതയുള്ള ആളുകൾ</u>.—കാൺട്രാക്ററ് ചെയ്യാൻ ക്ഷമതയും കൈമാററം ചെയ്യാവുന്ന വസ്തുബന്ധ് അവകാശവും ഉള്ളവനോ, അല്ലെങ്കിൽ സ്വന്തമല്ലാത്ത കൈമാററം ചെയ്യാവുന്ന വസ്തു വ്യയനം ചെയ്യാൻ പ്രാധികാരം നല്കപ്പെട്ടിട്ടുള്ളവനോ ആയ ഏതൊരാൾക്കും, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം അനുവദിക്കുകയും നിർണ്ണയിക്കുകയും ചെയ്തിട്ടുള്ള പരിതഃസ്ഥിതികളിലും, അങ്ങനെ ചെയ്തിട്ടുള്ളിടത്തോളവും, ചെയ്തിട്ടുള്ള രീതിയിലും, അങ്ങനെയുള്ള വസ്തു മുഴുവനുമോ ഭാഗികമോ ആയും പരിപൂർണ്ണമോ സോപാധികമോ ആയും കൈമാററം ചെയ്യാൻ ക്ഷമതയുണ്ടായിരിക്കുന്നതാണ്.

8. കൈമാററത്തിൻെറ പ്രവർത്തനം.—വ്യത്യസ്തമായ ഉദ്ദേശ്യം പ്രകടമായിരിക്കുകയോ അവശ്യം വ്യംഗ്യമായിരിക്കുകയോ ചെയ്യാത്തപക്ഷം, വസ്തുവിൻെറ കൈമാററം വസ്തുവിലും അതിലെ നിയമപ്രകാരമുള്ള ആനുഷംഗികസംഗതികളിലും കൈമാററം കൊടുക്കുന്ന ആളിലേക്കു അപ്പോഠം സംക്രമിപ്പിക്കുവാൻ സമർത്ഥതയുള്ള എല്ലാ അവകാശങ്ങളും ഉടനടി കൈമാററം വാങ്ങുന്ന ആളിലേക്കു സംക്രമിപ്പിക്കുന്നതാകുന്നു.

അങ്ങനെയുള്ള ആനുഷംഗിക സംഗതികളിൽ, വസ്തു ഭൂമി ആയിരിക്കുന്നിടത്ത്, അതോട് അനുബന്ധിച്ചിട്ടുള്ള സൗകര്യാവകാശങ്ങളും, കൈമാററത്തിന് ശേഷം അതിൽ നിന്ന് ഉളവാകുന്ന പാട്ടവും ലാഭവും, ഭൂബന്ധമായ എല്ലാ സാധനങ്ങളും;

വസ്തു, ഭൂബദ്ധമായ മെഷിനറി ആയിരിക്കുന്നിടത്ത്, അതിൻെറ ഇളക്കാവുന്ന ഭാഗങ്ങളും;

വസ്തു വീടായിരിക്കുന്നിടത്ത്, അതോടനുബന്ധിച്ചുള്ള സൗകര്യാവകാശങ്ങളും, കൈമാററത്തിനുശേഷം അതിൽ നിന്ന് ഉളവാകുന്ന വാടകയും, പൂട്ടുകഠം, താക്കോലുകഠം, കമ്പികഠം, വാതിലുകഠം, ജന്നലുകഠം, എന്നിവയും അതോടുകൂടി സ്ഥിരമായി ഉപയോഗിക്കാൻ ഉണ്ടാക്കിയിട്ടുള്ള മററെല്ലാ സാധനങ്ങളും;

വസ്തു കടമോ മററ് വ്യവഹാരപ്പെടാവുന്ന തേർച്ചയോ ആയിരിക്കുന്നിടത്ത്, അതിനുള്ള ഈടുകളും (അവ കൈമാററം വാങ്ങിയ ആഠക്ക് കൈമാററം ചെയ്തിട്ടില്ലാത്ത മററ് കടങ്ങഠക്കോ തേർച്ചക്കോ കൂടി ഉള്ളതാകുന്നിടത്തൊഴികെ), എന്നാൽ കൈമാററത്തിൽ മുമ്പ് ഉളവായ പലിശക്കുടിശ്ശിക ഉഠപ്പെടാതെ;

വസ്തു പണമോ മററ് ആദായം ലഭിക്കുന്ന വസ്തുവോ ആയിരിക്കുന്നിടത്ത്, കൈമാററം ഫലത്തിൽ വരുന്നതിനുശേഷം അതിൽനിന്ന് ഉളവാകുന്ന പലിശയും അല്ലെങ്കിൽ ആദായവും ,

ഉഠപ്പെടുന്നതാകുന്നു.

9. വാക്കാൽ കൈമാററം.—വസ്തു കൈമാററം, ലിഖിതം വേണമെന്ന് നിയമം പ്രകടമായി ആവശ്യപ്പെടാത്ത ഏതൊരു സംഗതിയിലും ലിഖിതം കൂടാതെ ചെയ്യാവുന്നതാണ്.

10. അന്യാധീനപ്പെടുത്തൽ തടസ്സപ്പെടുത്തുന്ന ഉപാധി.— കൈമാററം വാങ്ങിയ ആളേയോ, അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളേയോ, വസ്തുവിൽ അയാഠക്കുള്ള അവകാശബന്ധം കൈവിടുന്നതിനേയോ വ്യയനം ചെയ്യുന്നതിനേയോ പരിപൂർണ്ണമായി തടസ്സപ്പെടുത്തുന്ന ഒരു ഉപാധിക്കോ പരിമിതിക്കോ വിധേയമായി, വസ്തു കൈമാററം ചെയ്യുന്നിടത്ത്, ആ ഉപാധിയോ പരിമിതിയോ ഉപാധി പാട്ട (വാടക) ക്കർത്താവിൻെറയോ അയാളുടെ കീഴിൽ അവകാശപ്പെടുന്നവരുടെയോ ഗുണത്തിനായിട്ടുള്ള പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള ഒരു ഏർപ്പാടിൻെറ സംഗതിയിൽ ഒഴികെ, ശൂന്യമാകുന്നു; എന്നാൽ, വസ്തു,(ഹിന്ദുവോ മുഹമ്മദ്മതക്കാരിയോ ബുദ്ധമതക്കാരിയോ അല്ലാത്ത) ഒരു സ്ത്രീയ്ക്കോ സ്ത്രീയുടെ ഗുണത്തിനോ വേണ്ടിയോ

അവളുടെ വിവാഹം നിലവിലുള്ള കാലത്ത്, അതോ അതിൽ അവൾക്കുള്ള ഗുണാനുഭവത്തിനുള്ള അവകാശബന്ധമോ കൈമാററം ചെയ്യാനോ ചാർജ്ജ് ആക്കുവാനോ അവൾക്ക് അധികാരം ഉണ്ടായിരിക്കാത്തവിധത്തിൽ കൈമാററം ചെയ്യാവുന്നതാണ്.

11. സൃഷ്ടിക്കപ്പെട്ട അവകാശത്തിന് വിരുദ്ധമായ നിയന്ത്രണം.—ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, ഏതെങ്കിലും ആൾക്ക് അനുകൂലമായി അതിൽ ഒരു അവകാശബന്ധം പരിപൂർണ്ണമായി സൃഷ്ടിക്കുകയും, എന്നാൽ കൈമാററത്തിന്റെ നിബന്ധനകൾ അങ്ങനെയുള്ള അവകാശബന്ധം അയാൾ ഒരു പ്രത്യേക രീതിയിൽ പ്രയോഗിക്കുകയോ അനുഭവിക്കുകയോ ചെയ്യണമെന്ന് നിദേശിക്കുകയും ചെയ്യുന്നിടത്ത്, അയാൾക്ക് അങ്ങനെയുള്ള യാതൊരു നിദേശവും ഇല്ലാതിരുന്നാലെന്നപോലെ, അങ്ങനെയുള്ള അവകാശബന്ധം സ്വീകരിക്കുന്നതിനും വ്യയനം ചെയ്യുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

അങ്ങനെയുള്ള ഏതെങ്കിലും നിദേശം, ഒരു ഖണ്ഡം സ്ഥാവരവസ്തു സംബന്ധിച്ച്, അങ്ങനെയുള്ള മററൊരു ഖണ്ഡം വസ്തുവിന്റെ ഗുണാനുഭവം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളിടത്ത്, ഈ വകുപ്പിലുള്ള യാതൊന്നും അങ്ങനെയുള്ള നിദേശം പ്രാവർത്തികമാക്കുവാൻ കൈമാററം കൊടുക്കുന്ന ആൾക്ക് ഉണ്ടായിരിക്കാവുന്ന ഏതെങ്കിലും അവകാശത്തേയോ അല്ലെങ്കിൽ അതിന്റെ ലംഘനം സംബന്ധിച്ച് അയാൾക്ക് ഉണ്ടായിരിക്കാവുന്ന ഏതെങ്കിലും നിവൃത്തിമാർഗ്ഗത്തേയോ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

12. നിർദ്ധനനാകുമ്പോഴോ അന്യാധീനപ്പെടുത്തുവാൻ ശ്രമിക്കുമ്പോഴോ അവകാശബന്ധം അവസാനിക്കുന്നതാക്കുന്ന ഉപാധി.— വസ്തു, അതിൽ ഏതെങ്കിലും ആൾക്കോ, ആളുടെ ഗുണത്തിനുവേണ്ടിയോ സംവരണം ചെയ്യുകയോ നല്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും അവകാശബന്ധം അയാൾ നിർദ്ധനനാകുമ്പോഴോ അത് കൈമാററം ചെയ്യാനോ വ്യയനം ചെയ്യാനോ ഉദ്യമിക്കുമ്പോഴോ അവസാനിക്കുന്നതാണെന്ന ഉപാധിക്കോ പരിമിതിക്കോ വിധേയമായി കൈമാററം ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഉപാധിയോ പരിമിതിയോ ശൂന്യമാകുന്നു.

ഈ വകുപ്പിലെ യാതൊന്നും, പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള ഒരു ഏർപ്പാടിൽ പാട്ട (വാടക) ക്കർത്താവിന്റേയോ അയാളുടെ കീഴിൽ അവകാശപ്പെടുന്നവരുടേയോ ഗുണത്തിനുവേണ്ടിയുള്ള ഒരു ഉപാധിക്കു ബാധകമാകുന്നതല്ല.

13. ജനിച്ചിട്ടില്ലാത്ത ആളുടെ ഗുണത്തിനുവേണ്ടിയുള്ള കൈമാററം.—ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, കൈമാററം ചെയ്യുന്ന തീയതിക്ക് അസ്തിത്വം ഇല്ലാതിരുന്ന ഒരാളുടെ ഗുണത്തിനുവേണ്ടി, അതേ കൈമാററം സൃഷ്ടിക്കുന്ന ഒരു മുൻ അവകാശബന്ധത്തിന് വിധേയമായി, ഒരു അവകാശബന്ധം സൃഷ്ടിക്കുന്നിടത്ത്, അങ്ങനെയുള്ള ആളുടെ ഗുണത്തിനുവേണ്ടി സൃഷ്ടിച്ച അവകാശബന്ധം, അത് ആ വസ്തുവിൽ കൈമാററം ചെയ്യുന്ന ആൾക്ക് അവശേഷിക്കുന്ന മുഴുവൻ അവകാശബന്ധത്തിനും വ്യാപിക്കാത്തപക്ഷം, ഫലത്തിൽ വരുന്നതല്ല.

### ദൃഷ്ടാന്തം

ക, താൻ ഉടമസ്ഥനായിട്ടുള്ള വസ്തു, ക യ്ക്കും, അയാളുടെ ഉദ്ദിഷ്ട ഭാര്യയ്ക്കും അനുക്രമമായി അവരുടെ ജീവിതകാലത്തേക്കും അതിജീവിക്കുന്ന ആളുടെ മരണശേഷം ഉദ്ദിഷ്ട വിവാഹത്തിലെ മൂത്തപുത്രന് ജീവിതകാലത്തേക്കും, അയാളുടെ മരണശേഷം ക യുടെ രണ്ടാമത്തെ പുത്രനുംവേണ്ടി ട്രസ്റ്റായി ഖ യ്ക്കു കൈമാററം ചെയ്യുന്നു. മൂത്തപുത്രന്റെ ഗുണത്തിനായി അങ്ങനെ സൃഷ്ടിച്ച അവകാശബന്ധം വസ്തുവിൽ ക.യ്ക്ക് അവശേഷിക്കുന്ന മുഴുവൻ അവകാശബന്ധത്തിനും, അത് വ്യാപിക്കാത്തതുകൊണ്ട് ഫലത്തിൽ വരുന്നില്ല.

14. <u>ശാശ്വതതയ്ക്ക് എതിരായ ചട്ടം.</u>—യാതൊരു വസ്തു കൈമാററവും, അങ്ങനെയുള്ള കൈമാററത്തിന്റെ തീയതി ജീവിച്ചിരിപ്പുള്ള ഒന്നോ അതിലധികമോ ആളുടെ ജീവിതകാലത്തിന്നും, ആ കാലം അവസാനിക്കുമ്പോൾ അസ്തിത്വത്തിലുണ്ടാകേണ്ടതും പ്രായപൂർത്തിയാകുന്നുവെങ്കിൽ ആ കൈമാററം സൃഷ്ടിക്കുന്ന അവകാശത്തിന് ഉടമ ആകേണ്ടതും ആയ ഏതെങ്കിലും ആളുടെ മൈനോറിട്ടിക്കും ശേഷം ഫലത്തിൽ വരേണ്ട അവകാശം സൃഷ്ടിക്കത്തക്കവണ്ണം പ്രവർത്തനത്തിൽ വരുന്നതല്ല.

15. <u>13-ം 14-ം വകുപ്പുകളിൻ കീഴിൽ വരുന്ന ചിലർ ഉൾപ്പെടുന്ന വർഗ്ഗത്തിനുള്ള കൈമാററം.</u>—ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, അതിൽ ഒരു അവകാശബന്ധം ആളുകളുടെ ഒരു വർഗ്ഗത്തിന്റെ ഗുണത്തിനായി സൃഷ്ടിക്കുകയും 13-ം 14-ം വകുപ്പുകളിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങളിൽ ഏതെങ്കിലും കാരണമായി അവരിൽ ചിലരെ സംബന്ധിച്ച്, അങ്ങനെയുള്ള അവകാശബന്ധം നിഷ്ഫലമാകുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള അവകാശബന്ധം ആ ചിലരെ സംബന്ധിച്ചുമാത്രം നിഷ്ഫലമാകുന്നതും, ആ വർഗ്ഗത്തിനെ മുഴുവൻ സംബന്ധിച്ച് നിഷ്ഫലമാകുന്നതല്ലാത്തതുമാണ്.

16. <u>മുൻ അവകാശബന്ധം നിഷ്ഫലമാകുമ്പോൾ ഫലത്തിൽ വരേണ്ട കൈമാററം.</u>—13-ം 14-ം വകുപ്പുകളിൽ അടങ്ങിയിട്ടുള്ളവയിൽ ഏതെങ്കിലും ചട്ടങ്ങൾ കാരണമായി, ഏതെങ്കിലും ആളുടേയോ ആളുകളുടെ ഒരു വർഗ്ഗത്തിന്റെയോ ഗുണത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ള ഒരു അവകാശബന്ധം അങ്ങനെയുള്ള ആളെയോ അങ്ങനെയുള്ള വർഗ്ഗത്തെ മുഴുവനുമോ സംബന്ധിച്ച് നിഷ്ഫലമാകുന്നിടത്ത്, അതേ ഇടപാടിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും അങ്ങനെയുള്ള മുൻ അവകാശബന്ധം നിഷ്ഫലമാകുന്നതിൻമേലോ അതിനുശേഷമോ ഫലത്തിൽ വരാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആയ ഏതെങ്കിലും അവകാശബന്ധവും നിഷ്ഫലമായിത്തീരുന്നു.

17. <u>ഊട്ടം കൂട്ടുന്നതിനുള്ള നിദേശം.</u>—(1) ഒരു വസ്തു കൈമാററത്തിലെ നിബന്ധനകൾ, ആ വസ്തുവിൽനിന്ന് ഉദ്ഭവിക്കുന്ന ആദായം മുഴുവനായോ ഭാഗികമായോ—

(ക) കൈമാററം ചെയ്യുന്ന ആളുടെ ജീവിതകാലത്തേക്കോ, അല്ലെങ്കിൽ

(ഖ) കൈമാററത്തീയതി മുതൽ പതിനെട്ട് വർഷത്തേക്കോ,

നീണ്ട ഒരു കാലം സഞ്ചയിക്കേണ്ടതാണെന്ന് നിദേശിക്കുന്നിടത്ത്, അങ്ങനെയുള്ള നിദേശം, ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിൽ ഒഴികെ, മേല്പറഞ്ഞ കാലങ്ങളിൽ കൂടുതൽ നീണ്ട കാലത്തേക്കാറം ഈട്ടം കൂട്ടുന്നതിന് നിദേശിച്ചിട്ടുള്ള കാലം അധികമായിടത്തോളം ശൂന്യമായിരിക്കുന്നതും, ഒടുവിൽ പറഞ്ഞ അങ്ങനെയുള്ള കാലത്തിന്റെ അവസാനം വസ്തുവും അതിൽനിന്നുള്ള ആദായവും ഈട്ടം കൂട്ടുന്നതിന് നിദേശിച്ചിട്ടുള്ള കാലം കഴിഞ്ഞിരിക്കുന്നു എന്നപോലെ വ്യയനം ചെയ്യപ്പെടേണ്ടതും ആകുന്നു.

(2) ഈ വകുപ്പ്—

(i) വസ്തു കൈമാററം ചെയ്യുന്ന ആളുടേയോ കൈമാററത്തിൻകീഴിൽ ഏതെങ്കിലും അവകാശബന്ധം ലഭിക്കുന്ന മററതെങ്കിലും ആളുടേയോ, കടങ്ങരം വീട്ടുന്നതിനോ, അല്ലെങ്കിൽ

(ii) കൈമാററം ചെയ്യുന്ന ആളുടേയോ അല്ലെങ്കിൽ കൈമാററത്തിൻ കീഴിൽ ഏതെങ്കിലും അവകാശബന്ധം ലഭിക്കുന്ന മററതെങ്കിലും ആളുടേയോ കുട്ടികരംക്കോ അതിലും അകന്ന സന്താനങ്ങരംക്കോ ദാഹരിക്ക് വ്യവസ്ഥ ചെയ്യുന്നതിനോ, അല്ലെങ്കിൽ

(iii) കൈമാററം ചെയ്യുന്ന വസ്തു നിലനിറുത്തുകയോ സംരക്ഷിക്കുകയോ ചെയ്യുന്നതിനോ വേണ്ടി സഞ്ചയിക്കുന്നതിനുള്ള ഏതെങ്കിലും നിദേശത്തെ ബാധിക്കുന്നതല്ലാത്തതും അതിനാൽ അങ്ങനെയുള്ള നിദേശം നല്കാവുന്നതും ആണ്.

18. പൊതുജനങ്ങളുടെ ഗുണത്തിനായി ശാശ്വതത്വമുള്ള കൈമാററം.—14, 16, 17 എന്നീ വകുപ്പുകളിലെ നിയന്ത്രണങ്ങരം മതത്തിൻേറയോ, വിജ്ഞാനത്തിൻേറയോ, വാണിജ്യത്തിൻേറയോ, ആരോഗ്യത്തിൻേറയോ, ഭദ്രതയുടേയോ മനുഷ്യസമുദായത്തിന് ഗുണകരമായ മററതെങ്കിലും ഉദ്ദേശ്യത്തിൻേറയോ പുരോഗമനത്തിൽ പൊതുജനങ്ങളുടെ ഗുണത്തിനുവേണ്ടിയുള്ള വസ്തു കൈമാററത്തിന്റെ സംഗതിയിൽ ബാധകമാകുന്നതല്ല.

19. നിക്ഷിപ്തമായ അവകാശബന്ധം.— ഒരു വസ്തു കൈമാററം ചെയ്യുമ്പോരം, ഒരു അവകാശബന്ധം അത് ഫലത്തിൽ വരേണ്ട സമയം വിനിർദ്ദേശിക്കാതെയോ അല്ലെങ്കിൽ അത് ഉടനേയോ, അവശ്യംഭാവിയായ ഒരു സംഭവം നടക്കുമ്പോഴോ ഫലത്തിൽ വരേണ്ടതാണെന്ന് പ്രകടമായി വിനിർദ്ദേശിച്ചുകൊണ്ടോ ഒരാരംക്ക് അനുകൂലമായി സൃഷ്ടിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള അവകാശബന്ധം, കൈമാററത്തിന്റെ നിബന്ധനകളിൽനിന്ന് വിപരീതമായ ഉദ്ദേശ്യം ഉള്ളതായി കാണാത്തപക്ഷം, നിക്ഷിപ്തമായ ഒന്നാകുന്നു.

നിക്ഷിപ്തമായ അവകാശബന്ധം കൈവശം കിട്ടുന്നതിനുമുമ്പ് കൈമാററം വാങ്ങിയ ആരം മരിക്കുന്നതിനാൽ പരാജയപ്പെടുന്നില്ല

വിശദീകരണം.—ഒരു അവകാശബന്ധം നിക്ഷിപ്തമാകേണ്ടതല്ല എന്ന ഒരു ഉദ്ദേശ്യം, അതിന്റെ അനുഭവം നീട്ടിവയ്ക്കുന്നതോ അല്ലെങ്കിൽ മററതെങ്കിലും ആരംക്ക് അതേ വസ്തുവിൽ ഒരു മുൻ-അവകാശബന്ധം നല്കുകയോ സംവരണം ചെയ്യുകയോ ചെയ്യുന്നതോ അല്ലെങ്കിൽ അനുഭവത്തിനുള്ള സമയം എത്തുന്നതുവരെ വസ്തുവിൽനിന്ന് ഉദ്ഭവിക്കുന്ന ആദായം സഞ്ചയിക്കണമെന്ന് നിദേശിക്കുന്നതോ ആയ ഒരു വ്യവസ്ഥയിൽനിന്നോ അല്ലെങ്കിൽ ഒരു പ്രത്യേക സംഭവം നടക്കുകയാണെങ്കിൽ, അവകാശബന്ധം മറെറാരാളിലേയ്ക്ക് സംക്രമിക്കും എന്നുള്ള ഒരു വ്യവസ്ഥിതിയിൽനിന്നോ മാത്രം നിഗമനം ചെയ്യാവുന്നതല്ല.

20. ജനിച്ചിട്ടില്ലാത്ത ആൾ, തന്റെ ഗുണത്തിനുവേണ്ടിയുള്ള കൈമാററത്തിൻമേൽ, നിക്ഷിപ്തമായ അവകാശബന്ധം ആർജ്ജിയ്ക്കുന്നത് എപ്പോൾ എന്ന്.— ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, ആ സമയത്ത് ജീവിച്ചിരിപ്പില്ലാത്ത ഒരാളുടെ ഗുണത്തിനു വേണ്ടി, അതിൽ ഒരു അവകാശബന്ധം സൃഷ്ടിക്കുന്നിടത്ത്, കൈമാററത്തിന്റെ നിബന്ധനകളിൽ നിന്ന് വിപരീതമായ ഉദ്ദേശ്യം ഉള്ളതായി കാണാത്തപക്ഷം, അയാളുടെ ജനനത്തോടെ അയാൾ, നിക്ഷിപ്തമായ ഒരു അവകാശബന്ധം അതിന്റെ അനുഭവത്തിന് അയാൾക്ക് ജനിച്ച ഉടനെ അവകാശബന്ധം ഇല്ലായിരിക്കാമെങ്കിൽ കൂടി, ആർജ്ജിക്കുന്നതാകുന്നു.

21. സമാശ്രിതമായ അവകാശബന്ധം.— ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, അതിൽ ഒരു അവകാശബന്ധം വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുന്നതിൻമേലോ വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുന്നില്ലെങ്കിലോ മാത്രം ഫലത്തിൽ വരത്തക്കവണ്ണം ഒരാൾക്ക് അനുകൂലമായി സൃഷ്ടിക്കുന്നിടത്ത്, അങ്ങനെയുള്ള ആൾ അതുവഴി ആ വസ്തുവിൽ സമാശ്രിതമായ ഒരു അവകാശബന്ധം ആർജ്ജിക്കുന്നു. അങ്ങനെയുള്ള അവകാശബന്ധം ആദ്യത്തെ സംഗതിയിൽ സംഭവം നടക്കുന്നതിൻമേലും, ഒടുവിലത്തെ സംഗതിയിൽ, ആ സംഭവം നടക്കുക എന്നത് അസാദ്ധ്യമാകുമ്പോഴും നിക്ഷിപ്തമായ അവകാശബന്ധമായി തീരുന്നു.

അപവാദം.— ഒരു വസ്തു കൈമാററത്തിൻ കീഴിൽ, ആ വസ്തുവിൽ ഒരു അവകാശബന്ധത്തിന്, ഒരാൾ തനിക്ക് ഒരു പ്രത്യേക പ്രായം തികയുമ്പോൾ അവകാശബന്ധമുള്ളവനായിത്തീരുകയും, വസ്തു കൈമാററം ചെയ്യുന്ന ആൾ, അയാൾക്ക് ആ പ്രായം എത്തുന്നതിന് മുമ്പ് അങ്ങനെയുള്ള അവകാശബന്ധത്തിൽനിന്ന് ഉദ്ഭവിക്കുന്ന ആദായം പരിപൂർണ്ണമായി നല്കുകയോ, അല്ലെങ്കിൽ, ആദായമോ അതിൽ ആവശ്യമാകാവുന്നിടത്തോളമോ അയാളുടെ ഗുണത്തിനുവേണ്ടി ഉപയോഗിക്കണമെന്ന് നിദേശിക്കുകയോ കൂടി ചെയ്യുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള അവകാശബന്ധം സമാശ്രിതമായതല്ല.

22. ഒരു വർഗ്ഗത്തിലെ ഒരു പ്രത്യേക പ്രായം തികയുന്ന അംഗങ്ങൾക്കുള്ള കൈമാററം.— ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, ഒരു വർഗ്ഗത്തിലെ ഒരു പ്രത്യേക പ്രായം തികയുന്ന അംഗങ്ങൾക്ക് മാത്രം അനുകൂലമായ ഒരു അവകാശബന്ധം സൃഷ്ടിക്കുന്നിടത്ത്, ആ വർഗ്ഗത്തിലെ ആ പ്രായം തികഞ്ഞിട്ടില്ലാത്ത ഏതെങ്കിലും അംഗത്തിൽ അങ്ങനെയുള്ള അവകാശബന്ധം നിക്ഷിപ്തമാകുന്നതല്ല.

23. വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവം നടക്കുന്നതിനെ സമാശ്രയിച്ചിരിക്കുന്ന കൈമാററം.— ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, അതിൽ ഒരു അവകാശബന്ധം വിനിർദ്ദേശിക്കപ്പെട്ട ഒരാൾക്ക് വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുന്നുവെങ്കിൽ സിദ്ധിക്കേണ്ടതായിരിക്കുകയും, ആ സംഭവംനടക്കുന്നതിന് സമയം പറഞ്ഞിട്ടില്ലായിരിക്കുകയും ചെയ്യുന്നിടത്ത്, ആ അവകാശബന്ധം അങ്ങനെയുള്ള സംഭവം ഇടയ്ക്കുള്ള അവകാശബന്ധമോ മുൻ അവകാശബന്ധമോ ഇല്ലാതാകുന്നതിനു മുമ്പോ, ഇല്ലാതാകുന്ന സമയത്തോ, നടക്കാത്ത പക്ഷം നിഷ്ഫലമായിത്തീരുന്നു.

24. ചില ആളുകളിൽ വിനിർദ്ദേശിച്ചിട്ടില്ലാത്ത ഒരു കാലത്ത് അതിജീവിക്കുന്നവർക്കുള്ള കൈമാററം.— ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, ചില ആളുകളിൽ എല്ലാം തങ്കലും ഒരു കാലത്ത് അതിജീവിക്കുന്നവർക്ക് ഒരു അവകാശബന്ധം സിദ്ധിക്കേണ്ടതായിരിക്കുകയും, എന്നാൽ കൃത്യമായ കാലം വിനിർദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, കാൺട്രാക്ററിന്റെ നിബന്ധനകളിൽ നിന്ന് വിപരീതമായ ഉദ്ദേശ്യം ഉള്ളതായി കാണാത്ത പക്ഷം, ആ അവകാശം ഇടയ്ക്കുള്ള അവകാശബന്ധമോ മുൻഅവകാശബന്ധമോ ഇല്ലാതാകുമ്പോൾ, അവരിൽ ജീവിച്ചിരിപ്പുള്ളവർക്ക് കിട്ടുന്നതാണ്.

ദൃഷ്ടാന്തം

ക, ജീവിതകാലത്തേക്ക് ഖ യ്ക്കും, അയാളുടെ മരണശേഷം തമ്മിൽ തുല്യമായി വിഭജിച്ചെടുക്കേണ്ട നിലയിൽ ഗ യ്ക്കും ഘ യ്ക്കും, അല്ലെങ്കിൽ അവരിൽ അതിജീവിക്കുന്ന ആൾക്കും ആയി വസ്തു കൈമാററം ചെയ്യുന്നു. ഗ, ഖ യുടെ ജീവിതകാലത്ത് മരിക്കുന്നു. ഖ യെ ഘ അതിജീവിക്കുന്നു. ഖ മരിക്കുമ്പോൾ വസ്തു ഘ യിലേക്ക് സംക്രമിക്കുന്നു.

25. സോപാധികമായ കൈമാററം.—ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ സൃഷ്ടിക്കുന്നതും ഒരു ഉപാധിയെ ആശ്രയിക്കുന്നതുമായ ഒരു അവകാശബന്ധം, ആ ഉപാധി നിറവേററുന്നത് അസാദ്ധ്യമായതോ അല്ലെങ്കിൽ നിയമത്താൽ വിലക്കപ്പെട്ടതോ, അല്ലെങ്കിൽ അനുവദിക്കപ്പെടുകയാണെങ്കിൽ അത് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ പരാജയപ്പെടുത്തത്തക്ക സ്വഭാവത്തോടുകൂടിയതോ അല്ലെങ്കിൽ വഞ്ചനാപൂർവ്വകമായതോ, അല്ലെങ്കിൽ മററൊരാളുടെ ദേഹത്തിനോ വസ്തുവിനോ ക്ഷതി ഉളവാക്കൽ ഉൾക്കൊള്ളുകയോ വ്യജ്ഞിപ്പിയ്ക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ അത് അസാൻമാർഗ്ഗികമോ പബ്ലിക് പാളിസിക്ക് എതിരായതോ ആണെന്ന് കോടതി കരുതുന്നതോ ആണെങ്കിൽ, നിഷ്ഫലമായിത്തീരുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക, ഖ യ്ക്ക്, അയാൾ ഒരു മണിക്കൂറിൽ 100 മൈൽ നടക്കണമെന്നുള്ള ഉപാധിയിൻമേൽ ഒരു കൃഷി സ്ഥലം പാട്ടത്തിന് കൊടുക്കുന്നു. ആ പാട്ടത്തിനുള്ള ഏർപ്പാട് ശൂന്യമാണ്.

(ഖ) ക ഖ യ്ക്ക്, അയാൾ ക യുടെ മകൾ ഗ യെ വിവാഹം കഴിക്കണമെന്നുള്ള ഉപാധിയിൻമേൽ 500 രൂപ കൊടുക്കുന്നു. കൈമാററത്തീയതിക്ക് ഗ മരിച്ചിട്ടുണ്ടായിരുന്നു. ആ കൈമാററം ശൂന്യമാണ്.

(ഗ) ക ഖ യ്ക്ക്, അവൾ ഗ യെ വധിക്കണമെന്നുള്ള ഉപാധിയിൻമേൽ 500 രൂപ കൈമാററം ചെയ്യുന്നു. ആ കൈമാററം ശൂന്യമാണ്.

(ഘ) ക തന്റെ ഭാഗിനേയി ആയ ഗ യ്ക്ക് അവളുടെ ഭർത്താവിനെ ഉപേക്ഷിക്കണമെന്ന ഉപാധിയിൻമേൽ 500 രൂപ കൈമാററം ചെയ്യുന്നു. ആ കൈമാററം ശൂന്യമാണ്.

26. പൂർവ്വോപാധി നിറവേറൽ — ഒരു വസ്തു കൈമാററത്തിൻെറ നിബന്ധനകളാ, ഒരാംക്ക് ആ വസ്തുവിൽ ഒരു അവകാശബന്ധം സിദ്ധിക്കുന്നതിനു മുമ്പു നിറവേററപ്പെടേണ്ട ഒരു ഉപാധി ചുമത്തിയിട്ടുള്ളിടത്ത്, ആ ഉപാധി സാരാംശത്തിൽ അനുസരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് നിറവേററപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തങ്ങരം

(ക) ക ഖ യ്ക്ക്, അയാം ഗ ഘ ങ എന്നിവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ 5,000 രൂപ കൈമാററം ചെയ്യുന്നു. ങ മരിച്ചു പോകുന്നു. ഖ, ഗ യുടേയും ഘ യുടേയും സമ്മതത്തോടെ വിവാഹം കഴിക്കുന്നു. ഖ ഉപാധി നിറവേററിയതായി കരുതപ്പെടുന്നതാണ്.

(ഖ) ക ഖ യ്ക്ക്, അയാം ഗ ഘ ങ എന്നിവരുടെ സമ്മതത്തോടെ വിവാഹം കഴിക്കണമെന്ന ഉപാധിയിൻമേൽ 5,000 രൂപ കൈമാററം ചെയ്യുന്നു. ഖ, ഗ, ഘ, ങ എന്നിവരുടെ സമ്മതംകൂടാതെ വിവാഹം കഴിക്കുന്നു. എന്നാൽ വിവാഹത്തിനു ശേഷം അവരുടെ സമ്മതം നേടുന്നു. ഖ ഉപാധി നിറവേററിയിട്ടില്ല.

27. ഒരാംക്കുള്ള സോപാധികമായ കൈമാററവും മുൻവിനിയോഗം നിഷ്ഫലമാകുന്നതിൻമേൽ മറെറാരാംക്കുള്ള കൈമാററവും ചേർന്നത്.— ഒരു വസ്തു കൈമാററം ചെയ്യുമ്പോരം, ഒരാംക്ക് അനുകൂലമായി ഒരു അവകാശ ബന്ധം സൃഷ്ടിക്കുകയും, അതേ ഇടപാടിനാൽ മറെറാരാംക്ക് അനുകൂലമായി അതേ അവകാശബന്ധത്തിൻെറ ഒരു പിൻവിനിയോഗം ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്, കൈമാററത്തിൻ കീഴിലുള്ള മുൻവിനിയോഗം നിഷ്ഫലമാകുന്നുവെങ്കിൽ, അങ്ങനെ നിഷ്ഫലമായിട്ടുള്ളത് കൈമാററം ചെയ്യുന്ന ആരം ഉദ്ദേശിച്ചിരുന്ന വിധത്തിൽ ആയിരിക്കയില്ലെങ്കിലും മുൻവിനിയോഗം നിഷ്ഫലമാകുന്നതിൻമേൽ പിൻവിനിയോഗം ഫലത്തിൽ വരുന്നതാകുന്നു:

എന്നാരം ഇടപാടിലെ കക്ഷികളുടെ ഉദ്ദേശ്യം, മുൻവിനിയോഗം ഒരു പ്രത്യേക രീതിയിൽ നിഷ്ഫലമാകുന്ന സംഗതിയിൽ മാത്രം പിൻവിനിയോഗം ഫലത്തിൽ വരണമെന്നായിരിക്കുന്നിടത്ത്, മുൻവിനിയോഗം ആ രീതിയിൽ നിഷ്ഫലമാകാത്ത പക്ഷം, പിൻവിനിയോഗം ഫലത്തിൽ വരുന്നതല്ല.

## ദൃഷ്ടാന്തങ്ങരം

(ക) ക തൻെറ മരണശേഷം മൂന്നുമാസത്തിനകം ഒരു പ്രത്യേക പാട്ടച്ചീട്ട് ഒപ്പിട്ടെഴുതിക്കൊടുക്കണമെന്നുള്ള ഉപാധിയിൻമേൽ ഖ യ്ക്കും അയാരം അപ്രകാരം ചെയ്യുന്നതിൽ ഉപേക്ഷ കാണിക്കുന്നുവെങ്കിൽ ഗ യ്ക്കും ആയി 500 രൂപ കൈമാററം ചെയ്യുന്നു. ഖ ക യുടെ ജീവിതകാലത്ത് മരിക്കുന്നു. ഗ യ്ക്ക് അനുകൂലമായിട്ടുള്ള പിനിയോഗം ഫലത്തിൽ വരുന്നു.

(ഖ) ക തൻെറ ഭാര്യയ്ക്ക് വസ്തു കൈമാററം ചെയ്യുന്നു. എന്നാൽ അവരം തൻെറ ജീവിതകാലത്ത് അവരം മരിക്കുകയാണെങ്കിൽ അപ്രകാരം കൈമാററം ചെയ്തത് ഖ യ്ക്ക് ആകത്തക്കവണ്ണമാണ്. ക യും അയാളുടെ

ഭാര്യയും അവൾ മരിച്ചത് അയാൾക്ക് മുമ്പാണെന്ന് തെളിയിക്കാൻ അസാദ്ധ്യമാകുന്ന പരിതഃസ്ഥിതികളിൽ ഒരുമിച്ച് മരിക്കുന്നു. ഖ യ്ക്ക് അനുകൂലമായുള്ള വിനിയോഗം ഫലത്തിൽ വരുന്നില്ല.

28. വിനിർദ്ദിഷ്ടമായ സംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുന്നത് ഉപാധിയാക്കിയ പിന്നീടുള്ള കൈമാറ്റം.— ഒരു വസ്തു കൈമാറ്റം ചെയ്യുമ്പോൾ, അതിലെ ഒരു അവകാശബന്ധം ഏതെങ്കിലും ആൾക്ക് സിദ്ധിക്കാനായി, വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുകയാണെങ്കിൽ, അങ്ങനെയുള്ള അവകാശബന്ധം മറ്റൊരാളിലേക്ക് സംക്രമിക്കുമെന്നോ, അല്ലെങ്കിൽ വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കാതിരിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള അവകാശബന്ധം മറ്റൊരാളിലേക്ക് സംക്രമിക്കുമെന്നോ ഉള്ള ഉപാധി കൂട്ടിച്ചേർത്തുകൊണ്ട് സൃഷ്ടിക്കാവുന്നതാണ്.

വിനിയോഗങ്ങൾ ഓരോ സംഗതിയിലും 10, 12, 21, 22, 23, 24, 25, 27 എന്നീ വകുപ്പുകളിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമാകുന്നു.

29. ഉത്തരോപാധി നിറവേറ്റൽ.— തൊട്ടു മുമ്പിലത്തെ വകുപ്പിൽ വിഭാവനം ചെയ്ത തരത്തിലുള്ള ഒരു പിൻ വിനിയോഗം, ഉപാധി കണിശമായും നിറവേറ്റപ്പെടാത്ത പക്ഷം ഫലത്തിൽ വരുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

ക ഖ യ്ക്ക് 500 രൂപ, അയാൾ മേജറാകുമ്പോഴോ വിവാഹം കഴിക്കുമ്പോഴോ കൊടുക്കുവാനായി, ഖ മൈനർ ആയിരിക്കുമ്പോൾ മരിക്കുകയോ ഗ യുടെ സമ്മതം കൂടാതെ വിവാഹം കഴിക്കുകയോ ചെയ്യുന്നു എങ്കിൽ, ആ 500 രൂപ ഘ യ്ക്ക് കിട്ടുമെന്നുള്ള ഒരു പരിമിതി വ്യവസ്ഥയോടുകൂടി, കൈമാറ്റം ചെയ്യുന്നു. ഖ 17 വയസു മാത്രം പ്രായമാകുമ്പോൾ ഗ യുടെ സമ്മതം കൂടാതെ വിവാഹം കഴിക്കുന്നു. ഘ യ്ക്കുള്ള കൈമാറ്റം ഫലത്തിൽ വരുന്നു.

30. പിൻവിനിയോഗത്തിന്റെ അസാധുത മുൻ വിനിയോഗത്തെ ബാധിക്കുന്നതല്ല.— പിൻവിനിയോഗം സാധുവല്ലെങ്കിൽ അതു മുൻവിനിയോഗത്തെ ബാധിക്കുന്നതല്ല.

ദൃഷ്ടാന്തം

ക ഒരു കൃഷി സ്ഥലം ഖ യ്ക്ക് അവളുടെ ജീവിതകാലത്തേയ്ക്കും, അവൾ തന്റെ ഭർത്താവിനെ അഭിത്യജിക്കുന്നില്ലെങ്കിൽ ഗ യ്ക്കും ആയി കൈമാറ്റം ചെയ്യുന്നു. ഉപാധി ഒന്നും ചേർത്തിട്ടില്ലാതിരുന്നാലെന്നപോലെ, കൃഷി സ്ഥലം ഖ യ്ക്ക് അവളുടെ ജീവിതകാലത്ത് അവകാശപ്പെട്ടിരിക്കുന്നതാണ്.

31. വിനിർദ്ദിഷ്ടമായ അനിശ്ചിത സംഭവം നടക്കുകയോ നടക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ കൈമാറ്റം ഫലത്തിലില്ലാതാകുമെന്ന ഉപാധി.— 12-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി,

ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ അതിലുള്ള ഒരു അവകാശബന്ധം, വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കുകയാണെങ്കിലോ, വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം നടക്കാതിരിക്കുകയാണെങ്കിലോ, ഇല്ലാതാകുമെന്ന ഉപാധി കൂട്ടിച്ചേർത്തുകൊണ്ട് സൃഷ്ടിക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഖ യ്ക്ക്, അയാളുടെ ജീവിതകാലത്തേക്ക് ഒരു കൃഷി സ്ഥലം, ഖ ഒരു കാടു വെട്ടുകയാണെങ്കിൽ, കൈമാററത്തിന് യാതൊരു ഫലവും ഇല്ലാതാകുമെന്ന പരിമിതി വ്യവസ്ഥയോടുകൂടെ, കൈമാററം ചെയ്യുന്നു. ഖ കാടു വെട്ടുന്നു. കൃഷി സ്ഥലത്തിന് അയാൾക്കുള്ള ആജീവനാവകാശം നഷ്ടപ്പെടുന്നു.

(ഖ) ക ഖ യ്ക്ക് ഒരു കൃഷി സ്ഥലം, കൈമാററത്തീയതിക്കുശേഷം മൂന്നു വർഷത്തിനകം ഖ ഇംഗ്ലണ്ടിൽ പോകുന്നില്ലെങ്കിൽ അയാൾക്ക് കൃഷി സ്ഥലത്തിലുള്ള അവകാശം ഇല്ലാതാകുമെന്ന പരിമിതി വ്യവസ്ഥയിൻമേൽ കൈമാററം ചെയ്യുന്നു. നിർണ്ണയിക്കപ്പെട്ട കാലത്തിനകം ഖ ഇംഗ്ലണ്ടിൽ പോകുന്നില്ല. കൃഷി സ്ഥലത്തിൽ അയാൾക്കുള്ള അവകാശം അവസാനിക്കുന്നു.

32. <u>അങ്ങനെയുള്ള ഉപാധി അസാധുവായിരിക്കരുത്.</u>—ഒരു അവകാശബന്ധം ഇല്ലാതാകുമെന്ന ഉപാധി സാധുവാകുന്നതിന്, അത് ഏതു സംഭവത്തെക്കുറിച്ചാണോ ആ സംഭവം, ഒരു അവകാശബന്ധം സൃഷ്ടിക്കുന്നതിന് നിയമാനുസൃതം ഉപാധിയായിത്തീരാൻ കഴിവുള്ള ഒന്നായിരിക്കേണ്ടത് ആവശ്യകമാണ്.

33. <u>കൃത്യത്തിൻെറ നിർവ്വഹണം നിർവ്വഹണത്തിനു സമയം വിനിർദ്ദേശിക്കാതെ ഉപാധി ആക്കുന്ന കൈമാററം.</u>—ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ, അതിൽ ഒരു അവകാശബന്ധം, അത് കിട്ടുന്ന ആൾ ഒരു പ്രത്യേക കൃത്യം നിർവ്വഹിക്കണമെന്ന ഉപാധിക്ക് വിധേയമായി സൃഷ്ടിക്കുകയും, എന്നാൽ കൃത്യത്തിൻെറ നിർവ്വഹണത്തിന് സമയം വിനിർദ്ദേശിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, സ്ഥിരമായോ അനിശ്ചിതകാലത്തേയ്ക്കോ, അയാൾ കൃത്യത്തിൻെറ നിർവഹണം അസാദ്ധ്യമാക്കിത്തീർക്കുമ്പോൾ ഉപാധി ലംഘിക്കപ്പെടുന്നു.

34. <u>കൃത്യത്തിൻെറ നിർവ്വഹണം, നിർവ്വഹണത്തിൻെറ സമയം വിനിർദ്ദേശിച്ചുകൊണ്ട്, ഉപാധിയാക്കുന്ന കൈമാററം.</u>—ഒരു വസ്തു കൈമാററം ചെയ്യുമ്പോൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒരു അവകാശബന്ധം ഒരാൾ അനുഭവിക്കുന്നതിന് മുൻപ്, നിറവേററപ്പെടേണ്ട ഒരു ഉപാധിയായോ, അല്ലെങ്കിൽ നിറവേററപ്പെടാതിരുന്നാൽ അവകാശബന്ധം അയാളിൽ നിന്ന് മറെറാരാളിലേക്ക് സംക്രമിക്കുമെന്നുള്ള ഒരു ഉപാധിയായോ, അയാൾ ഒരു കൃത്യം നിർവ്വഹിക്കേണ്ടിയിരിക്കുകയും, ആ കൃത്യം നിർവ്വഹിക്കുന്നതിന് ഒരു സമയം വിനിർദ്ദേശിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, വിനിർദ്ദിഷ്ടമായ സമയത്തിനുള്ളിൽ അങ്ങനെ നിർവ്വഹിക്കുന്നത് ഉപാധി നിറവേററാതിരിക്കുന്നതുകൊണ്ട് നേരിട്ടു ഗുണാനുഭവം ഉണ്ടാകുന്ന ഒരാളുടെ വഞ്ചനയാൽ തടയപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള വഞ്ചന ഉളവാക്കിയ കാലതാമസം നികത്തുന്നതിനാവശ്യമായ കൂടുതൽ സമയം, ആ കൃത്യം നിർവ്വഹിക്കുന്നതിന് അയാൾക്ക് എതിരായി അനുവദിക്കപ്പെടുന്നതാണ്. എന്നാൽ കൃത്യം നിർവ്വഹിക്കുന്നതിന് സമയം വിനിർദ്ദേശിച്ചിട്ടില്ലാത്തപ്പോൾ, കൃത്യത്തിൻെറ നിർവ്വഹണം ഉപാധി

നിറവേററാതിരിക്കുന്നതിൽ താൽപര്യമുള്ള ഒരാളുടെ വഞ്ചനയാൽ അസാദ്ധ്യമാക്കപ്പെടുകയോ അനിശ്ചിതകാലത്തേയ്ക്ക് നീണ്ടുപോവുകയോ ചെയ്യുന്നുവെങ്കിൽ അയാൾക്ക് എതിരായി ഉപാധി നിറവേററപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

വരണം

35. വരണം എപ്പോൾ ആവശ്യമെന്ന്.—ഒരാൾ തനിക്കു കൈമാററം ചെയ്യാൻ അവകാശം ഇല്ലാത്ത വസ്തു കൈമാററം ചെയ്യുന്നതായി ഭാവിക്കുകയും, അതേ ഇടപാടിന്റെ ഭാഗമായി വസ്തുവിന്റെ ഉടമസ്ഥന് ഏതെങ്കിലും ഗുണം നല്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഉടമസ്ഥൻ ഒന്നുകിൽ അങ്ങനെയുള്ള കൈമാററം സ്ഥിരപ്പെടുത്തുവാനോ അല്ലെങ്കിൽ അതിനോട് വിയോജിക്കുവാനോ വരിക്കേണ്ടതാകുന്നു; ഒടുവിൽ പറഞ്ഞ സംഗതിയിൽ അങ്ങനെ നല്കപ്പെട്ട ഗുണം അയാൾ വിട്ടുകൊടുക്കേണ്ടതും അങ്ങനെ വിട്ടുകൊടുക്കുന്ന ഗുണം അത് വിനിയോഗം ചെയ്തിട്ടില്ലാതിരുന്നു എന്നപോലെ കൈമാററം ചെയ്യുന്ന ആൾക്കോ അയാളുടെ പ്രതിനിധിക്കോ തിരികെ കിട്ടുന്നതും ആകുന്നു:

എന്നാൽ അത്,—

കൈമാററം സൗജന്യമായിരിക്കുകയും, കൈമാററം ചെയ്യുന്ന ആൾ, വരണത്തിന് മുൻപ് മരിക്കുകയോ അല്ലെങ്കിൽ പുതിയ കൈമാററം ചെയ്യുവാൻ മററു വിധത്തിൽ അസമർത്ഥനാകുകയോ ചെയ്തിരിക്കുകയും ചെയ്യുന്നിടത്തും,

കൈമാററം പ്രതിഫലത്തിനായിരിക്കുന്ന എല്ലാ സംഗതികളിലും,

കൈമാററം കിട്ടുന്നതിൽ നിരാശനായ ആൾക്ക്, അയാൾക്ക് കൈമാററം ചെയ്യുവാൻ ഭാവിച്ച തുകയോ വസ്തുവിന്റെ വിലയോ നികത്തിക്കൊടുക്കുവാനുള്ള ചാർജ്ജിന് വിധേയമായിരിക്കുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

സുൽത്താൻപൂർ കൃഷി സ്ഥലം ഗ യുടെ വസ്തുവും 800 രൂപ വിലയ്ക്കുള്ളതും ആണ്. ക, അത് ദാനപ്രമാണപ്രകാരം അതേ പ്രമാണത്താൽ ഗ യ്ക്ക് 1000 രൂപ കൊടുത്തുകൊണ്ട് ഖ യ്ക്കു കൈമാററം ചെയ്യുന്നതായി ഭാവിക്കുന്നു. ഗ കൃഷി സ്ഥലം വച്ചുപോരുന്നതിന് വരിക്കുന്നു. 1000 രൂപയുടെ ദാനം അയാൾക്ക് നഷ്ടപ്പെടുന്നു.

അതേ സംഗതിയിൽ, വരണത്തിനു മുമ്പ് ക മരിക്കുന്നു. അയാളുടെ പ്രതിനിധി 1000 രൂപയിൽ നിന്നും 800 രൂപ ഖ യ്ക്കു നല്കണം.

കൈമാററം ചെയ്യുന്ന ആൾ, താൻ കൈമാററം ചെയ്യുന്നതായി ഭാവിക്കുന്നത് തന്റെ സ്വന്തമാണെന്ന് വിശ്വസിച്ചാലും വിശ്വസിക്കാതിരുന്നാലും, ഈ വകുപ്പിലെ ഒന്നാം ഖണ്ഡികയിലുള്ള ചട്ടം ബാധകമാകുന്നതാണ്.

ഒരു ഇടപാടിൻ കീഴിൽ നേരിട്ട് ഗുണം കിട്ടാതെ, എന്നാൽ നേരിട്ടല്ലാതെ ഗുണം സിദ്ധിക്കുന്ന ഒരാൾ വരിക്കേണ്ടതില്ല.

ഇടപാടിൻ കീഴിൽ തന്റെ ഒരു നിലയിൽ ഒരു ഗുണം കിട്ടുന്ന ഒരാൾക്ക് മറെറാരു നിലയിൽ അതിനോട് വിയോജിക്കാവുന്നതാണ്.

തൊട്ടു മുമ്പിലത്തെ നാലു ചട്ടങ്ങൾക്കുള്ള അപവാദം.—

കൈമാററം ചെയ്യുന്ന ആൾ കൈമാററം ചെയ്യുന്നതായി ഭാവിക്കുന്ന വസ്തുവിന്റെ ഉടമസ്ഥന് ഒരു പ്രത്യേക ഗുണം നല്കുന്നതായി പ്രകടമാക്കുകയും അങ്ങനെയുള്ള ഗുണം ആ വസ്തുവിന് പകരമായിട്ടാണെന്ന് പ്രകടമാക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഉടമസ്ഥന് ആ വസ്തു അവകാശപ്പെടുന്നുവെങ്കിൽ, അയാൾ ആ പ്രത്യേക ഗുണം വിട്ടുകൊടുക്കണം; എന്നാൽ അതേ ഇടപാട് അയാൾക്ക് നല്കുന്ന മറേറതെങ്കിലും ഗുണം വിട്ടുകൊടുക്കുവാൻ അയാൾ ബാദ്ധ്യസ്ഥനല്ല.

ഗുണം നല്കപ്പെട്ടിട്ടുള്ള ആൾ, അത് പ്രതിഗ്രഹിക്കുന്നത്, അയാളുടെ വരിക്കേണ്ട കർത്തവ്യത്തേക്കുറിച്ച് വരണം നടത്തുന്നതിൽ വിവേകിയായ ഒരു മനുഷ്യന്റെ നിർണ്ണായകതയാൽ സ്വാധീനം ചെലുത്തുന്ന പരിതഃസ്ഥിതികളെക്കുറിച്ച് അയാൾക്ക് അറിവുണ്ടെങ്കിലോ അല്ലെങ്കിൽ പരിതഃസ്ഥിതികളെക്കുറിച്ച് അയാൾ അന്വേഷണം വേണ്ടെന്നുവയ്ക്കുന്നു എങ്കിലോ, കൈമാററം സ്ഥിരപ്പെടുത്തുന്നതിനുള്ള അയാളുടെ വരണമായിത്തീരുന്നതും ആകുന്നു.

വിപരീതമായ തെളിവിന്റെ അഭാവത്തിൽ, ഗുണം നല്കപ്പെട്ടിട്ടുള്ള ആൾ വിയോജിപ്പ് പ്രകടമാക്കുന്ന യാതൊരു കൃത്യവും ചെയ്യാതെ രണ്ടു വർഷത്തേയ്ക്ക് അത് അനുഭവിച്ചിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള അറിവോ വേണ്ടെന്നു വയ്ക്കലോ ഉള്ളതായി അനുമാനിക്കേണ്ടതാകുന്നു.

അയാളുടെ ഏതു് കൃത്യമാണോ കൈമാററം ചെയ്യപ്പെടുന്നതായി ഭാവിക്കുന്ന വസ്തുവിൽ അവകാശമുള്ള ആളുകളെ അങ്ങനെയുള്ള ആ കൃത്യം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ഉള്ള അതേ അവസ്ഥയിൽ വയ്ക്കാൻ അസാദ്ധ്യമാക്കിത്തീർക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കൃത്യത്തിൽ നിന്ന് അങ്ങനെയുള്ള അറിവോ വേണ്ടെന്നു വയ്ക്കലോ നിഗമനം ചെയ്യാവുന്നതാണ്.

## ദൃഷ്ടാന്തം

ക ഗ യ്ക്ക് അവകാശപ്പെട്ട ഒരു എസ്റേററ് ഖ യ്ക്ക് കൈമാററം ചെയ്യുകയും അതേ ഇടപാടിന്റെ ഭാഗമായി ഗ യ്ക്ക് ഒരു കല്ക്കരിഖനി നല്കുകയും ചെയ്യുന്നു. ഗ ആ ഖനി കൈവശം എടുക്കുകയും അതിലെ കല്ക്കരി എടുത്തു തീർക്കുകയും ചെയ്യുന്നു. അയാൾ അതുവഴി എസ്റേററിന്റെ ഖ യ്ക്കുള്ള കൈമാററം സ്ഥിരപ്പെടുത്തിയിരിക്കുന്നു.

അയാൾ, കൈമാററം ചെയ്യുന്ന ആളേയോ അയാളുടെ പ്രതിനിധിയേയോ കൈമാററം സ്ഥിരപ്പെടുത്താനോ അതിനോട് വിയോജിക്കാനോ ഉള്ള അയാളുടെ ഉദ്ദേശ്യം കൈമാററത്തീയതിക്കുശേഷം ഒരു വർഷത്തിനകം അറിയിക്കുന്നില്ലെങ്കിൽ, ആ കാലം അവസാനിക്കുമ്പോൾ അയാളോട് അയാളുടെ വരണം നടത്താൻ കൈമാററം ചെയ്യുന്ന ആൾക്കോ അയാളുടെ പ്രതിനിധികൾക്കോ ആവശ്യപ്പെടാവുന്നതും, അങ്ങനെ ആവശ്യപ്പെട്ടുകൊണ്ടുള്ള അറിയിപ്പ് കിട്ടിയതിനുശേഷം ന്യായമായ സമയത്തിനുള്ളിൽ അങ്ങനെ ആവശ്യപ്പെട്ടത് അനുസരിക്കുന്നില്ലെങ്കിൽ അയാൾ കൈമാററം സ്ഥിരപ്പെടുത്തുന്നതിന് വരിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

അവശതയുടെ സംഗതിയിൽ, അവശത ഇല്ലാതാകുന്നതു വരേയോ അല്ലെങ്കിൽ വരണം ക്ഷമതയുള്ള ഏതെങ്കിലും അധികാരസ്ഥാനം നടത്തുന്നതുവരേയോ വരണം നീട്ടിവയ്ക്കേണ്ടതാകുന്നു.

### വീതിക്കൽ

36. ആനുകാലികമായി കൊടുക്കേണ്ട തുകകൾ, അവകാശപ്പെട്ട ആളുടെ അവകാശം പര്യവസാനിക്കുന്നതിൻമേൽ വീതിക്കുന്നത്.—വിപരീതമായ കാൺട്രാക്ററിൻെറയോ തദ്ദേശാചാരത്തിൻെറയോ അഭാവത്തിൽ എല്ലാ പാട്ടവും (വാടകയും) വർഷാശനവും പെൻഷനും ഡിവിഡൻഡും ആദായത്തിൻെറ സ്വഭാവത്തോടുകൂടിയ ആനുകാലികമായി കൊടുക്കേണ്ട മററു തുകകളും അങ്ങനെ കൊടുക്കുന്ന തുകകൾ സ്വീകരിക്കാൻ അവകാശപ്പെട്ട ആളുടെ അവകാശം കൈമാററം ചെയ്യുന്നതിൻമേൽ, കൈമാററം ചെയ്യുന്ന ആളും കൈമാററം കിട്ടിയ ആളും തമ്മിലുള്ളിടത്തോളം ദിനംപ്രതി സിദ്ധിക്കുന്നതായും, അതനുസരിച്ച് വീതിക്കേണ്ടതായും, എന്നാൽ അത് കൊടുക്കാൻ നിശ്ചയിച്ച ദിവസങ്ങളിൽ കൊടുക്കേണ്ടതായും കരുതപ്പെടുന്നതാകുന്നു.

37. വേർപ്പെടുത്തുന്നതിൻമേൽ കടപ്പാടിൽ നിന്നുള്ള ഗുണം വീതിക്കുന്നത്.—ഒരു കൈമാററത്തിൻെറ അനന്തരഫലമായി വസ്തു പല ഓഹരികളായി ഭാഗിച്ച് കൈവശം വയ്ക്കപ്പെടുകയും, തൽഫലമായി മുഴുവൻ വസ്തുവും സംബന്ധിച്ച ഏതെങ്കിലും കടപ്പാടിൻെറ ഗുണം ഒരു ഉടമസ്ഥനിൽനിന്ന് പല ഉടമസ്ഥൻമാരിലേക്ക് സംക്രമിക്കുകയും ചെയ്യുമ്പോൾ; ഉടമസ്ഥൻമാരുടെ ഇടയിലുള്ള വിപരീതമായ കാൺട്രാക്ററിൻെറ അഭാവത്തിൽ, തൽസംബന്ധമായ കർത്തവ്യം, അത് വേർപെടുത്താവുന്നതും വേർപെടുത്തൽ കടപ്പാടിൻെറ ഭാരം സാരമായി വർദ്ധിപ്പിക്കാത്തതും ആണെങ്കിൽ, അങ്ങനെയുള്ള ഉടമസ്ഥൻമാരിൽ ഓരോരുത്തനും അനുകൂലമായി, വസ്തുവിൽ അയാൾക്കുള്ള ഓഹരിയുടെ മൂല്യത്തിന് ആനുപാതികമായി നിർവ്വഹിച്ചുകൊടുക്കേണ്ടതാണ്; എന്നാൽ കർത്തവ്യം വേർപെടുത്താവുന്നതല്ലെങ്കിലോ വേർപെടുത്തൽ കടപ്പാടിൻെറ ഭാരം സാരമായി വർദ്ധിപ്പിക്കുമെങ്കിലോ അങ്ങനെയുള്ള പല ഉടമസ്ഥർ കൂട്ടായി നാമനിർദ്ദേശം ചെയ്യുന്ന, അവരിൽ ഒരാളുടെ ഗുണത്തിനായി നിർവ്വഹിക്കപ്പെടേണ്ടതാകുന്നു:

എന്നാൽ വേർപെടുത്തലിനെക്കുറിച്ച് ന്യായമായ നോട്ടീസ് ലഭിക്കാത്ത പക്ഷവും ലഭിക്കുന്നതുവരേയും, കടപ്പാടിൻെറ ഭാരം വഹിക്കുന്ന യാതൊരാളും, അത് ഈ വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ നിറവേററുന്നതിൽ വീഴ്ചവരുത്തുന്നതിന് ഉത്തരം പറയേണ്ടതില്ല.

ഈ വകുപ്പിലെ യാതൊന്നും, അത് കൃഷിയാവശ്യങ്ങൾക്കുവേണ്ടിയുള്ള പാട്ടമേർപ്പാടുകൾക്ക് ബാധകമല്ലെന്ന് സ്റേററ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിദേശിക്കാത്തപക്ഷവും നിദേശിക്കുന്നതു വരേയും, അങ്ങനെയുള്ള ഏർപ്പാടുകൾക്ക് ബാധകമാകുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഒരു ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നതും പ്രതിവർഷം 30 രൂപയും ഒരു തടിച്ച ആടും വാടക നിശ്ചയിച്ച ങ യ്ക്ക് വാടകയ്ക്ക് കൊടുത്തിട്ടുള്ളതും ആയ ഒരു വീട് ഖ യ്ക്കും, ഗ യ്ക്കും, ഘ യ്ക്കും ആയി വില്ക്കുന്നു. ക്രയ സംഖ്യയിൽ പകുതി ഖ യും, നാലിലൊന്നു വീതം ഗ യും,

ഘ യുമാണ് നല്കിയിട്ടുള്ളത്. ഇതിനെപ്പററി നോട്ടീസുള്ള ങ, ഖ യ്ക്ക് 15 രൂപയും, ഗ യ്ക്ക് 7 1/2 രൂപയും, ഘ യ്ക്ക് 7 1/2 രൂപയും ഖ ഗ ഘ എന്നിവരുടെ കൂട്ടായ നിദേശമനുസരിച്ച് ആടിനെ നല്കുകയും ചെയ്യണം.

(ഖ) അതേ സംഗതിയിൽ വെള്ളപ്പൊക്കം തടയുന്നതിന് ഒരു അണക്കെട്ടിൽ ഓരോ വർഷവും പത്തുദിവസം ജോലി ചെയ്ത് കൊടുക്കാൻ ആ ഗ്രാമത്തിലെ ഓരോ വീടും ബാദ്ധ്യസ്ഥമായിരിക്കെ, ങ അയാൾക്കുള്ള വാടകയേർപ്പാടിന്റെ ഒരു നിബന്ധനയായി ഈ ജോലി ക യ്ക്കുവേണ്ടി നിർവ്വഹിക്കാൻ സമ്മതിച്ചിട്ടുണ്ടായിരുന്നു. തങ്ങൾ ഓരോരുത്തന്റേയും വീടിന്റെ കണക്കിൽ ചെയ്യേണ്ടതായ പത്തുദിവസത്തെ ജോലി നിർവ്വഹിക്കാൻ ഖ യും, ഗ യും, ഘ യും വെവ്വേറെയായി ങ യോട് ആവശ്യപ്പെടുന്നു. ഖ യും, ഗ യും, ഘയും യോജിച്ച് നല്കാവുന്ന നിദേശങ്ങൾ അനുസരിച്ച് ആകെ 10 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യാൻ ങ ബാദ്ധ്യസ്ഥനല്ല.

## (ഖ) സ്ഥാവരവസ്തുവിന്റെ കൈമാററം

38. ചില പരിതസ്ഥിതികളിൽ മാത്രം കൈമാററംചെയ്യാൻ പ്രാധികാരം നല്കപ്പെട്ട ആൾ ചെയ്യുന്ന കൈമാററം.—സ്വഭാവേന അസ്ഥിരമായ പരിത:സ്ഥിതികളിൻ കീഴിൽ മാത്രം സ്ഥാവരവസ്തു വ്യയനംചെയ്യാൻ പ്രാധികാരം നല്കപ്പെട്ട ഏതെങ്കിലും ആൾ, അങ്ങനെയുള്ള പരിത:സ്ഥിതികൾ നിലവിലുണ്ടെന്ന് പറഞ്ഞുകൊണ്ട് അങ്ങനെയുള്ള വസ്തു പ്രതിഫലത്തിന് കൈമാററം ചെയ്യുന്നിടത്ത്, കൈമാററം വാങ്ങുന്ന ആൾ അങ്ങനെയുള്ള പരിത:സ്ഥിതികൾ നിലവിലുണ്ടെന്ന് തിട്ടപ്പെടുത്തുന്നതിന് ന്യായമായ ശ്രദ്ധ ഉപയോഗിച്ച ശേഷം, ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, ഒരു ഭാഗത്ത് കൈമാററം വാങ്ങുന്ന ആളും മറുഭാഗത്ത് കൈമാററം ചെയ്യുന്ന ആളും, കൈമാററം ബാധിക്കുന്നവരായി മററാരെങ്കിലും ഉണ്ടെങ്കിൽ അവരും തമ്മിലുള്ളിടത്തോളം, ആ പരിത:സ്ഥിതികൾ നിലവിലുണ്ടായിരുന്നതായി കരുതപ്പെടുന്നതാകുന്നു.

### ദൃഷ്ടാന്തം

ഭർത്താവിന് പാർശ്വികാവകാശികൾ ഉള്ള ഒരു ഹിന്ദു വിധവയായ ക, ആ നിലയിൽ താൻ കൈവശം വയ്ക്കുന്ന വസ്തു തന്റെ സംരക്ഷണത്തിന് മതിയാവുന്നതല്ലെന്ന് പറഞ്ഞുകൊണ്ട്, മതപരമോ ധർമ്മപരമോ അല്ലാത്ത ആവശ്യങ്ങൾക്കായി, ആ വസ്തുവിന്റെ ഭാഗമായ ഒരു നിലം ഖ യ്ക്ക് വില്ക്കുവാൻ കരാർ ചെയ്യുന്നു. വസ്തുവിൽ നിന്നുള്ള ആദായം ക യുടെ സംരക്ഷണത്തിന് മതിയാവുകയില്ലെന്നും നിലം വില്ക്കുന്നത് ആവശ്യമാണെന്നും ന്യായമായ അന്വേഷണത്തിൽ ഖ യ്ക്ക് ബോദ്ധ്യപ്പെടുകയും, ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിച്ചുകൊണ്ട് ക യിൽ നിന്ന് ഖ നിലം വാങ്ങുകയും ചെയ്യുന്നു. ഒരു ഭാഗത്ത് ഖ യും മറുഭാഗത്ത് ക യും പാർശ്വികാവകാശികളും തമ്മിലുള്ളിടത്തോളം വില്പനയ്ക്കുള്ള ഒരു ആവശ്യം നിലവിലുണ്ടായിരുന്നതായി കരുതപ്പെടുന്നതാകുന്നു.

39. മൂന്നാമന് സംരക്ഷണത്തിന് അവകാശം ഉണ്ടായിരിക്കുന്നിടത്തുള്ള കൈമാററം.—മൂന്നാമന്, സ്ഥാവരവസ്തുവിന്റെ ആദായത്തിൽ നിന്ന് സംരക്ഷണമോ അല്ലെങ്കിൽ അഡ്വാൻസ്മെന്റായോ വിവാഹത്തിനായോ വകയിരുത്തിയ തുകയോ കിട്ടുവാൻ അവകാശമുണ്ടായിരിക്കുകയും, അങ്ങനെയുള്ള വസ്തു കൈമാററം ചെയ്യപ്പെടുകയും ചെയ്യുന്നിടത്ത്, ആ അവകാശം കൈമാററം കിട്ടിയ ആൾക്കെതിരായി അയാൾക്ക് അതിനെക്കുറിച്ച് നോട്ടീസുണ്ടെങ്കിലോ

കൈമാററം സൗജന്യമായാണെങ്കിലോ പ്രാവർത്തികമാക്കാവുന്നതും എന്നാൽ ആ അവകാശത്തെക്കുറിച്ച് നോട്ടീസ് ഇല്ലാതേയും പ്രതിഫലത്തിനായും കൈമാററം വാങ്ങിയ ആരംക്കെതിരായോ അയാളുടെ കൈയിലുള്ള വസ്തുവിന് എതിരായോ പ്രാവർത്തികമാക്കാവുന്നതല്ലാത്തതും ആകുന്നു.

40 ഭൂമിയുടെ ഉപയോഗത്തിൻമേൽ നിയന്ത്രണം ചുമത്തുന്ന കടപ്പാടിന്റെ ഭാരം, അല്ലെങ്കിൽ ഉടമസ്ഥാവകാശത്തോട് അനുബന്ധിച്ചിട്ടുള്ളതും എന്നാൽ അവകാശബന്ധത്തോളമോ, സ്വകാര്യ അവകാശത്തോളമോ ആകാത്തതുമായ കടപ്പാടിന്റെ ഭാരം.—മൂന്നാമന് തന്റെ സ്വന്തം സ്ഥാവര വസ്തു കൂടുതൽ ഗുണകരമായി അനുഭവിക്കുന്നതിനുവേണ്ടി മററൊരാളുടെ സ്ഥാവര വസ്തുവിലുള്ള ഏതെങ്കിലും അവകാശബന്ധത്തേയോ സൗകര്യാവകാശത്തേയോ ആശ്രയിക്കാത്തതും ഒടുവിൽ പറഞ്ഞ വസ്തു ഒരു പ്രത്യേക രീതിയിൽ അനുഭവിക്കുന്നത് തടസ്സപ്പെടുത്തുന്നതിനുള്ളതുമായ ഒരു അവകാശമുള്ളിടത്തോ, അല്ലെങ്കിൽ

മൂന്നാമന് കാൺട്രാക്ററിൽ നിന്ന് ഉത്ഭവിക്കുന്നതും സ്ഥാവരവസ്തുവിന്റെ ഉടമാവകാശത്തോട് അനുബന്ധിച്ചുള്ളതും, എന്നാൽ അതിലുള്ള ഒരു അവകാശബന്ധത്തോളമോ സൗകര്യാവകാശത്തോളമോ ആകാത്തതുമായ ഒരു കടപ്പാടിന്റെ ഗുണത്തിന് അവകാശപ്പെട്ടിരിക്കുന്നിടത്തോ,

അങ്ങനെയുള്ള അവകാശമോ കടപ്പാടോ അതിനെക്കുറിച്ച് നോട്ടീസോടുകൂടി കൈമാററം വാങ്ങുന്ന ഒരാരംക്കോ അത് ബാധിക്കുന്ന വസ്തു സൗജന്യമായി കൈമാററം വാങ്ങുന്ന ഒരാരംക്കോ എതിരായി പ്രാവർത്തികമാക്കാവുന്നതും, എന്നാൽ പ്രതിഫലത്തിനായും ആ അവകാശത്തേയോ കടപ്പാടിനേയോ കുറിച്ച് നോട്ടീസ് ഇല്ലാതേയും കൈമാററം വാങ്ങുന്ന ഒരാരംക്ക് എതിരായോ അയാളുടെ കൈയിലുള്ള വസ്തുവിന് എതിരായോ പ്രാവർത്തികമാക്കാവുന്നതല്ലാത്തതും ആകുന്നു.

ദൃഷ്ടാന്തം

ക സുൽത്താൻപൂർ ഖ യ്ക്ക് വില്ക്കുവാൻ കാൺട്രാക്ററ് ചെയ്യുന്നു. കാൺട്രാക്ററ് പ്രാബല്യത്തിലിരിക്കുമ്പോരം തന്നെ അയാരം കാൺട്രാക്ററിനെക്കുറിച്ച് നോട്ടീസ് ഉണ്ടായിരുന്ന ഗ യ്ക്ക് സുൽത്താൻപൂർ വില്ക്കുന്നു. ഖ യ്ക്ക്, ക യ്ക്ക് എതിരായിടത്തോളംതന്നെ ഗ യ്ക്ക് എതിരായി കാൺട്രാക്ററ് പ്രാവർത്തികമാക്കാവുന്നതാണ്.

41. കാഴ്ചയിലുള്ള ഉടമസ്ഥൻ ചെയ്യുന്ന കൈമാററം.—സ്ഥാവര വസ്തുവിൽ അവകാശമുള്ള ആളുകളുടെ പ്രകടമോ വ്യംഗ്യമോ ആയ സമ്മതത്തോടെ ഒരാരം അങ്ങനെയുള്ള വസ്തുവിന്റെ കാഴ്ചയിൽ ഉടമസ്ഥനായിരിക്കുകയും അത് പ്രതിഫലത്തിന് കൈമാററം ചെയ്യുകയും ചെയ്യുന്നിടത്ത്, കൈമാററം ചെയ്യുന്ന ആരംക്ക് അതിന് പ്രാധികാരം നല്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ കൈമാററം ശൂന്യമാക്കാവുന്ന ഒന്നാവുന്നതല്ല: എന്നാൽ അതിന് കൈമാററം വാങ്ങുന്ന ആരം കൈമാററം ചെയ്യുന്ന ആരംക്ക് കൈമാററം ചെയ്യാൻ അധികാരം ഉണ്ടായിരുന്നുവെന്ന് തിട്ടപ്പെടുത്താൻ ന്യായമായ ശ്രദ്ധ ചെലുത്തിയശേഷം ഉത്തമ വിശ്വാസപൂർവ്വം പ്രവർത്തിച്ചിരിക്കേണ്ടതാകുന്നു.

42. മുൻ കൈമാററം പിൻവലിക്കാൻ പ്രാധികാരമുളള ആരം ചെയ്യുന്ന കൈമാററം.—ഒരാരം കൈമാററം പിൻവലിക്കാനുളള അധികാരം കൈയിൽവച്ചുകൊണ്ട് ഏതെങ്കിലും സ്ഥാവരവസ്തു കൈമാററം ചെയ്യുകയും, പിന്നീട് കൈമാററം വാങ്ങുന്ന മറെറാരാരംക്ക് പ്രതിഫലത്തിന് വസ്തു കൈമാററം ചെയ്യുകയും ചെയ്യുന്നിടത്ത്, ആ കൈമാററം, അങ്ങനെയുളള കൈമാററം വാങ്ങുന്ന ആരംക്ക് അനുകൂലമായി ആ അധികാരത്തിന്റെ വ്യാപ്തിയോളം (ആ അധികാരം ഉപയോഗിക്കുന്നതിനുളള ഏതെങ്കിലും ഉപാധിക്ക് വിധേയമായി) മുൻ കൈമാററത്തിന്റെ പിൻവലിക്കലായി പ്രവർത്തിക്കുന്നതാണ്.

### ദൃഷ്ടാന്തം

(ക) ഒരു വീട് ഖ യ്ക്ക് വാടകയ്ക്ക് കൊടുക്കുകയും, വിനിർദിഷ്ടനായ ഒരു സർവ്വയറുടെ അഭിപ്രായത്തിൽ അതിന്റെ മൂല്യത്തിന് ഹാനികരമായ വിധത്തിൽ ഖ അതു ഉപയോഗിക്കുകയാണെങ്കിൽ ആ വാടകയേർപ്പാട് പിൻവലിക്കാനുളള അധികാരം കൈയിൽ വയ്ക്കുകയും ചെയ്യുന്നു. പിന്നീട് അങ്ങനെ ഉപയോഗിച്ചിട്ടുണ്ടെന്ന് വിചാരിച്ചുകൊണ്ട് ക വീട് ഘയ്ക്ക് വാടകയ്ക്ക് കൊടുക്കുന്നു. ഇത് വീട് ഖ ഉപയോഗിച്ചത് അതിന്റെമൂല്യത്തിന് ഹാനികരമായിട്ടാണെന്ന് സർവ്വയർ അഭിപ്രായപ്പെടുന്നതിന് വിധേയമായി ഖ യ്ക്കുളള വാടകയേർപ്പാടിന്റെ പിൻവലിക്കലായി പ്രവർത്തിക്കുന്നതാണ്.

43. കൈമാററം ചെയ്യുന്ന വസ്തുവിൽ പിന്നീട് അവകാശം ആർജ്ജിക്കുന്നവനും പ്രാധികാരം നല്കപ്പെട്ടിട്ടില്ലാത്തവനും ആയ ആരം ചെയ്യുന്ന കൈമാററം.—ഒരാരം ഒരു പ്രത്യേക സ്ഥാവരവസ്തു കൈമാററം ചെയ്യാൻ തനിക്ക് പ്രാധികാരം നല്കപ്പെട്ടിട്ടുണ്ടെന്ന് വഞ്ചനാപൂർവ്വകമായോ തെററായോ ധരിപ്പിക്കുകയും അങ്ങനെയുളള വസ്തു പ്രതിഫലത്തിന് കൈമാററം ചെയ്യുന്നതായി ഭാവിക്കുകയും ചെയ്യുന്നിടത്ത്, കൈമാററം ചെയ്യുന്നയാരം കൈമാററ കാൺട്രാക്ററ് നിലവിലുളള കാലത്ത് എപ്പോഴെങ്കിലും ആർജ്ജിക്കുന്ന ഏത് അവകാശത്തിൻമേലും കൈമാററം വാങ്ങുന്ന ആരം ഇച്ഛ പ്രകടിപ്പിക്കുന്നുവെങ്കിൽ അങ്ങനെയുളള കൈമാററം പ്രവർത്തനത്തിൽ വരുന്നതാകുന്നു.

ഈ വകുപ്പിലെ യാതൊന്നും മേല്പറഞ്ഞ ഇച്ഛാപ്രകടനാവകാശം ഉണ്ടെന്നുളളതിനെക്കുറിച്ച് നോട്ടീസ് ഇല്ലാതേയും പ്രതിഫലത്തിനായും ഉത്തമ വിശ്വാസപൂർവ്വം കൈമാററം വാങ്ങുന്ന ആളുകളുടെ അവകാശത്തിന് കോട്ടം തട്ടിക്കുന്നതല്ല.

### ദൃഷ്ടാന്തം

തന്റെ പിതാവായ ഖ യിൽ നിന്ന് വേർപിരിഞ്ഞ ഹിന്ദുവായ ക ഭ മ യ എന്ന് മൂന്ന് നിലങ്ങരം, അവ കൈമാററം ചെയ്യാൻ തനിക്ക് പ്രാധികാരം നല്കപ്പെട്ടിട്ടുണ്ടെന്ന് ധരിപ്പിച്ചുകൊണ്ട് ഘ യ്ക്ക് വില്ക്കുന്നു. ഈ നിലങ്ങളിൽ യ ക യുടേതല്ല. അത് ഭാഗത്തിൽ ഖ തനിക്കായി വച്ചതായിരുന്നു. എന്നാൽ ഖ മരിച്ചപ്പോരം ക യ്ക്ക് അനന്തരാവകാശി എന്ന നിലയിൽ യ കിട്ടുന്നു. വില്പന കാൺട്രാക്ററ് റദ്ദാക്കിയിട്ടില്ലാത്തതിനാൽ ഘ യ്ക്ക് യ തനിക്ക് ഡെലിവർ ചെയ്യാൻ ക യോട് ആവശ്യപ്പെടാവുന്നതാണ്.

44. കൂട്ടുടമസ്ഥൻമാരിൽ ഒരാൾ ചെയ്യുന്ന കൈമാററം—സ്ഥാവര വസ്തുവിന്റെ രണ്ടോ അതിലധികമോ കൂട്ടുടമസ്ഥൻമാരിൽ, ആ വസ്തുവിലുള്ള തന്റെ ഓഹരിയോ അതിലുള്ള ഏതെങ്കിലും അവകാശമോ, കൈമാററം ചെയ്യാൻ നിയമപ്രകാരം ക്ഷമതയുള്ള ഒരാൾ അങ്ങനെ കൈമാററം ചെയ്യുന്നിടത്ത്, കൈമാററംവാങ്ങുന്ന ആൾ അങ്ങനെയുള്ളഓഹരിയോ അവകാശമോ സംബന്ധിച്ച് കൈമാററം ഫലത്തിൽ വരുത്താൻ ആവശ്യമായിടത്തോളവും കൈമാററം ചെയ്യുന്നആൾക്ക് വസ്തുവിലുള്ള കൂട്ടു കൈവശാവകാശവും അല്ലെങ്കിൽ മററ് പൊതുവായോ ഭാഗികമായോ ഉള്ള അനുഭവാവകാശവും, അത് ഭാഗിച്ച് കിട്ടാനുള്ള അവകാശവും ആർജ്ജിക്കുന്നതാകുന്നു. എന്നാൽ അത് അങ്ങനെ കൈമാററം ചെയ്യുന്ന ഓഹരിയേയോ അവകാശത്തേയോ കൈമാററത്തീയതിയ്ക്ക് ബാധിക്കുന്ന ഉപാധികൾക്കും ബാദ്ധ്യതകൾക്കും വിധേയമായിട്ടാകുന്നു.

ഒരു അവിഭക്ത കുടുംബത്തിന്റെ വകയായ ഒരു വാസഗൃഹത്തിന്റെ ഓഹരി കൈമാററം വാങ്ങുന്ന ആൾ, ആ കുടുംബത്തിലെ അംഗമല്ലാതെയിരിക്കുന്നിടത്ത്, ഈ വകുപ്പിലെ യാതൊന്നും ആ ഗൃഹത്തിന്റെ കൂട്ടകൈവശത്തിനോ അല്ലെങ്കിൽ മററു പൊതുവായതോ ഭാഗികമായതോ ആയ അനുഭവത്തിനോ അയാളെ അവകാശപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ല.

45. പ്രതിഫലത്തിനുള്ള കൂട്ടുകൈമാററം·— സ്ഥാവരവസ്തു രണ്ടോ അതിലധികമോ ആളുകൾക്ക് പ്രതിഫലത്തിന് കൈമാററം ചെയ്യുകയും, അങ്ങനെയുള്ള പ്രതിഫലം അവർക്ക് പൊതുവിലുള്ള ഒരു ഫണ്ടിൽ നിന്ന് നല്കുകയും ചെയ്യുന്നിടത്ത്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ ആ ഫണ്ടിൽ അവർക്ക് യഥാക്രമം ഉണ്ടായിരുന്ന അവകാശബന്ധങ്ങൾക്ക് കഴിയുന്നിടത്തോളം തുല്യമായ അവകാശബന്ധങ്ങൾ ആ വസ്തുവിൽഅവർക്ക് യഥാക്രമം അവകാശപ്പെട്ടിരിക്കുന്നതും, അങ്ങനെയുള്ള പ്രതിഫലം യഥാക്രമം അവരുടെ വകയായ, വെവ്വേറെയുള്ള ഫണ്ടുകളിൽ നിന്ന് നല്കിയിട്ടുള്ളിടത്ത്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, പ്രതിഫലത്തിന്റെ, അവർ യഥാക്രമം നല്കിയിട്ടുള്ള ഓഹരികൾക്ക് ആനുപാതികമായ അവകാശബന്ധങ്ങൾ ആ വസ്തുവിൽ യഥാക്രമം അവർക്ക് ഉണ്ടായിരിക്കുന്നതും ആകുന്നു.

ഫണ്ടിൽ യഥാക്രമം അവർക്ക് ഉണ്ടായിരുന്ന അവകാശബന്ധങ്ങളെക്കുറിച്ചോ അല്ലെങ്കിൽ യഥാക്രമം അവർ നല്കിയ ഓഹരികളെക്കുറിച്ചോ തെളിവില്ലാത്തപക്ഷം അങ്ങനെയുള്ള ആളുകൾ ആ വസ്തുവിൽ തുല്യമായ അവകാശബന്ധം ഉള്ളവരാണെന്ന് അനുമാനിക്കപ്പെടേണ്ടതാകുന്നു.

46. ഭിന്നമായ അവകാശബന്ധങ്ങൾഉള്ള ആളുകൾ പ്രതിഫലത്തിന് ചെയ്യുന്ന കൈമാററം.—സ്ഥാവരവസ്തു അതിൽ ഭിന്നമായ അവകാശബന്ധങ്ങൾ ഉള്ള ആളുകൾ പ്രതിഫലത്തിന് കൈമാററം ചെയ്യുന്നിടത്ത്, കൈമാററം ചെയ്യുന്നവർക്ക്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, പ്രതിഫലത്തിൽ വസ്തുവിൽ അവർക്കുള്ള അവകാശബന്ധങ്ങൾ തുല്യമായ മൂല്യമുള്ളതായിരിക്കുന്നിടത്ത്, തുല്യമായും, തുല്യമല്ലാത്തമൂല്യമുള്ളതായിരിക്കുന്നിടത്ത് യഥാക്രമം അവർക്കുള്ള അവകാശബന്ധങ്ങളുടെ മൂല്യത്തിന ആനുപാതികമായും ഓഹരി കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക). സുൽത്താംപൂർ മൗസയുടെ പകുതി ഭാഗത്തിന്റെ ഉടമസ്ഥനായ ക യും നാലിലൊന്നുവീതം ഭാഗത്തിന്റെ ഉടമസ്ഥനായ ഖ യും ഗ യും കൂടി ആ മൗസയുടെ എട്ടിലൊന്നു ഓഹരി ലാൽപുരമൗസയുടെ നാലിലൊന്നു ഓഹരി

യുമായി വിനിമയം ചെയ്യുന്നു. വിപരീതമായ കരാർ ഇല്ലാത്തതിനാൽ ലാൽപുര മൗസയുടെ എട്ടിലൊന്നു ക യ്ക്കും, പതിനാറിൽ ഒന്നു വീതം ഖ യ്ക്കും, ഗ യ്ക്കും അവകാശപ്പെട്ടതാണ്.

(ഖ) ആ ത മൗസയിൽ ആജീവനാവകാശമുള്ള ക യും പ്രതിവർത്തനാവകാശമുള്ള ഖ യും, ഗ യും, ആ മൗസ 1,000 രൂപക്കുവില്ക്കുന്നു. കയുടെ ആജീവനാവകാശത്തിൽ 600 രൂപയും പ്രതിവർത്തനാവകാശത്തിന് 400 രൂപയും വിലയുള്ളതായി തിട്ടപ്പെടുത്തുന്നു. ക്രയസംഖ്യയിൽ നിന്ന് 600 രൂപ കിട്ടാൻ ക യ്ക്കും 400 രൂപ കിട്ടാൻ ഖ യ്ക്കും ഗ യ്ക്കും അവകാശമുണ്ട്.

47. കൂട്ടുടമസ്ഥൻമാർ പൊതുവസ്തുവിലുള്ള ഓഹരി കൈമാററം ചെയ്യുന്നത്.—സ്ഥാവരവസ്തുവിൻെറ പല കൂട്ടുടമസ്ഥൻമാർ അതിൽ ഒരു ഓഹരി, കൈമാററം ചെയ്യുന്നവരുടെ ഏതെങ്കിലും പ്രത്യേക ഓഹരിയെയോ ഓഹരികളെയോ സംബന്ധിച്ച് കൈമാററം ഫലത്തിൽ വരേണ്ടതാണെന്ന് വിനിർദ്ദേശിക്കാതെ കൈമാററം ചെയ്യുന്നിടത്ത്, കൈമാററം അങ്ങനെയുള്ള ഓഹരികളെ സംബന്ധിച്ച് ഓഹരികൾതുല്യമായിരിക്കുന്നിടത്ത്, തുല്യമായും തുല്യമല്ലാതിരിക്കുന്നിടത്ത് അങ്ങനെയുള്ള ഓഹരികൾക്ക് ആനുപാതികമായും, ഫലത്തിൽ വരുന്നതാകുന്നു.

### ദൃഷ്ടാന്തം

സുൽത്താംപൂർ മൗസയിലെ ഒരു എട്ടണ ഓഹരിയുടെ ഉടമസ്ഥനായ ക യും നാലണ ഓഹരികളുടെ ഉടമസ്ഥരായ ഖ കയും ഗ യും, തങ്ങളുടെ പല ഓഹരികളിൽ ഏതിൽനിന്നാണ് കൈമാററം ചെയ്യുന്നതെന്ന് വിനിർദ്ദിഷ്ടമാക്കാതെ മൗസയിലെ ഒരു രണ്ടണ ഓഹരി ഘ യ്ക്ക് കൈമാററം ചെയ്യുന്നു. ആ കൈമാററം ഫലത്തിൽ വരുത്തുന്നതിന് ക യുടെ ഓഹരിയിൽ നിന്ന് ഒരണ ഓഹരിയും ഖ യുടേയും ഗ യുടേയും ഓഹരികളിൽ നിന്ന് അരയണ ഓഹരി വീതവും എടുക്കുന്നതാണ്.

48. കൈമാററം സൃഷ്ടിക്കുന്ന അവകാശങ്ങളുടെ മുൻഗണന.—ഒരേ സ്ഥാവരവസ്തുവിലോ വസ്തുവിൻമേലോ ഒരാൾ വ്യത്യസ്ത സമയങ്ങളിലായി കൈമാററംവഴി അവകാശങ്ങൾ സൃഷ്ടിക്കുന്നതായി കരുതപ്പെടുകയും, അങ്ങനെയുള്ള അവകാശങ്ങൾ എല്ലാം ഒരുമിച്ചു നിലകൊള്ളുന്നതിനോ, അവ എല്ലാം പൂർണ്ണമായ വ്യാപ്തിയോളം പ്രയോഗിക്കപ്പെടുന്നതിനോ, കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്, പിന്നീട് സൃഷ്ടിച്ചിട്ടുള്ള ഓരോ അവകാശവും, മുമ്പ് കൈമാററം വാങ്ങുന്ന ആളെ ബന്ധിക്കുന്ന പ്രത്യേകമായ കാൺട്രാക്ററിൻെറയോ സംവരണത്തിൻെറയോ അഭാവത്തിൽ മുമ്പേ സൃഷ്ടിക്കപ്പെട്ട അവകാശങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.

49. കൈമാററം വാങ്ങുന്ന ആൾക്ക് പാളിസിയുടെ കീഴിലുള്ള അവകാശം.—സ്ഥാവരവസ്തു പ്രതിഫലത്തിന് കൈമാററം ചെയ്തിരിക്കുകയും, അങ്ങനെയുള്ള വസ്തുവോ അതിലെ ഏതെങ്കിലും ഭാഗമോ കൈമാററത്തീയതിക്ക് തീപിടിത്തംവഴിയുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ ഇൻഷുർ ചെയ്തിരിക്കുകയും ചെയ്യുന്നിടത്ത്; അങ്ങനെയുള്ള നഷ്ടമോ നാശനഷ്ടമോ ഉണ്ടാകുന്നതായാൽ, വിപരീതമായ കാൺട്രാക്ററിൻെറ അഭാവത്തിൽ, കൈമാററം ചെയ്യുന്ന ആൾക്ക് പാളിസിക്ക് കീഴിൽ യഥാർത്ഥത്തിൽ കിട്ടുന്ന പണമോ അല്ലെങ്കിൽ അതിൽനിന്ന് വസ്തു പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യമായിടത്തോളമോ ഉപയോഗിക്കപ്പെടുന്നതിന് കൈമാററം വാങ്ങുന്ന ആൾക്ക് ആവശ്യപ്പെടാവുന്നതാണ്.

50. ന്യൂനതയുള്ള ഉടമാവകാശത്തോടുകൂടിയ ധാരകന് ഉത്തമവിശ്വാസ പൂർവ്വം നല്കുന്ന പാട്ടം (വാടക).—ആരുടെ കീഴിലാണോ താൻ ഉത്തമ വിശ്വാസപൂർവ്വം ഏതെങ്കിലും സ്ഥാവരവസ്തു ധാരണം ചെയ്യുന്നത്, ആ ആൾക്ക് അങ്ങനെയുള്ള വസ്തുവിന്റെ, താൻ ഉത്തമവിശ്വാസപൂർവ്വം കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ ചെയ്യുന്ന ഏതെങ്കിലും പാട്ടത്തിനോ വാടകക്കോ ആദായത്തിനോ യാതൊരാളേയും, അങ്ങനെ കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ ചെയ്തത് ആർക്കാണോ, അയാൾക്ക് അങ്ങനെയുള്ള പാട്ടമോ (വാടകയോ) ആദായമോ വാങ്ങുവാൻ അവകാശം ഉണ്ടായിരുന്നില്ലെന്ന് പിന്നീട് കാണപ്പെട്ടിരുന്നാൽ തന്നെയും, ഉത്തരവാദപ്പെടുത്താവുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

ക 50 രൂപ പാട്ടമായി ഖ ക്കു ഒരു നിലം പാട്ടത്തിന് കൊടുക്കുകയും, പിന്നീട് ആ നിലം ഗ ക്കു കൈമാററം ചെയ്യുകയും ചെയ്യുന്നു. ആ കൈമാററത്തെപ്പററി യാതൊരു നോട്ടീസുമില്ലാതെ ഖ ഉത്തമവിശ്വാസപൂർവ്വം ക ക്ക് പാട്ടം കൊടുക്കുന്നു. അങ്ങനെ നല്കിയ പാട്ടത്തിന് ഖ യെ ഉത്തരവാദപ്പെടുത്താവുന്നതല്ല.

51. ന്യൂനതയോടുകൂടിയ ഉടമാവകാശങ്ങൾക്ക് കീഴിലുള്ള ധാരകൻമാർ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന ദേഹണ്ഡങ്ങൾ.—സ്ഥാവരവസ്തുകൈമാററം വാങ്ങുന്നആൾ, അത് തനിക്ക് പരിപൂർണ്ണമായി അവകാശപ്പെട്ടതാണെന്ന് ഉത്തമവിശ്വാസപൂർവ്വം വിശ്വസിച്ചുകൊണ്ട് അതിൽ ഏതെങ്കിലും ദേഹണ്ഡം ഉണ്ടാക്കുകയും പിന്നീട് അതിലും മെച്ചമായ അവകാശമുള്ള ഏതെങ്കിലും ആൾ, അയാളെ അതിൽ നിന്ന് ഒഴിപ്പിക്കുകയും ചെയ്യുമ്പോൾ കൈമാററം വാങ്ങുന്ന ആൾക്ക് ഒഴിപ്പിക്കുന്ന ആളോട് ഒന്നുകിൽ ദേഹണ്ഡവില കണക്കാക്കിതരികയോ അതിന് തനിക്ക് ഈട് നല്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ദേഹണ്ഡത്തിന്റെ വില ഗണിക്കാതെയുള്ള അപ്പോഴത്തെ കമ്പോളവിലക്ക് വസ്തുവിൽ ഒഴിപ്പിക്കുന്ന ആൾക്കുള്ള അവകാശം തനിക്ക് വില്ക്കുകയോ ചെയ്യുന്നതിന് ആവശ്യപ്പെടാൻ അവകാശം ഉണ്ട്.

അങ്ങനെയുള്ള ദേഹണ്ഡം സംബന്ധിച്ച് കൊടുക്കുകയോ ഈട് നല്കുകയോ ചെയ്യേണ്ട തുക ഒഴിപ്പിക്കുന്ന സമയത്തുള്ള ദേഹണ്ഡത്തിന്റെ വില കണക്കാക്കിയതായിരിക്കുന്നതാണ്.

മേല്പറഞ്ഞ പരിതഃസ്ഥിതികളിൽ കൈമാററം വാങ്ങുന്നആൾ വസ്തുവിൽ വിളകൾ നടുകയോ വിതക്കുകയോ ചെയ്തിരിക്കുകയും അയാളെ അതിൽ നിന്ന്ഒഴിപ്പിക്കുമ്പോൾഅവവളർച്ചയിലിരിക്കുകയും ചെയ്യുമ്പോൾ, അയാൾക്ക് അങ്ങനെയുള്ള വിളകൾക്കും അവ ശേഖരിക്കുകയും കൊണ്ടുപോകുകയും ചെയ്യുന്നതിന് അകത്തേക്കും പുറത്തേക്കുമുള്ള സ്വതന്ത്രമായ സഞ്ചാരത്തിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

52. വസ്തു, അതു സംബന്ധിച്ച് വ്യവഹാരം നിലവിലുള്ളപ്പോൾ കൈമാററം ചെയ്യുന്നത്.—ജമ്മു-കാശ്മീർ സ്റേററ് ഒഴിച്ചുള്ള ഇൻഡ്യയുടെ അതിർത്തിക്കകത്ത് പ്രാധികാരം ഉള്ളതോ, അങ്ങനെയുള്ള അതിർത്തിക്ക് വെളിയിൽ കേന്ദ്രഗവൺമെൻറ് സ്ഥാപിച്ചിട്ടുള്ളതോ, ആയ ഏതെങ്കിലും കോടതിയിൽ കപടസന്ധിയാൽ ഉണ്ടായതല്ലാത്തതും സ്ഥാവരവസ്തുവിലുള്ള ഏതെങ്കിലും അവകാശം നേരിട്ടുംവിനിർദ്ദിഷ്ടമായും പ്രശ്നമായിരിക്കുന്നതുമായ ഏതെങ്കിലും വ്യവഹാരമോ നടപടിയോ നിലവിലിരിക്കുന്ന കാലത്ത് അതിലെ

ഏതെങ്കിലും കക്ഷിക്ക് അതിൽ ഉണ്ടാകുന്ന ഏതെങ്കിലും വിധിക്കോ ഉത്തരവിനോ കീഴിൽ അതിലെ മററേതെങ്കിലും കക്ഷിക്കുള്ള അവകാശങ്ങളെ ബാധിക്കത്തക്കവിധത്തിൽ കോടതിയുടെ പ്രാധികാരത്തിൻകീഴിലും കോടതി ചുമത്തുന്ന നിബന്ധനകളിൻമേലും അല്ലാതെ ആ വസ്തു കൈമാററം ചെയ്യുകയോ മററ് വിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഒരു വ്യവഹാരമോ നടപടിയോ നിലവിലുള്ള കാലം, തക്ക അധികാരിതയുള്ള ഒരു കോടതിയിൽ അന്യായം ബോധിപ്പിക്കുകയോ നടപടി ആരംഭിക്കുകയോ ചെയ്യുന്ന തീയതി മുതൽ ആരംഭിക്കുന്നതായും, ഒരു അവസാനവിധിയാലോ ഉത്തരവിനാലോ വ്യവഹാരമോ നടപടിയോ തീർപ്പാക്കപ്പെടുകയും അങ്ങനെയുള്ള വിധികാര്യമോ ഉത്തരവുകാര്യമോ മുഴുവനും തീർന്നുകിട്ടുകയോ അതിന്റെ ബാദ്ധ്യത മുഴുവനും തീർന്നുകിട്ടുകയോ അല്ലെങ്കിൽ അങ്ങനെ തീർന്നുകിട്ടുവാൻ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം, അതിന്റെ വിധി നടത്തിപ്പിന് നിർണ്ണയിച്ചിട്ടുള്ള കാലഹരണ കാലാവധി അവസാനിച്ച കാരണത്താൽ കഴിയാതാവുകയോ ചെയ്യുകയും ചെയ്യുന്നതുവരെ തുടരുന്നതായും കരുതപ്പെടുന്നതാകുന്നു.

53. വഞ്ചനാപൂർവ്വമായ കൈമാററം.—(1) കൈമാററം ചെയ്യുന്ന ആളുടെ ഉത്തമർണ്ണൻമാരെ തോല്പിക്കുകയോ താമസപ്പെടുത്തുകയോ ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ചെയ്തിട്ടുള്ള സ്ഥാവരവസ്തുവിന്റെ ഏതൊരു കൈമാററവും, അങ്ങനെ തോല്പിക്കുകയോ താമസപ്പെടുത്തുകയോ ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തമർണ്ണനു ഐച്ഛികമായി ശൂന്യമാക്കാവുന്നതായിരിക്കുന്നതാണ്.

ഈ ഉപവകുപ്പിലെ യാതൊന്നും ഉത്തമവിശ്വാസപൂർവ്വവും പ്രതിഫലത്തിനുംആയി കൈമാററം വാങ്ങുന്ന ആളുടെ അവകാശങ്ങൾക്ക് കോട്ടം തട്ടിക്കുന്നതല്ല.

ഈ ഉപവകുപ്പിലെ യാതൊന്നും നിർദ്ധനത്വം സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തെ ബാധിക്കുന്നതല്ല.

ഒരു ഉത്തമർണ്ണൻ (ആ പദത്തിൽ ഒരു വിധിയുടമ, അയാൾ തന്റെ വിധി നടത്തലിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, ഉൾപ്പെടുന്നു) ഒരു കൈമാററം, അത്, കൈമാററം ചെയ്യുന്ന ആളുടെ ഉത്തമർണ്ണൻമാരെതോല്പിക്കുകയോ താമസപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്ന കാരണത്തിൻമേൽ ശൂന്യമാക്കുന്നതിനു ബോധിപ്പിക്കുന്ന വ്യവഹാരം, എല്ലാ ഉത്തമർണ്ണൻമാർക്കും വേണ്ടിയോ എല്ലാ ഉത്തമർണ്ണൻമാരുടേയും ഗുണത്തിനു വേണ്ടിയോ ബോധിപ്പിക്കേണ്ടതാകുന്നു.

(2) പിന്നീട് കൈമാററം വാങ്ങുന്ന ആളെ വഞ്ചിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി പ്രതിഫലംകൂടാതെ ചെയ്യുന്ന സ്ഥാവരവസ്തുവിന്റെ ഏതൊരു കൈമാററവും, അങ്ങനെയുള്ള കൈമാററം വാങ്ങുന്ന ആൾക്ക് ഐച്ഛികമായി ശൂന്യമാക്കാവുന്നതായിരിക്കുന്നതാണ്.

ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, പ്രതിഫലം കൂടാതെ ചെയ്തിട്ടുള്ള യാതൊരു കൈമാററവും, പിന്നീട് പ്രതിഫലത്തിനുള്ള ഒരു കൈമാററം ചെയ്തിട്ടുണ്ടെന്ന കാരണത്താൽ മാത്രം വഞ്ചിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ചെയ്തതാണെന്ന് കരുതപ്പെടുന്നതല്ല.

53ക. ഭാഗികമായ നിർവ്വഹണം.—ഏതെങ്കിലും ആരം, അയാളോ അയാൾക്കുവേണ്ടിയോ ഒപ്പിട്ടതും ഏതിൽനിന്നാണോ കൈമാററം രൂപംകൊള്ളുന്നതിന് ആവശ്യമായ നിബന്ധനകൾ ന്യായമായ സുനിശ്ചിതത്വത്തോടെ തിട്ടപ്പെടുത്താൻ കഴിയുന്നത്, അങ്ങനെയുള്ളതുമായ ലിഖിതംവഴി ഏതെങ്കിലും സ്ഥാവരവസ്തു പ്രതിഫലത്തിന് കൈമാററം ചെയ്യാൻ കാൺട്രാക്ററ് ചെയ്യുകയും,

കൈമാററം വാങ്ങുന്ന ആരം, കാൺട്രാക്ററിൻെറ ഭാഗികമായ നിർവ്വഹണമായി വസ്തുവോ അതിൻെറ ഏതെങ്കിലും ഭാഗമോ കൈവശം എടുക്കുകയോ, അല്ലെങ്കിൽ കൈമാററംവാങ്ങുന്ന ആരം, കൈവശം വച്ചുകൊണ്ടിരിക്കെ കാൺട്രാക്ററിൻെറ ഭാഗികമായ നിർവ്വഹണമായി കൈവശം തുടരുകയോ ചെയ്യുകയും കാൺട്രാക്ററ് പുരോഗമിപ്പിക്കുന്നതിന് വല്ല കൃത്യവും ചെയ്യുകയും,

കൈമാററം വാങ്ങുന്ന ആരം കാൺട്രാക്ററിൽ തൻെറ ഭാഗം നിർവ്വഹിക്കുകയോ നിർവ്വഹിക്കാൻ ഒരുക്കമുള്ളവനായിരിക്കുകയോ ചെയ്യുകയും,

ചെയ്യുമ്പോൾ, കാൺട്രാക്ററ് രജിസ്ററർ ചെയ്യേണ്ടതാണെങ്കിലും, രജിസ്ററർചെയ്തിട്ടില്ലെന്നിരിക്കിലും, അല്ലെങ്കിൽ കൈമാററത്തിന് പ്രമാണം ഉള്ളിടത്ത്, കൈമാററം തൽസമയം പ്രാബല്യത്തിൽ ഉള്ള നിയമം നിർണ്ണയിച്ചിട്ടുള്ള രീതിയിൽ പൂർത്തിയാക്കിയിട്ടില്ലെന്നിരിക്കിലും കൈമാററം ചെയ്യുന്ന ആളോ, അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളോ, കൈവശം വാങ്ങുന്ന ആരം എടുക്കുകയോ കൈവശത്തിൽ തുടരുകയോ ചെയ്തിട്ടുള്ള വസ്തുവിനെ സംബന്ധിച്ച കാൺട്രാക്ററിൻെറ നിബന്ധനകളാൽ പ്രകടമായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവകാശമല്ലാത്ത ഏതെങ്കിലും അവകാശം, കൈമാററം വാങ്ങുന്ന ആരംക്കും അയാളുടെ കീഴിൽ അവകാശപ്പെടുന്ന ആളുകരംക്കും എതിരായി പ്രാവർത്തികമാക്കുന്നതിൽനിന്ന് തടയപ്പെട്ടിരിക്കുന്നു:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും കാൺട്രാക്ററിനേയോ അതിൻെറ ഒരു ഭാഗികനിർവ്വഹണത്തേയോ കുറിച്ച് നോട്ടീസില്ലാതെ പ്രതിഫലത്തിന് കൈമാററം വാങ്ങുന്ന ആളുടെ അവകാശങ്ങളെ ബാധിക്കുന്നതല്ല.

## അദ്ധ്യായം III

## സ്ഥാവരവസ്തുവിൻെറ വില്പനകളെക്കുറിച്ച്

54. "വില്പന"–നിർവ്വചനം.—"വില്പന" നല്കിയതോ വാഗ്ദാനം ചെയ്തതോ അല്ലെങ്കിൽ ഭാഗികമായി നല്കുകയും ഭാഗികമായി വാഗ്ദാനം ചെയ്യുകയും ചെയ്തതോ ആയ വിലയ്ക്ക് വിനിമയമായുള്ള ഉടമസ്ഥതയുടെ കൈമാററം ആകുന്നു.

വില്പന എങ്ങനെ വേണം എന്ന്.—അങ്ങനെയുള്ള കൈമാററം, നൂറു രൂപയും അതിൽ അധികവും മൂല്യമുള്ള മൂർത്തമായ സ്ഥാവരവസ്തുവിൻെറ സംഗതിയിലോ, അല്ലെങ്കിൽ ഒരു പ്രതിവർത്തനാവകാശത്തിൻെറയോ മററു അമൂർത്ത സാധനത്തിൻേറയോ സംഗതിയിലോ, രജിസ്ററർ ചെയ്ത ഒരു പ്രമാണംവഴി മാത്രമേ, ചെയ്യാൻ പാടുള്ളൂ.

* നൂറു രൂപയിൽ കുറഞ്ഞ മൂല്യമുള്ള മൂർത്തമായ സ്ഥാവരവസ്തുവിന്റെ സംഗതിയിൽ, അങ്ങനെയുള്ളകൈമാററം രജിസ്ററർ ചെയ്ത പ്രമാണംവഴിയോ വസ്തുവിന്റെ ഡെലിവറി വഴിയോ ചെയ്യാവുന്നതാണ്.

മൂർത്തമായ സ്ഥാവരവസ്തുവിന്റെ ഡെലിവറി, വില്ക്കുന്നയാശം വാങ്ങുന്നയാശക്കോ അയാശം നിർദ്ദേശിക്കുന്ന ആശക്കോ വസ്തു കൈവശം കൊടുക്കുമ്പോശം സംഭവിക്കുന്നു.

വില്പനയ്ക്കുള്ളകാൺട്രാക്ററ്.—സ്ഥാവര വസ്തുവിന്റെ വില്പനക്കുള്ള കാൺട്രാക്ററ്, അങ്ങനെയുള്ള വസ്തുവിന്റെ വില്പന കക്ഷികശം തമ്മിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകശം അനുസരിച്ച് സംഭവിക്കുമെന്നുള്ള കൺട്രാക്ററ് ആകുന്നു.

അത്, അങ്ങനെയുള്ള വസ്തുവിൽ ഏതെങ്കിലും അവകാശമോ അതിൻമേൽ ഏതെങ്കിലും ചാർജ്ജോ സ്വയം സൃഷ്ടിക്കുന്നില്ല.

55. വാങ്ങുന്ന ആളുടേയും വില്ക്കുന്ന ആളുടേയും അവകാശങ്ങളും ബാദ്ധ്യതകളും—വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, യഥാക്രമം സ്ഥാവരവസ്തു വാങ്ങുന്ന ആളും വില്ക്കുന്ന ആളും തൊട്ടു താഴെ വരുന്ന ചട്ടങ്ങളിൽ പറഞ്ഞതോ അവയിൽ വിററ വസ്തുവിന് ബാധകമായതോ ആയ ബാദ്ധ്യതകശക്ക് വിധേയരായിരിക്കുന്നതും, അവർക്ക് അങ്ങനെ പറഞ്ഞതോ ബാധകമായതോ ആയ അവകാശങ്ങശം ഉണ്ടായിരിക്കുന്നതും ആകുന്നു;—

(1) വില്ക്കുന്ന ആശം—

(ക) വസ്തുവിലോ അതിൽ വില്ക്കുന്ന ആശക്കുള്ള ഉടമാവകാശത്തിലോ ഉള്ളതും വില്ക്കുന്ന ആളുടെ അറിവിൽപെടുന്നതും വാങ്ങുന്ന ആളുടെ അറിവിൽപെടാത്തതും വാങ്ങുന്ന ആശക്ക് സാധാരണമായ ശ്രദ്ധ കൊണ്ട് കണ്ടുപിടിക്കാൻ കഴിയാത്തതും ആയ ഏതെങ്കിലും സാരമായ ന്യൂനത, വാങ്ങുന്ന ആശക്ക് വെളിപ്പെടുത്തി കൊടുക്കുന്നതിനും ;

(ഖ) വസ്തു സംബന്ധിച്ച തന്റെ കൈവശത്തിലോ അധീനത്തിലോ ഉള്ള എല്ലാ അവകാശരേഖകളും വാങ്ങുന്നആശക്കും, അയാളുടെ അഭ്യർത്ഥനയിൻമേൽ പരിശോധനയ്ക്കുവേണ്ടി ഹാജരാക്കി കൊടുക്കുന്നതിനും ;

(ഗ) വസ്തുവിനേയോ അതിനുള്ള ഉടമാവകാശത്തേയോ സംബന്ധിച്ച് തന്നോട് വാങ്ങുന്ന ആശം ചോദിക്കുന്ന പ്രസക്തമായ എല്ലാ ചോദ്യങ്ങശക്കും അയാശക്കുള്ള വിവരത്തിന്റെ പരമാവധിക്കൊത്തവണ്ണം ഉത്തരം പറയുന്നതിനും;

(ഘ) വസ്തുവിന്റെ ശരിയായ കൈമാററപ്രമാണം, വാങ്ങുന്ന ആശം, അത് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിനായി ശരിയായ സമയത്തും സ്ഥലത്തും വച്ച് തനിക്ക് ടെൻഡർ ചെയ്യുമ്പോശം, വില സംബന്ധിച്ച് കൊടുക്കാനുള്ള തുക കൊടുക്കുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതിൻമേൽ ഒപ്പിട്ട് പൂർത്തീകരിക്കുന്നതിനും ;

ങ) വില്പനക്കാൺട്രാക്ററിന്റെ തീയതിക്കും വസ്തുവിന്റെ ഡെലിവറിക്കും ഇടയിൽ വസ്തുവും തന്റെ കൈവശത്തിലുള്ള അത് സംബന്ധിച്ച എല്ലാ അവകാശരേഖകളും സാധാരണ വിവേകമുള്ള ഒരു ഉടമസ്ഥൻ സൂക്ഷിക്കുന്നിടത്തോളം സൂക്ഷിക്കുന്നതിനും ;

(ച) വാങ്ങുന്ന ആശക്കോ, അയാശം നിർദ്ദേശിക്കുന്ന ആശക്കോ, വസ്തു കൈവശം കൊടുക്കൽ ആവശ്യപ്പെടുന്നതായാൽ, അതിന്റെ സ്വഭാവം അനുവദിക്കുന്നവിധം കൈവശം കൊടുക്കുന്നതിനും ;

(ഛ) വില്പനത്തീയതിവരെ വസ്തു സംബന്ധിച്ച് കൊടുക്കാനുള്ളതായിത്തീർന്നിട്ടുള്ള എല്ലാ പബ്ലിക്ക് ചാർജ്ജുകളും പാട്ടവും (വാടകയും) അങ്ങനെയുള്ള വസ്തുവിൻമേൽ ഉള്ള എല്ലാ കുടിക്കടങ്ങളും അങ്ങനെയുള്ള തീയതിക്ക് കൊടുക്കാനുള്ള പലിശയും കൊടുക്കുന്നതിനും, കുടിക്കടങ്ങൾക്ക് വിധേയമായി വസ്തുവില്ക്കുന്നിടത്തൊഴികെ വസ്തുവിൻമേൽ അപ്പോൾ നിലവിലുള്ള എല്ലാ കുടിക്കടങ്ങളുടേയും ബാദ്ധ്യത തീർക്കുന്നതിനും, ബാദ്ധ്യസ്ഥനാകുന്നു.

(2) താൻ, വാങ്ങുന്ന ആൾക്ക് കൈമാററം ചെയ്യുന്നതായി ഭാവിക്കുന്ന അവകാശം നിലവിൽ ഉണ്ടെന്നും, അത് കൈമാററം ചെയ്യാൻ തനിക്ക് അധികാരമുണ്ടെന്നും വില്ക്കുന്ന ആൾ വാങ്ങുന്ന ആളുമായി കാൺട്രാക്ററു ചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു :

എന്നാൽ ഒരാൾ വില്പന വിശ്വാസാധിഷ്ഠിത സ്വഭാവത്തിൽ ചെയ്തിട്ടുള്ളിടത്ത്, വില്ക്കുന്ന ആൾ വസ്തു കുടിക്കടത്തിൽപ്പെടുത്തുന്നതോ അല്ലെങ്കിൽ അത് കൈമാററംചെയ്യുന്നതിൽ നിന്നു തന്നെ തടസ്സപ്പെടുത്തുന്നതോ ആയ യാതൊരു കൃത്യവും ചെയ്തിട്ടില്ലെന്നും വാങ്ങുന്ന ആളുമായി കാൺട്രാക്ററ് ചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു.

ഈ ചട്ടത്തിൽ പറഞ്ഞ കാൺട്രാക്ററിന്റെ ഗുണം കൈമാററം വാങ്ങുന്ന ആളുടെ അവകാശത്തോടും, ആ നിലയിൽ അനുബന്ധപ്പെട്ടിരിക്കുന്നതും അതോടൊപ്പം പോകുന്നതും. അത് ആ അവകാശം മുഴുവനുമായോ ഭാഗികമായോ ആരിലാണോ അതത് സമയം നിക്ഷിപ്തമായിരിക്കുന്നത്, അങ്ങനെയുള്ള ഏതൊരാൾക്കും പ്രാവർത്തികമാക്കാവുന്നതും ആണ്.

(3) മുഴുവൻ ക്രയസംഖ്യയും വില്ക്കുന്ന ആൾക്ക് കൊടുത്തിട്ടുള്ളിടത്ത് വില്ക്കുന്ന ആൾ വസ്തുസംബന്ധിച്ച് തന്റെ കൈവശത്തിലും അധീനതയിലും ഉള്ള എല്ലാ അവകാശരേഖകളും വാങ്ങുന്ന ആൾക്ക് ഡെലിവർ ചെയ്യുന്നതിനുകൂടി ബാദ്ധ്യസ്ഥനാകുന്നു:

എന്നാൽ, (ക) വില്ക്കുന്ന ആൾ അങ്ങനെയുള്ള രേഖകളിൽ ഉൾക്കൊള്ളുന്ന വസ്തുവിന്റെ ഏതെങ്കിലും ഭാഗം വച്ചു പോരുന്നിടത്ത്, അയാൾക്ക് ആ രേഖകൾ മുഴുവനും വച്ചുപോരാൻ അവകാശം ഉണ്ടായിരിക്കുന്നതും, (ഖ) അങ്ങനെയുള്ള വസ്തു, മുഴുവനും വ്യത്യസ്തരായ വാങ്ങുന്നവർക്ക് വിററിട്ടുള്ളിടത്ത് ഏററവും കൂടിയ വിലയ്ക്കുള്ള ഭാഗം വാങ്ങുന്ന ആൾക്ക് അങ്ങനെയുള്ള രേഖകൾക്ക് അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു. എന്നാൽ (ക) സംഗതിയിൽ വില്ക്കുന്ന ആളും (ഖ) സംഗതിയിൽ ഏററവും കൂടുതൽ വിലയ്ക്കുള്ള ഭാഗം വാങ്ങുന്ന ആളും, അതത് സംഗതിപോലെ, വാങ്ങുന്ന ആളുടേയോ, അല്ലെങ്കിൽ മററ് വാങ്ങുന്നവരിൽ ഏതെങ്കിലും ആളുടേയോ ന്യായമായ ഏതൊരു അഭ്യർത്ഥനയിൻമേലും അഭ്യർത്ഥിക്കുന്ന ആളുകളുടെ ചെലവിൻമേലും മേല്പറഞ്ഞ രേഖകൾ ഹാജരാക്കുവാനും അയാൾ ആവശ്യപ്പെടുന്ന തരത്തിലുള്ള അവയുടെ ശരി പകർപ്പുകളോ അവയിൽ നിന്നുള്ള എക്സ്ട്രാററുകളോ നല്കാനും ബാദ്ധ്യസ്ഥനായിരിക്കുന്നതും ; അതിനിടയ്ക്ക്, അതതുസംഗതിപോലെ, വില്ക്കുന്നആളോ ഏററവും കൂടുതൽ വിലയ്ക്കുള്ളഭാഗം വാങ്ങുന്ന ആളോ, മേല്പറഞ്ഞ രേഖകൾ, സുരക്ഷിതമായും റദ്ദാക്കപ്പെടാതെയും വിരൂപമാക്കപ്പെടാതെയും സൂക്ഷിക്കുന്നതിൽ നിന്ന് തീപിടിത്തത്താലോ മററ് ഒഴിച്ചുകൂടാൻ വയ്യാത്ത യാദൃച്ഛിക സംഭവത്താലോ തടയപ്പെടാത്തപക്ഷം അപ്രകാരം സൂക്ഷിക്കേണ്ടതും ആകുന്നു.

(4) വില്ക്കുന്ന ആരംക്ക്—

(ക) വസ്തുവിന്റെ ഉടമസ്ഥത, വാങ്ങുന്ന ആളിലേക്ക് സംക്രമിക്കുന്നതുവരെ അതിന്റെ പാട്ടത്തിനും (വാടകയ്ക്കും) ലാഭത്തിനും,

(ഖ) ക്രയസംഖ്യ മുഴുവനും കൊടുക്കുന്നതിനുമുമ്പ് വസ്തുവിന്റെ ഉടമസ്ഥത വാങ്ങുന്ന ആളിലേക്ക് സംക്രമിച്ചിട്ടുള്ളിടത്ത്, ക്രയസംഖ്യയുടെ തുകയ്ക്കും, അല്ലെങ്കിൽ കൊടുക്കാതെ ശേഷിക്കുന്ന അതിന്റെ ഏതെങ്കിലും ഭാഗത്തിനും അങ്ങനെയുള്ള തുകയിൻമേലോ ഭാഗത്തിൻമേലോ കൈവശം ഡെലിവർ ചെയ്ത തീയതി മുതല്ക്കുള്ള പലിശയ്ക്കും വാങ്ങുന്ന ആളുടേയോ, പ്രതിഫലം കൂടാതെ കൈമാററം വാങ്ങുന്ന ഏതെങ്കിലും ആളുടേയോ അല്ലെങ്കിൽ പണം കൊടുക്കാത്തതിനെപ്പററി നോട്ടീസ് ഉള്ള ഏതെങ്കിലും കൈമാററം വാങ്ങുന്ന ആളുടേയോ കൈയിലുള്ള വസ്തുവിൻമേൽ ചാർജിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(5) വാങ്ങുന്ന ആരം താഴെപറയുംപ്രകാരം ബദ്ധ്യസ്ഥനാകുന്നു—

(ക) വസ്തുവിൽ വില്ക്കുന്ന ആരംക്കുള്ളഅവകാശത്തിന്റെ സ്വഭാവത്തേയോ വ്യാപ്തിയേയോ സംബന്ധിച്ച് വാങ്ങുന്നയാളുടെ അറിവിൽപ്പെടുകയും, എന്നാൽ വില്ക്കുന്ന ആളുടെ അറിവിൽപ്പെടാത്തതാണെന്ന് തനിക്ക് വിശ്വസിക്കുവാൻ കാരണമുണ്ടാവുകയും ചെയ്യുന്നതും, അങ്ങനെയുള്ള അവകാശത്തിന്റെ മൂല്യം സാരമായി വർദ്ധിപ്പിക്കുന്നതുമായ ഏതു വസ്തുതയും വില്ക്കുന്ന ആരംക്ക് വെളിപ്പെടുത്തി കൊടുക്കുന്നതിന്;

(ഖ) വില്പന പൂർത്തിയാക്കുന്ന സമയത്തും സ്ഥലത്തുവച്ചും വില്ക്കുന്ന ആരംക്കോ അയാരം നിദേശിക്കുന്ന ആരംക്കോ ക്രയസംഖ്യ നല്കുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതിന്:

എന്നാൽ വസ്തു കുടികടങ്ങളിൽനിന്ന് വിമുക്തമാക്കി വിററിട്ടുള്ളിടത്ത്, വാങ്ങുന്ന ആരംക്ക് വില്പനത്തീയതിക്ക് വസ്തുവിൽ നിലവിലുള്ള ഏതെങ്കിലും കുടികടങ്ങളുടെ തുക ക്രയസംഖ്യയിൽനിന്ന് പിടിച്ചു വയ്ക്കാവുന്നതും അങ്ങനെ പിടിച്ച് വയ്ക്കുന്ന തുകകരം അയാരം അതിന് അവകാശപ്പെട്ട ആളുകരംക്ക് നല്കേണ്ടതും ആകുന്നു;

(ഗ) വസ്തുവിന്റെ ഉടമസ്ഥത, വാങ്ങുന്നയാളിലേക്ക് സംക്രമിച്ചിട്ടുള്ളിടത്ത്, വില്ക്കുന്ന ആരം ഉണ്ടാക്കിയതല്ലാത്തതും വസ്തുവിന്റെ നാശത്തിൽനിന്നോ ക്ഷതിയിൽനിന്നോ വിലകുറവിൽനിന്നോ ഉദ്ഭവിക്കുന്നതും ആയ ഏത് നഷ്ടവും സഹിക്കുന്നതിന്;

(ഘ) വസ്തുവിന്റെ ഉടമസ്ഥത, വാങ്ങുന്ന ആളിലേക്ക് സംക്രമിച്ചിട്ടുള്ളിടത്ത്, അയാളും വില്ക്കുന്ന ആളും തമ്മിലായിടത്തോളം വസ്തു സംബന്ധിച്ച് കൊടുക്കേണ്ടതായി വന്നേക്കാവുന്ന എല്ലാ പബ്ലിക് ചാർജുകളും പാട്ടവും (വാടകയും), വസ്തു ഏത് കുടികടങ്ങരംക്ക് വിധേയമായിട്ടാണോ വിററിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും കുടികടങ്ങളിൻമേൽ കൊടുക്കാനുള്ള മുതൽ സംഖ്യകളും അതിൻമേൽ കൊടുക്കാനുള്ള പിന്നീടുണ്ടാവുന്ന പലിശയും കൊടുക്കുന്നതിന്.

(6) വാങ്ങുന്ന ആരംക്ക്—

(ക) വസ്തുവിന്റെ ഉടമസ്ഥത തന്നിലേക്ക് സംക്രമിച്ചിട്ടുള്ളിടത്ത്, വസ്തുവിലുള്ള ഏതെങ്കിലും ദേഹണ്ഡത്തിന്റേയോ, വസ്തുവിന്റെ മൂല്യത്തിലെ ഏതെങ്കിലും വർദ്ധനത്തിന്റേയോ ഗുണത്തിനും, വസ്തുവിന്റെ പാട്ടത്തിനും (വാടകയ്ക്കും) ലാഭത്തിനും,

(ഖ) വസ്തുവിന്റെ ഡെലിവറി സ്വീകരിക്കുവാൻ അയാൾ ശരിയല്ലാത്തവിധം വിസമ്മതിച്ചിട്ടില്ലാത്തപക്ഷം, ഡെലിവറിയുടെ പ്രതീക്ഷയിൻമേൽ വാങ്ങുന്ന ആൾ ശരിയാംവണ്ണം കൊടുത്തിട്ടുള്ള ഏതെങ്കിലും ക്രയസംഖ്യയുടെ തുകയ്ക്കും അതിൻമേലുള്ള പലിശയ്ക്കും ഡെലിവറി സ്വീകരിക്കുവാൻ അയാൾ ശരിയാംവണ്ണം വിസമ്മതിക്കുമ്പോൾ നിരതദ്രവ്യത്തിനും (വല്ലതും ഉണ്ടെങ്കിൽ) കാൺട്രാക്ടിന്റെ പ്രത്യേക നിർവ്വഹണത്തിന് നിർബന്ധിക്കുന്നതിനോ അല്ലെങ്കിൽ കാൺട്രാക്റ്റ് റദ്ദാക്കാനുള്ള ഒരു വിധി കിട്ടുന്നതിനോ വേണ്ടിയുള്ള ഒരു വ്യവഹാരത്തിൽ അയാൾക്ക് അവാർഡ് ചെയ്യുന്ന കോടതി ചെലവിനും (വല്ലതും ഉണ്ടെങ്കിൽ) കൂടിയും, വില്ക്കുന്ന ആൾക്കും, അയാളുടെ കീഴിൽ അവകാശപ്പെടുന്ന എല്ലാ ആളുകൾക്കും എതിരായി, വസ്തുവിൽ വില്ക്കുന്ന ആൾക്കുള്ള അവകാശത്തിന്റെ വ്യാപ്തിയോളം വസ്തുവിൻമേൽ ചാർജ്ജിനും;

അവകാശം ഉണ്ടായിരിക്കുന്നതാണ്.

ഈ വകുപ്പിലെ 1-ാം ഖണ്ഡിക (ക) ഖണ്ഡത്തിലും 5-ാം ഖണ്ഡിക (ക) ഖണ്ഡത്തിലും പറഞ്ഞിട്ടുള്ളതുപോലെ വെളിപ്പെടുത്താതിരിക്കുന്നത് വഞ്ചനാപൂർവ്വകമായിട്ടുള്ളതാണ്.

56. പിന്നീട് വാങ്ങുന്ന ആളാലുള്ള ക്രമബന്ധനം.—രണ്ടോ അതിലധികമോ വസ്തുക്കളുടെ ഉടമസ്ഥൻ അവ ഒരാൾക്ക് പണയപ്പെടുത്തുകയും പിന്നീട് ആ വസ്തുക്കളിൽ ഒന്നോ അതിലധികമോ മറെറാരാൾക്ക് വില്ക്കുകയും ചെയ്യുന്നുവെങ്കിൽ, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, വാങ്ങുന്ന ആൾക്ക്, തനിക്ക് വിററിട്ടുള്ളവയല്ലാത്ത വസ്തുവിലോ വസ്തുക്കളിലോനിന്ന് അവയുടെ വ്യാപ്തിയോളം പണയക്കടം തീർപ്പിക്കുവാൻ, എന്നാൽ അത് പണയ ഗൃഹീതാവിന്റേയോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ആളുകളുടേയോ അല്ലെങ്കിൽ ആ വസ്തുക്കളിൽ ഏതിലെങ്കിലും അവകാശബന്ധം പ്രതിഫലത്തിന് ആർജ്ജിച്ചിട്ടുള്ള മറേറതെങ്കിലും ആളുടേയോ അവകാശങ്ങൾക്ക് ഭംഗംവരാത്തവിധത്തിൽ, ചെയ്യാൻ, അവകാശം ഉണ്ടായിരിക്കുന്നതാണ്.

## വില പനയിൻമേൽ കുടിക്കടങ്ങളുടെ ബാദ്ധ്യത തീർക്കൽ

57. കുടിക്കടങ്ങൾ സംബന്ധിച്ചും അവയിൽനിന്ന് വിമുക്തമാക്കിയുള്ള വില്പനയ്ക്കും കോടതി വ്യവസ്ഥ ചെയ്യുന്നത്.—(ക) ഉടനെ പണം കൊടുക്കേണ്ടതോ അല്ലാത്തതോ ആയാലും ഏതെങ്കിലും കുടിക്കടത്തിന്, വിധേയമായ സ്ഥാവരവസ്തു, കോടതിയാലോ വിധി നടത്തലിലോ കോടതിവഴിയല്ലാതേയോ വില്ക്കുന്നിടത്ത് കോടതിക്കു യുക്തമെന്ന് തോന്നുന്നുവെങ്കിൽ വില്പനയിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേൽ താഴെപ്പറയുന്ന സംഖ്യ കോടതിയിൽ അടയ്ക്കുവാൻ നിദേശിക്കുകയോ അനുവദിക്കുകയോ ചെയ്യാവുന്നതാണ്,—

(I) വസ്തുവിൻമേൽ ചാർജ്ജാക്കിയിട്ടുള്ള പ്രതിവർഷ സംഖ്യയുടേയോ പ്രതിമാസസംഖ്യയുടേയോ സംഗതിയിലോ അല്ലെങ്കിൽ വസ്തുവിലുള്ള അവസാനിപ്പിക്കാവുന്ന ഒരു അവകാശത്തിൻമേൽ ചാർജ്ജാക്കിയിട്ടുള്ള ഒരു മൂലധനസംഖ്യയുടെ സംഗതിയിലോ—കേന്ദ്രഗവൺമെന്റിന്റെ ഈടുപത്രങ്ങളിൽ നിക്ഷേപിക്കുന്നതായാൽ അതിൻമേലുള്ള പലിശവഴി ആ ചാർജ്ജ്

ഒതുക്കി നിറുത്തുവാനോ അല്ലെങ്കിൽ മററുവിധത്തിൽ അതിന് വകയിരുത്തുവാനോ മതിയാകുമെന്ന് കോടതി കരുതുന്ന സംഖ്യ:

(2) വസ്തുവിൻമേൽ ഒരു മൂലധനസംഖ്യ ചാർജ്ജാക്കിയിട്ടുള്ള മറേറതെങ്കിലും സംഗതിയിൽ—കുടിക്കടവും അതിൻമേൽ കൊടുക്കാനുള്ള ഏതെങ്കിലും പലിശയും കൊടുത്തുതീർക്കാൻ മതിയായ സംഖ്യ:

എന്നാൽ ഈ രണ്ടിൽ ഏത് സംഗതിയിലും, പിന്നീട് ആകസ്മികമായി ഉണ്ടാകുന്ന കോടതിച്ചെലവും വ്യയങ്ങളും പലിശയും, നിക്ഷേപങ്ങളുടെ വിലയിടിവ് ഒഴികെയുള്ള മറേറതെങ്കിലും ആകസ്മികതയേയും നേരിടുന്നതിന് മതിയാകുമെന്ന് കോടതി കരുതുന്ന ആദ്യം അടയ്ക്കേണ്ട സംഖ്യയുടെ പത്തിൽ ഒരു ഭാഗത്തിൽ കവിയാത്ത കൂടുതൽ സംഖ്യയുംകൂടി, അതിലും കൂടുതൽ സംഖ്യ ആവശ്യപ്പെടുന്നത് യുക്തമാണെന്ന് കോടതിക്ക് പ്രത്യേക കാരണങ്ങളാൽ (അത് കോടതി രേഖപ്പെടുത്തണം) തോന്നാത്തപക്ഷം, കോടതിയിൽ അടയ്ക്കേണ്ടതാകുന്നു.

(ഖ) അങ്ങനെ ചെയ്യുന്നതോടെ കോടതിക്ക് യുക്തമെന്നു തോന്നുന്ന പക്ഷവും, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ, കുടിക്കടക്കാരന് നോട്ടീസ് വേണ്ടെന്ന് വയ്ക്കുന്നത് യുക്തമാണെന്ന് തോന്നാത്തപക്ഷം, അങ്ങനെ നോട്ടീസ് കൊടുത്തശേഷവും, വസ്തു കുടിക്കടത്തിൽനിന്ന് വിമുക്തമാക്കിയിട്ടുള്ളതായി സ്ഥാപിക്കുകയും വില്പനഫലത്തിൽ കൊണ്ടുവരുന്നതിലേയ്ക്കു തക്കതായ കൈമാററ പ്രമാണത്തിലുള്ള ഏതെങ്കിലും ഉത്തരവോ അല്ലെങ്കിൽ,നിക്ഷിപ്തമാക്കുന്ന ഏതെങ്കിലും ഉത്തരവോ പുറപ്പെടുവിക്കുകയും കോടതിയിലുള്ള പണം വച്ചുപോരുന്നതിനും നിക്ഷേപിക്കുന്നതിനും നിദേശം നല്കുകയും ചെയ്യാവുന്നതാണ്.

(ഗ) കോടതിയിലുള്ള പണത്തിലോ ഫണ്ടിലോ താല്പര്യമുള്ളവരോ അതിന് അവകാശപ്പെട്ടവരോ ആയ ആളുകൾക്ക് നോട്ടീസ് നടത്തിയതിനു ശേഷം കോടതിക്ക്, അത് വാങ്ങുവാനോ അതിന്റെ ബാദ്ധ്യത തീർത്തുകൊടുക്കുവാനോ അവകാശമുള്ള ആളുകൾക്ക്, അത് കൊടുക്കുകയോ കൈമാററം ചെയ്യുകയോ ചെയ്യുന്നതിന് നിദേശിക്കാവുന്നതും, സാമാന്യമായി അതിന്റെ മൂലധനമോ അതിൽനിന്നുള്ള ആദായമോ വിനിയോഗിക്കുന്നതോ വിതരണം ചെയ്യുന്നതോ സംബന്ധിച്ച് നിദേശങ്ങൾ നല്കാവുന്നതും ആണ്.

(ഘ) ഈ വകുപ്പിൻ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽനിന്നോ, ഉത്തരവിൽ നിന്നോ, നിദേശങ്ങളിൽനിന്നോ അത് ഒരു വിധിയായിരുന്നാലെന്നപോലെ, അപ്പീൽ കൊടുക്കാവുന്നതാണ്.

(ങ) ഈ വകുപ്പിൽ "കോടതി" എന്നതിന് (1) ഹൈക്കോടതി അതിന്റെ സാധാരണമോ അസാധാരണമോ ആയ ആദ്യസിവിൽ അധികാരിതയുടെ പ്രയോഗത്തിൽ എന്നും, (2) ഏത് ജില്ലാ ജഡ്ജിയുടെ കോടതിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ സ്ഥിതിചെയ്യുന്നത്, ആ ജില്ലാജഡ്ജിയുടെ കോടതി എന്നും, (3) ഈ വകുപ്പ് നല്കുന്ന അധികാരിത പ്രയോഗിക്കുന്നതിന് ക്ഷമതയുള്ളതായി സ്റേററ്റ് ഗവൺമെൻറ് അതതുസമയം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി പ്രഖ്യാപിക്കുന്ന മറേറതെങ്കിലും കോടതി എന്നും അർത്ഥമാകുന്നു.

## അദ്ധ്യായം IV

## സ്ഥാവരവസ്തുക്കളുടെ പണയങ്ങളേയും ചാർജ്ജുകളേയും കുറിച്ച്

58. "പണയം", "പണയദാതാവ്", "പണയഗൃഹിതാവ്", "പണയദ്രവ്യം" "പണയാധാരം" നിർവ്വചനം.—(ക) പണയം, കടമായി നല്കുന്നതോ നല്കുവാൻ ഉള്ളതോ ആയ പണം തിരിയെ കൊടുക്കുന്നതിന്റെയോ നിലവിലുള്ളതോ ഭാവിയിലേതോ ആയ കടത്തിന്റേയോ, അല്ലെങ്കിൽ അർത്ഥബാദ്ധ്യത ഉണ്ടാക്കിയേക്കാവുന്ന ഒരു വാങ്നിശ്ചയത്തിന്റെ നിർവ്വഹണത്തിന്റേയോ ഈടിന് വേണ്ടിയുള്ള വിനിർദ്ദിഷ്ടമായ സ്ഥാവരവസ്തുവിലെ ഒരു അവകാശബന്ധത്തിന്റെ കൈമാററം ആകുന്നു

ആ കൈമാററം കൊടുക്കുന്നയാളെ പണയദാതാവ് എന്നും, കൈമാററം വാങ്ങുന്നയാളെ പണയഗൃഹിതാവ് എന്നും, ഏത് മുതൽ സംഖ്യയും പലിശയും തിരിയെ കൊടുക്കുന്നതിലേക്കാണോ തൽസമയം ഈട് നല്കപ്പെട്ടിട്ടുള്ളത്, അതിന് പണയദ്രവ്യം എന്നും, കൈമാററം ഫലത്തിൽ വരുത്തുന്ന പ്രമാണത്തിന് (വല്ലതും ഉണ്ടെങ്കിൽ) പണയാധാരം എന്നും പറയുന്നു.

(ഖ) ചൂണ്ടിപ്പണയം.—പണയവസ്തു കൈവശം ഡെലിവർ ചെയ്യാതെ പണയദ്രവ്യം കൊടുക്കുവാൻ പണയദാതാവ് സ്വയം കൈയാൽ ബാദ്ധ്യസ്ഥനാകുകയും, തന്റെ കാൺട്രാക്ററ് അനുസരിച്ച് പണം കൊടുക്കാതിരിക്കുന്നുവെങ്കിൽ പണയഗൃഹിതാവിന് പണയവസ്തു വില്ക്കുകയും, വിററുകിട്ടുന്ന തുക പണയദ്രവ്യം കൊടുക്കുന്നതിലേക്ക്, ആവശ്യമായിടത്തോളം ഉപയോഗിക്കുകയും ചെയ്യാൻ അവകാശം ഉണ്ടായിരിക്കുമെന്ന് പ്രകടമായോ വ്യംഗ്യമായോ കരാർ ചെയ്യുകയും ചെയ്യുന്നിടത്ത് ഇടപാടിന് ചൂണ്ടിപ്പണയം എന്നും, പണയഗൃഹിതാവിന് ചൂണ്ടിപ്പണയ ഗൃഹിതാവ് എന്നും പേർ പറയുന്നു.

(ഗ) സോപാധിക വില്പനവഴിയുള്ള പണയം.—പണയദാതാവ്, പണയവസ്തു,—

ഒരു നിശ്ചിത തീയതിക്ക് പണയദ്രവ്യം കൊടുക്കുവാൻ വീഴ്ച വരുത്തുന്നതായാൽ വില്പന പരിപൂർണ്ണമാകും എന്ന ഉപാധിയിൻമേലോ, അല്ലെങ്കിൽ

അപ്രകാരം പണം കൊടുക്കുന്നതായാൽ വില്പന ശൂന്യമാകും എന്ന ഉപാധിയിൻമേലോ, അല്ലെങ്കിൽ

അപ്രകാരം പണം കൊടുക്കുന്നതായാൽ വാങ്ങുന്ന ആൾ വില്ക്കുന്ന ആൾക്ക് വസ്തു കൈമാററം ചെയ്യും എന്ന ഉപാധിയിൻമേലോ

വില്ക്കുന്നതായി കാഴ്ചയിൽ തോന്നിക്കുന്നിടത്ത്, ഇടപാടിനെ സോപാധിക വില്പനവഴിയുള്ള പണയം എന്നും പണയ ഗൃഹിതാവിന് സോപാധിക വിൽപനവഴിയുള്ള പണയഗൃഹിതാവ് എന്നും പേർ പറയുന്നു:

എന്നാൽ ആ ഉപാധി വില്പനയെ സംജാതമാക്കുന്നതോ സംജാതമാക്കുന്നതായി കരുതപ്പെടുന്നതോ ആയ രേഖയിൽ ചേർത്തിട്ടില്ലാത്തപക്ഷം, അങ്ങനെയുള്ള യാതൊരു ഇടപാടും പണയമായി കരുതപ്പെടുന്നതല്ല.

(ഘ) അനുഭവപ്പണയം.—പണയദാതാവ് പണയ വസ്തുവിന്റെ കൈവശം പണയഗൃഹിതാവിന് ഡെലിവർ ചെയ്യുകയോ, ഡെലിവർ ചെയ്യാൻ പ്രകടമായോ വ്യംഗ്യമായോ സ്വയം ബാദ്ധ്യസ്ഥനാകുകയോ ചെയ്യുകയും, പണയദ്രവ്യം കൊടുക്കുന്നതുവരെ അങ്ങനെയുള്ള കൈവശം

വച്ചുപോരാനും വസ്തുവിൽ നിന്ന് ഉളവാകുന്ന പാട്ടവും (വാടകയും) ലാഭവും അല്ലെങ്കിൽ അവയുടെ ഏതെങ്കിലും ഭാഗവും വാങ്ങുവാനും. അവയെ പലിശയ്ക്ക് പകരമായോ പണയദ്രവ്യം കൊടുക്കുന്നതിനായോ അല്ലെങ്കിൽ ഭാഗികമായി പലിശയ്ക്ക് പകരമായോ ഭാഗികമായി പണയദ്രവ്യം കൊടുക്കുന്നതിനായോ വിനിയോഗിക്കുന്നതിന് പ്രാധികാരം നല്കുകയും ചെയ്യുന്നിടത്ത്, ആ ഇടപാടിന് അനുഭവപ്പണയം എന്നും, പണയഗൃഹിതാവിന് അനുഭവ പണയഗൃഹിതാവ് എന്നും പേർ പറയുന്നു.

(ങ) ഇംഗ്ലീഷ്പണയം. ഒരു നിശ്ചിത തീയതിക്ക് പണയദ്രവ്യം തിരിയെ കൊടുക്കാൻ പണയദാതാവ് സ്വയം ബാദ്ധ്യസ്ഥനാകുകയും, പണയവസ്തു പരിപൂർണ്ണമായി പണയഗൃഹിതാവിന് കൈമാററം ചെയ്യുകയും, എന്നാൽ അത് കരാർ ചെയ്തപ്രകാരം പണയദ്രവ്യം കൊടുക്കുമ്പോൾ പണയവസ്തു പണയദാതാവിന് തിരിയെ കൈമാററം ചെയ്യുന്നതാണെന്നവ്യവസ്ഥയ്ക്ക് വിധേയമായി ചെയ്യുകയും ചെയ്യുന്നിടത്ത് ഇടപാടിന് ഇംഗ്ലീഷ് പണയം എന്ന് പേർ പറയുന്നു.

(ച) അവകാശ പത്രങ്ങളുടെ ഡെപ്പോസിററ് വഴിയുള്ള പണയം.—താഴെ പറയുന്ന, അതായത് കൽക്കട്ട, മദ്രാസ്, ബോംബെ എന്നിവയിൽ ഏതെങ്കിലും പട്ടണത്തിൽ വച്ച് ബന്ധപ്പെട്ടസ്റേററ് ഗവൺമെൻറ് ഇതിലേക്കായി ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദേശിക്കുന്ന മറേറതെങ്കിലും പട്ടണത്തിൽ വച്ച്, ഒരാൾ ഒരു ഉത്തമർണ്ണനോ അയാളുടെ ഏജൻറിനോ സ്ഥാവരവസ്തുവിൻെറ അവകാശ രേഖകൾ, ആ വസ്തുവിൻമേൽ ഒരു ഈട് സൃഷ്ടിക്കണം എന്ന ഉദ്ദേശത്തോടു കൂടി ഡെലിവർ ചെയ്യുന്നിടത്ത്, ഇടപാടിന് അവകാശ പത്രങ്ങളുടെ ഡെപ്പോസിററു വഴിയുള്ള പണയം എന്ന് പേർ പറയുന്നു.

(ഛ) വിലക്ഷണപ്പണയം.—ചൂണ്ടിപ്പണയമോ, സോപാധിക വില്പന വഴിയുള്ള പണയമോ, അനുഭവപ്പണയമോ, ഇംഗ്ലീഷ് പണയമോ, അവകാശ പത്രങ്ങളുടെ ഡെപ്പോസിററു വഴിയുള്ള പണയമോ അല്ലാത്ത പണയത്തിന് ഈ വകുപ്പിൻെറ അർത്ഥത്തിൽ വിലക്ഷണപ്പണയം എന്ന് പേർ പറയുന്നു.

(59) പണയം എപ്പോൾ കൈമാററപത്രം വഴി ആകണമെന്ന്.—ഏതു മുതൽ സംഖ്യയ്ക്കാണോ ഈട് നല്കപ്പെട്ടിട്ടുള്ളത്, അത് നൂറു രൂപയോ അതിലധികമോ ആയിരിക്കുന്നിടത്ത്, പണയം (അവകാശപത്രങ്ങളുടെ നിക്ഷേപം വഴിയുള്ള പണയം ഒഴികെ) പണയദാതാവ് ഒപ്പിട്ടതും കുറഞ്ഞത് രണ്ട് സാക്ഷികൾ സാക്ഷ്യപ്പെടുത്തിയതുമായ രജിസ്ററർ പ്രമാണം വഴി മാത്രമേ ഉണ്ടാക്കാൻ കഴിയുകയുള്ളു.

ഏത് മുതൽ സംഖ്യയ്ക്കാണോ ഈട് നല്കപ്പെട്ടിട്ടുള്ളത്, അത് നൂറു രൂപയിൽ കുറവായിരിക്കുന്നിടത്ത്. പണയം മുമ്പ് പറഞ്ഞതുപോലെ ഒപ്പിട്ടതും സാക്ഷ്യപ്പെടുത്തിയതുമായ രജിസ്ററർ പ്രമാണം വഴിയോ അല്ലെങ്കിൽ (ചൂണ്ടിപ്പണയത്തിൻെറ സംഗതിയിലൊഴികെ) വസ്തുവിൻെറ ഡെലിവറി വഴിയോ ഉണ്ടാക്കാവുന്നതാണ്.

(59 ക.) പണയദാതാക്കളേയും പണയഗൃഹിതാക്കളേയും കുറിച്ചുള്ള പരാമർശങ്ങൾ അവരിൽ നിന്ന് അവകാശം സിദ്ധിക്കുന്ന ആളുകളേയും ഉൾക്കൊള്ളുമെന്ന്.—മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ഈ അദ്ധ്യായത്തിൽ പണയദാതാക്കളേയും പണയഗൃഹിതാക്കളേയും കുറിച്ചുള്ള പരാമർശങ്ങൾ യഥാക്രമം അവരിൽ നിന്ന് അവകാശം സിദ്ധിക്കുന്നവരെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾക്കൊള്ളുന്നതായി കരുതപ്പെടുന്നതാകുന്നു.

## പണയദാതാവിന്റെ അവകാശങ്ങളും ബാദ്ധ്യതകളും.

60. പണയദാതാവിന് പണയം ഒഴിപ്പിക്കാനുള്ള അവകാശം.—മുതൽ സംഖ്യ തിരിയെ കൊടുക്കാനുള്ളതായിത്തീർന്നതിനുശേഷം ഏതു സമയത്തും പണയദാതാവിന് ശരിയായ സമയത്തും സ്ഥലത്തും വച്ചും പണയദ്രവ്യം കൊടുക്കുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതിൻമേൽ പണയഗൃഹിതാവിനോട് (ക) പണയവസ്തു സംബന്ധിച്ച പണയാധാരവും പണയഗൃഹിതാവിന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും പണയദാതാവിന് ഡെലിവർ ചെയ്യുന്നതിനും (ഖ) പണയവസ്തു പണയഗൃഹിതാവിന്റെ കൈവശത്തിൽ ആയിട്ടുള്ളിടത്ത്, അതിന്റെ കൈവശം പണയദാതാവിന് ഡെലിവർ ചെയ്യുന്നതിനും, (ഗ) പണയദാതാവിന്റെ ചെലവിൽ പണയവസ്തു അയാൾക്കോ അയാൾ നിർദ്ദേശിക്കുന്ന മൂന്നാമനോ തിരിയെ കൈമാററം ചെയ്യുന്നതിനും അല്ലെങ്കിൽ പണയഗൃഹിതാവിന് കൈമാററം ചെയ്യപ്പെട്ട പണയദാതാവിന്റെ അവകാശബന്ധത്തിന് ന്യൂനത വരുത്തുന്ന ഏത അവകാശവും ഇല്ലാതാക്കപ്പെട്ടിരിക്കുന്നു എന്ന ലിഖിതമായ അംഗീകരണം ഒപ്പിട്ട് പൂർത്തീകരിക്കുകയും (പണയം രജിസ്ട്രേർ പ്രമാണം വഴി സംജാതമാക്കിയിട്ടുള്ളിടത്ത്) രജിസ്ററർ ചെയ്യുകയും ചെയ്യുന്നതിനും ആവശ്യപ്പെടാനുള്ള അവകാശമുണ്ട്:

എന്നാൽ, അതിന് ഈ വകുപ്പ് നല്കുന്ന അവകാശം കക്ഷികളുടെ കൃത്യത്താലോ കോടതി വിധിയാലോ ഇല്ലാതാക്കിയിരിക്കരുത്.

ഈ വകുപ്പ് നല്കുന്ന അവകാശത്തിന്, പണയം ഒഴിപ്പിക്കാനുള്ള അവകാശം എന്നും, അത് പ്രാവർത്തികമാക്കാനുള്ള ഒരു വ്യവഹാരത്തിന്, പണയം ഒഴിപ്പിക്കലിനുള്ള വ്യവഹാരം എന്നും പേർ പറയുന്നു.

ഈ വകുപ്പിലെ യാതൊന്നും, മുതൽസംഖ്യ കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞുപോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ അങ്ങനെ സമയം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയോ ചെയ്യുന്നു എങ്കിൽ, ആ സംഖ്യ കൊടുക്കുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതിന് മുമ്പ്, പണയഗൃഹിതാവിന് ന്യായമായ നോട്ടീസിന് അവകാശം ഉണ്ടായിരിക്കും എന്നുള്ള ഏതെങ്കിലും വ്യവസ്ഥയെ അസാധുവാക്കുന്നതായി കരുതപ്പെടുന്നതല്ല.

പണയവസ്തുവിന്റെ ഭാഗത്തിന്റെ പണയം ഒഴിപ്പിക്കൽ.—ഈ വകുപ്പിലെ യാതൊന്നും, പണയഗൃഹിതാവ്, അല്ലെങ്കിൽ ഒന്നിലധികം പണയഗൃഹിതാക്കൾ ഉണ്ടെങ്കിൽ, അവർ എല്ലാവരും, പണയദാതാവിന്റെ ഓഹരി മുഴുവനുമായോ ഭാഗികമായോ ആർജ്ജിച്ചിട്ടുള്ളിടത്തുമാത്രം ഒഴികെ, പണയവസ്തുവിന്റെ ഓഹരിയിൽ മാത്രം താല്പര്യമുള്ള ഒരാൾക്ക്, പണയത്തിൽ കൊടുക്കാൻ ബാക്കിയുള്ള തുകയുടെ ആനുപാതികമായ ഭാഗം കൊടുത്ത് അയാളുടെ സ്വന്തം ഓഹരിയുടെ മാത്രം പണയം ഒഴിപ്പിക്കാൻ അവകാശം നല്കുന്നതല്ല.

60 ക. പണയദാതാവിന് തിരിയെ കൈമാററം ചെയ്യുന്നതിന് പകരം മൂന്നാം കക്ഷിക്ക് കൈമാററം ചെയ്യാനുള്ള കടപ്പാട്.—(1) പണയദാതാവിന് പണയം ഒഴിപ്പിക്കലിന് അവകാശമുള്ളിടത്ത്, ഏത് ഉപാധികൾ നിറവേററുന്നതിൻമേലാണോ അയാൾക്ക് തിരിയെ കൈമാററത്തിന് ആവശ്യപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നത്, ആ ഉപാധികൾ നിറവേററപ്പെടുന്നതിൻമേൽ അയാൾക്ക് പണയഗൃഹിതാവിനോട് വസ്തു തിരിയെ കൈമാററം ചെയ്യുന്നതിന് പകരം,

പണയദാതാവ് നിർദേശിക്കുന്ന ഒരു മൂന്നാമന് പണയക്കടം തീറ് കൊടുക്കുകയും പണയവസ്തു കൈമാററം ചെയ്യുകയും ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതാണ്; അതനുസരിച്ച് പണയഗൃഹീതാവ് തീറു കൊടുക്കാനും കൈമാററം ചെയ്യുവാനും ബാദ്ധ്യസ്ഥനാകുന്നതും ആണ്.

(2) പണയദാതാവിനോ ഏതെങ്കിലും കുടിക്കടക്കാരനോ ഇടയ്ക്ക് ഒരു ഇടക്കുടിക്കടം ഉണ്ടായിരുന്നാലും, ഈ വകുപ്പ് നല്കുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും പ്രാവർത്തികമാക്കാവുന്നതും ആണ്; എന്നാൽ ഏതെങ്കിലും കുടിക്കടക്കാരന്റെ ആവശ്യപ്പെടലിന് പണയദാതാവിന്റെ ആവശ്യപ്പെടലിൻമേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതും, കുടിക്കടക്കാർ തമ്മിലായിടത്തോളം മുൻകുടിക്കടക്കാരന്റെ ആവശ്യപ്പെടലിന് പിൻകുടിക്കടക്കാരന്റെ ആവശ്യപ്പെടലിൻമേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതും ആകുന്നു.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾ, വസ്തുവിന്റെ കൈവശം ഉള്ളതോ ഉണ്ടായിരുന്നതോ ആയ പണയദാതാവിന്റെ സംഗതിയിൽ ബാധകമല്ല.

60 ഖ <u>രേഖകൾ പരിശോധിക്കുന്നതിനും ഹാജരാക്കുന്നതിനും ഉള്ള അവകാശം.</u>—പണയദാതാവിന്, തന്റെ പണയം ഒഴിപ്പിക്കൽ അവകാശം നിലവിലുള്ളിടത്തോളംകാലം ന്യായമായ എല്ലാ സമയത്തും, തന്റെ അപേക്ഷയിൻമേലും ചെലവിലും ഇതിനുവേണ്ടി പണയഗൃഹീതാവിന്റെ ചെലവും വ്യയങ്ങളും കൊടുക്കുന്നതിൻമേലും, പണയവസ്തുസംബന്ധിച്ച പണയഗൃഹീതാവിന്റെ കസ്ററഡിയിലോ അധികാരത്തിലോ ഉള്ള അവകാശരേഖകൾ പരിശോധിക്കാനും അവയുടെ പകർപ്പുകളോ സംഗ്രഹമോ അവയിൽ നിന്നുള്ള എക്സ്ട്രാക്ററോ എടുക്കാനും അവകാശമുണ്ടായിരിക്കുന്നതാണ്.

61. <u>വേറിട്ടോ ഒരുമിച്ചോ പണയം ഒഴിപ്പിക്കുന്നതിനുള്ള അവകാശം.</u>—ഒരേ പണയഗൃഹീതാവിന് രണ്ടോ അതിലധികമോ പണയങ്ങൾ കൊടുത്തിട്ടുള്ള ഒരു പണയദാതാവിന്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, ഏതെങ്കിലും രണ്ടോ അതിലധികമോ പണയങ്ങളുടെ മുതൽസംഖ്യ കൊടുക്കാനുള്ളതായിത്തീർന്നിട്ടുള്ളപ്പോൾ, അങ്ങനെയുള്ള ഏതെങ്കിലും ഒരു പണയം വേറിട്ടോ അല്ലെങ്കിൽ അങ്ങനെയുള്ള രണ്ടോ അതിലധികമോ പണയങ്ങൾ ഒരുമിച്ചോ ഒഴിപ്പിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

62. <u>അനുഭവപ്പണയദാതാവിന് കൈവശം വീണ്ടെടുക്കാനുള്ള അവകാശം.</u>—അനുഭവപ്പണയത്തിന്റെ സംഗതിയിൽ,—

(ക) വസ്തുവിന്റെ പാട്ടത്തിൽ (വാടകയിൽ) നിന്നും ലാഭത്തിൽ നിന്നും പണയദ്രവ്യം പററിക്കൊള്ളുവാൻ പണയഗൃഹീതാവിന് പ്രാധികാരം നല്കപ്പെട്ടിട്ടുള്ളിടത്ത്,—അങ്ങനെ പററുമ്പോഴും;

(ഖ) അങ്ങനെയുള്ള പാട്ടത്തിൽ (വാടകയിൽ) നിന്നും ലാഭത്തിൽ നിന്നും അല്ലെങ്കിൽ അവയുടെ ഏതെങ്കിലും ഭാഗത്തിൽനിന്നും പണയദ്രവ്യത്തിന്റെ ഭാഗംമാത്രം പററിക്കൊള്ളാൻ പണയഗൃഹീതാവിന് പ്രാധികാരം നല്കപ്പെട്ടിട്ടുള്ളിടത്ത്,—പണയദ്രവ്യം കൊടുക്കാൻ നിർണ്ണയിച്ചിട്ടുള്ള കാലാവധി (വല്ലതും ഉണ്ടെങ്കിൽ) അവസാനിക്കുകയും പണയദാതാവ് പണയദ്രവ്യമോ അതിലെ ബാക്കിയോ പണയഗൃഹീതാവിന് കൊടുക്കുകയോ ടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ, കോടതിയിൽ കെട്ടിവയ്ക്കുകയോ ചെയ്യുകയും ചെയ്യുമ്പോൾ;

പണയാധാരത്തോടും, പണയവസ്തു സംബന്ധിച്ച് പണയഗൃഹീതാവിന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളോടും കൂടി വസ്തുവിന്റെ കൈവശം വീണ്ടെടുക്കാൻ പണയദാതാവിന് ഒരു അവകാശം ഉണ്ട്.

63. പണയവസ്തുവിലുള്ള ഉപചയം.—പണയഗൃഹീതാവിന്റെ കൈവശത്തിലുള്ള പണയവസ്തുവിന്, പണയം നിലവിലുള്ളപ്പോൾ, ഏതെങ്കിലും ഉപചയം ഉണ്ടായിട്ടുള്ളിടത്ത്, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, പണയദാതാവിന് പണയം ഒഴിയലിൻമേൽ പണയഗൃഹീതാവിന് എതിരായിടത്തോളം അങ്ങനെയുള്ള ഉപചയത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

കൈമാററം ചെയ്യപ്പെട്ട ഉടമസ്ഥതവഴി ആർജ്ജിച്ച ഉപചയം.—അങ്ങനെയുള്ള ഉപചയം പണയഗൃഹീതാവിന്റെ ചെലവിൽ ആർജ്ജിച്ചിട്ടുള്ളതായിരിക്കുകയും പ്രധാന വസ്തുവിന് ദോഷം കൂടാതെ വേറിട്ട് കൈവശം വയ്ക്കുവാനോ അനുഭവിക്കുവാനോ കഴിയുന്നതായിരിക്കുകയും ചെയ്യുന്നിടത്ത്, ആ ഉപചയം ലഭിക്കാൻ ആഗ്രഹിക്കുന്ന പണയദാതാവ്, അത് ആർജ്ജിക്കുന്നതിനുള്ള ചെലവ് പണയഗൃഹീതാവിന് കൊടുക്കണം. അങ്ങനെ വേറിട്ട് കൈവശം, വയ്ക്കുവാനോ അനുഭവിക്കുവാനോ സാദ്ധ്യമല്ലെങ്കിൽ ഉപചയം വസ്തുവോടുകൂടി ഡെലിവർ ചെയ്യണം; എന്നാൽ വസ്തു നാശത്തിൽനിന്നോ നഷ്ടപ്പെടലിൽ നിന്നോ വില്പനയിൽ നിന്നോ രക്ഷിക്കുവാൻ ആവശ്യമായിട്ടുള്ളതോ അല്ലെങ്കിൽ, തന്റെ അനുമതിയോടുകൂടി ചെയ്തിട്ടുള്ളതോ ആയ ആർജ്ജനത്തിന്റെ സംഗതിയിൽ, അതിന്റെ ശരിയായ ചെലവ് മുതൽ സംഖ്യയായി കൂട്ടി മുതലിൻമേൽ കൊടുക്കേണ്ട അതേ നിരക്കിലോ, അങ്ങനെ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, പ്രതിവർഷം ഒൻപത് ശതമാനം നിരക്കിലോ ഉള്ള പലിശ സഹിതം കൊടുക്കുവാൻ പണയദാതാവിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്;

ഒടുവിൽ പറഞ്ഞ സംഗതിയിൽ ഉപചയത്തിൽനിന്ന് ഉണ്ടാകുന്ന ലാഭം വല്ലതുമുണ്ടെങ്കിൽ, അത് പണയദാതാവിന്റെ പേർക്ക് വരവ് വയ്ക്കേണ്ടതാകുന്നു.

പണയം അനുഭവപ്പണയമായിരിക്കുകയും, ഉപചയം പണയഗൃഹീതാവിന്റെ ചെലവിൽ ആർജ്ജിച്ചതായിരിക്കുകയും ചെയ്യുന്നിടത്ത്, ഉപചയത്തിൽനിന്ന് ഉദ്ഭവിക്കുന്ന ലാഭം വല്ലതുമുണ്ടെങ്കിൽ, അത്, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, അങ്ങനെ ചെലവാക്കിയ പണയത്തിൻമേൽ കൊടുക്കേണ്ട പലിശ വല്ലതുമുണ്ടെങ്കിൽ അതിലേക്ക് തട്ടിക്കഴിക്കേണ്ടതാകുന്നു.

63 ക. പണയവസ്തുവിലെ മേഹൺഡങ്ങൾ. — (1) പണയഗൃഹീതാവിന്റെ കൈവശത്തിലുള്ള പണയവസ്തുവിൽ പണയം നിലവിലുള്ളപ്പോൾ മേഹൺഡം ഉണ്ടാക്കിയിട്ടുള്ളിടത്ത്, പണയദാതാവിന് പണയം ഒഴിപ്പിക്കലിൻമേൽ, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, ആ മേഹൺഡത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്; പണയദാതാവിന് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ ഒഴികെ, അതിന്റെ ചെലവ് കൊടുക്കാൻ ബാദ്ധ്യത ഉണ്ടായിരിക്കുന്നതും അല്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും മേഹൺഡം പണയഗൃഹീതാവിന്റെ ചെലവിൽ ഉണ്ടാക്കിയതായിരിക്കുകയും, അത് വസ്തുനാശത്തിൽനിന്നോ കെട്ടുതിയിൽനിന്നോ രക്ഷിക്കുവാൻ ആവശ്യമായിരുന്നതോ അല്ലെങ്കിൽ ഇട

മതിയാകാതാവുന്നത് തടയാൻ ആവശ്യമായിരുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും പബ്ലിക് സർവൻറിന്റേയോ പബ്ലിക് അധികാരസ്ഥാനത്തിന്റേയോ നിയമാനുസൃതമായ ഉത്തരവ് അനുസരിച്ച് ഉണ്ടാക്കിയതോ ആയിരിക്കുകയും ചെയ്യുന്നിടത്ത്, പണയദാതാവിന്, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, അതിന്റെ ശരിയായ ചെലവ് മുതൽ സംഖ്യയായി കൂട്ടി മുതലിൻമേൽ കൊടുക്കേണ്ട അതേ നിരക്കിലോ, അങ്ങനെ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, പ്രതിവർഷം ഒൻപത് ശതമാനം നിരക്കിലോ ഉള്ള പലിശ സഹിതം കൊടുക്കുവാൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതും, ടി ഖണ്ഡം കാരണമായി ഉണ്ടാകുന്ന ലാഭം (അങ്ങനെ വല്ലതുമുണ്ടെങ്കിൽ) പണയദാതാവിന്റെ പേർക്ക് വരവ് വയ്ക്കേണ്ടതും ആകുന്നു.

64. <u>പണയപ്പെടുത്തിയ പാട്ടം (വാടക) ഏർപ്പാടിന്റെ പുതുക്കൽ.</u>—പണയവസ്തു പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള ഒരു ഏർപ്പാട് ആയിരിക്കുകയും, പണയഗൃഹീതാവ് ആ ഏർപ്പാട് പുതുക്കി വാങ്ങുകയും ചെയ്യുന്നിടത്ത്, പണയദാതാവിന് പണയം ഒഴിപ്പിക്കലിൻമേൽ, വിപരീതമായ അയാളുടെ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള പുതിയ ഏർപ്പാടിന്റെ ഗുണം കിട്ടുന്നതാകുന്നു.

65. <u>പണയദാതാവിന്റെ വ്യംഗ്യമായ കാൺട്രാക്റ്റുകൾ.</u>—വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ പണയദാതാവും പണയഗൃഹീതാവും ആയി,—

(ക) പണയദാതാവ് പണയഗൃഹീതാവിന് കൈമാററം ചെയ്യുന്നതായി ഭാവിക്കുന്ന അവകാശം നിലവിലുള്ളതാണെന്നും, അത് കൈമാററം ചെയ്യാൻ പണയദാതാവിന് അധികാരമുണ്ടെന്നും;

(ഖ) പണയദാതാവ് പണയവസ്തുവിൽ ഉള്ള തന്റെ ഉടമാവകാശം രക്ഷിക്കുകയോ, പണയവസ്തു പണയഗൃഹീതാവിന്റെ കൈവശത്തിലാണെങ്കിൽ, രക്ഷിക്കുവാൻ അയാൾക്ക് കഴിവുണ്ടാക്കുകയോ ചെയ്യും എന്നും,

(ഗ) പണയദാതാവ്, പണയവസ്തു പണയഗൃഹീതാവിന്റെ കൈവശത്തിൽ അല്ലാത്തിടത്തോളംകാലം, വസ്തു സംബന്ധിച്ച് കൊടുക്കാനുള്ളതായിത്തീരുന്ന എല്ലാ പബ്ലിക്ക് ചാർജ്ജുകളും കൊടുക്കും എന്നും,

(ഘ) പണയവസ്തു പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള ഏർപ്പാടായിട്ടുള്ളിടത്ത്, പണയത്തിന്റെ പ്രാരംഭംവരെ ആ ഏർപ്പാടിൻ കീഴിൽ കൊടുക്കേണ്ട പാട്ടം (വാടക) കൊടുത്തിട്ടുണ്ടെന്നും, അതിലടങ്ങിയ ഉപാധികൾ നിർവ്വഹിച്ചിട്ടുണ്ടെന്നും, ആ ഏർപ്പാടിൻമേൽ വാങ്ങിയ ആളെ ബന്ധിക്കുന്ന കാൺട്രാക്റ്റുകൾ പാലിച്ചിട്ടുണ്ടെന്നും, പണയദാതാവ്, ഈട് നിലവിലുണ്ടായിരിക്കുകയും, പണയവസ്തു പണയഗൃഹീതാവിന്റെ കൈവശത്തിലില്ലാതിരിക്കുകയും ചെയ്യുന്നിടത്തോളം, ആ ഏർപ്പാടിൽ വ്യവസ്ഥ ചെയ്തപാട്ടവും (വാടകയും); ഏർപ്പാട് പുതിക്കിയിട്ടുണ്ടെങ്കിൽ പുതുക്കിയ ഏർപ്പാടിൽ വ്യവസ്ഥ ചെയ്ത പാട്ടവും (വാടകയും) കൊടുക്കും എന്നും, അതിലടങ്ങിയ ഉപാധികൾ നിർവ്വഹിക്കും എന്നും, ആ ഏർപ്പാടിൻമേൽ വാങ്ങിയ ആളെ ബന്ധിക്കുന്ന കാൺട്രാക്റ്റുകൾ പാലിക്കും എന്നും, മേല് പറഞ്ഞ പാട്ടം (വാടക) കൊടുക്കാതിരിക്കുകയോ, ഉപാധികൾ നിർവ്വഹിക്കാതിരിക്കുകയോ, കാൺട്രാക്റ്റുകൾ പാലിക്കാതിരിക്കുകയോ, ചെയ്യുന്നത് കാരണം നേരിടുന്ന എല്ലാ അവകാശവാദങ്ങൾക്കും എതിരായി പണയഗൃഹീതാവിന് നഷ്ടോത്തരവാദം ചെയ്യും എന്നും,

(ങ) പണയം, വസ്തുവിൻമേലുള്ള രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുടിക്കടമായിട്ടുള്ളിടത്ത്, പണയദാതാവ് ഓരോ മുൻകുടിക്കടത്തിൻ മേലും കൊടുക്കുവാനുള്ളതായിത്തീരുന്ന പലിശ, അതതുസമയം, അതു കൊടുക്കാനുള്ളതായിത്തീരുന്നതോടെ കൊടുക്കും എന്നും, അങ്ങനെയുള്ള മുൻക്കുടിക്കടത്തിൻമേൽ കൊടുക്കാനുള്ള മുതൽ സംഖ്യ, ശരിയായ സമയത്ത് കൊടുത്തുതീർക്കും എന്നും;

കാൺട്രാക്ററ് ചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു.

ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള കാൺട്രാക്ററുകളുടെ ഗുണം, പണയഗൃഹീതാവിന്റെ ആ നിലയിലുള്ള അവകാശത്തോടു അനുബന്ധിച്ചിരിക്കുകയും അതോടൊപ്പം സംക്രമിക്കുകയും ചെയ്യുന്നതും, ആ അവകാശം മുഴുവനുമോ അതിലെ ഏതെങ്കിലും ഭാഗമോ, അതതുസമയം ആരിലാണോ നിക്ഷിപ്തമാകുന്നത്, അങ്ങനെയുള്ള ഏതൊരാൾക്കും പ്രാവർത്തികമാക്കാവുന്നതും ആണ്.

65 ക. പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കാൻ പണയദാതാവിനുള്ള അധികാരം.—(1)-ം (2)-ം ഉപവകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പണയദാതാവിന് പണയവസ്തു നിയമാനുസൃതം കൈവശത്തിലിരിക്കെ അതിന്റെ പണയഗൃഹീതാവിനെ ബന്ധിക്കുന്ന പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടുകൾ ഉണ്ടാക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) (ക) അങ്ങനെയുള്ള ഏതൊരു ഏർപ്പാടും ബന്ധപ്പെട്ട വസ്തുവിന്റെ ഭരണത്തിന്റെ സാധാരണഗതിയിൽ ഉണ്ടാക്കുന്നതരത്തിലുള്ളതും, ഏതു തദ്ദേശ നിയമത്തിനും ആചാരത്തിനും വഴക്കത്തിനും അനുസൃതമായതും ആയിരിക്കേണ്ടതാകുന്നു.

(ഖ) അങ്ങനെയുള്ള ഏതൊരു ഏർപ്പാടും ന്യായമായി കിട്ടാവുന്ന ഏററവും കൂടുതൽ പാട്ടത്തിന് (വാടകയ്ക്ക്) വ്യവസ്ഥ ചെയ്തിരിക്കേണ്ടതും, യാതൊരു പ്രീമിയവും കൊടുക്കുകയോ വാഗ്ദാനം ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും, യാതൊരു പാട്ടവും (വാടകയും) മുൻകൂറായി കൊടുക്കേണ്ടതായിരിക്കാൻ പാടില്ലാത്തതും, ആകുന്നു.

(ഗ) അങ്ങനെയുള്ള യാതൊരു ഏർപ്പാടിലും പുതുക്കുന്നതിനുള്ള ഉടമ്പടി അടങ്ങിയിരിക്കാൻ പാടുള്ളതല്ല.

(ഘ) അങ്ങനെയുള്ള ഏതൊരു ഏർപ്പാടും, അതു ഉണ്ടാക്കിയ തീയതി മുതൽ ആറുമാസത്തിന് അപ്പുറമുള്ളതല്ലാത്ത ഒരു തീയതി മുതൽ ഫലത്തിൽ വരുന്നതായിരിക്കേണ്ടതാണ്.

(ങ) കെട്ടിടങ്ങളുടെ വാടക ഏർപ്പാടിന്റെ സംഗതിയിൽ, അവ സ്ഥിതി ചെയ്യുന്ന ഭൂമിയോടുകൂടിയോ അല്ലാതേയോ ആയിരുന്നാലും, ആ ഏർപ്പാടിന്റെ കാലാവധി ഒരു സംഗതിയിലും മൂന്നു വർഷത്തിൽ കവിയാൻ പാടില്ലാത്തതും, ആ ഏർപ്പാടിൽ വാടക കൊടുക്കാനുള്ള ഒരു ഉടമ്പടിയും അതിൽ വിനിർദിഷ്ടമാക്കിയ സമയത്തിനുള്ളിൽ വാടക കൊടുക്കാതിരുന്നാൽ പുനർപ്രവേശനത്തിനുള്ള ഉപാധിയും അടങ്ങിയിരിക്കേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പണയാധാരത്തിൽ, വിപരീതമായ ഉദ്ദേശ്യം പ്രകടമാക്കിയിട്ടില്ലാത്തപക്ഷവും പ്രകടമാക്കാത്തിടത്തോളവും മാത്രം ബാധകമാകുന്നതും; (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പണയാധാരത്താൽ വ്യത്യാസപ്പെടുത്തുകയോ വിപുലപ്പെടുത്തുകയോ ചെയ്യാവുന്നതും,

അങ്ങനെ വ്യത്യാസപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്ത വിധത്തിൽ, അങ്ങനെ വ്യത്യാസപ്പെടുത്തിയതും വിപുലപ്പെടുത്തിയതും ആ ഉപവകുപ്പിൽ അടങ്ങിയിരുന്നാലെന്നപോലെ, കഴിയുന്നിടത്തോളം, അതേ രീതിയിലും അതുപോലെയുള്ള എല്ലാ ഉപസംഗതികളോടും പ്രഭാവത്തോടും അനന്തര ഫലങ്ങളോടും കൂടി പ്രാവർത്തികമാകുന്നതും ആണ്.

66. കൈവശമുള്ള പണയദാതാവ് ചെയ്യുന്ന നാശം.—പണയ വസ്തു കൈവശമുള്ള പണയദാതാവിന്, വസ്തു കേടുവരാൻ അനുവദിക്കുന്നതു കൊണ്ട് പണയഗൃഹീതാവിനോട് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല, എന്നാൽ അയാം അതിനെ നശിപ്പിക്കുന്നതോ അതിന് സ്ഥിരമായ ക്ഷതി ഏല്പിക്കുന്നതോ ആയ ഏതെങ്കിലും കൃത്യം, ഈടു മതിയാകാത്തതാണെങ്കിലോ അങ്ങനെയുള്ള കൃത്യം, അതു മതിയാകാത്തതാകുന്നുവെങ്കിലോ, ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—പണയ വസ്തുവിന്റെ മൂല്യം പണയത്തിൻമേൽ തൽസമയം കൊടുക്കാനുള്ള തുകയേക്കാൾ മൂന്നിലൊന്നോ, കെട്ടിടങ്ങൾ അടങ്ങിയതാണെങ്കിൽ ഒന്നു പകുതിയോ കൂടുതലായിരിക്കാത്തപക്ഷം, ഈ വകുപ്പിന്റെ അർത്ഥത്തിൽ ഈട് മതിയാകാത്തതാണ്.

## പണയഗൃഹീതാവിന്റെ അവകാശങ്ങളും ബാദ്ധ്യതകളും

67 പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ ഉള്ള അവകാശം.—വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, പണയഗൃഹീതാവിന്, പണയദ്രവ്യം തനിക്ക് കിട്ടാനുള്ളതായിത്തീർന്നതിനു ശേഷവും, പണയവസ്തുവിന്റെ പണയം ഒഴിപ്പിക്കലിനുള്ള വിധി പാസാക്കുകയോ അല്ലെങ്കിൽ പണയദ്രവ്യം കൊടുക്കുകയോ, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ നിക്ഷേപിക്കുകയോ ചെയ്തിരിക്കുന്നതിനുമുമ്പ് ഉള്ള ഏതു സമയത്തും, കോടതിയിൽ നിന്ന്, പണയദാതാവ് വസ്തുവിന്റെ പണയം ഒഴിപ്പിക്കാനുള്ള തന്റെ അവകാശത്തിൽ നിന്ന് പരിപൂർണ്ണമായ് തടയപ്പെട്ടിരിക്കുന്നുവെന്നോ അല്ലെങ്കിൽ വസ്തു വില്ക്കപ്പെടുമെന്നോ ഉള്ള വിധി ലഭിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

പണയദാതാവ് പണയ വസ്തുവിന്റെ പണയം ഒഴിപ്പിക്കലിൽ നിന്ന് പരിപൂർണ്ണമായി തടയപ്പെട്ടിരിക്കുന്നു എന്നുള്ള വിധി ലഭിക്കുന്നതിനുള്ള ഒരു വ്യവഹാരത്തിന് പണയം ഒഴിപ്പിക്കൽ നിരോധനത്തിനുള്ള വ്യവഹാരം എന്നു പേർ പറയുന്നു.

ഈ വകുപ്പിലെ യാതൊന്നും —

(ക) സോപാധിക വില്പന വഴിയുള്ള പണയഗൃഹീതാവോ അല്ലെങ്കിൽ നിബന്ധനകൾപ്രകാരം പണയം ഒഴിപ്പിക്കൽ നിരോധനത്തിന് അവകാശമുള്ള ഒരു വിലക്ഷണപ്പണയത്തിൻ കീഴിലുള്ള പണയഗൃഹീതാവോ അല്ലാത്ത ഏതെങ്കിലും പണയഗൃഹീതാവിന്, പണയം ഒഴിപ്പിക്കൽ നിരോധത്തിനുള്ള ഒരു വ്യവഹാരം ബോധിപ്പിക്കുവാനോ, അല്ലെങ്കിൽ ഒരു അനുഭോഗപ്പണയഗൃഹീതാവിന് ആ നിലയിലോ സോപാധികവില്പനവഴിയുള്ള പണയഗൃഹീതാവിന് ആ നിലയിലോ വില്പനയ്ക്കുള്ള ഒരു വ്യവഹാരം ബോധിപ്പിക്കാനോ പ്രാധികാരം നല്കുന്നതായോ;

(ഖ) പണയഗൃഹീതാവിന്റെ അവകാശങ്ങൾ അയാളുടെ ട്രസ്റ്റി ആയോ നിയമാനുസൃതപ്രതിനിധിയായോ കൈയിൽ വയ്ക്കുന്നവരും ആ വസ്തുവിന്റെ വില്പനയ്ക്ക് വ്യവഹാരപ്പെടാവുന്നവനും ആയ പണയഗൃഹീതാവിന് പണയം ഒഴിപ്പിക്കൽ നിരോധനത്തിനുള്ള വ്യവഹാരം ബോധിപ്പിക്കാൻ പ്രാധികാരം നല്കുന്നതായോ, അല്ലെങ്കിൽ

(ഗ) ഏതു് റയിൽവേയുടേയോ, കനാലിന്റേയോ, മററു നിർമ്മാണത്തിന്റേയോ സംരക്ഷണത്തിൽ പൊതുജനങ്ങൾക്ക് താൽപ്പര്യം ഉണ്ടോ, അങ്ങനെയുള്ള റയിൽവേയുടേയോ കനാലിന്റേയോ നിർമ്മാണത്തിന്റേയോ പണയഗൃഹീതാവിന് പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ ഉള്ള വ്യവഹാരം ബോധിപ്പിക്കാൻ പ്രാധികാരം നല്കുന്നതായോ, അല്ലെങ്കിൽ

(ഘ) പണയദാതാവിന്റെ സമ്മതത്തോടെ പണയഗൃഹീതാക്കൾ, പണയത്തിന് കീഴിലുള്ള തങ്ങളുടെ അവകാശങ്ങൾ വേർപെടുത്തിയിട്ടില്ലാത്ത പക്ഷം, പണയദ്രവ്യത്തിന്റെ ഒരു ഭാഗത്തിൽമാത്രം താൽപ്പര്യം ഉള്ള ഒരാൾക്ക് പണയവസ്തുവിന്റെ തൽസ്ഥാനീയമായ ഭാഗത്തെ മാത്രം സംബന്ധിക്കുന്ന വ്യവഹാരം ബോധിപ്പിക്കാൻ പ്രാധികാരം നല്കുന്നതായോ, കരുതപ്പെടുന്നതല്ല.

67 ക. പല പണയങ്ങളിൻമേൽ ഒരൊററ വ്യവഹാരം കൊണ്ടുവരാൻ പണയഗൃഹീതാവ് എപ്പോൾ ബാദ്ധ്യസ്ഥനാണെന്ന്.—ഒരേ പണയദാതാവ് കൊടുത്തിട്ടുള്ളതും ഓരോ പണയം സംബന്ധിച്ച് തനിക്ക് 67-ാം വകുപ്പിൻ കീഴിൽ ഒരേ വിധത്തിലുള്ള വിധി ലഭിക്കുന്നതിന് അവകാശമുള്ളതുമായ രണ്ടോ അതിലധികമോ പണയങ്ങൾ ഉള്ളവൻ ആയിരിക്കുകയും, ആ പണയങ്ങളിൽ ഏതെങ്കിലും ഒന്നിൻമേൽ അങ്ങനെയുള്ള വിധി ലഭിക്കുവാൻ വ്യവഹാരപ്പെടുകയും ചെയ്യുന്ന പണയഗൃഹീതാവ്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ ഏതെല്ലാം പണയങ്ങൾ സംബന്ധിച്ചാണോ പണയദ്രവ്യം കൊടുക്കുവാൻ ഉള്ളതായിത്തീർന്നിട്ടുള്ളത്, അങ്ങനെയുള്ള എല്ലാ പണയങ്ങളിൻമേലും വ്യവഹാരപ്പെടാൻ ബാദ്ധ്യസ്ഥനാകുന്നു.

68. പണയദ്രവ്യത്തിന് വ്യവഹാരപ്പെടാനുള്ള അവകാശം.—(1) പണയഗൃഹീതാവിന് പണയദ്രവ്യത്തിന് വ്യവഹാരപ്പെടാൻ താഴെപ്പറയുന്ന സംഗതികളിൽ അവകാശമുള്ളതും മററു സംഗതികളിൽ ഇല്ലാത്തതും ആകുന്നു, അതായത്:—

(ക) അത് തിരിയെ കൊടുക്കുവാൻ പണയദാതാവ് സ്വയം ബദ്ധനാകുന്നിടത്ത്,

(ഖ) പണയദാതാവിന്റേയോ പണയഗൃഹീതാവിന്റേയോ അന്യായമായ കൃത്യമോ വീഴ്ചയോ അല്ലാത്ത മറേറതെങ്കിലും കാരണത്താൽ, പണയവസ്തു മുഴുവനുമായോ ഭാഗികമായോ നശിക്കുകയോ, അല്ലെങ്കിൽ 66-ാം വകുപ്പിന്റെ അർത്ഥത്തിൽ, ഈട് മതിയാകാത്തതാക്കപ്പെടുകയോ ചെയ്യുകയും, പണയഗൃഹീതാവ് പണയദാതാവിന് മുഴുവൻ ഈടും മതിയായതാക്കുന്നതിന് വേണ്ടത്ര കൂടുതൽ ഈട് കൊടുക്കുവാൻ ന്യായമായ അവസരം നല്കിയിരിക്കുകയും, പണയദാതാവ് അപ്രകാരം ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്ത്,

(ഗ) പണയദാതാവിന്റെ അന്യായമായ കൃത്യത്താലോ വീഴ്ചയാലോ, അതിന്റെ അനന്തരഫലമായോ പണയഗൃഹീതാവിന്, തന്റെ ഈട് മുഴുവനുമായോ ഭാഗികമായോ ഇല്ലാതാക്കപ്പെടുന്നിടത്ത്,

(ഘ) പണയഗൃഹീതാവിന് പണയവസ്തുവിന്റെ കൈവശത്തിന് അവകാശം ഉണ്ടായിരിക്കേ, പണയദാതാവ് അത് അയാൾക്ക് ഡെലിവർ ചെയ്യാതിരിക്കുകയോ പണയദാതാവിന്റേയോ, അയാളുടെ അവകാശത്തിലും

ഉപരിയായ ഒരു അവകാശത്തിൻ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആളുടേയോ തടസ്സം കൂടാതെ അതിന്റെ കൈവശം സുരക്ഷിതമാക്കാതിരിക്കുകയോ ചെയ്യുന്നിടത്ത്:

എന്നാൽ, (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സംഗതിയിൽ പണയദാതാവിൽ നിന്നോ, അയാളുടെ നിയമാനുസൃത പ്രതിനിധിയിൽ നിന്നോ, കൈമാററം വാങ്ങുന്ന ആരംക്ക് എതിരായി പണയദ്രവ്യത്തിന് വ്യവഹാരപ്പെടാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിന്റേയോ (ഖ) ഖണ്ഡത്തിന്റേയോ കീഴിൽ വ്യവഹാരം കൊണ്ടുവരുന്നിടത്ത്, വിപരീതമായി ഏതെങ്കിലും കാൺട്രാക്ററ് ഉണ്ടായിരുന്നാലും, പണയഗൃഹീതാവ് അയാളുടെ ഈട് ഉപേക്ഷിക്കുകയും ആവശ്യമായി വന്നാൽ പണയവസ്തു തിരിയെ കൈമാററം ചെയ്യുകയും ചെയ്യാത്തപക്ഷം പണയവസ്തുവിനോ അതിൽ അവശേഷിക്കുന്നതിനോ എതിരായി അയാരംക്കുള്ള എല്ലാ നിവൃത്തിമാർഗ്ഗങ്ങളും പ്രയോഗിച്ചു തീർക്കുന്നതുവരെ, വ്യവഹാരങ്ങളും അതിലെ സകല നടപടികളും കോടതിക്ക്, അതിന്റെ വിവേകം മപയോഗിച്ച് നിറുത്തി വയ്ക്കാവുന്നതാണ്.

69. <u>വില്പനയ്ക്കുള്ള അധികാരം എപ്പോൾ സാധുവാണെന്ന്.</u>—(1) പണയദ്രവ്യം കൊടുക്കുവാൻ വീഴ്ചവരുത്തിയാൽ, പണയഗൃഹീതാവിനോ, അയാരംക്കുവേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആരംക്കോ, പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ കോടതിയുടെ ഇടപെടൽ കൂടാതെ വില്ക്കുന്നതിനോ, യോജിച്ച് വില്ക്കുന്നതിനോ ഈ വകുപ്പിലെ വ്യവസ്ഥകരംക്ക് വിധേയമായി, താഴെ പറയുന്ന സംഗതികളിൽ അധികാരം ഉണ്ടായിരിക്കുന്നതും മററ് സംഗതികളിൽ ഇല്ലാതിരിക്കുന്നതും ആണ്. അതായത്:—

(ക) പണയം ഇംഗ്ലീഷ് പണയം ആയിരിക്കുകയും, പണയദാതാവോ പണയഗൃഹീതാവോ ഹിന്ദുവോ, മുഹമ്മദീയനോ ബുദ്ധമതക്കാരനോ, അല്ലെങ്കിൽ ഇതിലേയ്ക്ക് അതത് സമയം സ്റേററ് ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിനിർദ്ദേശിക്കുന്ന മററ് ഏതെങ്കിലും വംശത്തിലേയോ മതവിഭാഗത്തിലേയോ ഗോത്രവർഗ്ഗത്തിലേയോ വർഗ്ഗത്തിലേയോ ഒരു അംഗമോ അല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്;

(ഖ) പണയാധാരം പണയഗൃഹീതാവിന് കോടതിയുടെ ഇടപെടൽ കൂടാതെയുള്ള വില്പനയ്ക്ക് അധികാരം പ്രകടമായി നൽകുകയും പണയഗൃഹീതാവ് ഗവൺമെന്റ് ആയിരിക്കുകയും ചെയ്യുന്നിടത്ത്;

(ഗ) പണയാധാരം പണയഗൃഹീതാവിന് കോടതിയുടെ ഇടപെടൽ കൂടാതെയുള്ള വില്പനയ്ക്ക് അധികാരം പ്രകടമായി നല്കുകയും, പണയാധാരം ഒപ്പിട്ട് പൂർത്തീകരിച്ച തീയതി പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ പട്ടണങ്ങളുടേയോ അല്ലെങ്കിൽ ഇതിലേയ്ക്കു സ്റേററ് ഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും പട്ടണത്തിന്റേയോ പ്രദേശത്തിന്റേയോ ഉള്ളിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നിടത്ത്.

(2) അങ്ങനെയുള്ള യാതൊരു അധികാരവും—

(ക) മുതൽ സംഖ്യ കൊടുക്കുവാൻ ആവശ്യപ്പെടുന്ന രേഖാമൂലമുള്ള നോട്ടീസ് പണയദാതാവിനോ അല്ലെങ്കിൽ പല പണയദാതാക്കളിൽ ഒരാരംക്കോ നടത്തിയിരിക്കുകയും, അങ്ങനെ നടത്തിയതിനുശേഷം മൂന്നുമാസം മുതൽ സംഖ്യയോ അതിന്റെ ഭാഗമോ കൊടുക്കുവാൻ വീഴ്ച്ചവരുത്തിയിരിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ബ) പണയത്തിൻകീഴിലുള്ള അഞ്ഞൂറു രൂപയോളമെങ്കിലും വരുന്ന വല്ല പലിശയും കുടിശ്ശികയാവുകയും, അത് കൊടുക്കുവാനുള്ളതായിത്തീർന്നശേഷം മൂന്നുമാസമായി നല്കപ്പെടാതിരിക്കുകയും ചെയ്യുകയോ, ചെയ്യാത്തപക്ഷവും ചെയ്യുന്നതുവരെയും, പ്രയോഗിക്കുവാൻ പാടുള്ളതല്ല.

(3) അങ്ങനെയുള്ള അധികാരം പ്രയോഗിക്കുകയാണെന്ന് ഭാവിച്ചുകൊണ്ട് ഒരു വില്പന നടത്തിയിട്ടുള്ളപ്പോൾ, വില്പനയ്ക്ക് പ്രാധികാരം നല്കുന്നതിനു സംഗതി ഉണ്ടായിരുന്നില്ലെന്നോ മുൻപ്രകാരമുള്ള നോട്ടീസ് നൽകിയില്ലെന്നോ അധികാരം മററു വിധത്തിൽ ശരിയായല്ലാതെയോ ക്രമവിരുദ്ധമായോ പ്രയോഗിക്കപ്പെട്ടുവെന്നോ ഉള്ള കാരണത്തിൻമേൽ ക്രേതാവിന്റെ ഉടമാവകാശം ചോദ്യം ചെയ്യാവുന്നതല്ല; എന്നാൽ പ്രാധികാരം നല്കപ്പെടാത്തതോ അല്ലെങ്കിൽ ശരിയല്ലാത്തതോ ക്രമവിരുദ്ധമായതോ ആയ അധികാരപ്രയോഗത്താൽ നഷ്ടം സംഭവിച്ചിട്ടുള്ള ഏതാൾക്കും ആ അധികാരം പ്രയോഗിക്കുന്ന ആൾക്കെതിരായി നഷ്ടപരിഹാരനിവൃത്തി ഉണ്ടായിരിക്കുന്നതാണ്.

(4) വില്പനയിൽ നിന്ന് ഉളവാകുന്നതും വില്പന ഏതു് മുൻകുടികടങ്ങൾക്കാണോ വിധേയമാക്കിയിട്ടില്ലാത്തത്, അങ്ങനെയുള്ള മുൻകുടികടങ്ങളുടെ, അങ്ങനെ വല്ലതുമുണ്ടെങ്കിൽ, ബാദ്ധ്യത തീർത്തതിനു ശേഷമോ, അല്ലെങ്കിൽ ഏതെങ്കിലും മുൻകുടികടം കൊടുത്തു തീർക്കുന്നതിനായി 57-ാം വകുപ്പിൻ കീഴിൽ ഒരു തുക കോടതിയിൽ അടച്ചതിനു ശേഷമോ, പണയഗൃഹീതാവിന് കിട്ടുന്നതുമായ പണം, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, ഒന്നാമതായി വില്പനയ്ക്കോ വില്പനയ്ക്കുള്ള ഏതെങ്കിലും ശ്രമത്തിനോ ആനുഷംഗികമായി ശരിയാംവണ്ണം അയാൾക്ക് നേരിടുന്ന എല്ലാ ചെലവും ചാർജ്ജുകളും വ്യയങ്ങളും കൊടുക്കുന്നതിനും, രണ്ടാമതായി പണയദ്രവ്യവും പണയത്തിൻ കീഴിൽ കൊടുക്കുവാനുള്ള ചെലവും മററ് സംഖ്യകളും, അങ്ങനെ വല്ലതുമുണ്ടെങ്കിൽ, കൊടുക്കുവാൻ ഉപയോഗിക്കുന്നതിലേയ്ക്കു ഒരു ട്രസ്ററായി അയാൾ കൈയിൽവയ്ക്കേണ്ടതും, അപ്രകാരം കിട്ടിയ സംഖ്യയിൽ ബാക്കിയുള്ളത് പണയവസ്തുവിനു അവകാശപ്പെട്ട ആൾക്കോ അതു വിററു കിട്ടിയ തുകയ്ക്ക് രസീത് കൊടുക്കുവാൻ പ്രാധികാരം നല്കപ്പെട്ട ആൾക്കോ കൊടുക്കേണ്ടതും ആകുന്നു.

(5) ഈ വകുപ്പിലെയോ അല്ലെങ്കിൽ 69 ക വകുപ്പിലെയോ യാതൊന്നും 1882 ജൂലൈ 1-ാം തീയതിക്കു മുൻപു നല്കിയിട്ടുള്ള അധികാരങ്ങൾക്ക് ബാധകമാകുന്നതല്ല.

69ക. <u>റിസീവറെ നിയമിക്കൽ.</u>— (1) 69-ാം വകുപ്പിൻ കീഴിൽ വില്പനാധികാരം പ്രയോഗിക്കുവാൻ അവകാശമുള്ള പണയഗൃഹീതാവിന് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, താനോ തനിക്കു വേണ്ടിയോ ഒപ്പിട്ട ലിഖിതത്താൽ പണയ വസ്തുവിന്റേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ ആദായത്തിന് റിസീവറെ നിയമിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) പണയഗൃഹീതാവിന് പണയാധാരത്തിൽ പേരു പറഞ്ഞിട്ടുള്ളവനും റിസീവറായി പ്രവർത്തിക്കാൻ ഒരുക്കവും കഴിവും ഉള്ളവനുമായ ഏതെങ്കിലും ആളെ നിയമിക്കാവുന്നതാണ്.

അപ്രകാരം ആരുടേയും പേര് പറഞ്ഞിട്ടില്ലെങ്കിലോ, പേര് പറഞ്ഞിട്ടുള്ള എല്ലാവർക്കും പ്രവർത്തിക്കുവാൻ കഴിവോ ഒരുക്കമോ ഇല്ലാതിരിക്കുകയോ അവർ മരിച്ചുപോയിരിക്കുകയോ ചെയ്യുകയാണെങ്കിലോ, പണയഗൃഹീതാവിന്, പണയദാതാവ്, നിയമിക്കുന്നതിന് സമ്മതിക്കുന്ന ഏതെങ്കിലും

ആളെ നിയമിക്കാവുന്നതാണ്; അങ്ങനെ സമ്മതിക്കാത്ത പക്ഷം റിസീവറെ നിയമിക്കുവാൻ പണയഗൃഹീതാവിന് കോടതിയോട് അപേക്ഷിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതും കോടതി നിയമിക്കുന്ന ഏതെങ്കിലും ആൾ പണയഗൃഹീതാവിനാൽ മുറപ്രകാരം നിയമിക്കപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

പണയഗൃഹീതാവും പണയദാതാവും ഒപ്പിട്ട, അല്ലെങ്കിൽ അവർക്കു വേണ്ടി ഒപ്പിട്ട ലിഖിതത്താലോ, അല്ലെങ്കിൽ അവരിൽ ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലും, തക്കതായ കാരണം കാണിക്കുന്നതിൻമേലും, കോടതിയാലോ റിസീവർ ഏതു സമയത്തു നീക്കം ചെയ്യപ്പെടാവുന്നതാണ്.

റിസീവർ ഉദ്യോഗത്തിലെ ഒഴിവ് ഈ ഉപവകുപ്പിലുള്ള വ്യവസ്ഥകൾ അനുസരിച്ച് നികത്താവുന്നതാണ്.

(3) ഈ വകുപ്പ് നല്കുന്ന അധികാരങ്ങളിൻകീഴിൽ നിയമിതനാകുന്ന റിസീവർ പണയദാതാവിന്റെ ഏജന്റായി കരുതപ്പെടുന്നതാകുന്നു; റിസീവറുടെ കൃത്യങ്ങൾക്കോ വീഴ്ചകൾക്കോ പണയാധാരം മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യാത്ത പക്ഷമോ അല്ലെങ്കിൽ അങ്ങനെയുള്ള കൃത്യങ്ങളോ വീഴ്ചകളോ പണയഗൃഹീതാവിന്റെ ശരിയല്ലാത്ത ഇടപെടൽമൂലം ഉണ്ടായവയല്ലാത്തപക്ഷമോ, പണയദാതാവ് മാത്രം ഉത്തരവാദി ആയിരിക്കുന്നതുമാണ്.

(4) റിസീവർക്ക്, താൻ ഏത് ആദായത്തിനാണോ റിസീവറായി നിയമിക്കപ്പെട്ടിട്ടുള്ളത്, ആ ആദായമെല്ലാം ആവശ്യപ്പെടുന്നതിനും പണയദാതാവിന് വ്യയനം ചെയ്യാവുന്ന അവകാശം മുഴുവൻ സംബന്ധിച്ചിടത്തോളം പണയദാതാവിന്റെയോ പണയഗൃഹീതാവിന്റെയോ പേരിൽ വ്യവഹാരം വഴിയോ, വിധി നടത്തൽ വഴിയോ മററു വിധത്തിലോ വസൂലാക്കുന്നതിനും, അതനുസരിച്ച് അതിന് സാധുവായ രസീത് കൊടുക്കുന്നതിനും, ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് പണയഗൃഹീതാവ് അയാൾക്ക് പ്രത്യായോജനം ചെയ്തിരിക്കാവുന്ന ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(5) റിസീവർക്ക് പണം കൊടുക്കുന്ന ആൾ റിസീവറുടെ നിയമനം സാധുവാണോ അല്ലയോ എന്ന് അന്വേഷിക്കേണ്ട കാര്യം ഇല്ലാത്തതാകുന്നു.

(6) റിസീവർക്ക് തന്റെ വേതനത്തിനും റിസീവർ എന്ന നിലയിൽ തനിക്ക് നേരിടുന്ന എല്ലാ ചെലവും ചാർജ്ജുകളും വ്യയങ്ങളും കൊടുത്തു തീർക്കുന്നതിനും ആയി, തനിക്ക് കിട്ടുന്ന ഏതെങ്കിലും പണത്തിൽ നിന്ന്, തന്റെ നിയമനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ളതും കിട്ടുന്ന എല്ലാ പണത്തിന്റെയും മൊത്തം തുകയിൻമേൽ അഞ്ചു ശതമാനത്തിൽ കവിയാത്തതുമായ നിരക്കിലും അങ്ങനെ നിരക്ക് വിനിർദ്ദേശിച്ചിട്ടില്ലെങ്കിൽ, ആ മൊത്തം തുകയിൻമേൽ അഞ്ചു ശതമാനം നിരക്കിലും അല്ലെങ്കിൽ അയാൾ ആ ആവശ്യത്തിലേക്ക് ബോധിപ്പിക്കുന്ന അപേക്ഷയിൻമേൽ അനുവദിക്കുന്നതുകയുക്തമെന്നു കോടതിയ്ക്ക് തോന്നുന്ന മററ് നിരക്കിലും ഒരു കമ്മീഷൻ എടുക്കുവാൻ അവകാശമുള്ളതാകുന്നു.

(7) റിസീവർ, തനിക്ക് കിട്ടുന്ന പണത്തിൽ നിന്ന് പണയഗൃഹീതാവ് രേഖാമൂലം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, പണയഗൃഹീതാവ് ഇൻഷ്വർ ചെയ്യുമായിരുന്നുവെങ്കിൽഎത്രയ്ക്ക് ഇൻഷ്വർ ചെയ്യുമായിരുന്നുവോ, അത്രയ്ക്ക് ഇൻഷ്വർ ചെയ്യപ്പെടാവുന്ന സ്വഭാവത്തിലുള്ള പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ, തീപിടിത്തത്താലുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ എതിരായി ഇൻഷ്വർ ചെയ്യുകയും ഇൻഷ്വറൻസ് നിലനിറുത്തി വച്ചുപോരുകയും ചെയ്യേണ്ടതാകുന്നു.

(8) ഇൻഷ്വറൻസ് പണത്തിന്റെ വിനിയോഗം സംബന്ധിച്ച ഈ ആക്റ്റിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി,

റിസീവർ തനിക്ക് കിട്ടുന്ന എല്ലാ പണവും താഴെ പറയും പ്രകാരം, അതായത്:—

(i) പണയ വസ്തുവിനെ ബാധിക്കുന്ന എല്ലാ പാട്ടവും (വാടകയും) നികുതിയും, ഭൂനികുതിയും റേറ്റുകളും ചെലവുകളും, അവ ഏതായാലും, കൊടുത്തുതീർക്കുന്നതിന്;

(ii) എല്ലാ പ്രതിവർഷസംഖ്യകളും അല്ലെങ്കിൽ കൊടുക്കേണ്ടതായ മററു തുകകളും, അയാൾ ഏതു് പണയത്തിന്റെ അവകാശം സംബന്ധിച്ച റിസീവറാണോ, ആ പണയത്തേക്കാൾ മുൻഗണനയുള്ള എല്ലാ മുതൽ സംഖ്യകളിൻമേലും, ഉള്ള പലിശയും ഒതുക്കിത്തീർക്കുന്നതിനും ;

(iii) തന്റെ കമ്മീഷനും, തീ പിടിത്തത്തിന് എതിരായ ഇൻഷ്വറൻസുകളിൻമേലോ ലൈഫ് ഇൻഷ്വറൻസുകളിൻമേലോ മററ് ഇൻഷ്വറൻസുകളിൻമേലോ, പണയാധാരത്തിൻ കീഴിലോ ഈ ആക്റ്റിൻ കീഴിലോ ശരിയാംവണ്ണം കൊടുക്കേണ്ട പ്രീമിയങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവയും, പണയഗൃഹീതാവ് രേഖാമൂലം നിദേശിക്കുന്നതും ആവശ്യമായതോ ശരിയായതോ ആയ റിപ്പയറുകൾ നിർവഹിക്കുന്നതിനുമുള്ള ചെലവും കൊടുക്കുന്നതിനും;

(iv) പണയത്തിൻകീഴിൽ കൊടുക്കാനുള്ളതായിത്തീരുന്ന പലിശ കൊടുക്കുന്നതിനും;

(v) പണയഗൃഹീതാവ് രേഖാമൂലം നിദേശിക്കുന്നുവെങ്കിൽ, മുതൽ സംഖ്യകൊടുത്തു തീർക്കുന്നതിനും അല്ലെങ്കിൽ കൊടുത്തുതീർക്കുന്നതിലേക്കും;

വിനിയോഗിക്കേണ്ടതും, തനിക്ക് കിട്ടിയ പണത്തിൽ ബാക്കി വല്ലതുമുണ്ടെങ്കിൽ, അത് റിസീവർക്ക് കൈവശം ഇല്ലായിരുന്നുവെങ്കിൽ, ഏത് ആദായത്തിനാണോ തന്നെ റിസീവറായി നിയമിച്ചിട്ടുള്ളത്, ആ ആദായം കിട്ടാൻ അവകാശം ഉണ്ടാകുമായിരുന്നതോ അല്ലെങ്കിൽ മററു വിധത്തിൽ പണയ വസ്തുവിന് അവകാശമുള്ളതോ ആയ ആൾക്ക് നല്കേണ്ടതും ആകുന്നു.

(9) ഉപവകുപ്പ് (1)-ലെ വ്യവസ്ഥകൾ, പണയാധാരത്തിൽ വിപരീതമായ ഉദ്ദേശ്യം പ്രകടമാക്കിയിട്ടില്ലാത്തപക്ഷവും പ്രകടമാക്കാത്തിടത്തോളവും മാത്രം ബാധകമാകുന്നതും, (3) മുതൽ (8) ഉൾപ്പെടെയുള്ള ഉപവകുപ്പുകൾ പണയാധാരത്താൽ വ്യത്യാസപ്പെടുത്തുകയോ വിപുലപ്പെടുത്തുകയോ ചെയ്യാവുന്നതും, അപ്രകാരംവ്യത്യാസപ്പെടുത്തുകയോ വിപുലപ്പെടുത്തുകയോ ചെയ്ത വിധത്തിൽ, അങ്ങനെ വ്യത്യാസപ്പെടുത്തിയതും വിപുലപ്പെടുത്തിയതും ആയ ഉപവകുപ്പുകളിൽ അടങ്ങിയിരുന്നാലെന്നപോലെ കഴിയുന്നിടത്തോളം അതേ രീതിയിലും അതുപോലുള്ള എല്ലാ ഉപസംഗതികളോടും പ്രഭാവത്തോടും അനന്തരഫലങ്ങളോടും കൂടി പ്രാവർത്തികമാകുന്നതും ആണ്.

(10) ഒരു വ്യവഹാരം ആരംഭിക്കാതെ പണയവസ്തുവിന്റെ മാനേജ്മെന്റോ ഭരണമോ സംബന്ധിച്ച്, കോടതിയുടെ അഭിപ്രായത്തിൽ സമ്മറിയായി തീർപ്പ് ചെയ്യുന്നത് ശരിയല്ലാത്തതും വിഷമതയോ പ്രാധാന്യമോ ഉള്ള പ്രശ്നങ്ങൾ അല്ലാത്തതുമായ അപ്പപ്പോഴുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ കോടതിയുടെ അഭിപ്രായത്തിനോ ഉപദേശത്തിനോ നിദേശത്തിനോ വേണ്ടി അപേക്ഷ കൊടുക്കാവുന്നതാണ്. അങ്ങനെയുള്ള അപേക്ഷയുടെ പകർപ്പ്, അപേക്ഷയിൽ, താല്പര്യമുള്ളവരിൽ കോടതിയ്ക്ക് യുക്തമെന്നു തോന്നുന്ന ആളുകൾക്ക് നടത്തേണ്ടതും, അതിന്റെ ഹിയറിങ്ങിൽ അവർക്ക് ഹാജരാകാവുന്നതുമാണ്.

ഈ ഉപവകുപ്പിൻ കീഴിലുള്ള ഏതൊരു അപേക്ഷയുടേയും ചെലവ് കോടതി വിവേകമുപയോഗിച്ച് നല്കുന്നതാണ്.

(11) ഈ വകുപ്പിൽ "കോടതി" എന്നാൽ പണയം പ്രാവർത്തികമാക്കാനുള്ള വ്യവഹാരത്തിൽ അധികാരിത ഉണ്ടാകുന്ന കോടതി എന്നർത്ഥമാകുന്നു.

70. പണയവസ്തുവിനുള്ള ഉപചയം.—പണയത്തീയതിക്കുശേഷം പണയവസ്തുവിന് ഏതെങ്കിലും ഉപചയം ഉണ്ടാക്കപ്പെടുന്നുവെങ്കിൽ, വിപരീതമായ കാൺട്രാക്ടിന്റെ അഭാവത്തിൽ, പണയഗൃഹീതാവിന് ഈടിന്റെ ആവശ്യങ്ങൾക്ക്, അങ്ങനെയുള്ള ഉപചയത്തിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ക പുഴവക്കത്തുള്ള ഒരു നിലം ഖ യ്ക്ക് പണയപ്പെടുത്തുന്നു. എക്കൽ അടിഞ്ഞു നിലം വലുതാകുന്നു. അങ്ങനെ വലുതായതിന് ഖ യ്ക്ക് തന്റെ ഈടിന്റെ ആവശ്യങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(ഖ) ക, കെട്ടിടം വയ്ക്കാനുള്ള ഭൂമിയുടെ ഒരു പ്ലാട്ട് ഖ യ്ക്ക് പണയപ്പെടുത്തുകയും ആ പ്ലാട്ടിൽ ഒരു വീട് പണിയിക്കുകയും ചെയ്യുന്നു. ഖ യ്ക്ക് തന്റെ ഈടിന്റെ ആവശ്യങ്ങൾക്ക് ആ വീടിനും പ്ലാട്ടിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

71. പണയപ്പെടുത്തിയ പാട്ടത്തിനു (വാടകയ്ക്കുള്ള ഏർപ്പാടിന്റെ പുതുക്കൽ.—പണയവസ്തു പാട്ടത്തിനു (വാടകയ്ക്കുള്ള ഒരു ഏർപ്പാടായിരിക്കുകയും പണയദാതാവ് ആ ഏർപ്പാട് പുതുക്കി വാങ്ങിക്കുകയും ചെയ്യുമ്പോൾ, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, പണയഗൃഹീതാവിന് ഈടിന്റെ ആവശ്യങ്ങൾക്ക് ആ പുതിയ ഏർപ്പാടിന് അവകാശമുണ്ടായിരിക്കുന്നതാണ്.

72. കൈവശമുള്ള പണയഗൃഹീതാവിന്റെ അവകാശങ്ങൾ. — പണയഗൃഹീതാവിന്,—

(ക) [വിട്ടുകളഞ്ഞു]

(ഖ) പണയവസ്തു നാശത്തിൽനിന്നോ നഷ്ടപ്പെടലിൽനിന്നോ വിലയിടിവിൽനിന്നോ രക്ഷിക്കുന്നതിനും;

(ഗ) പണയദാതാവിന് വസ്തുവിലുള്ള ഉടമാവകാശത്തെ പിൻതാങ്ങുന്നതിനും;

(ഘ) അതിലുള്ള തന്റെ സ്വന്തം ഉടമാവകാശം പണയദാതാവിനെതിരെ തെളിയിക്കുന്നതിനും;

(ങ) പണയവസ്തു പുതുക്കാവുന്നതോ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടോ അവകാശമാണെങ്കിൽ ആ ഏർപ്പാട് പുതുക്കുന്നതിനും;

ആവശ്യമുള്ള പണം ചെലവാക്കാവുന്നതും, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, അങ്ങനെയുള്ള പണം മുതലിൻമേൽ കൊടുക്കേണ്ട പലിശ, നിരക്കിലും അങ്ങനെ നിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത്, പ്രതിവർഷം ഒൻപതു ശതമാനം നിരക്കിലും മുതൽ സംഖ്യയോട് കൂട്ടാവുന്നതാണ്;

എന്നാൽ, വസ്തു രക്ഷിക്കുന്നതിനോ ഉടമാവകാശം പിൻതാങ്ങുന്നതിനോ ശരിയായ നടപടികൾ വേണ്ട സമയത്ത് എടുക്കുവാൻ പണയദാതാവിനോട് ആവശ്യപ്പെടുകയും, അയാൾ അങ്ങനെ ചെയ്യാതിരിക്കുകയും ചെയ്യാത്ത പക്ഷം, (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ കീഴിൽ പണയഗൃഹീതാവ് പണം ചെലവിടുന്നത് ആവശ്യമുള്ളതായി കരുതപ്പെടുന്നതല്ല.

വസ്തു, ഇൻഷ്വർ ചെയ്യേണ്ട സ്വഭാവത്തിലുള്ളതായിട്ടുള്ളിടത്ത്, വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, പണയഗൃഹീതാവിന് അങ്ങനെയുള്ള വസ്തു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ തീപിടിത്തത്താലുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ എതിരായി ഇൻഷ്വർ ചെയ്യുകയും ഇൻഷ്വർ ചെയ്തു വച്ചുപോരുകയുംകൂടി ചെയ്യാവുന്നതാകുന്നു; അങ്ങനെയുള്ള ഏതെങ്കിലും ഇൻഷ്വറൻസിന് കൊടുക്കുന്ന പ്രീമിയങ്ങൾ മുതലിൻമേൽ കൊടുക്കേണ്ട പലിശയുടെ അതേ നിരക്കിലോ, നിരക്ക് നിജപ്പെടുത്തിയിട്ടില്ലാത്തിടത്ത്, പ്രതിവർഷം ഒൻപത് ശതമാനം നിരക്കിലോ ഉള്ള പലിശയോടുകൂടി മുതൽസംഖ്യയോട് കൂട്ടാവുന്നതും ആകുന്നു. എന്നാൽ അങ്ങനെയുള്ള ഇൻഷ്വറൻസ് തുക ഇതിലേയ്ക്ക് പണയാധാരത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള തുകയേയോ, തുക വിനിർദ്ദേശിച്ചിട്ടില്ലെങ്കിൽ, ഇൻഷ്വർ ചെയ്ത വസ്തു മുഴുവൻ നശിച്ചുപോകുന്നതായാൽ അത് പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ട സംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗത്തേയോ കവിയാൻ പാടുള്ളതല്ല.

ഇൻഷ്വർ ചെയ്യുന്നതിന് പണയഗൃഹീതാവിന് ഇതിനാൽ പ്രാധികാരം നല്കുന്നത്ര തുകയ്ക്ക് പണയദാതാവോ അയാൾക്ക് വേണ്ടിയോ വസ്തു ഇൻഷ്വർചെയ്തു വച്ചുപോരുമ്പോൾ, ഈ വകുപ്പിലെ യാതൊന്നും പണയഗൃഹീതാവിന് ഇൻഷ്വർ ചെയ്യാൻ പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല.

73. <u>റവന്യൂ വില്പനയിൽ വിററു കിട്ടുന്ന തുകയ്ക്കോ ആർജ്ജിക്കപ്പെടുമ്പോൾ പ്രതിഫലത്തിനോ ഉള്ള അവകാശബന്ധം.</u>—(1) പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അവകാശബന്ധമോ ആ വസ്തു സംബന്ധിച്ചുള്ള റവന്യൂ കുടിശ്ശികകളോ പബ്ലിക്ക് സ്വഭാവമുള്ള മററ് ചാർജ്ജുകളോ പാട്ടമോ (വാടകയോ) കൊടുക്കാതിരിക്കുന്നതു കാരണം വില്ക്കപ്പെടുകയും, അങ്ങനെ കൊടുക്കാതിരിക്കുന്നത് പണയഗൃഹീതാവിന്റെ ഏതെങ്കിലും വീഴ്ചയിൽനിന്ന് ഉദ്ഭവിച്ചതല്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, പണയഗൃഹീതാവിന് കുടിശ്ശികകളും നിയമം നിർദേശിക്കുന്ന എല്ലാ ചാർജ്ജുകളും കിഴിവുകളും കൊടുത്തതിനുശേഷം വിററുകിട്ടുന്ന തുകയിൽ ബാക്കിയാകുന്ന ഏതെങ്കിലും മിച്ചത്തിൽനിന്ന് പണയദ്രവ്യം മുഴുവനായോ ഭാഗികമായോ കിട്ടണമെന്നവകാശപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അവകാശമോ ഭൂമി ആർജ്ജിക്കൽ ആക്റ്റ്, 1894 (1894-ലെ 1)-ൻ കീഴിലോ, അല്ലെങ്കിൽ സ്ഥാവരവസ്തുവിന്റെ നിർബന്ധപൂർവ്വമുള്ള ആർജ്ജിക്കലിന് വ്യവസ്ഥ ചെയ്യുന്ന, തൽസമയം പ്രാബല്യത്തിലിരിക്കുന്ന മററേതെങ്കിലും നിയമത്തിൻകീഴിലോ, ആർജ്ജിക്കപ്പെടുന്നിടത്ത്, പണയഗൃഹീതാവിന് പണയദാതാവിനു കൊടുക്കുവാനുള്ള പ്രതിഫലത്തിൽനിന്ന് പണയദ്രവ്യം മുഴുവനുമായോ ഭാഗികമായോ കിട്ടണമെന്ന് അവകാശപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള അവകാശവാദങ്ങൾക്ക് മുൻ കുടികിടക്കാരുടേതൊഴിച്ചുള്ള മറെറല്ലാ അവകാശവാദങ്ങൾക്കുമെതിരായി അധിപ്രാഭവം ഉണ്ടായിരിക്കുന്നതും, അവ പണയത്തിൻമേലുള്ള മുതൽ സംഖ്യ കിട്ടാനുള്ളതായി തീർന്നിട്ടില്ലെങ്കിൽപ്പോലും, പ്രാവർത്തികമാക്കാവുന്നതും ആണ്.

74. (മുൻ പണയഗൃഹീതാവിന് പണം കൊടുത്തുതീർക്കാനുള്ള പിൻ പണയഗൃഹീതാവിന്റെ അവകാശം) വസ്തു കൈമാററ (ഭേദഗതി) ആക്റ്റ്, 1929 (1929-ലെ 20) 39-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

75. (മുൻ പണയഗൃഹീതാവിനും പിൻപണയഗൃഹീതാവിനും എതിരായി ഇടയിലുള്ള പണയഗൃഹീതാവിന്റെ അവകാശങ്ങൾ) അതേ ആക്റ്റ്, 39-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

76. കൈവശമുള്ള പണയഗൃഹീതാവിന്റെ ബാദ്ധ്യതകൾ.—പണയം തുടരുന്നകാലം പണയഗൃഹീതാവ് പണയവസ്തു കൈവശമെടുക്കുന്നതായാൽ,—

(ക) അയാൾ വസ്തു സാധാരണ വിവേകമുള്ള ഒരാൾ അത് തന്റെ സ്വന്തമായിരുന്നാൽ എങ്ങനെ മാനേജ് ചെയ്യുമോ അങ്ങനെ മാനേജ് ചെയ്യണം;

(ഖ) അയാൾ അതിലെ പാട്ടവും (വാടകയും) ലാഭവും പിരിക്കുന്നതിന് ആവുന്നത്ര യത്നിക്കണം;

(ഗ) വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ, അയാൾ വസ്തുവിന്റെ ആദായത്തിൽനിന്ന് അങ്ങനെ കൈവശമുള്ള കാലത്ത് വസ്തു സംബന്ധിച്ച് കൊടുക്കുവാനുള്ളതായിത്തീരുന്ന ഗവൺമെൻറ് റവന്യൂവും, പബ്ലിക് സ്വഭാവമുള്ള മററ് എല്ലാ ചാർജ്ജുകളും, എല്ലാ പാട്ടവും (വാടകയും), പാട്ടത്തിന്റെയോ (വാടകയുടേയോ) ഏത് കുടിശ്ശിക കൊടുക്കുവാൻ വീഴ്ചവരുത്തിയാൽ ആണോ വസ്തു സമ്മറിയായി വില്ക്കപ്പെടാവുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കുടിശ്ശികയും കൊടുക്കണം;

(ഘ) വിപരീതമായ കാൺട്രാക്റ്റിന്റെ അഭാവത്തിൽ (ഗ) ഖണ്ഡത്തിൽ കൊടുക്കുവാൻ പറഞ്ഞിട്ടുള്ള തുകയും മുതൽ സംഖ്യയിൻമേലുള്ള പലിശയും കിഴിവുചെയ്ത ശേഷമുള്ള വസ്തുവിന്റെ ആവശ്യമായ ഏത് റിപ്പയർകൾക്കുള്ള പണം ആണോ വസ്തുവിന്റെ പാട്ടത്തിൽ (വാടകയിൽ) നിന്നും ലാഭത്തിൽനിന്നും അയാൾക്ക് കൊടുക്കുവാൻ കഴിയുന്നത്, അങ്ങനെയുള്ള റിപ്പയറുകൾ ചെയ്യണം;

(ങ) അയാൾ വസ്തുവിന് നാശമോ സ്ഥിരമായ ക്ഷതിയോ ഏല്പിക്കുന്ന യാതൊരു കൃത്യവും ചെയ്യുവാൻ പാടുള്ളതല്ല;

(ച) വസ്തു മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ തീപിടിത്തത്താലുള്ള നഷ്ടത്തിനോ നാശത്തിനോ എതിരായി അയാൾ ഇൻഷ്വർ ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള നഷ്ടമോ നാശമോ ഉണ്ടാകുന്നതായാൽ പാളിസിക്കു കീഴിൽ അയാൾക്ക് യഥാർത്ഥമായി കിട്ടുന്ന ഏതെങ്കിലും പണമോ, അതിൽ ആവശ്യമുള്ളത്ര പണമോ, വസ്തു പൂർവ്വസ്ഥിതിയിലാക്കുന്നതിലേയ്ക്കോ, അല്ലെങ്കിൽ പണയദാതാവ് നിർദ്ദേശിക്കുന്നുവെങ്കിൽ, പണയദ്രവ്യം കുറയ്ക്കുന്നതിനോ കൊടുത്തുതീർക്കുന്നതിനോ അയാൾ ഉപയോഗിക്കണം;

(ഛ) അയാൾ, പണയഗൃഹീതാവ് എന്ന നിലയിൽ അയാൾക്ക് കിട്ടിയിട്ടുള്ളതും അയാൾ ചെലവാക്കിയിട്ടുള്ളതുമായ എല്ലാ തുകകളുടേയും വിശദവും പൂർണ്ണവും കൃത്യവുമായ കണക്കുകൾ വച്ചുപോരുകയും പണയം തുടരുന്നടത്തോളം ഏതു സമയത്തും പണയദാതാവിന് അയാളുടെ അപേക്ഷയിൻമേലും ചെലവിൻമേലും, അങ്ങനെയുള്ള കണക്കുകളുടേയും അവയെ പിൻതാങ്ങുന്ന വൗച്ചറുകളുടേയും ശരിപ്പകർപ്പുകൾ കൊടുക്കുകയും ചെയ്യണം;

(ജ) പണയവസ്തുവിൽനിന്നുള്ള അയാളുടെ വരവുകളോ അല്ലെങ്കിൽ, അങ്ങനെയുള്ള വസ്തു അയാൾ നേരിട്ട് കൈവശം വയ്ക്കുന്നിടത്ത്, അതു സംബന്ധിച്ച് ന്യായമായ കൈവശം—പാട്ടമോ അല്ലെങ്കിൽ കൈവശം—വാടകയോ വസ്തു മാനേജ് ചെയ്യുന്നതിനും പാട്ടവും (വാടകയും) ലാഭവും പിരിക്കുന്നതിനും (ഗ) (ഘ) ഖണ്ഡങ്ങളിൽ പറഞ്ഞ മററ് ചെലവുകൾക്കുമായി ശരിക്ക് നേരിട്ടിട്ടുള്ള ചെലവുകളും, അതിൻമേലുള്ള പലിശയും കിഴിവ് ചെയ്ത ശേഷം അയാൾക്ക് പലിശവകയിൽ അതതു സമയം കൊടുക്കുവാനുള്ള തുക (വല്ലതുമുണ്ടെങ്കിൽ) കുറയ്ക്കുവാനും അങ്ങനെയുള്ള വരവുകൾ കൊടുക്കുവാനുള്ള പലിശയേക്കാൾ അധികമായിടത്തോളം പണയദ്രവ്യം കുറയ്ക്കുകയോ കൊടുത്തുതീർക്കുകയോ ചെയ്യുവാനുമായി, അയാൾക്കെതിരെ കണക്കിൽ ചെലവ് എഴുതേണ്ടതും മിച്ചം വല്ലതുമുണ്ടെങ്കിൽ പണയദാതാവിന് കൊടുക്കേണ്ടതും ആകുന്നു.

(ഝ) പണയത്തിൻമേൽ തൽസമയം കൊടുക്കാനുള്ള സംഖ്യ പണയദാതാവ്, ഇതിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ടെൻഡർ ചെയ്യുകയോ കെട്ടിവയ്ക്കുകയോ ചെയ്യുമ്പോൾ, പണയഗൃഹീതാവ് ഈ വകുപ്പിലെ മററ് ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ എന്തുതന്നെയായിരുന്നാലും, അതതു സംഗതിപോലെ, ടെൻഡറിന്റെ തീയതി മുതല്ക്കോ അയാൾക്ക് ആ സംഖ്യ കോടതിയിൽനിന്ന് എടുക്കാവുന്ന ഏററവും നേരത്തെയുള്ള സമയം മുതല്ക്കോ, പണയവസ്തുവിൽനിന്നുള്ള വരവുകൾക്ക് കണക്കു പറയണം; അവയിൽനിന്ന് അങ്ങനെയുള്ള തീയതിക്കോ സമയത്തിനോ ശേഷം പണയവസ്തു സംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ചെലവുകളുടെ വകയിൽ ഏതെങ്കിലും സംഖ്യ കിഴിവ് ചെയ്യുന്നതിന് അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതുമല്ല.

അയാളുടെ വീഴ്ചയാലുണ്ടാകുന്ന നഷ്ടം. — പണയഗൃഹീതാവ് ഈ വകുപ്പ് അയാളുടെ മേൽ ചുമത്തുന്ന കർത്തവ്യങ്ങളിൽ ഏതെങ്കിലും നിർവ്വഹിക്കാതിരിക്കുന്നുവെങ്കിൽ, ഈ അദ്ധ്യായത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന വിധിയനുസരിച്ച് കണക്കുകൾ എടുക്കുമ്പോൾ, അങ്ങനെ ചെയ്യാതിരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നഷ്ടം വല്ലതും ഉണ്ടെങ്കിൽ, അത് അയാളുടെ പേരിൽ ചെലവെഴുതാവുന്നതാണ്.

77. പലിശയ്ക്കു പകരമുള്ള വരവുകൾ.—76-ാം വകുപ്പ് (ഖ), (ഘ), (ഛ), (ജ) എന്നീ ഖണ്ഡങ്ങളിലെ യാതൊന്നും പണയവസ്തുവിൽ നിന്നുള്ള വരവുകൾ പണയഗൃഹീതാവ് പണയവസ്തു കൈവശം വയ്ക്കുന്നിടത്തോളം മുതൽസംഖ്യയിൻമേലുള്ള പലിശക്കു പകരമായോ അല്ലെങ്കിൽ അങ്ങനെയുള്ള പലിശക്കും മുതൽസംഖ്യയുടെ നിശ്ചിതഭാഗങ്ങൾക്കും പകരമായോ എടുത്തുകൊള്ളേണ്ടതാണെന്ന് പണയഗൃഹീതാവും പണയദാതാവും തമ്മിൽ കാൺട്രാക്ററുള്ള സംഗതികൾക്ക് ബാധകമാകുന്നതല്ല.

### മുൻഗണന

78. മുൻ പണയക്കാരൻ പിന്നിലാക്കപ്പെടുന്നത്. — ഒരു മുൻപണയക്കാരന്റെ വഞ്ചനയിലൂടെയോ തെററിദ്ധരിപ്പിക്കലിലൂടെയോ അല്ലെങ്കിൽ കടുത്ത ഉപേക്ഷയിലൂടെയോ പണയവസ്തുവിന്റെ ഈടിൻമേൽ പണം കടം കൊടുക്കുവാൻ മറെറാരാളെ പ്രേരിപ്പിച്ച് അതിന് ഇടയാക്കിയിട്ടുള്ളിടത്ത്, മുൻപണയക്കാരൻ പിൻപണയക്കാരന്റെ പിന്നിലാക്കപ്പെടുന്നതാണ്.

79. പരമാവധി പ്രകടമാക്കിയിട്ടുള്ളപ്പോഴും അനിശ്ചിത സംഖ്യയുടെ ഈടിനുള്ള പണയം.—ഭാവി കടങ്ങളുടേയോ, ഒരു വാങ്ങ്നിശ്ചയത്തിന്റെ നിർവ്വഹണത്തിന്റേയോ നടപ്പിലുള്ള ഒരു കണക്കിന്റെ ബാക്കിയുടേയോ ഈടിനായി ഉണ്ടാക്കിയ ഒരു പണയം അതിനാൽ ഈട് നല്കപ്പെടുന്ന സംഖ്യയുടെ പരമാവധി പ്രകടമാക്കുന്നുവെങ്കിൽ, അതേ വസ്തുവിന്റെ ഒരു പിൻപണയം, അത് മുൻപണയത്തെക്കുറിച്ച് നോട്ടീസോടുകൂടി ഉണ്ടാക്കിയതാണെങ്കിൽ, ആ പരമാവധിയിൽ കവിയാത്ത എല്ലാ കടങ്ങളേയും ഡെബിററുകളേയും സംബന്ധിച്ച്, അവ പിൻപണയത്തെക്കുറിച്ച് നോട്ടീസോടുകൂടി ചെയ്തതോ അനുവദിച്ചതോ ആയിരുന്നാൽപോലും, മുൻപണയത്തിന്റെ പിന്നിലാക്കപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തം

(ക) തന്റെ ബാങ്കർമാരായ ഖ ആൻഡ് കമ്പനിക്ക് അവരുമായുള്ള തന്റെ അക്കൗണ്ടിലെ 10,000 രൂപ വരെയുള്ള ബാക്കിയുടെ ഈടിനായി സുൽത്താൻപൂർ പണയപ്പെടുത്തുന്നു. പിന്നീട് ക, ഖ ആൻഡ് കമ്പനിക്കുള്ള പണയത്തെക്കുറിച്ച് ഗ യ്ക്ക് നോട്ടീസ് ഉണ്ടായിരിക്കേ, അയാൾക്ക് 10,000 രൂപയുടെ ഈടിന് സുൽത്താൻപൂർ പണയപ്പെടുത്തുകയും ഗ രണ്ടാമത്തെ പണയത്തെക്കുറിച്ച് ഗ ആൻഡ് കമ്പനിക്ക് നോട്ടീസ് കൊടുക്കുകയും ചെയ്യുന്നു. രണ്ടാമത്തെ പണയത്തിന്റെ തീയതിക്ക് ഖ ആൻഡ് കമ്പനിക്ക് കൊടുക്കാനുള്ള ബാക്കി സംഖ്യ 5,000 രൂപയിൽ കവിയുന്നില്ല. അതിനുശേഷം ഖ ആൻഡ് കമ്പനി കണക്കിൽ ക കൊടുക്കാനുള്ള ബാക്കി 10,000 രൂപയിൽ കവിയുമാറ് അയാൾക്ക് തുകകൾ കടം കൊടുക്കുന്നു. ഖ ആൻഡ് കമ്പനിക്ക് 10,000 രൂപവരെ ഗ യെക്കാൾ മുൻഗണനയ്ക്ക് അവകാശമുണ്ട്.

80. (അനുബന്ധനം നിറുത്തലാക്കി) വസ്തു കൈമാററ (ഭേദഗതി) ആക്ററ്, 1929 (1929-ലെ 20) 41-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു

## ക്രമബന്ധനവും അംശദാനവും

81. ഈടുകളുടെ ക്രമബന്ധനം.—രണ്ടോ അതിലധികമോ വസ്തുക്കളുടെ ഉടമസ്ഥൻ അവ ഒരാൾക്ക് പണയപ്പെടുത്തുകയും, പിന്നീട് ആ വസ്തുക്കളിൽ ഒന്നോ അതിലധികമോ വേറൊരാൾക്ക് പണയപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, പിൻപണയഗൃഹീതാവിന് തനിക്ക് പണയപ്പെടുത്തിയിട്ടുള്ളവയല്ലാത്ത വസ്തുവിൽനിന്നോ വസ്തുക്കളിൽ നിന്നോ അവയുടെ വ്യാപ്തിയോളം പണയക്കടം തീർപ്പിക്കുവാൻ, എന്നാൽ അതു മുൻപണയഗൃഹീതാവിന്റേയോ അല്ലെങ്കിൽ ആ വസ്തുക്കളിൽ ഏതിലെങ്കിലും ഒരവകാശബന്ധം പ്രതിഫലത്തിന് ആർജ്ജിച്ചിട്ടുള്ള മററതെങ്കിലും ആളുടേയോ അവകാശങ്ങൾക്ക് ഭംഗം വരാത്തവിധത്തിൽ ചെയ്യാൻ, അവകാശമുണ്ടായിരിക്കുന്നതാണ്.

82. പണയക്കടത്തിലേക്ക് അംശദാനം.—പണയത്തിന് വിധേയമായ വസ്തു, അതിൽ ഉടമസ്ഥതയുടെ വ്യക്തവും വേറിട്ടുള്ളതുമായ അവകാശങ്ങളോടുകൂടിയ രണ്ടോ അതിലധികമോ ആളുകളുടേതായിരിക്കുന്നിടത്ത്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, ആ വസ്തുവിൽ അങ്ങനെയുള്ള ആളുകൾക്ക് ഉടമപ്പെട്ട വ്യത്യസ്ത ഓഹരികളോ ഭാഗങ്ങളോ, പണയം ഏത് കടത്തിന് ഈടാണോ, ആ കടത്തിന് വീതപ്രകാരം അംശദാനം ചെയ്യാൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഓരോ ഓഹരിയോ

ഭാഗമോ അംശദാനം ചെയ്യേണ്ട വീതം തിട്ടപ്പെടുത്തുന്നതിലേക്ക്, അതിന്റെ വില പണയത്തീയതിക്ക് അത് വിധേയമായിട്ടുണ്ടായിരിക്കാവുന്ന മറ്റെതെങ്കിലും പണയത്തിന്റേയോ ചാർജ്ജിന്റേയോ സംഖ്യ കിഴിവ് ചെയ്ത ശേഷം ആ തീയതിക്ക് അതിനുള്ള വിലയായി കരുതപ്പെടുന്നതാകുന്നു. ഒരേ ഉടമസ്ഥന്റേതായ രണ്ടുവസ്തുക്കളിൽ ഒന്ന് ഒരു കടത്തിന്റെ ഈടിനായി പണയപ്പെടുത്തുകയും പിന്നീട് അവ രണ്ടും മറ്റൊരു കടത്തിന്റെ ഈടിനായി പണയപ്പെടുത്തുകയും ആദ്യം പറഞ്ഞകടം ആദ്യം പറഞ്ഞ വസ്തുവിൽ നിന്ന് കൊടുത്തുതീർക്കുകയും ചെയ്യുന്നിടത്ത്, വിപരീതമായ കോൺട്രാക്ററിന്റെ അഭാവത്തിൽ, ഏത് വസ്തുവിൽ നിന്നാണോ ആദ്യം പറഞ്ഞ കടം കൊടുത്തുതീർത്തത്, ആ വസ്തുവിന്റെ വിലയിൽനിന്ന് ആ കടത്തിന്റെ സംഖ്യ കിഴിവു ചെയ്തതിനുശേഷമുള്ള ഒടുവിൽ പറഞ്ഞ കടത്തിലേക്ക് വീതപ്രകാരം അംശദാനം ചെയ്യാൻ ഓരോ വസ്തുവിനും ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

ഈ വകുപ്പിലെ യാതൊന്നും, 81-ാം വകുപ്പിൻ കീഴിൽ പിൻപണയഗൃഹിതാവിന്റെ അവകാശത്തിന് ബാദ്ധ്യതപ്പെട്ട വസ്തുവിന് ബാധകമാകുന്നതല്ല.

### കോടതിയിൽ ഡിപ്പോസിററു ചെയ്യൽ

83. <u>പണയത്തിൻമേൽ കൊടുക്കാനുള്ള പണം കോടതിയിൽ ഡിപ്പോസിററു ചെയ്യാനുള്ള അധികാരം.</u>—ഏതെങ്കിലും പണയം സംബന്ധിച്ച് തിരിയെ കൊടുക്കുവാനുള്ള മുതൽ സംഖ്യ തിരിയെ കൊടുക്കുവാനുള്ളതായിത്തീർന്നതിനുശേഷവും, പണയവസ്തു പണയം ഒഴിപ്പിക്കുവാനുള്ള വ്യവഹാരം കാലഹരണപ്പെടുന്നതിന് മുമ്പുമായി ഏത് സമയത്തും പണയദാതാവിനോ, അങ്ങനെയുള്ള വ്യവഹാരം ബോധിപ്പിക്കാൻ അവകാശമുള്ള മറ്റെതെങ്കിലും ആൾക്കോ, അയാൾക്ക് അങ്ങനെയുള്ള വ്യവഹാരം ബോധിപ്പിക്കാമായിരുന്ന കോടതിയിൽ, പണയത്തിൻമേൽ തിരിയെ കൊടുക്കുവാൻ ബാക്കിയുള്ളതായ സംഖ്യ പണയഗൃഹിതാവിന്റെ കണക്കിലേക്ക് ഡിപ്പോസിററ് ചെയ്യാവുന്നതാണ്.

<u>പണയദാതാവ് ഡെപ്പോസിററ് ചെയ്യുന്ന പണത്തിനുള്ള അവകാശം.</u>—അപ്പോൾ, കോടതി ഡിപ്പോസിററിനെക്കുറിച്ച് രേഖാമൂലമുള്ള നോട്ടീസ് പണയഗൃഹിതാവിന്റെ മേൽ നടത്തിക്കേണ്ടതും; പണയഗൃഹിതാവിന് പണയത്തിൻമേൽ അപ്പോൾ കൊടുക്കാനുള്ള സംഖ്യയും അങ്ങനെയുള്ള സംഖ്യയുടെ ബാദ്ധ്യത മുഴുവൻ തീർന്ന നിലയിൽ ഡെപ്പോസിററ് ചെയ്ത സംഖ്യ സ്വീകരിക്കുവാൻ താൻ ഒരുക്കമാണെന്നുള്ളതും കാണിച്ച് ഒരു ഹർജി (അന്യായങ്ങൾ സത്യബോധപ്പെടുത്തുന്നതിന് നിയമം നിർണ്ണയിച്ച രീതിയിൽ സത്യബോധപ്പെടുത്തിയത്) ബോധിപ്പിക്കുന്നതിൻമേലും പണയവസ്തുസംബന്ധിച്ച് തന്റെ കൈവശത്തിലോ അധികാരത്തിലോ ഉള്ള എല്ലാ രേഖകളും അതേ കോടതിയിൽ ഡെപ്പോസിററ് ചെയ്യുന്നതിൻമേലും ആ പണത്തിന് അപേക്ഷിക്കുകയും വാങ്ങുകയും ചെയ്യാവുന്നതും, അങ്ങനെ ഡെപ്പോസിററ് ചെയ്ത പണയാധാരവും മേല്പറഞ്ഞ മററ് എല്ലാ രേഖകളും പണയദാതാവിനോ അല്ലെങ്കിൽ മുൻപറഞ്ഞപ്രകാരമുള്ള മററ് ആൾക്കോ ഡെലിവർ ചെയ്യേണ്ടതും ആകുന്നു.

പണയഗൃഹിതാവിന് പണയവസ്തു കൈവശമുള്ളിടത്ത്, അങ്ങനെ ഡെപ്പോസിററ് ചെയ്ത സംഖ്യ അയാൾക്ക് കൊടുക്കുന്നതിനു മുൻപ് കോടതി അയാളോട് വസ്തുവിന്റെ കൈവശം പണയദാതാവിന് ഡെലിവർ ചെയ്യുന്നതിനും പണയദാതാവിന്റെ ചെലവിൽ പണയവസ്തു പണയദാതാവിനോ അല്ലെങ്കിൽ അയാൾ നിദേശിക്കുന്ന മൂന്നാമനോ തിരിയെ കൈമാററം ചെയ്യുകയോ അല്ലെങ്കിൽ പണയഗൃഹിതാവിന് കൈമാററം ചെയ്യപ്പെട്ട പണയദാതാവിന്റെ അവകാശബന്ധത്തിന് ന്യൂനത വരുത്തുന്ന ഏതു അവകാശവും ഇല്ലാതാക്കപ്പെട്ടിരിക്കുന്നുവെന്നുള്ള രേഖാമൂലമുള്ള അംഗീകാരം കൂട്ടിട്ട് പൂർത്തീകരിക്കുകയും (പണയം രജിസ്ററർ പ്രമാണംവഴി സന്തജാതമാക്കിയിട്ടുള്ളിടത്ത്) രജിസ്ററർ ചെയ്യുകയും ചെയ്യുകയോ ചെയ്യുന്നതിനും നിദേശിക്കേണ്ടതാകുന്നു.

84. <u>പലിശ അവസാനിക്കൽ.</u>—പണയദാതാവോ മുൻപറഞ്ഞ പ്രകാരമുള്ള മററ് ആളോ പണയത്തിൻമേൽ തിരിയെ കൊടുക്കുവാൻ ബാക്കിയുള്ള സംഖ്യ 83-ാം വകുപ്പിൻകീഴിൽ കോടതിയിൽ ടെൻഡർ ചെയ്യുകയോ ഡെപ്പോസിററ് ചെയ്യുകയോ ചെയ്യുമ്പോൾ ടെൻഡറിന്റെ തീയതി മുതല്ക്കോ അല്ലെങ്കിൽ (ഡിപ്പോസിററിന്റെസംഗതിയിൽ അങ്ങനെയുള്ള സംഖ്യ മുമ്പേ ടെൻഡർ ചെയ്തിട്ടില്ലാത്തിടത്ത്) പണയദാതാവോ മുൻപറഞ്ഞപ്രകാരമുള്ള മററ് ആളോ, പണയഗൃഹിതാവിന് അങ്ങനെയുള്ള സംഖ്യ കോടതിയിൽ നിന്ന് എടുക്കുവാൻ കഴിയുന്നതിന് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുകയും 83-ാം വകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസ് പണയഗൃഹിതാവിന്റെ മേൽ നടത്തിയിരിക്കുകയും ചെയ്ത ഉടനേയോ മുതൽ സംഖ്യയിൻമേലുള്ള പലിശ അവസാനിക്കുന്നതാണ്.

എന്നാൽ, പണയദാതാവ് അങ്ങനെയുള്ള സംഖ്യ മുമ്പേ ടെൻഡർ ചെയ്യാതെ ഡെപ്പോസിററ്ചെയ്യുകയും, പിന്നീട് അതോ അതിന്റെ ഏതെങ്കിലും ഭാഗമോ പിൻവലിക്കുകയും ചെയ്തിട്ടുള്ളിടത്ത്, അങ്ങനെ പിൻവലിച്ച തീയതി മുതൽ, മുതൽസംഖ്യയിൽമേൽ പലിശ കൊടുക്കേണ്ടതാകുന്നു.

പണയദ്രവ്യം കൊടുക്കുന്നതിനോ ടെൻഡർ ചെയ്യുന്നതിനോ മുൻപ് തനിക്ക് ന്യായമായ നോട്ടീസിന് അവകാശമുണ്ടെന്നുള്ള ഒരു കാൺട്രാക്ററ് ഉണ്ടായിരിക്കുകയും, അങ്ങനെയുള്ള നോട്ടീസ്, അതതു സംഗതിപോലെ, ടെൻഡറിനോ ഡെപ്പോസിററിനോ മുമ്പ് കൊടുത്തിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ, ഈ വകുപ്പിലേയോ 83-ാം വകുപ്പിലേയോ യാതൊന്നും പണയഗൃഹിതാവിന് പലിശയ്ക്കുള്ള തന്റെ അവകാശം ഇല്ലാതാക്കുന്നതായി കരുതപ്പെടുന്നതല്ല.

### പണയമൊഴിപ്പിക്കൽ നിരോധനത്തിനോ വില്പനയ്ക്കോ പണയം ഒഴിപ്പിക്കലിനോ ഉള്ള വ്യവഹാരങ്ങൾ

85. <u>പണയമൊഴിപ്പിക്കൽ നിരോധനത്തിനോ, വില്പനയ്ക്കോ പണയം ഒഴിപ്പിക്കലിനോ ഉള്ള വ്യവഹാരങ്ങളിലെ കക്ഷികൾ.</u>—സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5-ാം ആക്ററ്) 156-ാം വകുപ്പിനാലും V-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

<u>പണയമൊഴിപ്പിക്കൽ നിരോധനവും വില്പനയും.</u>—86 മുതൽ 90 വരെ സിവിൽനടപടി നിയമസംഹിത, 1908 (1908-ലെ 5-ാം ആക്ററ്) 156-ാമതു വകുപ്പിനാലും V-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

## പണയമൊഴിപ്പിക്കൽ

91. പണയമൊഴിപ്പിക്കലിന് വ്യവഹാരം കൊടുക്കാവുന്നവർ.—പണയദാതാവിന് പുറമെ താഴെ പറയുന്നവരിൽ ഏതെങ്കിലും ആരംക്ക് പണയവസ്തു പണയമൊഴിപ്പിക്കുകയോ പണയമൊഴിപ്പിക്കലിനുള്ള വ്യവഹാരം ബോധിപ്പിക്കുകയോ ചെയ്യാവുന്നതാണ്, അതായത്:—

(ക) പണയവസ്തുവിലോ, അല്ലെങ്കിൽ അത് പണയമൊഴിപ്പിക്കാനുള്ള അവകാശത്തിലോ അവകാശത്തിൻമേലോ ഏതെങ്കിലും അവകാശബന്ധമോ ചാർജ്ജോ, ഉള്ള ഏതെങ്കിലും ആരം (പണയമൊഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന അവകാശബന്ധത്തിന്റെ പണയഗ്രഹിതാവ് അല്ലാതെ);

(ഖ) പണയക്കടമോ അതിന്റെ ഏതെങ്കിലും ഭാഗമോ, കൊടുക്കുന്നതിനുള്ള ഏതെങ്കിലും ജാമ്യക്കാരൻ, അല്ലെങ്കിൽ

(ഗ) പണയദാതാവിന്റെ എസ്റ്റേററിന്റെ അഡ്മിനിസ്ട്രേഷനുള്ള ഒരു വ്യവഹാരത്തിൽ പണയവസ്തുവിന്റെ വില്പനയ്ക്കുള്ള വിധി സമ്പാദിച്ചിട്ടുള്ള അയാളുടെ ഏതെങ്കിലും ഉത്തമർണ്ണൻ.

92. പ്രതിനിവേശനം.—91-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളവരിൽ ഏതെങ്കിലും ആരംക്കും (പണയദാതാവ് അല്ലാതെ) ഏതെങ്കിലും കൂട്ടപണയദാതാവിനും പണയത്തിനു വിധേയമായ വസ്തു പണയം ഒഴിപ്പിക്കുന്നതിൻമേൽ, അങ്ങനെയുള്ള വസ്തുവിന്റെ പണയം ഒഴിപ്പിക്കലോ പണയം ഒഴിപ്പിക്കൽ നിരോധനമോ വില്പനയോ സംബന്ധിച്ചിടത്തോളം, താൻ പണയം ഒഴിപ്പിക്കുന്ന പണയത്തിന്റെ പണയഗൃഹിതാവിന് പണയദാതാവിനോ മററെതെങ്കിലും പണയഗൃഹിതാവിനോ എതിരായി ഉണ്ടായിരിക്കാവുന്ന അതേ അവകാശങ്ങളും ഉണ്ടായിരിക്കുന്നതാണ്.

ഈ വകുപ്പ് നല്കുന്ന അവകാശത്തിന് പ്രതിനിവേശനാവകാശം എന്ന് പേർ പറയുന്നതും അത് ആർജ്ജിക്കുന്ന ആരം, താൻ പണയം ഒഴിപ്പിക്കുന്ന പണയഗൃഹീതാവിന്റെ അവകാശങ്ങളിലേക്ക് പ്രതിനിവിഷ്ടൻ ആയിട്ടുള്ളതായി പറയപ്പെടുന്നതുമാകുന്നു.

പണയം പണയമൊഴിപ്പിച്ചതിനുള്ള പണം പണയദാതാവിന് കടം കൊടുത്തിട്ടുള്ള ഒരാരം, അങ്ങനെയുള്ളവൻ പണയം ഒഴിപ്പിച്ച പണയത്തിന്റെ പണയഗൃഹിതാവിന്റെ അവകാശങ്ങളിലേക്ക് പ്രതിനിവിഷ്ടനാകേണ്ടതാണെന്ന് പണയദാതാവ് രജിസ്ററർ പ്രമാണം വഴി സമ്മതിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം പ്രതിനിവിഷ്ടനാകുന്നതാണ്.

ഈ വകുപ്പിലെ യാതൊന്നും ഏതെങ്കിലും ആരംക്ക് പ്രതിനിവേശനാവകാശം, ഏത് പണയം സംബന്ധിച്ചാണോ ആ അവകാശത്തിന് അവകാശപ്പെടുന്നത്, ആ പണയം പൂർണ്ണമായി പണയമൊഴിപ്പിച്ചിട്ടില്ലാത്തപക്ഷം നല്കുന്നതായി കരുതപ്പെടുന്നതല്ല.

93. അനുബന്ധനത്തിന്റെ നിരോധം.—ഒരു ഇടപ്പണയത്തെക്കുറിച്ച് നോട്ടീസോടുകൂടിയോ അല്ലാതേയോ ഒരു മുൻപണയം കൊടുത്തുതീർക്കുന്ന പണയഗൃഹിതാവിന്, അതുവഴി തന്റെ ആദ്യത്തെ ഈടുസംബന്ധിച്ച് ഏതെങ്കിലും മുൻഗണന ലഭിക്കുന്നതല്ല, 79-ാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, പണയദാതാവിന്, ഇടപ്പണയത്തെക്കുറിച്ച് നോട്ടീസോടുകൂടിയോ അല്ലാതേയോ ആയാലും, പിന്നീട് കടംകൊടുക്കുന്ന യാതൊരു പണയഗൃഹിതാവിനും, അതുവഴി, അങ്ങനെ പിന്നീട് കൊടുക്കുന്ന കടത്തിനുള്ള ഈടുസംബന്ധിച്ച മുൻഗണന ലഭിക്കുന്നതുമല്ല.

94. ഇടപ്പണയഗൃഹീതാവിൻെറ അവകാശങ്ങൾ.—അനുക്രമമായ കടങ്ങൾക്ക് ഒരു വസ്തു അനുക്രമമായി വരുന്ന പണയഗൃഹീതാക്കൾക്ക് പണയപ്പെടുത്തിയിട്ടുള്ളിടത്ത് ഒരു ഇടപ്പണയഗൃഹീതാവിന്, തനിക്കു ശേഷമുള്ള പണയഗൃഹീതാക്കൾക്കെതിരായി, തനിക്ക് പണയദാതാവിന് എതിരെയുള്ള അതേ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

95. പണയം ഒഴിപ്പിക്കുന്ന കൂട്ടു പണയദാതാവിന് ചെലവുകൾക്കുള്ള അവകാശം.—പല കൂട്ടു പണയദാതാക്കളിൽ ഒരാൾ പണയവസ്തു പണയമൊഴിപ്പിക്കുന്നിടത്ത്, അയാൾക്ക് 92-ാം വകുപ്പിൻ കീഴിൽ തൻെറ പ്രതിനിവേശനാവകാശം തൻെറ കൂട്ടുപണയഗൃഹീതാക്കൾക്ക് എതിരായി പ്രാവർത്തികമാക്കുന്നതിൽ, അങ്ങനെയുള്ള പണയം ഒഴിപ്പിക്കലിന് ശരിക്ക് നേരിട്ടിട്ടുള്ള ചെലവുകളുടെ, വസ്തുവിൽ അവരുടെ ഓഹരിയുടേതായി കല്പിക്കാവുന്നത്ര അനുപാതം, അവരിൽ നിന്ന് വസൂലാക്കാവുന്ന പണയദ്രവ്യത്തോട് കൂട്ടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

96. അവകാശപത്രങ്ങളുടെ നിക്ഷേപം വഴിയുള്ള പണയം.—ചൂണ്ടിപ്പണയത്തിന് ബാധകമാകുന്നതും, ഇതിൽ ഇതിനുമുൻപ് അടങ്ങിയതുമായ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, അവകാശപത്രങ്ങളുടെ നിക്ഷേപം വഴിയുള്ള പണയത്തിന് ബാധകമാകുന്നതാണ്.

97. വരവുകളുടെ വിനിയോഗം.—സിവിൽ നടപടി നിയമ സംഹിത, 1908 (1908-ലെ 5-ാം ആക്റ്റ്) 156-ാം വകുപ്പിനാലും 5-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

## വിലക്ഷണപ്പണയങ്ങൾ

98. വിലക്ഷണപ്പണയങ്ങളിലെ കക്ഷികളുടെ അവകാശങ്ങളും ബാദ്ധ്യതകളും.—വിലക്ഷണപ്പണയത്തിൻെറ സംഗതിയിൽ കക്ഷികളുടെ അവകാശങ്ങളും ബാദ്ധ്യതകളും പണയാധാരത്തിൽ തെളിവായുള്ള അവരുടെ കാൺട്രാക്റ്റിനാലും അങ്ങനെയുള്ള കാൺട്രാക്റ്റ് വ്യാപിക്കാത്തിടത്തോളം നാട്ടുവഴക്കത്താലും നിശ്ചയിക്കപ്പെടുന്നതാകുന്നു.

## പണയവസ്തുവിൻെറ ജപ്തി

99. പണയവസ്തുവിൻെറ ജപ്തി.-സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5-ാം ആക്റ്റ്) 156-ാം വകുപ്പിനാലും 5-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

## ചാർജ്ജുകൾ

100. ചാർജ്ജുകൾ.—ഒരാളുടെ സ്ഥാവരവസ്തു കക്ഷികളുടെ കൃത്യം വഴിയോ നിയമത്തിൻെറ പ്രവർത്തനം വഴിയോ മറ്റൊരാൾക്ക് പണം കടം കൊടുക്കുന്നതിന് ഈടായി വയ്ക്കുകയും ആ ഇടപാട് പണയമാകാതിരിക്കുകയും ചെയ്യുന്നിടത്ത്, രണ്ടാമത്തെ ആൾക്ക് ആ വസ്തുവിൽ ചാർജ്ജ് ഉള്ളതായി പറയപ്പെടുന്നു. ഇതിൽ ഇതിനു മുൻപ് അടങ്ങിയതും ചൂണ്ടിപ്പണയത്തിന് ബാധകമായതുമായ എല്ലാ വ്യവസ്ഥകളും, ആകാവുന്നിടത്തോളം അങ്ങനെയുള്ള ചാർജ്ജിന് ബാധകമാകുന്നതും ആണ്.

ഈ വകുപ്പിലെ യാതൊന്നും ഒരു ട്രസ്ററിക്ക്, തന്റെ ട്രസ്ററിന്റെ നിർവ്വഹണത്തിൽ ശരിയായി നേരിടുന്ന ചെലവുകൾക്ക് ട്രസ്ററ് വസ്തുവിൻമേലുള്ള ചാർജ്ജിന് ബാധകമാകുന്നതല്ല: തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമം, മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, പ്രതിഫലത്തിൻമേലും ചാർജ്ജിനെക്കുറിച്ച് നോട്ടീസില്ലാതെയും ഏതെങ്കിലും വസ്തു കൈമാററം ചെയ്യപ്പെട്ടിട്ടുള്ള ഒരാളുടെ കൈയിലുള്ള അങ്ങനെയുള്ള വസ്തുവിനെതിരായി യാതൊരു ചാർജ്ജും പ്രാവർത്തികമാക്കാൻ പാടുള്ളതല്ല.

101. പിൻകുടിക്കടത്തിന്റെ സംഗതിയിൽ ലയനം ഇല്ല.—സ്ഥാവരവസ്തുവിന്റെ ഏതെങ്കിലും പണയഗൃഹീതാവിനോ, അതിൻമേൽ ചാർജ്ജുള്ള ഏതെങ്കിലും ആൾക്കോ, അല്ലെങ്കിൽ അങ്ങനെയുള്ള പണയഗൃഹീതാവിൽ നിന്നോ, ചാർജ്ജുള്ള ആളിൽ നിന്നോ ഉള്ള ഏതെങ്കിലും കൈമാററ ഗൃഹിതാവിനോ വസ്തുവിൽ, അതതു സംഗതിപോലെ, പണയദാതാവിനോ ഉടമസ്ഥനോ ഉള്ള അവകാശം വാങ്ങുകയോ മററു വിധത്തിൽ ആർജ്ജിക്കുകയോ ചെയ്യുന്നതു വഴി, താനും അതേ വസ്തുവിന്റെ ഏതെങ്കിലും പിൻപണയക്കാരനും അല്ലെങ്കിൽ അതിൻമേൽ പിൻചാർജ്ജുള്ള ആളും തമ്മിലായിടത്തോളം, പണയമോ ചാർജ്ജോ ലയിക്കുവാൻ ഇടയാക്കാതെ അങ്ങനെ വാങ്ങുകയോ ആർജ്ജിക്കുകയോ ചെയ്യാവുന്നതാകുന്നു; അങ്ങനെയുള്ള യാതൊരു പിൻ പണയഗൃഹീതാവിനും അല്ലെങ്കിൽ പിൻചാർജ്ജുകാരനും മുൻപണയമോ മുൻചാർജ്ജോ പണയം ഒഴിപ്പിക്കാതേയോ അല്ലെങ്കിൽ അതിന് വിധേയമായതല്ലാതേയോ അങ്ങനെയുള്ള വസ്തുവിന്റെ പണയം ഒഴിപ്പിക്കൽ നിരോധനത്തിനോ അല്ലെങ്കിൽ അത് വില്ക്കുന്നതിനോ അവകാശം ഇല്ലാത്തതും ആകുന്നു.

### നോട്ടീസും ടെൻഡറും

102. ഏജൻറിന് നടത്തൽ അല്ലെങ്കിൽ ടെൻഡർ.—ഈ അദ്ധ്യായത്തിൻ കീഴിൽ ആർക്കാണോ ഏതെങ്കിലും നോട്ടീസ നടത്തുകയോ ടെൻഡർ ചെയ്യുകയോ ചെയ്യേണ്ടത്, അയാൾ പണയവസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ സ്ഥിതി ചെയ്യുന്ന ജില്ലയിൽ താമസിക്കാതിരിക്കുന്നിടത്ത്, അങ്ങനെയുള്ള ആളിൽ നിന്ന് സർവ്വമുക്ത്യാർ നാമം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ നടത്തലോ ടെൻഡറോ സ്വീകരിക്കാൻ മററുവിധത്തിൽ യഥാവിധി പ്രാധികാരം നല്കപ്പെട്ടിരിക്കുകയോ ചെയ്യുന്ന ഒരു ഏജൻറിന് അങ്ങനെ നടത്തുന്നതോ അങ്ങനെ ടെൻഡർ ചെയ്യുന്നതോ മതിയായതായി കരുതപ്പെടുന്നതാകുന്നു.

ഏതു ആൾക്കാ ഏജൻറിനോ ആണോ, അങ്ങനെയുള്ള നോട്ടീസ് നടത്തേണ്ടത്, അങ്ങനെയുള്ള ആരെയും കണ്ടെത്താൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ നോട്ടീസ് നടത്തേണ്ടത് ആരാണോ, അയാൾക്ക് അറിയാതിരിക്കുകയോ ചെയ്യുന്നിടത്ത്, പണയവസ്തുവിന്റെ പണയമൊഴിപ്പിക്കലിന് വ്യവഹാരം കൊണ്ടു വരാവുന്ന ഏതെങ്കിലും കോടതിയിൽ രണ്ടാമത്തെ ആൾക്ക് അപേക്ഷിക്കാവുന്നതും, അങ്ങനെയുള്ള കോടതി, ഏതു രീതിയിലാണ് ആ നോട്ടീസ് നടത്തേണ്ടതെന്ന് നിർദേശിക്കേണ്ടതും, അങ്ങനെയുള്ള നിർദേശത്തിനനുസൃതമായി, നടത്തപ്പെടുന്ന ഏത് നോട്ടീസും മതിയായതായി കരുതപ്പെടുന്നതും ആകുന്നു:

എന്നാൽ 83-ാം വകുപ്പിൻകീഴിൽ ഡെപ്പോസിററിന്റെ സംഗതിയിൽ ആവശ്യമായ, നോട്ടീസിന്റെ സംഗതിയിൽ അപേക്ഷ ഡെപ്പോസിററ് ചെയ്യപ്പെട്ടിട്ടുള്ള കോടതിയിൽ കൊടുക്കേണ്ടതാകുന്നു.

ഏത് ആരംക്കോ ഏജൻറിനോ ആണോ അങ്ങനെയുള്ള ടെൻഡർ ചെയ്യേണ്ടത്, അങ്ങനെയുള്ള ആരേയും കണ്ടെത്താൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ ടെൻഡർ ചെയ്യാൻ ആഗ്രഹിക്കുന്ന ആരംക്ക് അറിയാതിരിക്കുകയോ ചെയ്യുന്നിടത്ത്, പണയ വസ്തുവിൻെറ പണയം ഒഴിപ്പിക്കലിന് വ്യവഹാരം കൊണ്ടുവരാവുന്ന ഏതെങ്കിലും കോടതിയിൽ, ടെൻഡർ ചെയ്യാൻ ഉദ്ദേശിക്കുന്ന തുക രണ്ടാമത്തെ ആരംക്ക് നിക്ഷേപിക്കാവുന്നതും, അങ്ങനെയുള്ള നിക്ഷേപത്തിനു അങ്ങനെയുള്ള തുകയുടെ ടെൻഡറിൻെറ ഫലമുണ്ടായിരിക്കുന്നതും ആകുന്നു.

103. കോൺട്രാക്ററ് ചെയ്യാൻ ക്ഷമതയില്ലാത്ത ആരംക്കോ ആളാലോ ഉള്ള നോട്ടീസ് മുതലായവ.—ഈ അദ്ധ്യായത്തിലെ വ്യവസ്ഥകരംക്കുകീഴിൽ കോൺട്രാക്ററ് ചെയ്യാൻ ക്ഷമതയില്ലാത്ത ഏതെങ്കിലും ആരംക്കോ ആളാലോ നോട്ടീസ് നടത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആരം ടെൻഡറോ നിക്ഷേപമോ ചെയ്യുകയോ, സ്വീകരിക്കുകയോ, കോടതിയിൽ നിന്ന് എടുക്കുകയോ ചെയ്യേണ്ടതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള നോട്ടീസ് അങ്ങനെയുള്ള ആളുടെ വസ്തുവിൻെറ നിയമപ്രകാരമുള്ള ക്യൂറേറററർക്കോ ക്യൂറേററാലോ നടത്താവുന്നതോ അല്ലെങ്കിൽ ടെൻഡറോ ഡെപ്പോസിറേറാ, അങ്ങനെയുള്ള ക്യൂറേററർക്ക് ചെയ്യുകയോ സ്വീകരിക്കുകയോ എടുക്കുകയോ ചെയ്യാവുന്നതോ ആകുന്നു; എന്നാൽ അങ്ങനെയുള്ള ക്യൂറേററർ ഇല്ലാതിരിക്കുകയും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകരംക്കുകീഴിൽ നോട്ടീസ് നടത്തുകയോ ടെൻഡറോ ഡിപ്പോസിറേറാ ചെയ്യുകയോ ചെയ്യേണ്ടത് അങ്ങനെയുള്ള ആളുടെ താൽപര്യത്തിന് വേണ്ടതോ അഭിലഷണീയമായതോ ആയിരിക്കുകയും ചെയ്യുന്നിടത്ത്, പണയമൊഴിപ്പിക്കലിന് വ്യവഹാരം കൊണ്ടുവരാവുന്ന ഏതെങ്കിലും കോടതിയിൽ, അങ്ങനെയുള്ള നോട്ടീസ് നടത്തുകയോ നടത്തൽ സ്വീകരിക്കുകയോ ചെയ്യുന്നതിനോ, അങ്ങനെ ടെൻഡർ ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യുന്നതിനോ, അങ്ങനെ ഡെപ്പോസിററ് ചെയ്യുകയോ കോടതിയിൽ നിന്ന് എടുക്കുകയോ ചെയ്യുന്നതിനോ വേണ്ടിയും, അങ്ങനെയുള്ള ആരംക്ക് കോൺട്രാക്ററ് ചെയ്യാൻ ക്ഷമതയുണ്ടായിരുന്നെങ്കിൽ അയാരംക്ക് ചെയ്യുവാൻ കഴിയുന്നതോ അയാരം ചെയ്യേണ്ടതോ ആയ അനന്തരഫലമായി വരുന്ന എല്ലാ കൃത്യങ്ങളും നിർവ്വഹിക്കുന്നതിനു വേണ്ടിയും ഒരു വ്യവഹരാർത്ഥക രക്ഷാകർത്താവിനെ നിയമിക്കാൻ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്, സിവിൽ നടപടി നിയമസംഹിത, 1908 ഒന്നാം പട്ടിക XXXII-ാം ആർഡറിലെ വ്യവസ്ഥകരം ആകാവുന്നിടത്തോളം, അങ്ങനെയുള്ള അപേക്ഷക്കും അതിലെ കക്ഷികരംക്കും അതിൻകീഴിൽ നിയമിച്ചിട്ടുള്ള രക്ഷാകർത്താവിനും ബാധകമായിരിക്കുന്നതും ആകുന്നു.

104. ചട്ടങ്ങരം ഉണ്ടാക്കാനുള്ള അധികാരം.—ഹൈക്കോടതിയ്ക്ക്, ഹൈക്കോടതിയിലും അതിൻെറ മേലന്വേഷണത്തിനു വിധേയമായ സിവിൽ കോടതികളിലും, ഈ അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകരം നടപ്പിലാക്കുന്നതിലേയ്ക്ക് ഈ ആക്ററിന് സംഗതമായ ചട്ടങ്ങരം അതത് സമയം ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം V.

## സ്ഥാവരവസ്തുവിൻെറ പാട്ടത്തിന് (വാടകയ്ക്ക്) ഉള്ള ഏർപ്പാടുകളെക്കുറിച്ച്

105. പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാട്—നിർവ്വചനം.—സ്ഥാവരവസ്തുവിൻെറ പാട്ടത്തിനു (വാടകയ്ക്ക്) ഉള്ള ഏർപ്പാട് എന്നത്, കൈമാററം വാങ്ങുന്ന ആരം കൈമാററം കൊടുക്കുന്ന ആരംക്ക്, നല്കുകയോ വാഗ്ദാനം ചെയ്യുകയോ ചെയ്യുന്ന ഒരു വിലയ്ക്കോ, അല്ലെങ്കിൽ ആനുകാലികമായോ വിനിർദ്ദിഷ്ട സന്ദർഭങ്ങളിലോ നല്കേണ്ടതായ പണത്തിനോ, വിളയുടെ ഓഹരിയ്ക്കോ, സേവനത്തിനോ മററ് ഏതെങ്കിലും മൂല്യമുള്ള സാധനത്തിനോ, പ്രതിഫലമായി പ്രകടമോ വ്യംഗ്യമോ ആയ ഒരു നിശ്ചിത സമയത്തേക്കോ ശാശ്വതമായിട്ടോ ചെയ്യുന്നതും കൈമാററം വാങ്ങുന്ന ആരം ഏതു കൈമാററത്തിൻെറ അങ്ങനെയുള്ള നിബന്ധനകരം സ്വീകരിക്കുന്നുവോ, അങ്ങനെയുള്ളതും ആ വസ്തു അനുഭവിക്കാനുള്ള അവകാശത്തിൻേറതും ആയ ഒരു കൈമാററം ആകുന്നു.

പാട്ട (വാടക) ക്കർത്താവ്—പാട്ട (വാടക) ക്കാരൻ പ്രീമിയം, പാട്ടം (വാടക) നിർവ്വചനം.—കൈമാററം കൊടുക്കുന്ന ആരംക്ക്, പാട്ട (വാടക) ക്കർത്താവ് എന്ന് പേർ പറയുന്നു. കൈമാററം വാങ്ങുന്ന ആരംക്ക് പാട്ട (വാടക) ക്കാരൻ എന്ന് പേർ പറയുന്നു. വിലയ്ക്ക പ്രീമിയം എന്ന് പേർ പറയുന്നു. അപ്രകാരം നല്കേണ്ടതായ പണത്തിനോ, ഓഹരിക്കോ, സേവനത്തിനോ, മററ് സാധനത്തിനോ പാട്ടം (വാടക) എന്ന് പേർ പറയുന്നു

106. രേഖാമൂലമുള്ള കാൺട്രാക്ററിൻേറയോ നാട്ടുവഴക്കത്തിൻേറയോ അഭാവത്തിൽ പാട്ടത്തിന് (വാടകയ്ക്കു) ഉള്ള ചില ഏർപ്പാടുകളുടെ കാലം.—വിപരീതമായ കാൺട്രാക്ററിൻെറയോ തദ്ദേശ നിയമത്തിൻേറയോ നാട്ടുവഴക്കത്തിൻേറയോ അഭാവത്തിൽ കാർഷികമോ നിർമ്മാണപരമോ ആയ ആവശ്യങ്ങരംക്കുള്ള സ്ഥാവരവസ്തുവിൻെറ പാട്ടത്തിന് (വാടകയ്ക്കു) ഉള്ള ഏർപ്പാട് ഒരു കുടിയായ്മവർഷത്തിൻെറ അറുതിയോടെ അവസാനിക്കുന്ന ആറുമാസത്തെ നോട്ടീസ് വഴി പാട്ടത്തിന് (വാടകയ്ക്ക്) കൊടുത്ത ആളുടേയോ വാങ്ങിയ ആളുടേയോ ഭാഗത്തു നിന്ന് അവസാനിപ്പിക്കാവുന്ന വർഷാനുവർഷത്തേക്കുള്ള പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാടായി കരുതപ്പെടുന്നതാകുന്നു. മററതെങ്കിലും ആവശ്യത്തിനുള്ള സ്ഥാവരവസ്തുവിൻെറ പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാട് കുടിയായ്മ മാസത്തിൻെറ അറുതിയോടെ അവസാനിക്കുന്ന പതിനഞ്ചു ദിവസത്തെ നോട്ടീസ് വഴി പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കുന്ന ആളുടേയോ വാങ്ങുന്ന ആളുടേയോ ഭാഗത്തിൽ നിന്ന് അവസാനിപ്പിക്കാവുന്ന മാസാനുമാസത്തേയ്ക്കുള്ള പാട്ടത്തിനു (വാടകയ്ക്ക്) ഉള്ള ഏർപ്പാടായി കരുതപ്പെടുന്നതും ആകുന്നു.

ഈ വകുപ്പിൻ കീഴിലുള്ള ഏതൊരു നോട്ടീസും രേഖാമൂലമുള്ളതും, അത് കൊടുക്കുന്നയാളോ അയാരംക്ക് വേണ്ടിയോ ഒപ്പിട്ടതും ആയിരിക്കുകയും, അത് അതിനാൽ ബാദ്ധ്യസ്ഥനാകാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കക്ഷിയ്ക്ക് തപാൽ വഴി അയയ്ക്കുകയോ അല്ലെങ്കിൽ ആ കക്ഷിയ്ക്ക് നേരിട്ടോ, അയാളുടെ കുടുംബത്തിലെ ഒരാരംക്കോ ഭൃത്യൻമാർക്കോ അയാളുടെ താമസസ്ഥലത്തുവച്ചോ ടെൻഡർ ചെയ്യുകയോ ഡെലിവർ ചെയ്യുകയോ അല്ലെങ്കിൽ (അങ്ങനെയുള്ള ടെൻഡറോ ഡെലിവറിയോ പ്രായോഗികമല്ലെങ്കിൽ) വസ്തുവിൽ ശ്രദ്ധയാകർഷിക്കത്തക്ക ഒരു ഭാഗത്ത് പതിക്കുകയോ ചെയ്യുകയും ചെയ്യണം.

107. പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടുകൾ ചെയ്യുന്നത് എങ്ങനെയെന്ന്.—വർഷാനുവർഷത്തേക്കുള്ളതോ, ഒരു വർഷത്തിൽ കവിയുന്ന ഏതെങ്കിലും കാലത്തേയ്ക്കുള്ളതോ, വാർഷികമായ പാട്ടത്തിന് (വാടക)യ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളതോ ആയ സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാട് രജിസ്റ്റർ പ്രമാണം വഴി മാത്രമേ ചെയ്യാൻ പാടുള്ളു.

സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു)ള്ള മററ് എല്ലാ ഏർപ്പാടുകളും രജിസ്റ്റർ പ്രമാണം വഴിയോ വാക്കാൽ കരാറോടുകൂടി കൈവശം ഡെലിവർ ചെയ്യുന്നതുവഴിയോ ചെയ്യാവുന്നതാണ്.

സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാട് രജിസ്റ്റർ പ്രമാണംവഴി ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പ്രമാണമോ, ഒന്നിലധികം പ്രമാണമുള്ളിടത്ത് അങ്ങനെയുള്ള ഓരോ പ്രമാണവുമോ, പാട്ട (വാടക) കർത്താവും പാട്ട (വാടക) ക്കാരനും, രണ്ടുപേരും ഒപ്പിട്ട് പൂർത്തീകരിക്കേണ്ടതാകുന്നു.

എന്നാൽ സ്റേറററ് ഗവൺമെൻറിന് അതത് സമയത്ത് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി സ്ഥാവരവസ്തുവിന്റെ വർഷാനുവർഷത്തേക്കുള്ളതോ ഒരു വർഷത്തിൽ കവിയുന്ന കാലാവധിക്കുള്ളതോ, വാർഷികമായ പാട്ടത്തിന് (വാടകയ്ക്ക്) വ്യവസ്ഥ ചെയ്യുന്നതോ ആയ പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാടുകൾ അല്ലാത്ത ഏർപ്പാടുകളോ—അങ്ങനെയുള്ള ഏർപ്പാടുകളുടെ ഏതെങ്കിലും വർഗ്ഗമോ രജിസ്റ്റർ ചെയ്യാത്ത പ്രമാണം വഴിയോ, കൈവശം ഡെലിവറി ചെയ്യാതെയുള്ള വാക്കാൽ കരാർ വഴിയോ, ചെയ്യാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

108. പാട്ട (വാടക) കർത്താവിന്റേയും പാട്ട(വാടക) ക്കാരന്റേയും അവകാശങ്ങളും ബാദ്ധ്യതകളും.—വിപരീതമായ കാൺട്രാക്ററിന്റെയോ തദ്ദേശ വഴക്കത്തിന്റേയോ അഭാവത്തിൽ സ്ഥാവരവസ്തുവിന്റെ പാട്ട (വാടക) കർത്താവും പാട്ട (വാടക) ക്കാരനും പരസ്പരം എതിരായി യഥാക്രമം നേരെതാഴെ കൊടുക്കുന്ന ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളവയോ അവയിൽ പാട്ട (വാടക) വസ്തുവിന് ബാധകമാകുന്നവയോ ആയ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും, അവർ അങ്ങനെയുള്ളവയായ ബാദ്ധ്യതകൾക്ക് വിധേയരായിരിക്കുന്നതും ആകുന്നു:—

(ക) പാട്ട (വാടക) കർത്താവിന്റെ അവകാശങ്ങളും ബാദ്ധ്യതകളും

(ക) പാട്ട (വാടക) കർത്താവ് പാട്ട (വാടക) ക്കാരന് വസ്തുവിലുള്ള അതിന്റെ ഉദ്ദിഷ്ടോപയോഗം സംബന്ധിച്ചുള്ളതും, ആദ്യം പറഞ്ഞയാളുടെ അറിവിൽപ്പെടുന്നതും രണ്ടാമത്തെ ആളുടെ അറിവിൽ പ്പെടാത്തതും, രണ്ടാമത്തെ ആൾക്ക് സാധാരണമായ ശ്രദ്ധകൊണ്ട് കണ്ടുപിടിക്കാൻ കഴിയാത്തതുമായ ഏതെങ്കിലും സാരമായ ന്യൂനത വെളിപ്പെടുത്തികൊടുക്കാൻ ബാദ്ധ്യസ്ഥനാകുന്നു;

(ഖ) പാട്ട (വാടക) ക്കാരന്റെ അപേക്ഷയിൻമേൽ അയാൾക്ക് വസ്തു കൈവശം കൊടുക്കുവാൻ പാട്ട (വാടക) കർത്താവ് ബാദ്ധ്യസ്ഥനാകുന്നു.

(ഗ) പാട്ട (വാടക) ക്കർത്താവ് പാട്ടത്തിനു (വാടകയ്ക്കു)ള്ളഏർപ്പാടിൽ പാട്ടക്കാരനുമായി അയാൾ പാട്ടത്തിന് (വാടകയ്ക്ക്) വ്യവസ്ഥ ചെയ്തിട്ടുള്ള പാട്ടം (വാടക) കൊടുക്കുകയും പാട്ട (വാടക) ക്കാരനെ ബന്ധിക്കുന്ന കാൺട്രാക്ററുകൾ നിർവ്വഹിക്കുകയും ചെയ്യുന്നുവെങ്കിൽ, പാട്ടത്തിനു (വാടകയ്ക്കു) ള്ള ഏർപ്പാട് ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലാവധി അയാൾക്ക് വസ്തു നിർബാധം കൈയിൽ വയ്ക്കാവുന്നതാണെന്ന് കാൺട്രാക്ററ് ചെയ്യുന്നതായി കരുതപ്പെടുന്നതാകുന്നു.

അങ്ങനെയുള്ള കാൺട്രാക്ററിന്റെ ഗുണം പാട്ട (വാടക)ക്കാരന്റെ അവകാശമെന്ന നിലയിൽ ആ അവകാശത്തോട് ആ നിലയിൽ അനുബന്ധപ്പെട്ടിരിക്കുന്നതും അതോടൊപ്പം പോകുന്നതും ആ അവകാശം അത് മുഴുവനുമായോ ഭാഗികമായോ ആരിലാണോ അതത് സമയം നിക്ഷിപ്തമായിരിക്കുന്നത്, അങ്ങനെയുള്ള ഏതൊരാൾക്കും പ്രാവർത്തികമാക്കാവുന്നതും ആണ്.

(ഖ) പാട്ട (വാടക) ക്കാരന്റെ അവകാശങ്ങളും ബാദ്ധ്യതകളും.

(ഘ) പാട്ടത്തിനു (വാടകയ്ക്കു) ള്ള ഏർപ്പാട് നിലവിലുള്ളപ്പോൾ വസ്തുവിന് ഏതെങ്കിലും ഉപചയം ഉണ്ടാക്കപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള ഉപചയം എക്കലടിഞ്ഞുണ്ടായ ഭൂമി സംബന്ധിച്ച് (തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിന് വിധേയമായി) ആ ഏർപ്പാടിൽ അടങ്ങിയിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു;

(ങ) തീ പിടിത്തത്താലോ, കൊടുംകാററാലോ, വെള്ളപ്പൊക്കത്താലോ, അല്ലെങ്കിൽ സൈന്യത്തിന്റേയോ ജനക്കൂട്ടത്തിന്റേയോ അക്രമത്താലോ അല്ലെങ്കിൽ തടുക്കാനാവാത്ത മററു ശക്തിയാലോ വസ്തുവിന്റെ ഏതെങ്കിലും സാരമായഭാഗം മുഴുവൻ നശിപ്പിക്കപ്പെടുകയോ അല്ലെങ്കിൽ ഏതാവശ്യങ്ങൾക്കുവേണ്ടിയാണോ ഏർപ്പാടുണ്ടായിട്ടുള്ളത്, ആ ആവശ്യങ്ങൾക്ക് അത് സാരാംശത്തിലും സ്ഥിരമായും, പററാതാക്കുകയോ ചെയ്യുന്നുവെങ്കിൽ ആ ഏർപ്പാട് പാട്ട (വാടക) ക്കാരൻ ഇച്ഛിക്കുന്നുവെങ്കിൽ ശൂന്യമാകുന്നതാണ്:

എന്നാൽ ആ ക്ഷതി പാട്ട (വാടക) ക്കാരന്റെ അന്യായമായ കൃത്യത്താലോ വീഴ്ചയാലോ ഉണ്ടായിട്ടുള്ളതാണെങ്കിൽ അയാൾക്ക് ഈ വ്യവസ്ഥയുടെ ഗുണം പ്രയോജനപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതല്ല;

(ച) പാട്ട (വാടക) ക്കർത്താവ് വസ്തുവിൽ അയാൾ ചെയ്യുവാൻ ബാദ്ധ്യതപ്പെട്ട ഏതെങ്കിലും റിപ്പയറുകൾ നോട്ടീസിനുശേഷം ന്യായമായ സമയത്തിനുള്ളിൽ ചെയ്യുന്നതിന് ഉപേക്ഷ വരുത്തുന്നുവെങ്കിൽ പാട്ട (വാടക) ക്കാരന് അത് സ്വയം ചെയ്യുകയും, അങ്ങനെയുള്ള റിപ്പയറുകളുടെ ചെലവ് പലിശ സഹിതം പാട്ടത്തിൽ (വാടകയിൽ) നിന്ന് കിഴിവ് ചെയ്യുകയോ, പാട്ട (വാടക) ക്കർത്താവിൽ നിന്ന് മററുവിധത്തിൽ വസൂലാക്കുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്;

(ഛ) പാട്ട (വാടക) ക്കർത്താവ്, അയാൾ കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ടതും അയാൾ കൊടുക്കുന്നില്ലെങ്കിൽ പാട്ട (വാടക) ക്കാരനിൽ നിന്നോ വസ്തുവിനെതിരായോ വസൂലാക്കാവുന്നതുമായ ഏതെങ്കിലും പണം കൊടുക്കുവാൻ ഉപേക്ഷ വരുത്തുന്നുവെങ്കിൽ, അത് പാട്ട (വാടക) ക്കാരന് അങ്ങനെയുള്ള പണം സ്വയം കൊടുക്കുകയും അത് പാട്ടത്തിൽ (വാടകയിൽ) നിന്ന് പലിശ സഹിതം കിഴിവ് ചെയ്യുകയോ, പാട്ട (വാടക) ക്കർത്താവിൽ നിന്ന് മററു വിധത്തിൽ വസൂലാക്കുകയോ ചെയ്യുകയും ചെയ്യാവുന്നതാണ്;

(ജ) പാട്ട (വാടക) ക്കാരന് പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാട് അവസാനിച്ചതിനുശേഷം ആയാലും പാട്ടത്തിനു (വാടകയ്ക്ക്) ഏല്പിക്കുന്ന വസ്തു തന്റെ കൈവശമായിരിക്കുമ്പോൾ, എന്നാൽ അതിനുശേഷമല്ലാതെ യുള്ള ഏത് സമയത്തും താൻ ഭൂബന്ധമാക്കിയിട്ടുള്ള എല്ലാ സാധനങ്ങളും നീക്കം ചെയ്യാവുന്നതാണ്. എന്നാൽ അയാൾ വസ്തുവിനെ തനിക്ക്, അത് കിട്ടിയ സ്ഥിതിയിൽതന്നെ വിട്ടേക്കണം.

(ഝ) അനിശ്ചിത കാലത്തേയ്ക്കുള്ള പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാട് പാട്ട (വാടക) ക്കാരന്റെ ദോഷമൊഴികെയുള്ള ഏതെങ്കിലും വഴിക്ക് അവസാനിക്കുമ്പോൾ വസ്തുവിൽ അയാൾ നടുകയോ വിതയ്ക്കുകയോ ചെയ്തതും പാട്ടത്തിന് (വാടകയ്ക്കു) ഉള്ള ഏർപ്പാട് അവസാനിക്കുമ്പോൾ വളരുന്നതുമായ എല്ലാ വിളകൾക്കും, അവ ശേഖരിക്കുകയും കൊണ്ടുപോകുകയും ചെയ്യുന്നതിനുള്ള സ്വതന്ത്രമായ പ്രവേശനത്തിനും ബഹിർഗമനത്തിനും അയാൾക്കോ അയാളുടെ നിയമാനുസൃത പ്രതിനിധിയ്ക്കോ അവകാശം ഉണ്ടായിരിക്കുന്നതാണ്;

(ഞ) പാട്ട (വാടക) ക്കാരന് വസ്തുവിലുള്ള തന്റെ അവകാശം മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ പരിപൂർണ്ണമായോ അല്ലെങ്കിൽ പണയം വഴിയോ പാട്ടത്തിനോ (വാടകയ്ക്കോ) ഉള്ള കീഴ് ഏർപ്പാട് വഴിയായോ കൈമാററം ചെയ്യാവുന്നതും അങ്ങനെയുള്ള അവകാശമോ ഭാഗമോ കൈമാററം വാങ്ങുന്ന ഏതെങ്കിലും ആൾക്ക് അത് വീണ്ടും കൈമാററംചെയ്യാവുന്നതും ആകുന്നു. പാട്ട (വാടക) ക്കാരൻ പാട്ടത്തിനു (വാടകയ്ക്കു) ഉള്ള ഏർപ്പാടിനോട് ചേർന്ന ബാദ്ധ്യതകളിൽ ഏതിനെങ്കിലും വിധേയനാകുന്നതായ അങ്ങനെയുള്ള കൈമാററം കാരണമായിമാത്രം അവസാനിക്കുന്നില്ല.

ഈ ഖണ്ഡത്തിലെ യാതൊന്നും, കൈമാററം ചെയ്യാവുന്നതല്ലാത്ത കൈവശാവകാശമുള്ള ഒരു കുടിയാനോ, റവന്യൂ കൊടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഒരു എസ്റേററിന്റെ ഫാർമർക്കോ, കോർട്ട് ആഫ് വാർഡ്സിന്റെ ഭരണത്തിലുള്ള ഒരു എസ്റേററിൽ നിന്ന് പാട്ട(വാടക)ക്കാരനോ, അങ്ങനെയുള്ള കുടിയാനെന്നോ ഫാർമറെന്നോ പാട്ട(വാടക)ക്കാരനെന്നോ ഉള്ള നിലയിൽ തനിക്കുള്ള അവകാശം കൈമാററം ചെയ്യുവാൻ പ്രാധികാരം നല്കുന്നതായി കരുതപ്പെടുന്നതല്ല;

(ട) വസ്തുവിൽ പാട്ട(വാടക)ക്കാരൻ എടുക്കാൻ പോകുന്ന അവകാശത്തിന്റെ സ്വഭാവമോ വ്യാപ്തിയോ സംബന്ധിച്ച് പാട്ട(വാടക)ക്കാരന് അറിയാവുന്നതും പാട്ട(വാടക)ക്കർത്താവിന് അറിയാൻ പാടില്ലാത്തതും, അങ്ങനെയുള്ള അവകാശത്തിന്റെ മൂല്യം സാരമായി വർദ്ധിപ്പിക്കുന്നതും ആയ ഏതു വസ്തുതയും പാട്ട(വാടക)ക്കാരൻ പാട്ട(വാടക)ക്കർത്താവിന് വെളിപ്പെടുത്തിക്കൊടുക്കാൻ ബാദ്ധ്യസ്ഥനാകുന്നു;

(ഠ) പാട്ട(വാടക)ക്കാരൻ പാട്ട(വാടക)ക്കാരനോ അതിലേക്കുള്ള അയാളുടെ ഏജൻറിനോ പ്രീമിയമോ പാട്ടമോ (വാടകയോ) ശരിയായ സമയത്തും സ്ഥലത്തു വച്ചും കൊടുക്കുവാനോ ടെൻഡർ ചെയ്യുവാനോ ബാദ്ധ്യസ്ഥനാകുന്നു;

(ഡ) പാട്ട(വാടക)ക്കാരൻ ന്യായമായ തേയ്മാനമോ തടുക്കാനാവാത്ത ശക്തിയോ ഉണ്ടാക്കുന്ന മാററങ്ങൾക്കുമാത്രം വിധേയമായി വസ്തു തനിക്കു കൈവശം കിട്ടിയ സമയത്ത് ഉണ്ടായിരുന്നത്ര നല്ല നിലയിൽ സൂക്ഷിക്കാനും, വസ്തുവിന്റെ ന്യായമായ തേയ്മാനമോ തടുക്കാനാവാത്ത ശക്തിയോ ഉണ്ടാക്കുന്ന മാററങ്ങൾക്കുമാത്രം വിധേയമായി സൂക്ഷിക്കാനും, പാട്ടത്തിനു (വാടകയ്ക്കുള്ള)ഏർപ്പാട് അവസാനിക്കുമ്പോൾ തിരിയെ കൊടുക്കുവാനും,

പാട്ട(വാടക)ക്കർത്താവിനേയും അയാളുടെ ഏജൻറുമാരേയും കാലാവധിക്കിടയിൽ ന്യായമായ എല്ലാ സമയത്തും വസ്തുവിൽ പ്രവേശിക്കുകയും അതിന്റെ അവസ്ഥ പരിശോധിക്കുകയും അതിലുള്ള ഏതെങ്കിലും ന്യൂനതയേക്കുറിച്ച് നോട്ടീസ് നല്കുകയോ, ഇട്ടുപോരുകയോ ചെയ്യുകയും ചെയ്യാൻ അനുവദിക്കുവാനും ബാദ്ധ്യസ്ഥനാകുന്നു; അങ്ങനെയുള്ള ന്യൂനത പാട്ട(വാടക)ക്കാരന്റേയോ അയാളുടെ ഭൃത്യൻമാരുടേയോ ഏജൻറുമാരുടേയോ ഭാഗത്തുനിന്നുള്ള ഏതെങ്കിലും കൃത്യത്താലോ വീഴ്ചയാലോ ഉണ്ടായിട്ടുള്ളതാകുമ്പോഠ, അങ്ങനെയുള്ള നോട്ടീസ് നല്കുകയോ ഇട്ടുപോരുകയോ ചെയ്തതിനുശേഷം മൂന്നു മാസത്തിനുള്ളിൽ ആ ന്യൂനത പരിഹരിക്കുവാൻ അയാഠ ബാദ്ധ്യസ്ഥനാകുന്നതും ആണ്;

(ഡ) വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒഴിപ്പിച്ച് എടുക്കാനുള്ള ഏതെങ്കിലും നടപടിയോ അങ്ങനെയുള്ള വസ്തു സംബന്ധിച്ച് പാട്ട (വാടക) ക്കർത്താവിന്റെ അവകാശങ്ങളിൻമേലുള്ള ഏതെങ്കിലും അതിക്രമണമോ, അവയിലുള്ള ഏതെങ്കിലും ഇടപെടലോ പാട്ട(വാടക)ക്കാരന്റെ അറിവിൽപ്പെടുന്നുവെങ്കിൽ, അയാഠ ന്യായമായ ശ്രദ്ധയോടെ പാട്ട(വാടക) ക്കർത്താവിന് അതു സംബന്ധിച്ച് നോട്ടീസ് നല്കാനും ബാദ്ധ്യസ്ഥനാകുന്നു;

(ണ) പാട്ട(വാടക)ക്കാരന് വസ്തുവും അതിന്റെ ഉൽപ്പന്നങ്ങളും (വല്ലതുമുണ്ടെങ്കിൽ) സാധാരണ വിവേകമുള്ള ഒരാഠ അവ തന്റെ സ്വന്തം ആയിരുന്നാൽ ഉപയോഗിക്കുമായിരുന്ന വിധത്തിൽ ഉപയോഗിക്കാവുന്നതാണ്; എന്നാൽ അയാഠ വസ്തു പാട്ടത്തിന് (വാടകയ്ക്ക്) ഏല്പിച്ചത് ഏത് ആവശ്യത്തിനാണോ, അത് അല്ലാത്ത ആവശ്യത്തിന് ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ മററാരാളെ അനുവദിക്കുകയോ അല്ലെങ്കിൽ തടി മുറിക്കുകയോ വില്ക്കുകയോ അല്ലെങ്കിൽ പാട്ട(വാടക)ക്കർത്താവിന്റെ വകയായ കെട്ടിടങ്ങഠ പൊളിക്കുകയോ നാശപ്പെടുത്തുകയോ അല്ലെങ്കിൽ പാട്ടത്തിന് (വാടകയ്ക്ക്) കൊടുക്കുമ്പോഠ തുറന്നിട്ടില്ലാതിരുന്ന ഖനികളോ കല്ലുവെട്ടു കുഴികളോ പ്രവർത്തിപ്പിക്കുകയോ അല്ലെങ്കിൽ വസ്തു നശിപ്പിക്കുന്നതോ അതിന് സ്ഥിരമായ ക്ഷതി ഉണ്ടാക്കുന്നതോ ആയ മററതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യരുത്;

(ത) അയാഠ പാട്ട(വാടക)ക്കർത്താവിന്റെ സമ്മതം കൂടാതെ വസ്തുവിൽ കാർഷികാവശ്യങ്ങഠക്ക് ഒഴികെ ഏതെങ്കിലും സ്ഥിരമായ പണിപ്പാടുകഠ ഉണ്ടാക്കരുത്;

(ഥ) പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് അവസാനിക്കുന്നതിൻമേൽ പാട്ട(വാടക)ക്കാരൻ പാട്ട(വാടക)ക്കർത്താവിന് വസ്തു കൈവശം കൊടുക്കുവാൻ ബാദ്ധ്യസ്ഥനാകുന്നു.

109. <u>പാട്ട(വാടക)ക്കർത്താവിൽ നിന്ന് കൈമാററം വാങ്ങുന്ന ആളുടെ അവകാശങ്ങഠ</u>.—പാട്ട(വാടക)ക്കർത്താവ് പാട്ട(വാടക)വസ്തുവോ അതിന്റെ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ അതിലുള്ള അയാളുടെ അവകാശത്തിന്റെ ഏതെങ്കിലും ഭാഗമോ കൈമാററം ചെയ്യുന്നുവെങ്കിൽ, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, കൈമാററം വാങ്ങുന്ന ആഠ അതിന്റെ ഉടമസ്ഥനായിരിക്കുന്നിടത്തോളം, അയാഠക്ക് കൈമാററം കൊടുത്ത ആ വസ്തുവോ, ആ ഭാഗമോ സംബന്ധിച്ച് പാട്ട(വാടക)ക്കർത്താവിന്റെ എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പാട്ട(വാടക)ക്കാരൻ ഇച്ഛിക്കുന്നുവെങ്കിൽ, പാട്ട (വാടക)ക്കർത്താവിന്റെ എല്ലാ ബാദ്ധ്യതകഠക്കും, കൈമാററം വാങ്ങുന്ന ആഠ വിധേയനായിരിക്കുന്നതുമാണ്. എന്നാൽ പാട്ട (വാടക) ക്കാരൻ തന്നോട്

ബാദ്ധ്യതയുള്ള ആളായി കൈമാററം വാങ്ങുന്ന ആളെ പരിഗണിക്കാൻ ഇച്ഛി ക്കാത്തപക്ഷം പാട്ട(വാടക)ക്കർത്താവ് പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് അയാളുടെമേൽ ചുമത്തുന്ന ബാദ്ധ്യതകളിൽ ഏതിനെങ്കിലും വിധേയനാകുന്നത് അങ്ങനെയുള്ള കൈമാററം കാരണമായി മാത്രം അവസാനിക്കുന്നില്ല:

എന്നാൽ കൈമാററത്തിനു മുൻപ് കൊടുക്കാനുള്ള പാട്ടത്തിന്റെ (വാടകയുടെ) കുടിശ്ശികയ്ക്ക് കൈമാററം വാങ്ങുന്ന ആളക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും അങ്ങനെ കൈമാററം കൊടുത്തിട്ടുണ്ടെന്ന് തനിക്ക് വിശ്വസിക്കുവാൻ കാരണമില്ലാതിരിക്കെ പാട്ട(വാടക)ക്കാരൻ പാട്ട(വാടക)ക്കർത്താവിന്റെ പാട്ടം(വാടക) കൊടുക്കുന്നുവെങ്കിൽ അത് കൈമാററം വാങ്ങുന്ന ആളക്ക് വീണ്ടും കൊടുക്കുവാൻ പാട്ട(വാടക)ക്കാരന് ബാദ്ധ്യതയില്ലാത്തതുമാകുന്നു, പാട്ട(വാടക)ക്കർത്താവിനും കൈമാററം വാങ്ങുന്ന ആളക്കും, പാട്ട(വാടക)ക്കാരനും പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് വ്യവസ്ഥ ചെയ്യുന്ന പ്രീമിയത്തിന്റേയോ പാട്ടത്തിന്റേയോ (വാടകയുടേയോ) ഏത് അനുപാതം ആണോ അങ്ങനെ കൈമാററം ചെയ്ത ഭാഗത്തെ സംബന്ധിച്ച് കൊടുക്കേണ്ടതായിട്ടുള്ളത് എന്ന് നിശ്ചയിക്കാവുന്നതും, അവർ വിയോജിക്കുന്നുവെങ്കിൽ അത് പാട്ട (വാടക) വസ്തുവിന്റെ കൈവശത്തിനുള്ള ഒരു വ്യവഹാരം സ്വീകരിക്കുവാൻ അധികാരിതയുള്ള ഏതെങ്കിലും കോടതിക്ക് അത് നിശ്ചയിക്കാവുന്നതുമാകുന്നു.

110. <u>കാലം ആരംഭിക്കുന്ന ദിവസം ഒഴിവാക്കുന്നത്</u> —സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു) ള്ള ഏർപ്പാട് ക്ലിപ്തപ്പെടുത്തുന്ന സമയം ഒരു പ്രത്യേക ദിവസം മുതൽ ആരംഭിക്കുന്നതായി പ്രകടമാക്കിയിട്ടുള്ളിടത്ത് ആ സമയം കണക്കാക്കുന്നതിൽ അങ്ങനെയുള്ള ദിവസം ഒഴിവാക്കപ്പെടുന്നതാണ്. ആരംഭിക്കുന്ന ദിവസം പറഞ്ഞിട്ടില്ലാത്തിടത്ത് അങ്ങനെ ക്ലിപ്തപ്പെടുത്തിയ സമയം പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് ചെയ്യുന്നതു മുതൽ തുടങ്ങുന്നതാകുന്നു.

<u>ഒരു വർഷത്തേക്കുള്ള പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടിന്റെ കാലദൈർഘ്യം.</u>— അങ്ങനെ ക്ലിപ്തപ്പെടുത്തിയ സമയം ഒരു വർഷമോ ഒന്നിലധികം വർഷങ്ങളോ ആയിരിക്കുന്നിടത്ത്, വിപരീതമായുള്ള പ്രകടമായ കരാറിന്റെ അഭാവത്തിൽ, അങ്ങനെയുള്ള സമയം ആരംഭിക്കുന്ന ദിവസത്തിന്റെ വാർഷിക ദിവസം മുഴുവനും ആ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് നിലവിലിരിക്കുന്നതാകുന്നു.

<u>പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് അവസാനിപ്പിക്കുവാനുള്ള ഐച്ഛികാവകാശം.</u>—അങ്ങനെ ക്ലിപ്തപ്പെടുത്തിയസമയം കാലാവധിതീരുന്നതിനുമുൻപ് അവസാനിപ്പിക്കാവുന്നതാണെന്ന് പ്രകടമാക്കുകയും അത് ഐച്ഛികമായി അവസാനിപ്പിക്കാവുന്നതും ആർക്കാണെന്ന് പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടിൽ പറയാതിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഐച്ഛികാവകാശം പാട്ട(വാടക)ക്കർത്താവിനല്ല പാട്ട(വാടക)ക്കാരനാണ് ഉണ്ടായിരിക്കുന്നത്.

111. <u>പാട്ടത്തിനു(വാടകയ്ക്കു)ള്ള ഏർപ്പാട് അവസാനിക്കുന്നത്.</u>— സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട് താഴെ പറയുന്ന വിധങ്ങളിൽ അവസാനിക്കുന്നു.

(ക) അതിൽ ക്ലിപ്തപ്പെടുത്തുന്ന സമയം കഴിയുന്നതുവഴി;

(ഖ) അങ്ങനെയുള്ള സമയം ഏതെങ്കിലും സംഭവം നടക്കുന്നതു ഉപാധിയാക്കി ക്ലിപ്തപ്പെടുത്തുന്നിടത്ത്—അങ്ങനെയുള്ള സംഭവം നടക്കുന്നതുവഴി;

(ഗ) പാട്ട(വാടക)ക്കർത്താവിന് വസ്തുവിലുള്ള അവകാശം ഏതെങ്കിലും സംഭവം നടക്കുന്നതോടെ അവസാനിക്കുകയോ അല്ലെങ്കിൽ അത് വ്യയനം ചെയ്യാനുള്ള അയാളുടെ അധികാരം ആ സംഭവം നടക്കുന്നതു വരെ മാത്രമുള്ളതായിരിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള സംഭവം നടക്കുന്നതുവഴി;

(ഘ) പാട്ട(വാടക)ക്കാരന്റെയും പാട്ട(വാടക)ക്കർത്താവിന്റെയും മുഴുവൻ വസ്തുവിലുള്ള അവകാശങ്ങളും ഒരേ ആളിൽ ഒരേ സമയം ഒരേ അവകാശത്തിൽ നിക്ഷിപ്തമാകുന്നതായാൽ;

(ങ) പ്രകടമായ ഒഴിഞ്ഞു കൊടുക്കൽ വഴി, അതായത്, പാട്ട (വാടക) ക്കാരൻ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടിൻ കീഴിലുള്ള തന്റെ അവകാശം പാട്ട(വാടക)ക്കർത്താവിനും അവർ തമ്മിലുള്ള കരാർവഴി വിട്ടുകൊടുക്കുന്നതായാൽ;

(ച) വ്യംഗ്യമായ ഒഴിഞ്ഞുകൊടുക്കൽ വഴി;

(ഛ) നഷ്ടപ്പെടൽവഴി, അതായത്, (1) ഏത് ഉപാധിയാണോ, അതിന്റെ ലംഘനത്തിൻമേൽ പാട്ട(വാടക)ക്കർത്താവിന് പുനഃപ്രവേശനത്തിനു വ്യവസ്ഥ ചെയ്യുന്നത്, അങ്ങനെയുള്ള പ്രകടമായ ഒരു ഉപാധി പാട്ട(വാടക)ക്കാരൻ ലംഘിക്കുകയോ, അല്ലെങ്കിൽ (2) പാട്ട(വാടക)ക്കാരൻ തന്റെ ആ നിലയിലുള്ള സ്വഭാവം, മൂന്നാമതൊരാൾക്കാണ് ഉടമാവകാശം എന്ന് വാദിക്കുകയോ തനിക്കാണ് ഉടമാവകാശമെന്ന് അവകാശപ്പെടുകയോ ചെയ്യുന്നതു വഴി പരിത്യജിക്കുകയോ, അല്ലെങ്കിൽ (3) പാട്ട(വാടക)ക്കാരനെ നിർധനനായി ന്യായനിർണ്ണയം ചെയ്യുകയും ആ സംഭവം നടക്കുന്നതോടെ പാട്ട(വാടക)ക്കർത്താവിന് പുനഃപ്രവേശനമാകാമെന്ന് പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടിൽ വ്യവസ്ഥ ഉണ്ടായിരിക്കുകയും ചെയ്യുകയോ ചെയ്യുകയും, ഈ സംഗതികളിൽ ഏതിലും പാട്ട(വാടക)ക്കർത്താവോ അയാളിൽനിന്ന് കൈമാററം വാങ്ങുന്ന ആളോ ഏർപ്പാട് അവസാനിപ്പിക്കാനുള്ള അയാളുടെ ഉദ്ദേശ്യത്തെക്കുറിച്ച് പാട്ട(വാടക)ക്കാരനു രേഖാമൂലം നോട്ടീസ് കൊടുക്കുകയും ചെയ്യുന്നതായാൽ;

(ജ) പാട്ടത്തിനു(വാടകയ്ക്കു)ള്ള ഏർപ്പാട് അവസാനിപ്പിക്കുന്നതിനുള്ളതോ അല്ലെങ്കിൽ പാട്ട(വാടക)വസ്തു ഒഴിയുന്നതിനുള്ളതോ ഒഴിയാനുള്ള ഉദ്ദേശ്യത്തെക്കുറിച്ചുള്ളതോ ആയതും, ഒരു കക്ഷി മറേറ കക്ഷിക്ക് യഥാവിധി കൊടുക്കുന്നതുമായ നോട്ടീസിന്റെ കാലം കഴിയുന്നതോടെ.

## (ച) ഖണ്ഡത്തിനുള്ള ദൃഷ്ടാന്തം

പാട്ട(വാടക)ക്കാരൻ പാട്ട(വാടക)ക്കർത്താവിൽനിന്ന് ഒരു പുതിയ പാട്ടത്തിനു(വാടകയ്ക്കു)ള്ള ഏർപ്പാട് നിലവിലുള്ള ഏർപ്പാട് തുടർന്നു കൊണ്ടിരിക്കെ പ്രാബല്യത്തിൽ വരത്തക്കവിധം, സ്വീകരിക്കുന്നു. ഇതു ആദ്യത്തെ ഏർപ്പാടിന്റെ വ്യംഗ്യമായ ഒഴിഞ്ഞുകൊടുക്കലാകുന്നതും ആ ഏർപ്പാട് അതോടെ അവസാനിക്കുന്നതുമാകുന്നു.

112. നഷ്ടപ്പെടൽ വേണ്ടെന്നു വയ്ക്കുക.—111-ാം വകുപ്പ് (ഛ) ഖണ്ഡത്തിൻകീഴിലുള്ള നഷ്ടപ്പെടലിന്റെ മെച്ചം, അതിനുശേഷം കൊടുക്കാനുള്ളതായി തീർന്നിട്ടുള്ള പാട്ടം (വാടക) സ്വീകരിക്കുന്നതുവഴിയോ അല്ലെങ്കിൽ അങ്ങനെയുള്ള പാട്ടത്തിനു(വാടകയ്ക്കു) ള്ള ഡിസ്ട്രസ് വഴിയോ, പാട്ടത്തിനു (വാടകയ്ക്ക്)ള്ള ഏർപ്പാട് നിലനില്ക്കുന്നതായി പരിഗണിക്കാനുള്ള ഉദ്ദേശ്യം കാണിക്കുന്നതും പാട്ട(വാടക)ക്കർത്താവിന്റെ ഭാഗത്തു നിന്നുള്ളതുമായ മറേറതെങ്കിലും കൃത്യം വഴിയോ, വേണ്ടെന്നുവയ്ക്കാവുന്നതാകുന്നു:

എന്നാൽ അതിന് പാട്ട (വാടക) ക്കർത്താവ് ആ നഷ്ടപ്പെടൽ ഉണ്ടായിട്ടുണ്ടെന്ന് അറിഞ്ഞിരിക്കണം;

എന്നുമാത്രമല്ല, നഷ്ടപ്പെടൽ കാരണമാക്കി പാട്ട (വാടക)ക്കാരനെ പുറത്താക്കാനുള്ള ഒരു വ്യവഹാരം ബോധിപ്പിച്ചതിനുശേഷം പാട്ടം (വാടക) സ്വീകരിച്ചിട്ടുള്ളിടത്ത് അങ്ങനെ സ്വീകരിക്കുന്നത് നഷ്ടപ്പെടലിന്റെവേണ്ടെന്നു വയ്ക്കലുമല്ല.

113. ഒഴിയാനുള്ള നോട്ടീസ് വേണ്ടെന്നു വയ്ക്കുന്നത്.—111-ാം വകുപ്പ് (ജ) ഖണ്ഡത്തിൻകീഴിൽ കൊടുക്കുന്ന ഒരു നോട്ടീസ്, അതു നല്കപ്പെട്ട ആളുടെ പ്രകടമോ വ്യംഗ്യമോ ആയ സമ്മതത്തോടെ, അതു കൊടുക്കുന്ന ആളുടെ ഭാഗത്തുനിന്നുള്ളതും ആ പാട്ടത്തിനു(വാടകയ്ക്കു)ള്ള ഏർപ്പാട് നിലനില്ക്കുന്നതായി പരിഗണിക്കാൻ ഉദ്ദേശ്യമുള്ളതായി കാണിക്കുന്നതുമായ ഏതെങ്കിലും കൃത്യത്താൽ വേണ്ടെന്നു വയ്ക്കപ്പെടുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(ക) പാട്ട (വാടക) ക്കാരനായ ക പാട്ട (വാടക) ക്കാരനായ ഖ യ്ക്ക് അങ്ങനെ കൊടുത്ത വസ്തു ഒഴിയാൻ നോട്ടീസ് കൊടുക്കുന്നു. നോട്ടീസിന്റെ കാലം കഴിയുന്നു. അതിനുശേഷം വസ്തു സംബന്ധിച്ച് കൊടുക്കാനുള്ളതായിത്തീർന്നിട്ടുള്ള പാട്ടം (വാടക) ഖ ടെൻഡർ ചെയ്യുകയും ക സ്വീകരിക്കുകയും ചെയ്യുന്നു. നോട്ടീസ് വേണ്ടെന്നു വയ്ക്കപ്പെടുന്നു.

(ഖ) പാട്ട (വാടക)ക്കർത്താവായ ക പാട്ട (വാടക) ക്കാരനായ ഖ ക്ക് അങ്ങനെ കൊടുക്കുന്ന വസ്തു ഒഴിയാൻ നോട്ടീസ് കൊടുക്കുന്നു. നോട്ടീസിന്റെ കാലം കഴിയുകയും ഖ കൈവശം തുടരുകയും ചെയ്യുന്നു. പാട്ട (വാടക) ക്കാരൻ എന്ന നിലയിൽ ഖ ക്കു ക ഒഴിയാനുള്ള രണ്ടാമതൊരു നോട്ടീസ് കൊടുക്കുന്നു. ആദ്യത്തെ നോട്ടീസ് വേണ്ടെന്നുവയ്ക്കപ്പെടുന്നു.

114. പാട്ടം (വാടക) കൊടുക്കാത്തതിനാലുള്ള നഷ്ടപ്പെടലിനുള്ള നിവൃത്തി.—സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകക്കു)ള്ള ഏർപ്പാട്, പാട്ടം (വാടക) കൊടുക്കാത്തതിനാലുള്ള നഷ്ടപ്പെടൽവഴി അവസാനിച്ചിരിക്കുകയും, പാട്ട (വാടക)ക്കർത്താവ് പാട്ട (വാടക)ക്കാരനെ പുറത്താക്കാൻ വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നിടത്ത്, വ്യവഹാരത്തിന്റെ ഹിയറിങ്ങ് സമയത്ത് പാട്ട (വാടക)ക്കാരൻ പാട്ട (വാടക)ക്കർത്താവിനു കുടിശ്ശികയായി പാട്ടം (വാടക), അതിൻമേലുള്ള പലിശയും വ്യവഹാരത്തിലെ അയാളുടെ മുഴുവൻ ചെലവും സഹിതം കൊടുക്കുകയോ ടെൻഡർ ചെയ്കയോ ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള തുക പതിനഞ്ചുദിവസത്തിനകം കൊടുക്കുന്നതിന് മതിയായതെന്ന് കോടതി കരുതുന്ന ഈട് നല്കുകയോ ചെയ്യുന്നുവെങ്കിൽ കോടതിക്ക്, പുറത്താക്കാനുള്ളവിധി പുറപ്പെടുവിക്കുന്നതിനുപകരം പാട്ട (വാടക)ക്കാരനു നഷ്ടപ്പെടലിനെതിരായി നിവൃത്തി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാകുന്നു. അപ്പോൾ, പാട്ട (വാടക)ക്കാരൻ നഷ്ടപ്പെടൽ സംഭവിച്ചിട്ടില്ലായിരുന്നാലെന്നപോലെ പാട്ട (വാടക) വസ്തു ധാരണം ചെയ്യുന്നതും ആകുന്നു.

114ക. മററ്ചില സംഗതികളിൽ നഷ്ടപ്പെടലിന് എതിരെയുള്ള നിവൃത്തി.—സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാട്, ഏത് ഉപാധിയാണോ, അതിന്റെ ലംഘനത്തിൻമേൽ പാട്ട (വാടക)ക്കർത്താവിനു പുനഃപ്രവേശത്തിന് വ്യവസ്ഥ ചെയ്യുന്നത്, അങ്ങനെയുള്ള പ്രകടമായ ഒരു ഉപാധിയുടെ ലംഘനത്താലുള്ള നഷ്ടപ്പെടൽവഴി അവസാനിക്കുന്നിടത്ത്,

പുറത്താക്കാനുള്ള യാതൊരു വ്യവഹാരവും പാട്ട (വാടക)ക്കർത്താവ് പാട്ട (വാടക)ക്കാരന്—

(ക) പരാതിപ്പെട്ട പ്രത്യേക ലംഘനത്തെ വിനിർദ്ദിഷ്ടമാക്കിക്കൊണ്ടും,

(ഖ) ലംഘനം പരിഹരിക്കപ്പെടാവുന്നതാണെങ്കിൽ, അത് പരിഹരിക്കാൻ പാട്ട (വാടക)ക്കാരനോട് ആവശ്യപ്പെട്ടുകൊണ്ടുംഉള്ള രേഖാമൂലമായ നോട്ടീസ് നടത്തുകയും, ലംഘനം പരിഹരിക്കപ്പെടാവുന്നതാണെങ്കിൽ പാട്ട (വാടക)ക്കാരൻ, അത് നോട്ടീസ് നടത്തിയ തീയതി മുതൽ ന്യായമായ സമയത്തിനുള്ളിൽപരിഹരിക്കാതിരിക്കുകയും ചെയ്യാത്തപക്ഷവും ചെയ്യുന്നതുവരെയും, കൊടുക്കാവുന്നതല്ല.

ഈ വകുപ്പിലെ യാതൊന്നും പാട്ട(വാടക)വസ്തു തീറ് കൊടുക്കുന്നതിനോ കീഴ്പാട്ടത്തിനോ (വാടകയ്ക്കോ) കൊടുക്കുന്നതിനോ കൈവശം കൈവിടുന്നതിനോ, വ്യയനം ചെയ്യുന്നതിനോ എതിരായിട്ടുള്ള പ്രകടമായ ഒരു ഉപാധിക്കോ, അല്ലെങ്കിൽ പാട്ടം (വാടക) കൊടുക്കാതിരുന്നാലുള്ള നഷ്ടപ്പെടലിനെ സംബന്ധിക്കുന്ന പ്രകടമായ ഒരു ഉപാധിക്കോ ബാധകമാകുന്നതല്ല.

115. <u>കീഴ്പാട്ടത്തിനോ (വാടകക്കോ)ഉള്ള ഏർപ്പാടുകളിൻമേൽ ഒഴിഞ്ഞു കൊടുക്കലിനും നഷ്ടപ്പെടലിനുംഉള്ള പ്രഭാവം.</u>— സ്ഥാവരവസ്തുവിന്റെ പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടിന്റെ പ്രകടമോ വ്യംഗ്യമോ ആയ ഒഴിഞ്ഞുകൊടുക്കൽ പാട്ട(വാടക)ക്കാരൻ സാരാംശത്തിൽ ആദ്യത്തെ ഏർപ്പാടിന്റെ അതേ നിബന്ധനകളിൻമേലും ഉപാധികളിൻമേലും [പാട്ടത്തിന്റെ (വാടകയുടെ)തുകകം സംബന്ധിച്ച് ഒഴികെ] ആ വസ്തുവിന്റേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ മുമ്പ് കൊടുത്തിട്ടുള്ള കീഴ്പാട്ടത്തിന് (കീഴ്വാടകക്ക്) ഭംഗംവരുത്തുന്നതല്ല, എന്നാൽ ഒഴിഞ്ഞുകൊടുത്ത് ഒരു പുതിയ ഏർപ്പാട് ലഭിക്കുന്നതിനുവേണ്ടിയുള്ളതല്ലാത്ത പക്ഷം, കീഴ്പാട്ടക്കാരൻ (വാടകക്കാരൻ) കൊടുക്കേണ്ട പാട്ടവും (വാടകയും) അയാളെ ബന്ധിക്കുന്ന കാൺട്രാക്റ്റുകളും, യഥാക്രമം പാട്ട (വാടക) ക്കർത്താവിനു കൊടുക്കേണ്ടതും പ്രാവർത്തികമാക്കാവുന്നതുമാണ്.

അങ്ങനെയുള്ള പാട്ടത്തിനു (വാടകക്കു)ള്ള ഏർപ്പാടിന്റെ നഷ്ടപ്പെടൽ, അതു കീഴ്പാട്ടക്കാരെ (വാടകക്കാരെ) വഞ്ചിച്ചുകൊണ്ട് പാട്ട (വാടക)ക്കർത്താവ് നേടിയിട്ടുള്ളിടത്തോ, അല്ലെങ്കിൽ 114-ാം വകുപ്പിൻകീഴിൽ നഷ്ടപ്പെടലിനെതിരെ നിവൃത്തി നല്കിയിട്ടുള്ളിടത്തോ ഒഴികെ അങ്ങനെയുള്ള എല്ലാ കീഴ്പ്പാട്ടങ്ങളെയും (കീഴ്വാടകകളേയും) അകൃതമാക്കുന്നതാണ്.

116. <u>കാലം കഴിഞ്ഞുള്ള ധാരണത്തിന്റെ പ്രഭാവം.</u>—വസ്തുപാട്ട(വാടക)ക്കാരെ കീഴ്പാട്ട (വാടക)ക്കാരനോ അങ്ങനെ പാട്ട(വാടക)ക്കാരനു നല്കിയിട്ടുള്ള പാട്ടത്തിനു(വാടകയ്ക്കു)ള്ള ഏർപ്പാട് അവസാനിച്ചതിനുശേഷം വസ്തു കൈവശം വച്ചുകൊണ്ടിരിക്കുകയും, പാട്ട (വാടക)ക്കർത്താവോ അയാളുടെ നിയമാനുസൃതപ്രതിനിധിയോ പാട്ട (വാടക)ക്കാരനിൽ നിന്നോ കീഴ്പാട്ട (വാടക)ക്കാരനിൽ നിന്നോ പാട്ടം (വാടക) സ്വീകരിക്കുകയോ അല്ലെങ്കിൽ മററുവിധത്തിൽ അയാരം കൈവശത്തിൽ തുടരുന്നതിന് അനുമതി നല്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, വിപരീതമായ ഒരു കരാറിന്റെ അഭാവത്തിൽ, പാട്ടത്തിനു(വാടകക്കു)ള്ള ഏർപ്പാട് 106-ാം വകുപ്പിൽ വിനിർദ്ദിഷ്ടമാക്കിയ ആവശ്യങ്ങളിൽ ഏതിനുവേണ്ടിയാണോ വസ്തു പാട്ടത്തിന് (വാടകയ്ക്ക്) കൊടുത്തിട്ടുള്ളത്, അതനുസരിച്ച് വർഷംതോറുമോ മാസംതോറുമോ പുതുക്കപ്പെടുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) ക 5 വർഷത്തേക്ക് ഖയ്ക്കു ഒരു വീട് വാടകയ്ക്ക് കൊടുക്കുന്നു. ഖ പ്രതിമാസം 100 രൂപ വാടകക്ക് ആ വീട് ഗ യ്ക്ക് കീഴ്വാടകയ്ക്ക് കൊടുക്കുന്നു, 5 വർഷം അവസാനിക്കുന്നു. എന്നാൽ ഗ വീട് തുടർന്നു കൈവശം വയ്ക്കുകയും വാടകയ്ക്കു കൊടുക്കുകയും ചെയ്യുന്നു. ഗ യുടെ വാടക ഏർപ്പാട് മാസംതോറും പുതുക്കപ്പെടുന്നു

(ഖ) ക ഒരു കൃഷിസ്ഥലം ഗ യുടെ ജീവിതകാലത്തേക്ക് ഖ യ്ക്കുപാട്ടത്തിനു കൊടുക്കുന്നു. ഗ മരിക്കുന്നു, എന്നാൽ ഖ കയുടെ അനുമതിയോടെ കൈവശത്തിൽ തുടരുന്നു. ഖ യുടെ പാട്ടത്തിനുള്ള ഏർപ്പാട് വർഷംതോറും പുതുക്കപ്പെടുന്നു.

117. കാർഷികാവശ്യങ്ങൾക്കായുള്ള പാട്ടത്തിനു (വാടകക്കു)ള്ള ഒഴിവാക്കൽ ഏർപ്പാടുകൾ.—ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ യാതൊന്നും, കാർഷികാവശ്യങ്ങൾക്കായുള്ള പാട്ടത്തിനു (വാടകയ്ക്കു)ള്ള ഏർപ്പാടുകൾക്ക് സ്റ്റേറ്റ് ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിയ വിഞ്ജാപനം വഴി, അങ്ങനെയുള്ളവ്യവസ്ഥകൾ മുഴുവനുംമാ അവയിൽ ഏതെങ്കിലുമോ, തൽസമയം പ്രാബല്യത്തിലുള്ള തദ്ദേശനിയമം ഏതെങ്കിലുമുണ്ടെങ്കിൽ അതിലെ വ്യവസ്ഥകളോടുകൂടെയോ അവയ്ക്കു വിധേയമായോ അങ്ങനെയുള്ള എല്ലാ ഏർപ്പാടുകളുടേയുംഅല്ലെങ്കിൽ ഏർപ്പാടുകളിൽ ഏതിൻേറയെങ്കിലും സംഗതിയിൽ ബാധകമാണെന്ന് പ്രഖ്യാപിക്കുന്നിടത്തോളം ഒഴികെ ബാധകമാകുന്നതല്ല.

അങ്ങനെയുള്ള വിജ്ഞാപനം അതിൻെറ പ്രസിദ്ധീകരണത്തീയതി മുതൽ ആറുമാസം കഴിയുന്നതുവരെ ഫലത്തിൽ വരുന്നതല്ല.

## അദ്ധ്യായം VI

## വിനിമയങ്ങളെക്കുറിച്ച്

118. ''വിനിമയം'' നിർവ്വചനം.—രണ്ടാളുകൾ ഒരു സാധനത്തിൻെറ ഉടമസ്ഥത മറെറാന്നിൻെറ ഉടമസ്ഥതയ്ക്കായി പരസ്പരം കൈമാററം ചെയ്യുമ്പോൾ, അവയിൽ രണ്ടും പണം മാത്രമല്ലാതിരിക്കുകയാ രണ്ടും പണം മാത്രമായിരിക്കുകയോ ചെയ്യുന്നതായാൽ ഇടപാടിന് ''വിനിമയം'' എന്നു പേർ പറയുന്നു.

വിനിമയം പൂർത്തീകരിച്ചുകൊണ്ടുള്ള ഒരു വസ്തു കൈമാററം, അങ്ങനെയുള്ള വസ്തു വില്പനവഴി കൈമാററം ചെയ്യുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ മാത്രം ചെയ്യാവുന്നതാണ്.

119. വിനിമയമായി കിട്ടിയ സാധനം തനിക്കു ഇല്ലാതാക്കപ്പെടുന്നകക്ഷിയുടെ അവകാശം.—ഒരു വിനിമയത്തിലെ ഏതെങ്കിലും കക്ഷിക്കോ, അങ്ങനെയുള്ള കക്ഷിവഴിയോ കക്ഷിയുടെ കീഴിലോ അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ, തനിക്കു വിനിമയമായി കിട്ടുന്ന സാധനമോ അതിൻെറഏതെങ്കിലും ഭാഗമോ മറേറ കക്ഷിയുടെ ഉടമാവകാശത്തിലുള്ള ഏതെങ്കിലും ന്യൂനത കാരണം ഇല്ലാതാക്കപ്പെടുന്നുവെങ്കിൽ, വിനിമയത്തിൻെറ നിബന്ധനകളിൽ നിന്നു വിപരീതമായ ഉദ്ദേശ്യം കാണപ്പെടാത്തപക്ഷം, അയാൾക്കോ അല്ലെങ്കിൽ അയാൾവഴിയോ അയാളുടെ കീഴിലോ അവകാശപ്പെടുന്ന ഏതെങ്കിലും ആളോടോ, മറേറ കക്ഷി, അതിനാൽ ഉണ്ടാകുന്ന നഷ്ടത്തിനോ അല്ലെങ്കിൽ, ആർക്കാണോ അങ്ങനെ ഇല്ലാതാക്കപ്പെടുന്നത് അയാൾ ഇച്ഛിക്കുന്നുവെങ്കിൽ, കൈമാററം ചെയ്ത സാധനം അതു അപ്പോഴും മറേറ കക്ഷിയുടെയോ അയാളുടെ നിയമാനുസൃത പ്രതിനിധിയുടേയോ, അയാളിൽ നിന്ന് പ്രതിഫലംകൂടാതെ കൈമാററം വാങ്ങുന്ന ആളുടേയാ കൈവശത്തിലാണെങ്കിൽ തിരിയെ കൊടുക്കുന്നതിനോ, ബാദ്ധ്യതയുള്ളവനാകുന്നു.

120. കക്ഷികളുടെ അവകാശങ്ങളും ബാദ്ധ്യതകളും.—ഈ അദ്ധ്യായത്തിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ താൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ഓരോ കക്ഷിക്കും വില്ക്കുന്ന ആരംക്കുള്ള അവകാശങ്ങരം ഉണ്ടായിരിക്കുകയും ഓരോ കക്ഷിയും വില്ക്കുന്നയാരംക്കുള്ള ബാദ്ധ്യതകരംക്ക് വിധേയനായിരിക്കുകയും ചെയ്യുന്നതും, താൻ എടുക്കുന്നതിനെ സംബന്ധിച്ച് ഓരോ കക്ഷിക്കും വാങ്ങുന്ന ആരംക്കുള്ള അവകാശങ്ങരം ഉണ്ടായിരിക്കുകയും ഓരോ കക്ഷിയും വാങ്ങുന്ന ആളുടെ ബാദ്ധ്യതകരംക്കു വിധേയനായിരിക്കുകയും ചെയ്യുന്നതും ആകുന്നു.

121. പണത്തിൻെറ വിനിമയം.—പണം വിനിമയം ചെയ്യുമ്പോരം ഓരോ കക്ഷിയും അതുവഴി താൻ കൊടുക്കുന്ന പണം അസൽ പണമാണെന്ന് വാറൻറി നല്കുന്നു.

## അദ്ധ്യായം VII
## ദാനങ്ങളെക്കുറിച്ച്

122. "ദാനം"—നിർവ്വചനം.—"ദാനം", നിലവിലുള്ള ജംഗമമോ സ്ഥാവരമോആയ നിശ്ചിതവസ്തു, സ്വേഛയായും പ്രതിഫലം കൂടാതേയും ഒരാരം—അയാരംക്ക് ദാനദാതാവ് എന്ന് പേർപറയുന്നു—, മറെറാരാരംക്ക്—അയാരംക്ക് ദാനഗൃഹിതാവ് എന്ന് പേർ പറയുന്നു—ചെയ്യുന്നതും ദാനഗൃഹിതാവോ അയാരംക്കുവേണ്ടിയോ പ്രതിഗ്രഹിക്കുന്നതുമായ കൈമാററം ആകുന്നു.

പ്രതിഗ്രഹണം എപ്പോരം ചെയ്യണമെന്ന്.—അങ്ങനെയുള്ള പ്രതിഗ്രഹണം ദാനദാതാവിൻെറ ജീവിതകാലത്തും, അയാരംക്കു കൊടുക്കാൻ അപ്പോഴും സമർത്ഥതയുണ്ടായിരിക്കുമ്പോഴും ചെയ്യണം.

ദാനഗൃഹിതാവ് പ്രതിഗ്രഹണത്തിനുമുമ്പ് മരിക്കുന്നുവെങ്കിൽ ദാനം ശൂന്യമാകുന്നു.

123. കൈമാററം എങ്ങനെ ഉണ്ടാക്കണമെന്ന്.—സ്ഥാവരവസ്തു ദാനം ചെയ്യുന്നതിന് കൈമാററം ദാനദാതാവോ അയാരംക്കുവേണ്ടിയോ ഒപ്പിട്ടതും, കുറഞ്ഞത് രണ്ട് സാക്ഷികളെങ്കിലും സാക്ഷ്യപ്പെടുത്തിയ രജിസ്ററർ പ്രമാണംവഴി ഉണ്ടാക്കണം.

ജംഗമവസ്തു ദാനം ചെയ്യുന്നതിന് കൈമാററം മേല്പറഞ്ഞവിധം ഒപ്പിട്ട രജിസ്ററർ പ്രമാണംവഴിയോ ഡെലിവറിവഴിയോ സംജാതമാക്കാവുന്നതാകുന്നു.

അങ്ങനെയുള്ള ഡെലിവറി വില്ക്കപ്പെടുന്ന സാധനങ്ങരം ഡെലിവർ ചെയ്യുന്ന അതേ രീതിയിൽ ചെയ്യാവുന്നതാണ്.

124. നിലവിലുള്ള വസ്തുവിൻേറയും ഭാവിവസ്തുവിൻേറയും ദാനം.—നിലവിലുള്ള വസ്തുവും ഭാവി വസ്തുവും അടങ്ങുന്ന ദാനം രണ്ടാമത്തേതിനെ സംബന്ധിച്ച് ശൂന്യമാകുന്നു.

125. പലർക്കായി, അവരിൽ ഒരാരം പ്രതിഗൃഹിക്കാതിരിക്കെയുള്ള ദാനം.—ഒരു സാധനത്തിൻെറ, രണ്ടോ അതിലധികമോ ദാനഗൃഹിതാക്കരംക്ക്, അവരിൽ ഒരാരം അത് പ്രതിഗൃഹിക്കാതിരിക്കെ, ഉള്ള ദാനം പ്രതിഗൃഹിച്ചിരുന്നുവെങ്കിൽ അയാരം എടുക്കുമായിരുന്ന അവകാശം സംബന്ധിച്ച് ശൂന്യമാകുന്നു.

126. ദാനം എപ്പോഠം നിറുത്തിവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാമെന്ന്.—ദാനദാതാവിന്റെ ഇച്ഛയെ ആശ്രയിക്കാത്ത ഏതെങ്കിലും വിനിർദിഷ്ട സംഭവം നടക്കുന്നതായാൽ, ദാനം നിറുത്തിവയ്ക്കപ്പെടുകയോ പിൻവലിക്കപ്പെടുകയോ ചെയ്യുമെന്ന് ദാനദാതാവിനും ദാനഗൃഹീതാവിനും കരാർ ചെയ്യാവുന്നതാണ്. എന്നാൽ ദാനദാതാവിന്റെ വെറും ഇച്ഛയനുസരിച്ചുമാത്രം മുഴുവനായോ ഭാഗികമായോ പിൻവലിക്കപ്പെടാവുന്നതാണെന്ന് കക്ഷികഠം കരാർ ചെയ്യുന്ന ദാനം, അതതു സംഗതിപോലെ, മുഴുവനായോ ഭാഗികമായോ ശൂന്യമാകുന്നു.

ദാനം, അത് കാൺട്രാക്ററായിരുന്നാൽ റദ്ദാക്കപ്പെടാവുന്ന സംഗതികളിൽ ഏതിലെങ്കിലും (പ്രതിഫലം ഇല്ലാത്തതോ നിഷ്ഫലമാകുന്നതോ ആയ സംഗതിയിലൊഴികെ) പിൻവലിക്കപ്പെടാവുന്നതും ആണ്.

മേല്പറഞ്ഞവിധമല്ലാതെ ദാനം പിൻവലിക്കപ്പെടാവുന്നതല്ല.

ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, നോട്ടീസുകൂടാതെ പ്രതിഫലത്തിന് കൈമാററം വാങ്ങുന്നവരുടെ അവകാശങ്ങളെ ബാധിക്കുന്നതായി കരുതപ്പെടുന്നതല്ല.

ദൃഷ്ടാന്തങ്ങഠം

(ക) ക, ഒരു നിലം, തനിക്കുമുമ്പായി ഖയും അയാളുടെ സന്തതികളും മരിക്കുന്നതായാൽ തിരിയെ എടുക്കുന്നതിനുള്ള അവകാശം ഖ-യുടെ സമ്മതത്തോടുകൂടി തനിക്കു വച്ചുകൊണ്ട് ഖ-യ്ക്കു കൊടുക്കുന്നു. ക-യുടെ ജീവിതകാലത്ത് സന്തതികഠം ഇല്ലാതെ മരിക്കുന്നു. ക-യ്ക്ക് നിലം തിരിയെ എടുക്കാവുന്നതാണ്.

(ഖ) ക, ഒരു ലക്ഷം രൂപ, അതിൽനിന്ന് പതിനായിരം രൂപ, തനിക്ക് ഇഷ്ടമുള്ളപ്പോഠം തിരിയെ എടുക്കാനുള്ള അവകാശം ഖ-യുടെ സമ്മതത്തോടുകൂടെ തനിക്കു വച്ചുകൊണ്ട് ഖ-യ്ക്ക് കൊടുക്കുന്നു. ദാനം തൊണ്ണൂറായിരം രൂപ സംബന്ധിച്ച് സാധുവും, എന്നാൽ ക-യുടേതായി തുടരുന്ന പതിനായിരം രൂപ സംബന്ധിച്ച് ശൂന്യവും ആകുന്നു.

127. ഭാരസഹിതദാനം.—ഒരു ദാനം, പല സാധനങ്ങളുടെ, അവയിൽ ഒന്ന് കടപ്പാട് ചുമത്തപ്പെട്ടതും മററുള്ളവ അല്ലാത്തതുമായിരിക്കെ, ഒരേയാഠംക്കുള്ള ഒററക്കൈമാററത്തിന്റെ രൂപത്തിലായിട്ടുള്ളിടത്ത്, ദാനഗൃഹീതാവ്, അത് പൂർണ്ണമായി പ്രതിഗ്രഹിക്കാത്തപക്ഷം, അയാഠംക്ക് ആ ദാനംവഴി ഒന്നും എടുക്കുവാൻ കഴിയുന്നതല്ല.

ഒരു ദാനം പല സാധനങ്ങളുടെ, ഒരേ ആഠംക്കുള്ള രണ്ടോ അതിലധികമോ വെവ്വേറെയുള്ളതും ഒന്നൊന്നിനെ ആശ്രയിക്കാത്തതുമായ കൈമാററങ്ങളുടെ രൂപത്തിലായിരിക്കുന്നിടത്ത്, അവയിൽ ഒന്ന് പ്രതിഗ്രഹിക്കുകയും മററുള്ളവ നിരസിക്കുകയും ചെയ്താൽ ആദ്യത്തേത് ഗുണകരമായതും പിന്നത്തേത് ഭാരസഹിതമായതും ആയേക്കാമെങ്കിലും ദാനഗൃഹീതാവിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

അയോഗ്യനായ ആഠംക്കുള്ള ഭാരസഹിതദാനം.—കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയില്ലാത്തവനും ഏതെങ്കിലും കടപ്പാട് ചുമത്തപ്പെട്ട വസ്തു പ്രതിഗ്രഹിക്കുന്നവനുമായ ദാനഗൃഹീതാവ് തന്റെ പ്രതിഗ്രഹണത്താൽ ബദ്ധനാകുന്നതല്ല, എന്നാൽ കാൺട്രാക്ററ് ചെയ്യുവാൻ ക്ഷമതയുള്ളവനായതിനു ശേഷം കടപ്പാടിനെപ്പററി അറിവുണ്ടായിരിക്കെ തനിക്ക് നല്കപ്പെട്ട വസ്തു വച്ചുപോരുന്നപക്ഷം, അയാഠം അപ്രകാരം ബദ്ധനാകുന്നതാണ്.

ദൃഷ്ടാന്തങ്ങൾ

(ക) ക-യ്ക്ക് അഭിവൃദ്ധമായ ഒരു ജായിൻറ് സ്ററാക്ക് കമ്പനി ആയ ഭ യിലെ ഓഹരികളും, വിഷമതകളിൽപ്പെട്ട ഒരു ജായിൻറ് സ്ററാക്ക് കമ്പനി ആയ മ യിലെ ഓഹരികളും ഉണ്ട്. മ യിലെ ഓഹരികൾ സംബന്ധിച്ച് ഭേരിച്ച കാളുകൾ പ്രതീക്ഷിക്കപ്പെടുന്നു ക തനിക്ക് ജായിൻറ് സ്ററാക്ക് കമ്പനി കളിലുള്ള എല്ലാ ഓഹരികളും ഖ-യ്ക്കു കൊടുക്കുന്നു. മ യിലുള്ള ഓഹരി കൾ പ്രതിഗ്രഹിക്കുവാൻ ഖ വിസമ്മതിക്കുന്നു. അയാൾക്ക് ഭ-യിലുള്ള ഓഹരികൾ എടുക്കാവുന്നതല്ല.

(ഖ) ക തനിക്ക് വീട്ടിൻെറ വാടകയ്ക്കുള്ള ഒരു ഏർപ്പാട് ഉണ്ടായിരി ക്കുകയും, അത് ഏതാനും വർഷങ്ങൾ കാലാവധി ഉള്ളതും, താനും തൻെറ പ്രതിനിധികളും കാലാവധി കഴിയുന്നതുവരെ കൊടുക്കുവാൻ ബദ്ധമായതും, എന്നാൽ വീട്ടിന് കിട്ടാവുന്നതിൽ കൂടുതലായതുമായ വാടകയുള്ളതുമായി രിക്കുകയും ചെയ്കെ, ഖ-യ്ക്ക് ആ ഏർപ്പാട് വേറിട്ടുള്ളതും നിരപേക്ഷവു മായ ഇടപാടായി കുറച്ചു പണവും കൊടുക്കുന്നു. ഖ ഏർപ്പാട് പ്രതിഗൃഹി ക്കാൻ വിസമ്മതിക്കുന്നു. ഈ വിസമ്മതത്താൽ അയാൾക്ക് ആ പണം നഷ്ട പ്പെടുന്നതല്ല.

128. <u>സർവ്വസ്വദാനഗൃഹിതാവ്.</u>—127-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ദാനം, ദാനദാതാവിൻെറ മുഴുവൻ വസ്തുവും അടങ്ങിയതാ കുന്നിടത്ത്, ദാനം കൊടുക്കുന്ന സമയം ദാനദാതാവ് കൊടുത്തുതീർക്കാനുള്ള എല്ലാ കടങ്ങൾക്കും അയാൾക്കുള്ള എല്ലാ ബാദ്ധ്യതകൾക്കും ദാനത്തിൽ അട ങ്ങിയ വസ്തുവിൻെറ വ്യാപ്തിയോളം ദാനഗൃഹീതാവ് സ്വന്തംനിലയിൽ ബാദ്ധ്യതയുള്ളവനാകുന്നു.

129. <u>മരണപ്രതീക്ഷയോടെ ചെയ്യുന്ന ദാനങ്ങളും മുഹമ്മദീയ നിയമവും ഒഴിവാക്കൽ.</u>—ഈ അദ്ധ്യായത്തിലെ യാതൊന്നും, മരണപ്രതീക്ഷയോടെ ചെയ്യുന്ന ജംഗമവസ്തുവിൻെറ ദാനങ്ങളെ സംബന്ധിക്കുന്നതോ, അല്ലെങ്കിൽ മുഹമ്മദീയ നിയമത്തിൻെറ ഏതെങ്കിലും ചട്ടത്തെ ബാധിക്കുന്നതായി കരുതപ്പെ ടുന്നതോ അല്ല.

## അദ്ധ്യായം VIII

## വ്യവഹാരപ്പെടാവുന്ന തേർച്ചകളുടെ കൈമാററങ്ങളെക്കുറിച്ച്

130. <u>വ്യവഹാരപ്പെടാവുന്ന തേർച്ചയുടെ കൈമാററം.</u>—(1) വ്യവഹാര പ്പെടാവുന്ന തേർച്ചയുടെ കൈമാററം, പ്രതിഫലത്തിൻമേലുള്ളതായാലും അല്ലെ ങ്കിലും) കൈമാററം കൊടുക്കുന്ന ആളോ അയാളുടെ യഥാവിധി പ്രാധികാരം നല്കപ്പെട്ട ഏജൻേറാ രേഖാമൂലമുള്ള ഒരു പ്രമാണം ഒപ്പിട്ടു പൂർത്തീകരിക്കു ന്നതുവഴിമാത്രം ഉണ്ടാക്കപ്പെടുന്നതും; അത് അങ്ങനെയുള്ള പ്രമാണം ഒപ്പിട്ടു പൂർത്തീകരിക്കുന്നതോടെ പൂർണ്ണമാകുകയും ഫലത്തിൽ വരുകയും ചെയ്യു ന്നതും, അപ്പോൾ കൈമാററത്തെക്കുറിച്ച് ഇതിനുശേഷം വ്യവസ്ഥ ചെയ്തി ട്ടുള്ളപോലെ നോട്ടീസ് കൊടുത്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും കൈമാററം കൊടു ക്കുന്ന ആളുടെ എല്ലാ അവകാശങ്ങളും നഷ്ടപരിഹാരം എന്ന നിലയിലോ അല്ലാ തെയോ ഉള്ള എല്ലാ നിവൃത്തികളും, കൈമാററം വാങ്ങുന്ന ആളിൽ നിക്ഷിപ്ത മാകുന്നതും ആണ്.

എന്നാൽ അത് അധമർണ്ണനിൽനിന്നോ മററാളിൽനിന്നോ അല്ലെങ്കിൽ അയാരംക്ക് എതിരായോ ആണ്, കൈമാററം കൊടുക്കുന്ന ആരംക്ക് മേൽപറഞ്ഞ കൈമാററപ്രമാണം ഇല്ലായിരുന്നുവെങ്കിൽ, കടം വസൂലാക്കാനോ അല്ലെങ്കിൽ വ്യവഹാരപ്പെടാവുന്ന മററു തേർച്ച പ്രാവർത്തികമാക്കുവാനോ അവകാശമുണ്ടാകുമായിരുന്നത്, അങ്ങനെയുള്ള അധമർണ്ണനോ മററാളോ ആ കടമോ വ്യവഹാരപ്പെടാവുന്ന മററു തേർച്ചയോ സംബന്ധിച്ച് ചെയ്യുന്ന ഏതൊരു കൈകാര്യവും (അധമർണ്ണനോ മറേറ ആളോ കൈമാററത്തിലെ കക്ഷിയായിരിക്കുകയോ അല്ലെങ്കിൽ അയാരംക്ക് ഇതിനുശേഷം വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ അതിനെക്കുറിച്ച് പ്രകടമായ നോട്ടീസ് ലഭിച്ചിരിക്കുകയോ ചെയ്യുന്നിടത്ത് ഒഴികെ) അങ്ങനെയുള്ള കൈമാററത്തിനെതിരെ സാധുവായിരിക്കുന്നതാണ്.

(2) വ്യവഹാരപ്പെടാവുന്ന തേർച്ച കൈമാററം വാങ്ങുന്ന ആരംക്ക്, മേൽപറഞ്ഞ കൈമാററപ്രമാണം ഒപ്പിട്ട് പൂർത്തീകരിക്കുന്നതോടെ തൻെറ സ്വന്തം പേരിൽ അതിനുവേണ്ടി വ്യവഹാരപ്പെടുകയോ അല്ലെങ്കിൽ നടപടികരം ആരംഭിക്കുകയോ അങ്ങനെയുള്ള വ്യവഹാരത്തിനോ നടപടികരംക്കോ കൈമാററം കൊടുക്കുന്ന ആളുടെ സമ്മതം വാങ്ങാതെയും അയാളെ അതിൽ ഒരു കക്ഷി ആക്കാതേയും ചെയ്യാവുന്നതാണ്.

**അപവാദം.**—ഈ വകുപ്പിലെ യാതൊന്നും, മറൈൻ ഇൻഷ്വറൻസ് പാളിസിയുടെയോ അല്ലെങ്കിൽ ഫയർ ഇൻഷ്വറൻസ് പാളിസിയുടെയോ കൈമാററത്തിന് ബാധകമാകുന്നതോ അല്ലെങ്കിൽ ഇൻഷ്വറൻസ് ആക്ററ്, 1938 (1938-ലെ 4). 38-ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതോ അല്ല.

## ദൃഷ്ടാന്തങ്ങരം

(1) ക, ഖ-യ്ക്ക് പണം കൊടുക്കാനുണ്ടായിരിക്കുകയും ഖ ആ കടം ഗ-യ്ക്ക് കൈമാററം ചെയ്യുകയും ചെയ്യുന്നു. ഖ പിന്നീട് ആ കടം വീട്ടാൻ ക-യോട് ആവശ്യപ്പെടുന്നു. 131-ാം വകുപ്പിൽ നിർണ്ണയിച്ചപ്രകാരം കൈമാററത്തെക്കുറിച്ചുള്ള നോട്ടീസു കിട്ടിയിട്ടില്ലാതിരിക്കെ ക ഖ-യ്ക്ക് പണം കൊടുക്കുന്നു. അങ്ങനെ പണം കൊടുക്കുന്നത് സാധുവും ഗ-യ്ക്ക് ആ കടത്തിന് ക-യുടെ മേൽ വ്യവഹാരപ്പെടാവുന്നതല്ലാത്തതുമാണ്.

(2) ക ഒരു ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് തൻെറ സ്വന്തം ജീവൻമേലുള്ള ഒരു പാളിസി എടുക്കുകയും, അത് നിലവിലുള്ളതോ മേലാൽ ഉണ്ടാകാവുന്നതോ ആയ കടം കൊടുത്തുതീർക്കുന്നതിൻെറ ഈടിനായി ഒരു ബാങ്കിലേക്ക് തീറുകൊടുക്കുകയും ചെയ്യുന്നു. ക മരിക്കുന്നുവെങ്കിൽ പാളിസിയിലെ സംഖ്യ വാങ്ങുന്നതിനും ക-യുടെ എക്സിക്യൂട്ടറുടെ സമ്മതം കൂടാതെ അതിൻമേൽ വ്യവഹാരപ്പെടുന്നതിനും 130-ാമതു വകുപ്പ് (1)-ാം ഉപവകുപ്പിലെ പരിമിതിവ്യവസ്ഥയ്ക്കും, 132-ാം വകുപ്പിലെ വ്യവസ്ഥകരംക്കും വിധേയമായി, ബാങ്കിന് അവകാശമുണ്ടായിരിക്കുന്നതാണ്.

130ക. (മറൈൻ ഇൻഷ്വറൻസ് പാളിസിയുടെ കൈമാററം) മറൈൻ ഇൻഷ്വറൻസ് ആക്ററ്, 1963 (1963-ലെ 11) 92-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു. 1-8-1963 മുതൽഫലത്തിൽ വരത്തക്കവിധം.

131. നോട്ടീസ് രേഖാമൂലമുള്ളതും ഒപ്പിട്ടതുമായിരിക്കണമെന്ന്.—വ്യവഹാരപ്പെടാവുന്ന തേർച്ചയുടെ കൈമാററത്തെക്കുറിച്ചുള്ള ഏതൊരു നോട്ടീസും രേഖാമൂലമുള്ളതും കൈമാററം കൊടുക്കുന്ന ആളോ, അല്ലെങ്കിൽ അയാളുടെ അതിലേക്ക് യഥാവിധി അധികാരം നല്കപ്പെട്ട ഏജൻേറാ, അല്ലെങ്കിൽ, കൈമാററം കൊടുക്കുന്ന ആൾ ഒപ്പിടാൻ വിസമ്മതിക്കുന്നതായാൽ കൈമാററം വാങ്ങുന്ന ആളോ അയാളുടെ ഏജൻേറാ ഒപ്പിട്ടതും ആയിരിക്കേണ്ടതും കൈമാററം വാങ്ങുന്ന ആളുടെ പേരും മേൽവിലാസവും അതിൽ പ്രസ്താവിച്ചിരിക്കേണ്ടതുമാകുന്നു.

132. വ്യവഹാരപ്പെടാവുന്ന തേർച്ച കൈമാററം വാങ്ങുന്ന ആളുടെ ബാദ്ധ്യത.—വ്യവഹാരപ്പെടാവുന്ന തേർച്ച കൈമാററം വാങ്ങുന്ന ആൾ, അത് കൈമാററത്തീയതി അതുസംബന്ധിച്ച കൈമാററം കൊടുക്കുന്ന ആൾ വിധേയനായിരുന്ന എല്ലാ ബാദ്ധ്യതകൾക്കും നീതികൾക്കും വിധേയമായി എടുക്കുന്നതാകുന്നു.

ദൃഷ്ടാന്തങ്ങൾ

(i) ക താൻ ഖ യ്ക്ക് ഒരു കടം വീട്ടാൻ ഉണ്ടായിരിക്കെ തനിക്കു ഖ യിൽ നിന്ന് കിട്ടാനുള്ള ഒരു കടം ഗ യ്ക്കു കൈമാററം ചെയ്യുന്നു. അപ്പോൾതന്നെ ഖ യ്ക്കു ക കടക്കാരനായിരിക്കുകയും ചെയ്യുന്നു. ഖ യ്ക്കു ക വീട്ടാനുള്ള കടത്തിന് ഗ ഖ യുടെ മേൽ വ്യവഹാരപ്പെടുന്നു. അങ്ങനെയുള്ള വ്യവഹാരത്തിൽ ഖ യ്ക്ക് തനിക്കു കിട്ടാനുള്ള കടം അതിനെക്കുറിച്ച് കൈമാററത്തീയതിയിൽ ഗ യ്ക്ക് അറിവില്ലായിരുന്നാൽ പോലും തട്ടിക്കഴിക്കുവാൻ അവകാശമുണ്ട്.

(ii) ക ഖ യ്ക്കു ഒരു ബാണ്ട്, അത് തിരിയെ വാങ്ങി റദ്ദാക്കുവാൻ ക യ്ക്ക് അവകാശമുള്ളപരിതഃസ്ഥിതികളിൽ എഴുതികൊടുക്കുന്നു. അങ്ങനെയുള്ള പരിതഃസ്ഥിതികളെക്കുറിച്ച് നോട്ടീസ് കൂടാതെയും പ്രതിഫലത്തിൻമേലും ഖ ഗ യ്ക്ക് ബാണ്ട് തീറു കൊടുക്കുന്നു. ഗ യ്ക്ക്, ക യ്ക്ക് എതിരായി ബാണ്ട് പ്രാവർത്തികമാക്കാവുന്നതല്ല.

133. അധമർണ്ണന്റെ കടം വീട്ടാനുള്ള കഴിവിനെക്കുറിച്ചുള്ള വാറൻറി.—ഒരു കടം കൈമാററം ചെയ്യുന്നആൾ അധമർണ്ണന് കടം വീട്ടുവാനുള്ള കഴിവിനെക്കുറിച്ചുള്ള വാറൻറി നല്കുന്നിടത്ത് വിപരീതമായ കാൺട്രാക്ടിന്റെ അഭാവത്തിൽ വാറൻറി കടം വീട്ടാനുള്ള അയാളുടെ കൈമാററസമയത്തുള്ള കഴിവിന് മാത്രം ബാധകമായിരിക്കുന്നതും, കൈമാററം പ്രതിഫലത്തിനായിരിക്കുന്നിടത്ത്, അങ്ങനെയുള്ള പ്രതിഫലത്തിന്റെ തുകയോളമോ മൂല്യത്തോളമോവരെ പരിമിതപ്പെട്ടിരിക്കുന്നതുമാകുന്നു.

134. പണയപ്പെടുത്തിയ കടം.—ഒരു കടം നിലവിലുള്ളതോ ഭാവിയിലുണ്ടാകുന്നതോആയ ഒരു കടത്തിന്റെ ഈടിനായി കൈമാററം ചെയ്യുന്നിടത്ത്, അപ്രകാരം കൈമാററം ചെയ്ത കടം, അത് കൈമാററം ചെയ്യുന്നആൾക്കു കിട്ടുകയോ കൈമാററം വാങ്ങുന്ന ആൾ വസൂലാക്കുകയോ ചെയ്യുന്നുവെങ്കിൽ, ഒന്നാമതായി അങ്ങനെ വസൂലാക്കുന്നതിന്റെ ചെലവു കൊടുക്കുന്നതിനും, രണ്ടാമതായി ആ കൈമാററം തൽസമയം ഏതു സംഖ്യക്കാണോ ഈടായിട്ടുള്ളത് ആ സംഖ്യ കൊടുത്തു തീർക്കുന്നതിനും അല്ലെങ്കിൽ അതിലേക്കായി കൊടുക്കുന്നതിനും ഉപയോഗിക്കേണ്ടതും, ബാക്കി എന്തെങ്കിലും ഉണ്ടെങ്കിൽ അത് കൈമാററം കൊടുക്കുന്ന ആൾക്കോ അത് കിട്ടാൻ അവകാശമുള്ള മററാൾക്കോ, അവകാശപ്പെട്ടതും ആകുന്നു.

135. അഗ്നിബാധയ്ക്കു എതിരായ ഇൻഷ്വറൻസ് പാളിസിയുടെ കീഴിലുള്ള അവകാശങ്ങളുടെ തീറ്.  അഗ്നിബാധയ്ക്കു എതിരായ ഒരു ഇൻഷ്വറൻസ് പാളിസി എൻഡോഴ്സ്മെൻറാ മററ് ലിഖിതമോവഴി തീറു വാങ്ങുന്ന ആരിലാണോ ആ തീറു തീയതി ഇൻഷ്വർ ചെയ്തതിലെ സ്വത്വം പരിപൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നത്, അങ്ങനെയുള്ള ഏതൊരാളും ആ പാളിസിയിൽ അടങ്ങിയ കാൺട്രാക്ററ് താനുമായി ചെയ്തിട്ടുള്ളതായിരുന്നാലെന്നപോലെ വ്യവഹാരത്തിനുള്ള എല്ലാ അവകാശങ്ങളും തനിക്ക് കൈമാററംചെയ്യപ്പെട്ടതായും തന്നിൽ നിക്ഷിപ്തമായതായും ഇരിക്കുന്നതാകുന്നു.

135ക. മറൈൻ ഇൻഷ്വറൻസ് പാളിസിയുടെ കീഴിലുള്ള അവകാശങ്ങളുടെ തീറ്.—മറൈൻ ഇൻഷ്വറൻസ് ആക്ററ്, 1963 (1963-ലെ 11) 92-ാം വകുപ്പിനാൽ, 1-8-1963-ൽ ഫലത്തിൽ വരത്തക്കവിധം റദ്ദാക്കപ്പെട്ടു.

136. നീതിന്യായകോടതികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കുള്ള അസമർത്ഥത.—ഒരു ജഡ്ജിയോ, അഭിഭാഷകനോ, ഏതെങ്കിലും നീതിന്യായക്കോടതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ ഏതെങ്കിലും വ്യവഹാരപ്പെടാവുന്ന തേർച്ചയുടെ ഏതെങ്കിലും ഓഹരിയോ, അതിലെ ഏതെങ്കിലും അവകാശമോ വിലയ്ക്കുവാങ്ങുകയോ കച്ചവടം ചെയ്യുകയോ, അല്ലെങ്കിൽ അതിനുഉടമ്പടി ചെയ്യുകയോ,അത് സ്വീകരിക്കാൻ കരാർ ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും, മേല്പറഞ്ഞപ്രകാരം അയാൾ കൈകാര്യം ചെയ്യുന്ന ഏതെങ്കിലും വ്യവഹാരപ്പെടാവുന്ന തേർച്ച അയാളുടെ ആവശ്യപ്രകാരമോ അയാൾവഴിയോ അയാളിലുടേയോ തേർച്ച ചെയ്യുന്ന ഏതെങ്കിലും ആളുടെ ആവശ്യപ്രകാരമോ യാതൊരു നീതി ന്യായക്കോടതിയും, പ്രാവർത്തികമാക്കാൻ പാടില്ലാത്തതും ആകുന്നു.

137. കൈമാറാവുന്ന പ്രമാണങ്ങൾ മുതലായവ ഒഴിവാക്കൽ.—ഈ അദ്ധ്യായത്തിലെ മുകളിൽ പറയുന്ന വകുപ്പുകളിലെ യാതൊന്നും സ്ററാക്കുകൾക്കോ ഷെയർകൾക്കോ ഡിബഞ്ചർകൾക്കോ അല്ലെങ്കിൽ നിയമപ്രകാരമോ ആചാരപ്രകാരമോ തൽസമയം കൈമാറാവുന്ന പ്രമാണങ്ങൾക്കോ അല്ലെകിൽ സാമാനങ്ങളുടെ കച്ചവടസംബന്ധമായ അവകാശരേഖകൾക്കോ ബാധകമാകുന്നതല്ല.

വിശദീകരണം.—''സാമാനങ്ങളുടെ കച്ചവടസംബന്ധമായ അവകാശരേഖ'' എന്ന പദത്തിൽ, സാമാനങ്ങളുടെ കൈവശമോ നിയന്ത്രണമോ തെളിയിക്കുന്നതായി സാധാരണ ബിസിനസ്സ് മുറയിൽ ഉപയോഗിക്കപ്പെടുന്നതോ, അല്ലെങ്കിൽ ഏത് രേഖയാണോ അത് പ്രതിനിധാനം ചെയ്യുന്ന സാമാനങ്ങൾ കൈമാററം ചെയ്യുവാനോ കൈപ്പററുവാനോ എണ്ടോഴ്സ്മെൻറു വഴിയോ ഡെലിവറിവഴിയോ ആ രേഖയുടെ കൈവശക്കാരന് പ്രാധികാരം നല്കുകയോ നല്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതോ ആയ കേവുപത്രം, ഡാക്കുവാറണ്ട്, പണ്ടകശാല സൂക്ഷിപ്പുകാരന്റെ സർട്ടിഫിക്കററ്, റെയിൽവേ രസീത്, സാമാനങ്ങൾ ഡെലിവർ ചെയ്യാനുള്ള വാറണ്ട് അല്ലെങ്കിൽ ആർഡർ എന്നിവയും, മറേറതെങ്കിലും രേഖയും ഉൾപ്പെടുന്നു.

## പട്ടിക

### (ക) സ്ററാററ്യൂട്ടുകൾ

| വർഷവും അദ്ധ്യായവും | വിഷയം | റദ്ദാക്കലിന്റെ വ്യാപ്തി |
|---|---|---|
| 27 ഹെൻറി എട്ടാമൻ, അദ്ധ്യായം. 10 | യൂസെസ് | മുഴുവൻ |
| 13 എലിസബത്ത്, അദ്ധ്യായം. 5 | വഞ്ചനാപൂർവ്വകമായ കൈമാററങ്ങൾ | മുഴുവൻ |
| 27 എലിസബത്ത്, അദ്ധ്യായം. 4 | ,, | ,, |
| 4 വില്യവും മേരിയും, അദ്ധ്യായം. 16 | രഹസ്യപ്പണയങ്ങൾ | ,, |

### (ഖ) ഗവർണ്ണർജനറൽ-ഇൻ-കൗൺസിലിന്റെ ആക്ററുകൾ

| വർഷവും നമ്പരും | വിഷയം | റദ്ദാക്കലിന്റെ വ്യാപ്തി |
|---|---|---|
| 1842-ലെ IX | പാട്ടത്തിനു (പാടകക്കു)ള്ള ഏർപ്പാടും ഒഴിവു കുറിയും | മുഴുവൻ |
| 1854-ലെ XXXI | ഭൂമി കൈമാറുന്ന സമ്പ്രദായങ്ങൾ | 1-ാം വകുപ്പ് |
| 1855-ലെ XI | കാലാദായങ്ങളും ദേഹണ്ഡങ്ങളും | 1-ാം വകുപ്പ് പേരിൽ 'കാലദായത്തിലേക്കും' എന്ന വാക്കുകളും ആമുഖത്തിൽ 'കാലാദായത്തിനുള്ള ബാദ്ധ്യത പരിമിതപ്പെടുത്തുന്നതിനും' എന്ന വാക്കുകളും |
| 1866-ലെ XXVII | ഇൻഡ്യൻ ട്രസ്ററി ആക്ററ് | 31-ാം വകുപ്പ് |

| | | |
|---|---|---|
| 1872-ലെ IV | പഞ്ചാബ് നിയമങ്ങൾ ആക്റ്റ് | അത് ബംഗാൾ റെഗുലേഷൻ 1798-ലെ 1-നേയും 1806-ലെ 17-നേയും സംബന്ധിക്കുന്നിടത്തോളം |
| 1875-ലെ XX | സെൻട്രൽ പ്രാവിൻസസ് നിയമങ്ങൾ ആക്റ്റ് | അത് ബംഗാൾ റെഗുലേഷൻസ് 1798-ലെ 1-നേയും 1806-ലെ 17-നേയും സംബന്ധിക്കുന്നിടത്തോളം |
| 1876-ലെ XVIII | ഔഡ് നിയമങ്ങൾ ആക്റ്റ് | അത് ബംഗാൾ റെഗുലേഷൻ 1806-ലെ 17-നെ സംബന്ധിക്കുന്നിടത്തോളം |
| 1877-ലെ I | പ്രത്യേക നിവൃത്തി | 35-ം 36-ം വകുപ്പുകളിലെ 'രേഖാമൂലം' എന്ന വാക്ക് |

## (ഗ) റെഗുലേഷനുകൾ

| വർഷവും നമ്പരും | വിഷയം | റദ്ദാക്കലിന്റെ വ്യാപ്തി |
|---|---|---|
| 1798-ലെ ബംഗാൾ റെഗുലേഷൻ I | സോപാധികവില്പനകൾ | റെഗുലേഷൻ മുഴുവൻ |
| 1806-ലെ ബംഗാൾ റെഗുലേഷൻ XVII | പണയം ഒഴിപ്പിക്കൽ | ,, |
| 1827-ലെ ബാംബേ റെഗുലേഷൻ V | കടങ്ങളുടെഅംഗീകാരം, പലിശ കൈവശമുള്ള പണയഗൃഹീതാക്കൾ | 15-ാം വകുപ്പ് |